സാമൂഹ്യപാഠങ്ങൾ

സ്റ്റാൻഡേർഡ് X



ഗവണ്മെൻറിൽ നിന്നും നിയമിച്ച
കമ്മറ്റി തയ്യാറാക്കിയതു്

Price Re. 1 nP. 15

സാമൂഹ്യപാഠങ്ങൾ

സ്റ്റാൻഡേർഡ് X

ഗവണ്മെൻറിൽ നിന്നും നിയമിച്ച
കമ്മറ്റി തയ്യാറാക്കിയത്

1962

©
Government of Kerala
1962

വിദ്യാർത്ഥികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

(എ) സാമൂഹ്യപാഠക്ലാസ്സിലേയ്ക്ക് വിദ്യാർത്ഥികൾക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഉപകരണങ്ങൾ :—

(1) ഒരു നല്ല ആറ്റ്ലസ്. (അടുത്തകാലത്തു് പ്രസിദ്ധപ്പെടുത്തിയതു്.)

(2) കളർ ബോക്സ്, പെൻസിൽ, റബ്ബർ.

(3) ആൽബം (Album)—പടങ്ങൾ, ചിത്രങ്ങൾ, ഫോട്ടോകൾ ഇവ ഒട്ടിയ്ക്കാൻ.

(4) ഒരു നല്ല നോട്ടുബുക്ക്. (ഇതിൽ പത്രത്തിൽ നിന്നും പുസ്തകങ്ങളിൽ നിന്നും മറ്റും അറിവാനിടയുള്ള വാർത്തകൾ, മഹദ്വചനങ്ങൾ, സ്ഥിതിവിവരക്കണക്കുകൾ ഇവ എഴുതിച്ചേർക്കുകയോ വെട്ടി ഒട്ടിക്കുകയോ ചെയ്യണം.)

(5) മാപ്പുകൾ (Maps) വരയ്ക്കാനും, മറ്റഭ്യാസങ്ങൾ ചെയ്യാനും പറ്റിയ പുസ്തകം.

(ബി) വിദ്യാർത്ഥികൾ സ്കൂൾ ഗ്രന്ഥശാലയുമായി അടുത്ത പരിചയം സമ്പാദിക്കണം. ഓരോ പാഠവും കഴിഞ്ഞാൽ അതിനെപ്പറ്റിയോ അതിനോടു ബന്ധമുള്ളതോ ആയ പുസ്തകങ്ങളോ അദ്ധ്യായങ്ങളോ ഏതെന്നു കണ്ടുപിടിച്ചു് കൂടുതൽ അറിവു വർദ്ധിപ്പിക്കാൻ ഉത്സുകരായിരിക്കണം.

(സി) ഓരോ അദ്ധ്യായത്തിനേറയും ഒടുവിൽ വളരെ രസപ്രദങ്ങളായ ചില പ്രായോഗിക പ്രവർത്തനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു്. സാമൂഹ്യപാഠക്ലാസ്സുകൾ ഏറ്റവും പ്രയോജനകരമാകണമെങ്കിൽ ഇവയെല്ലാം വിദ്യാർത്ഥികൾ ഉത്സാഹത്തോടും ആത്മാർത്ഥതയോടുംകൂടി ചെയ്തീർക്കണം. അറിയാത്ത വിവരങ്ങൾ മറ്റുള്ളവരോടു്

ചോദിച്ചു മനസ്സിലാക്കുകയോ, പുസ്തകങ്ങളിൽനിന്നും കണ്ടുപിടിക്കുകയോ ചെയ്യുക.

(ഡി) വർത്തമാനപത്രങ്ങൾ പതിവായി വായിച്ചാൽ മാത്രമേ സാമൂഹ്യപാഠങ്ങളുടെ പഠനം പൂർത്തിയാകൂ. യഥാർത്ഥമായ വിവരങ്ങൾ മനസ്സിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. റേഡിയോവിലൂടെ വാർത്തകൾ പ്രക്ഷേപണം ചെയ്യുന്നതു് ദിവസേന കേട്ടു മനസ്സിലാക്കണം. ഇപ്പോൾ ഏതു ഗ്രാമത്തിലും റേഡിയോ സുലഭമാണല്ലോ.

വിഷയവിവരം

പിരീഡ് പേജ്

അദ്ധ്യായം

1. മനുഷ്യനും അയാളുടെ സാഹചര്യബന്ധങ്ങളും : .. 1

   സ്വാഭാവികമായ ബന്ധങ്ങൾ —മനുഷ്യനിർമ്മിത ബന്ധങ്ങൾ — മനുഷ്യനിർമ്മിത ബന്ധങ്ങളുടെ നേട്ടങ്ങൾ .. 8

2. മനുഷ്യൻ പൗരനെന്ന നിലയിൽ : .. 10

   പൗരത്വം എങ്ങിനെ ലഭിക്കുന്നു, നഷ്ടപ്പെടുന്നു —ഉത്തമപൗരത്വം — അവകാശങ്ങളും ചുമതലകളും—സ്വാതന്ത്ര്യവും സമത്വവും—മൌലികാവകാശങ്ങൾ .. 10

3. ഭരണമാതൃകകളിലെ പരീക്ഷണങ്ങൾ : .. 17

വിഭാഗം

1. പൗരസ്ത്യദേശങ്ങളിലെ പുരാതന രാജവാഴ്ച്ച—ഈജിപ്ത്, പേർസ്യ, ഇന്ത്യ

2. ഗ്രീസ്സിലെ നഗരരാഷ്ട്രങ്ങൾ—സ്പാർട്ടാ, ഏതൻസ്—മഹാനായ അലക്സാണ്ടർ

പിരീഡ് പേജ്

അദ്ധ്യായം

വിഭാഗം

3. റോമാസാമ്രാജ്യം — റിപ്പബ്ലിക്കു് ഭരണം—റോമിന്റെ സംഭാവന

4. മദ്ധ്യകാലഘട്ടം—ഫ്യൂഡലിസം—അറബി സംസ്കാരം

5. യൂറോപ്പിലെ ദേശീയ രാഷ്ട്രങ്ങൾ— ഫ്രാൻസിലെ ലൂയി 14-ാമൻ, റഷ്യയിലെ പീറർ, പ്രഷ്യയിലെ ഫ്രഡറിക്കു്

6. നവോത്ഥാനം—രാഷ്ട്രീയ സാമൂഹ്യഫലങ്ങൾ

7. മതനവീകരണം—അതിന്റെ ഫലങ്ങൾ

8. ബ്രിട്ടനിലെ പരമാധികാരത്തിനു വേണ്ടിയുള്ള വടംവലി — 1688-ലെ വിപ്ലവം—ക്യാബിനറു ഭരണരീതി

9. അമേരിക്കൻ വിപ്ലവം

10. ഫ്രഞ്ചുവിപ്ലവം .. 35

4. പൗരനും രാഷ്ട്രവും: .. 76

ആധുനിക ദേശീയരാഷ്ട്രങ്ങൾ, രാഷ്ട്രത്തിന്റെ ചുമതലകളും, പ്രവർത്തനങ്ങളും—പ്രജായത്ത ഭരണവും, പൊതുജനാഭിപ്രായവും .. 20

5. മനുഷ്യനും അവന്റെ പഠ്യവേഷണങ്ങളും .. 89

പിരീഡ് പേജ്

അദ്ധ്യായം

വിഭാഗം

1. ആഫ്രിക്ക—മംഗോപാക്ക് — ലിവിങ് സ്റ്റണും, സ്റ്റാൻലിയും—ആഫ്രിക്കയിൽ വെള്ളക്കാരുടെ മത്സരം

2. അമേരിക്ക—വടക്കും തെക്കുംഅമേരിക്കയിൽ പയ്യ് വേഷണങ്ങൾ—തെക്കെ അമേരിക്കൻ റിപ്പബ്ലിക്കിന്റെ ഉദയം .. 10

6. പൗരസ്ത്യജനങ്ങൾ ഉണരുന്നു .. 108

വിഭാഗം:

1. ചൈനയുടെ വളച്ച്— 1911-ലെ വിപ്ലവം— റിപ്പബ്ലിക്കിൽറെ ഉദയം

2. ജപ്പാന്റെറ വളച്ച്— പാശ്ചാത്യന്മാരുമായുള്ള സമ്പർക്കം — റസ്സോ-ജപ്പാൻ യുദ്ധം

3. ആധുനിക തുർക്കിയുടെ ആവിർഭാവം—മുസ്തഫാ കെമാൽ പാഷ .. 10

7. ഒന്നാം ലോകമഹായുദ്ധം .. 121

കാരണങ്ങൾ — ഫലങ്ങൾ— വെഴ്സായ്സന്ധി—സ്വപ്ന രാഷ്ട്രസമിതി .. 10

അദ്ധ്യായം		പിരീഡ്	പേജ്
8.	രാഷ്ട്രീയവും സാമ്പത്തികവുമായ നൂതന പരീക്ഷണങ്ങൾ : ..		131
	1. റഷ്യ, 2. ഇറ്റലി, 3. ജർമ്മനി ..	12	
9.	രണ്ടാം ലോകമഹായുദ്ധം : ..		158
	കാരണങ്ങൾ — ഫലങ്ങൾ— ഐക്യരാഷ്ട്രസംഘടന ..	10	
10.	ആധുനികലോകം — വിരുദ്ധാദർശങ്ങളുടെ സംഘട്ടനം : ..		171
	ആഫ്രിക്കയുടേയും ഏഷ്യയുടേയും നവോത്ഥാനം ..	10	
	ആധുനിക ചൈന—ഇന്ത്യയും ലോകസമാധാനവും — ഇന്തോനേഷ്യ, ഫിലിപ്പയിൻസ്, മലയ ..	10	
11.	ഇന്ത്യൻ ഭരണഘടന ..		194
	പ്രത്യേകതകൾ — കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം ..	10	
12.	ഭൂമിയിലെ സ്വാഭാവിക വിഭാഗങ്ങൾ—മേഖലകൾ ..	15	207

സാമൂഹ്യപാഠങ്ങൾ

STANDARD X

അദ്ധ്യായം 1

മനുഷ്യനും അയാളുടെ സാഹചര്യബന്ധങ്ങളും

(Man and his association)

സ്വാഭാവികമായ ബന്ധങ്ങൾ:—കുടുംബം, ഗോത്രം, വർഗ്ഗം (Family, Clan, Tribe)

സൃഷ്ടികളിൽവച്ചേറ്റവും മഹത്തായിട്ടുള്ളതു് മനുഷ്യനാണല്ലോ. മറ്റുള്ള മൃഗങ്ങളേയും പക്ഷികളേയും അതുപോലുള്ള സൃഷ്ടികളേയും അപേക്ഷിച്ചു് മനുഷ്യന്റെ വിശേഷബുദ്ധി അവനെ ഒരു പ്രത്യേക ഉയർന്ന വർഗ്ഗമായി മാറ്റുന്നു.

ആദിമമനുഷ്യൻതൊട്ടു് ഇന്നത്തെ ഏറ്റവും പരിഷ്ക്കാരിയായിട്ടുള്ള പൗരൻവരെ സംഘം സംഘമായി ജീവിക്കാനാണിഷ്ടപ്പെട്ടതു്. പണ്ടു് മൃഗാദികളിൽ നിന്നു് രക്ഷപ്പെടുവാനും അവയെ വേട്ടയാടി ഭക്ഷിക്കുന്നതിനും പ്രകൃതിയുമായി യുദ്ധം ചെയ്യുന്നതിനും കൃഷിചെയ്യുവാനും മറ്റും അവർ ഒന്നിച്ചുചേർന്നു് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്നു് അവർ പൊതുതാല്പര്യങ്ങൾ, ഭാഷ, ജീവിതരീതി, ആദർശങ്ങൾ എന്നിവയാൽ ബന്ധിക്കപ്പെട്ടിരിക്കയാണു്. മൃഗങ്ങളുടെ ഇടയിൽപോലും സംഘജീവിതം പ്രകടമായിരിക്കെ മനുഷ്യരെ സംബന്ധിച്ചു് അക്കാര്യം പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ.

മനുഷ്യന്റെ വിശേഷബുദ്ധിപോലെതന്നെ ആശയവിനിമയത്തിനുള്ള അവന്റെ ഭാഷാശക്തി, ആയുധങ്ങൾ കണ്ടുപിടിക്കുവാനും ഉപയോഗിക്കാനുമുള്ള കഴിവു്,

ചുറുപാടുകളെ കീഴ്പ്പെടുത്തുവാനുള്ള അന്യാദൃശമായ സാമർത്ഥ്യം, എന്നിവ പ്രകടമാണ്.

കുടുംബം

വ്യക്തികൾ ഒന്നിച്ച് ജീവിക്കുവാൻ താല്പര്യമുള്ള വരാണെന്ന് നാം കണ്ടുകഴിഞ്ഞു. ഒരു സ്ത്രീയും പുരുഷനും തമ്മിൽ വിവാഹിതരാകുമ്പോൾ അവർ ഒരു ചെറിയ കുടുംബം സ്ഥാപിയ്ക്കുന്നു. കൂടുതൽ അടുത്ത് പെരുമാറുവാനും പരസ്പരം അറിയുന്നതിനും വിട്ടുവീഴ്ചകൾ പൊറുക്കുന്നതിനും മറ്റുള്ളവരുമായി കൂടിക്കഴിയുന്നതിനും കുടുംബജീവിതം വളരെ ആവശ്യമാണ്. വിഭിന്നസ്വഭാവമുള്ളവർ ഒരു കുടുംബത്തിൽ ഉണ്ടായി എന്നു് വന്നേയ്ക്കാം. അവരെയെല്ലാം ഒന്നിച്ച് നിയന്ത്രിച്ച് കുടുംബജീവിതത്തെ സുന്ദരവും അഭിലഷണീയവും ആക്കിത്തീർക്കാൻ ഒരു കാരണവരുടെ ആവശ്യം നേരിടുന്നു. കുടുംബത്തലവനെ മറ്റുള്ളവർ ബഹുമാനിക്കുന്നു, അനുസരിക്കുന്നു. പ്രത്യേകിച്ച് കൂട്ടുകുടുംബങ്ങളാകുമ്പോൾ ആ തറവാട്ടുകാരണവരുടെ വ്യക്തിത്വം തുലോം പ്രധാനപ്പെട്ട ഒന്നാണ്. കുടുംബത്തിന്റെ ഐക്യം ശിഥിലമാകുകയാണെങ്കിൽ സൈരജീവിതം വിഷമമായിത്തീരുന്നു. മറ്റു ചെറു കുടുംബങ്ങൾ ഉടലെടുക്കുന്നു. ചുരുക്കത്തിൽ സ്നേഹവിശ്വാസങ്ങളുടെ ഉറവിടമാണ് ഒരു ആദർശപരമായ കുടുംബജീവിതം.

ആദിമമനുഷ്യന്റെ കുടുംബജീവിതം വളരെ പരിഷ്കൃതമായിരുന്നില്ല, ആദർശങ്ങൾക്കൊന്നും അവിടെ സ്ഥാനമുണ്ടായിരുന്നില്ല. മൃഗങ്ങളെ കൊന്നതിന്നുന്നതിനും മൃഗങ്ങളെപ്പോലെ കൂട്ടംകൂട്ടമായി ജീവിക്കുന്നതിനുമായിരുന്നു അവരുടെ ശ്രദ്ധ. പിന്നീട് കുടുംബജീവിതം പരിഷ്കാരസംസ്കാരങ്ങൾക്കനുസരിച്ച് മാറി. സംസ്കാര പുനരാവർത്തനസിദ്ധാന്തം (Culture Epoch Theory) മനുഷ്യൻ എങ്ങിനെ ജീവശാസ്ത്രപരമായി ഇന്നത്തെ മനുഷ്യനായിവളർന്നു എന്നു് പ്രതിപാദിക്കുന്നു. മനുഷ്യന്റെ സംസ്കാരപരിണാമത്തെ സംബന്ധിച്ചേടത്തോളം മാത്രമേ ഈ സിദ്ധാന്തത്തിനു് പ്രാധാന്യമുള്ളൂ.

ഗോത്രം

മനുഷ്യൻ അപരിഷ്കൃതനായി ജീവിച്ചിരുന്ന കാലഘട്ടത്തിൽ പല കൂട്ടംബങ്ങളൊന്നിച്ചു ചേർന്ന് ചുറ്റിസഞ്ചരിച്ചിരുന്നു. ഇവരുടെ ഉദ്ദേശം പുതിയ വേട്ടസ്ഥലങ്ങളന്വേഷിക്കുക, മേച്ചിൽസ്ഥലങ്ങൾ കണ്ടു പിടിക്കുക മുതലായവയായിരുന്നു.

അവരുടെ ഈ ജീവിതത്തെ നിയന്ത്രിക്കുവാൻ ഒരു നേതാവിന്റെ ആവശ്യം നേരിട്ട. തങ്ങളുടെ കൂട്ടത്തിൽ "കൈയുക്കുള്ളവൻ കാര്യക്കാരനായി" മാറി.

ഇത്തരത്തിൽ ഓരോ ഗോത്രത്തിനും ഓരോ നേതാവുണ്ടായിത്തീർന്നു. ആഫ്രിക്കയിലെ ബുഷ്മെൻ, ആമസോൺ കാട്ടുകളിലെ ഇന്ത്യക്കാർ എന്നിവരെല്ലാം ഇപ്പോഴും ഇതിനു ഉദാഹരണങ്ങളാണു്.

ഇങ്ങിനെ ഒരു പൂർവ്വനേതാവിൽനിന്നു് വംശപാരമ്പര്യം അവകാശപ്പെടുന്ന നിരവധി കൂട്ടംബങ്ങളാണു് ഒരു ഗോത്ര (Clan) ത്തിന്റെ അടിസ്ഥാനം. കൂട്ടംബങ്ങളിലെ ജനസംഖ്യ വർദ്ധിച്ചപ്പോൾ വിവാഹിതരായ മക്കൾ മറ്റു കൂട്ടംബങ്ങൾ സ്ഥാപിക്കുവാൻ തുടങ്ങി. പക്ഷെ ഇവർ ഒരു ഗോത്രത്തിൽ പെട്ടവരാണെന്നുള്ള ബോധത്തോടുകൂടിത്തന്നെയാണു് പ്രവർത്തിച്ചിരുന്നതു്. പൊതു ബുദ്ധിമുട്ടുകൾ, പ്രശ്നങ്ങൾ എന്നിവ ഒന്നിച്ചു ചർച്ചചെയ്തിരുന്നു. രക്തബന്ധം പവനമായി കണക്കാക്കിയിരുന്നു. ഓരോ ഗോത്രത്തിനും പ്രത്യേക തലവന്മാരുണ്ടായി. ഒരേഗോത്രത്തിൽ പെട്ടവർതമ്മിൽ കലഹങ്ങൾ കുറവായിരുന്നു.

വർഗ്ഗം

പൊതു ആപൽഘട്ടങ്ങളിൽ തൊട്ടടുത്തു ജീവിച്ചിരുന്ന ഗോത്രക്കാർ എല്ലാം ഒന്നിച്ചുചേർന്ന് വലിയൊരു സമൂഹമായി മാറുകയും ശത്രുക്കളുടെ ആക്രമണത്തെ ചെറുക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ഒരു പ്രത്യേക ഐക്യബോധത്തോടുകൂടി പല ഗോത്രക്കാരും

സംഘടിച്ചു. അവർ ഒന്നിച്ചു് ഒരു പ്രദേശത്തു് ജീവിക്കുവാനും ഒരേ ഭാഷ സംസാരിക്കുവാനും സാധിച്ചു. ഇത്തരത്തിൽ ഉള്ള ഒരു സമൂഹത്തെ വർഗ്ഗം (Tribe) എന്നു് വിളിച്ചുപോന്നു. ഇങ്ങനെ അനവധി വർഗ്ഗങ്ങൾ ലോകത്തിൽ ഉണ്ടായിരുന്നതായി ചരിത്രം ഉദ്ഘോഷിക്കുന്നു.

ഇപ്രകാരം മനുഷ്യന്റെ സാമൂഹ്യബന്ധങ്ങൾ കുടുംബം, ഗോത്രം, വർഗ്ഗം എന്നീ നിലകളിൽ വികസിക്കുകയും അവൻ ഒരു വലിയ സമുദായമായി ഉയർന്നുവരികയും ചെയ്തിട്ടുണ്ടു്.

മനുഷ്യനിർമ്മിതബന്ധങ്ങൾ

സ്വാഭാവികമായി രക്തബന്ധം മൂലവും മറ്റും ഉണ്ടാകുന്ന സാമൂഹ്യബന്ധങ്ങളെപ്പറ്റി നാം കണ്ടു കഴിഞ്ഞു. എന്നാൽ വളർന്നുവരുന്ന മനുഷ്യരാശിയുടെ ഉന്നമനത്തിനു് മറ്റുചില ബന്ധങ്ങൾ ആവശ്യമായിത്തീർന്നു. പൊതു താല്പര്യങ്ങളുടെ വെളിച്ചത്തിൽ ചില സാമൂഹ്യബന്ധങ്ങൾ ഉടലെടുക്കുവാൻ തുടങ്ങി. ഈ മനുഷ്യനിർമ്മിതമായ ബന്ധങ്ങളെ പുരോഗതിയുടെയും സംസ്കാരത്തിന്റെയും നാഴികക്കല്ലുകളായി കണക്കാക്കുന്നതിൽ തെറ്റില്ല. പ്രാചീന കാലങ്ങളിൽ ഉണ്ടായിരുന്ന ചില നാട്ടുകൂട്ടങ്ങൾ, പടസംഘങ്ങൾതൊട്ടു് ഇന്നത്തെ ക്ലബ്ബുകൾ, രാഷ്ട്രീയ പാർട്ടികൾ, മതസ്ഥാപനങ്ങൾ എന്നിവയെല്ലാം മനുഷ്യനിർമ്മിത ബന്ധങ്ങൾക്കു് ഉദാഹരണങ്ങളത്രെ.

സാമൂഹ്യബന്ധസ്ഥാപനങ്ങളിൽ ചിലതു് താല്ക്കാലിക ആവശ്യങ്ങളെ മുൻനിർത്തി ഉള്ളതായിരിക്കും. കലാസമിതികൾ അല്ലെങ്കിൽ സാംസ്കാരിക സംഘടനകൾ മുതലായവ ഇതിനു് ഉദാഹരണമാണു്. മറ്റുചില സാമൂഹ്യബന്ധങ്ങളെ നാം ശാശ്വതമായി കരുതുന്നു. മതം, രാഷ്ട്രം ഇവയെ സംബന്ധിച്ചുള്ള കാര്യങ്ങൾ എന്നും നമ്മുടെ സാമൂഹ്യബന്ധങ്ങളിൽനിന്നു് വിട്ടുമാറുന്നില്ല. ഇവയെപ്പറ്റി കൂടുതൽ ചിന്തിക്കാം.

1. മതപരം

പ്രാചീനകാലഘട്ടത്തിലെ മനുഷ്യർ പ്രകൃതിശക്തികളെ ഭയപ്പെട്ടിരുന്നതായും അവയിൽനിന്നു് രക്ഷ നേടുവാൻ അവയ്ക്കു് ഈശ്വരത്വം കല്പിച്ചു് ആരാധിച്ചിരുന്നതായും നാം മനസ്സിലാക്കിയിട്ടുണ്ടു്. മഴ, ഇടി, മിന്നൽ, കൊടുങ്കാറ്റു് ഇവയ്ക്കെല്ലാം ഓരോ അധിദേവതകളുണ്ടായിരുന്നതായി കരുതിയിരുന്നു. ഇതുപോലെ സൂര്യൻ, ചന്ദ്രൻ, വായു, അഗ്നി, സർപ്പം ഇവയേയും പ്രാചീനർ ആരാധിച്ചിരുന്നു. ഇന്നും ഇവയെ വളരെ പുരോഗമിച്ചിട്ടുള്ളവരിൽ പലരും ദൈവതുല്യം ആരാധിച്ചുവരുന്നു. പണ്ടത്തെ മനുഷ്യവർഗ്ഗങ്ങളുടെ മതവിശ്വാസങ്ങളെക്കുറിച്ചുള്ള ചില കാര്യങ്ങളാണല്ലോ മുകളിൽ പറഞ്ഞതു്. ഇന്ത്യയിലെ ആര്യന്മാരുടെയിടയിൽ ഇതിനെ സംബന്ധിച്ചുള്ള തെളിവുകളെല്ലാം ഋഗ്വേദസംഹിതകളിൽനിന്നു് നമുക്കു് ലഭിക്കുന്നു. ഗ്രീക്കുകാർ, റോമാക്കാർ ഇവരുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ അവിടെയും ശക്തിദേവതയായ അപ്പോളോ, ഹെർക്കുലീസ്, വരുണനെപ്പോലെയുള്ള ചില കടൽദൈവങ്ങൾ ഇങ്ങിനെ പലതും കാണുവാൻ സാധിക്കും. അപ്പോൾ ചുരുക്കത്തിൽ പ്രകൃതികോപത്തിൽനിന്നും രക്ഷപ്പെടുവാനുള്ള ഒരു ഉപാധിയായി മനുഷ്യൻ പ്രകൃതിയെ ആരാധിച്ചുതുടങ്ങി. പിന്നീടു് ഈ വിശ്വാസം കൂടുതൽ ബലപ്പെട്ടുവരികയും സംഘടിതമായ രീതിയിൽ പ്രാർത്ഥനകൾ നടത്തിത്തുടങ്ങുകയും ചെയ്തു. ഇങ്ങനെ പല മതസംഘങ്ങളും ഉണ്ടായി. ഇപ്രകാരം സാമൂഹ്യമായ ഒരു ആവശ്യമായി മതം രൂപം പ്രാപിച്ചു. എന്തു് ആപത്തുകൾ വന്നാലും അവയിൽനിന്നും രക്ഷപ്രാപിക്കുവാനും സന്തപിക്കുന്നമനസ്സിനു് സമാധാനം ലഭിക്കുവാനും ഒടുവിൽ ലോകത്തിലുള്ള എല്ലാ വേദനകളിൽനിന്നും വിട്ടുമാറി മോക്ഷം ലഭിക്കുവാനും ഉള്ള ഒരു ഉപാധിയായി മതവിശ്വാസം ഉയർന്നു. പല മതങ്ങളും ഉടലെടുത്തു. മതവിശ്വാസികൾ വളരെ ഉണ്ടായി. ഹിന്ദുമതം, ജൈനമതം, ബുദ്ധമതം, ക്രിസ്തുമതം, ഇസ്ലാംമതം ആദിയായവയിൽ ഉൾക്കൊ

ള്ളുന്ന മഹത്തായ തത്ത്വങ്ങൾ ഇന്നും നാം വളരെയേറെ മാനിക്കുന്നു.

2. സാമ്പത്തികം

പ്രാചീനകാലത്തു് ഇന്നത്തെപ്പോലെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ട ആവശ്യം നേരിട്ടിരുന്നില്ല. കൈമാറക്കച്ചവടസമ്പ്രദായത്തിൽ ആവശ്യങ്ങൾ നിവൃത്തിച്ചിരുന്നു. ഇതുപോലെ വേട്ടയാടിക്കിട്ടിയിരുന്ന മാംസം കൂട്ടുകാർ ഒരുപോലെ പങ്കുവെച്ചിരുന്നു. ക്രമേണ മനുഷ്യാവശ്യങ്ങൾ വർദ്ധിക്കുകയും വിവിധരീതിയിൽ ജീവിതം നയിക്കുകയും ചെയ്യുവന്നതോടുകൂടി ഉപയുക്തസാധനങ്ങളുടെ "വില" നിർണ്ണയിക്കുവാൻ ഒരു പൊതുമാനദണ്ഡം സ്വീകരിക്കേണ്ടിവന്നു. ഇങ്ങനെ പണം നടപ്പിലായി.

ഇന്നു് നിരവധി സാമ്പത്തിക സംഘടനകളുണ്ടു്. ബാങ്കുകൾ വളരെ അധികം കാര്യങ്ങൾ സാമ്പത്തിക മണ്ഡലത്തിൽ മനുഷ്യസൗകര്യത്തിനായി ചെയ്യുവരുന്നു. ഇങ്ങനെ വെറുതെ വേട്ടയാടിയും കാലികളെ മേച്ചും നടന്നിരുന്ന നിലവിട്ടു് ഓരോ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തുവന്ന മനുഷ്യൻ, ആദിമകാലങ്ങളിൽ ഇന്നത്തെ തൊഴിൽ സംഘടനകൾ, വാണിജ്യമണ്ഡലങ്ങൾ എന്നിവയെപ്പറ്റി വിഭാവനകൂടി ചെയ്തിട്ടുണ്ടാവില്ല.

3. തൊഴിൽപരം

ജീവിതത്തിന്റെ പ്രാഥമിക ആവശ്യങ്ങൾ മാത്രം നിറവേറ്റിപ്പോന്നിരുന്ന കാലഘട്ടത്തിൽ ഒരു സ്ഥലത്തു് സ്ഥിരമായി താമസിക്കുവാനോ എന്തെങ്കിലും പ്രവർത്തിച്ചു് ദിവസവൃത്തി കഴിച്ചുകൂട്ടുവാനോ മനുഷ്യൻ മുതിർന്നിരുന്നില്ല. പക്ഷെ, ഒരു സ്ഥലത്തു സ്ഥിരവാസം തുടങ്ങിയതുമുതൽ ചില തൊഴിലുകൾ ചെയ്യുവാൻ ഉത്സാഹവും പ്രചോദനവും ഉണ്ടായി. നല്ല ഫലപുഷ്ടിയുള്ള സ്ഥലങ്ങളിൽ താമസിച്ചവർ കൃഷിചെയ്തുപോന്നു. ഇങ്ങനെ കൃഷിത്തൊഴിൽ ചെയ്തിരുന്നവർ ഒന്നായി ജീവിച്ചുവന്നു. ഇതുപോലെ തന്നേറയും മറ്റുള്ള ഗോത്രാംഗ

ങ്ങളുടെയും രക്ഷയെ ലാക്കാക്കി അവർ പ്രവർത്തിച്ചുവരികയും അവിടെ ലഭിച്ചിരുന്ന അസംസ്കൃതപദാർത്ഥങ്ങളും മറ്റും ഉപയോഗിച്ച് ചില തൊഴിൽപരിശീലനം നടത്തുകയും ഉല്പാദനങ്ങളിൽ വ്യാപൃതരാകുകയും ചെയ്തു. പുരോഗമിക്കാൻ തുടങ്ങിയ മനുഷ്യൻ ഇന്ന് വ്യാവസായിക-തൊഴിൽരംഗങ്ങളിൽ തന്റെ വ്യക്തിത്വവും സാമർത്ഥ്യവും പ്രദർശിപ്പിച്ചുവരുന്നുണ്ടല്ലോ. പുതിയ വ്യവസായങ്ങളും തൊഴിലുകളും സാമൂഹ്യാഭിവൃദ്ധിയെ എത്രത്തോളം ത്വരിതപ്പെടുത്തിയിട്ടുണ്ടെന്നുള്ളതിനു് ഇന്നത്തെ നമ്മുടെ പഞ്ചവത്സരപദ്ധതികൾതന്നെ തെളിവാണല്ലോ.

4. ജീവകാരുണ്യപരം

സാമ്പത്തികമായും തൊഴിൽപരമായും മറ്റും ഉയർച്ച പ്രാപിച്ച മനുഷ്യനു് തന്റെ സഹജീവിയോടുള്ള സ്നേഹം ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ പ്രകടമാക്കുവാൻ സാധിച്ചിരുന്നു. അതിനായി അവൻ ആശിച്ചിരുന്നു. പുരാതനകാലങ്ങളിൽ സ്നേഹപ്രവർത്തനത്തിന്റെ പരിധി കുറവായിരുന്നു. അതായതു കുടുംബം, ഗോത്രം, വർഗ്ഗം എന്നിവയോടുള്ള കടപ്പാടുകൾ അവരെ സങ്കുചിതമായ ഒരു മണ്ഡലത്തിൽ വർത്തിക്കുവാൻ പ്രേരിപ്പിച്ചു.

ഇന്നാകട്ടെ ഭ്രാതൃദയയാൽ പ്രേരിതരായ മനുഷ്യസുഹൃത്തുക്കൾ ജീവകാരുണ്യപരമായ നിരവധി സംഘടനകൾ സ്ഥാപിച്ചിട്ടുണ്ടു്. സതി നിർത്തൽചെയ്യാൻ പരിശ്രമിച്ച രാജാറാംമോഹൻറായ്, അടിമത്തത്തിനെതിരെ നിലകൊണ്ടു് വീരമൃത്യു പ്രാപിച്ച പ്രസിഡണ്ടു് ലിങ്കൺ, ആതുരസേവനത്തിനു് ഇറങ്ങി യശഃശരീരികളായിത്തീർന്ന ഫാദർ ഡാമിയൻ, ഫ്ളോറൻസ് നൈററിംഗേൽ, സാർവ്വജനൈക്യത്തിനുവേണ്ടി ജീവൻ നൽകിയ മഹാത്മജി എന്നിവർ എന്നും ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിക്കുന്നവരാണു്. മൃഗങ്ങളുടെ നേരെ മനുഷ്യൻ ക്രൂരമായി പെരുമാറുന്നതു തടയാൻ S. P. C. A. (Society for the Prevention of Cruelty to Animals) സ്ഥാപിച്ചി

ട്ടുണ്ട്. ഇവരുടെ പ്രവർത്തനം സ്തുത്യർഹമാണ്: Red-cross സംഘം, Scout സംഘം, അനാഥമന്ദിരങ്ങൾ എന്നിവ സഹജീവിസ്നേഹത്തിന്നു് ഉത്തമമാതൃകകളായി നിലകൊള്ളുന്നു.

5. വിനോദപരം

ആദിമമനുഷ്യൻ ചില കാടൻനൃത്തങ്ങൾ, പാട്ടു് എന്നിവയിലൂടെ തങ്ങളുടെ മാനസോല്ലാസം പ്രകടമാക്കിയിരുന്നു. അവരുടെ കലാബോധത്തിന്റെ ചില അവശിഷ്ടങ്ങൾ ഗുഹകളിൽ വരച്ചിട്ടുള്ളതും കൊത്തിവെച്ചിട്ടുള്ളതുമായ ചിത്രങ്ങളിൽനിന്നു മനസ്സിലാക്കാം. പിന്നീടു് മനുഷ്യന്റെ സൗന്ദര്യബോധം വർദ്ധിച്ചുവരുവാൻ തുടങ്ങിയതോടുകൂടി അവൻ കൊത്തുപണി, ചിത്രമെഴുത്തു്, ഗൃഹനിർമ്മാണം, ഗോപുരനിർമ്മാണം, പൂന്തോട്ടനിർമ്മാണം, നൃത്തങ്ങൾ, നാടകങ്ങൾ എന്നിവയിലെല്ലാം അഭിവൃദ്ധിപ്പെട്ടു. ഇന്നു സന്ദർശിക്കുന്ന വിദേശിയർ അത്ഭുതകരങ്ങളായ കൊത്തുവേലകൾ അടങ്ങിയിട്ടുള്ള മഹാബലിപുരത്തിലെ കാഴ്ചകൾ കണ്ടു് അമ്പരന്നുപോകുന്നു. പല്ലവന്മാരുടേയും ചോളന്മാരുടേയും അടിയവംശരാജാക്കന്മാരുടേയും മുഗളചക്രവർത്തിമാരുടേയും സൗധനിർമ്മാണത്തിൽ ഉണ്ടായിരുന്ന പാടവം ആരെയാണു് കോൾമയിർകൊള്ളിക്കാത്തതു്. ഗാന്ധാരശില്പം ഇന്നും കലാകുതുകികൾക്കു് പഠനാഹ്ലങ്ങളാണു്.

ഇന്നു് കായികവിനോദങ്ങൾ, സിനിമ, നാടകങ്ങൾ, റേഡിയോ, നൃത്തം, സംഗീതം ഇങ്ങനെ മനുഷ്യനെ സന്തോഷിപ്പിക്കുവാൻ ഉള്ള നിരവധി കലാസമ്പത്തുകൾ ഉണ്ടു്. കലാസമിതികൾ സാഹിത്യം, അഭിനയകല എന്നിവയെ പോഷിപ്പിക്കുവാൻ ഉപകരിക്കുന്നു.

മനുഷ്യനിർമ്മിതബന്ധങ്ങളുടെ നേട്ടങ്ങൾ

പ്രാചീനമനുഷ്യൻ ഇന്നത്തെ പരിഷ്കാരിയായ മനുഷ്യനായി വളർന്നിട്ടുള്ളതിനു് കാരണം അവന്റെ നാനാമുഖങ്ങളായ സാമൂഹ്യബന്ധങ്ങളാണു്. ഒരു കുടുംബത്തിന്റെ വ്യക്തിതപം വളർന്നുവരുന്ന ശിശുവിൽ പ്രതി

ഫലിക്കാതെ തരമില്ല. വിദ്യാർത്ഥികളിൽ അവരുടെ ഉത്തമന്മാരായ അദ്ധ്യാപകരുടെയും വിദ്യാലയത്തിന്റെയും സ്വാധീനശക്തി ആയുഷ്കാലം മുഴുവൻ നിലനിന്നുപോരുന്നു. ചുരുക്കത്തിൽ പഴയകാലം മുതല്ക്ക് മനുഷ്യൻ ആർജ്ജിച്ചിട്ടുള്ള അറിവുകളെല്ലാം സമുദായത്തിന്റെ സ്വത്തായിട്ടുണ്ട്. അങ്ങിനെ മാനവസംസ്കാരം ഇന്നും വളർന്നുവരികയാണ്. മതപരം, സാമ്പത്തികം എന്നീ നിലകളിൽ മനുഷ്യൻ വളർന്നുവളർന്നു വന്നതു് നാം മനസ്സിലാക്കിക്കഴിഞ്ഞു. മനുഷ്യന്റെ വളർച്ചക്കു് ഉപകരിച്ചിട്ടുള്ളതായ എല്ലാ കായ്കുങ്ങളെയും അവൻ സ്വാഗതം ചെയ്യുന്നു. എത്ര ചെറിയ നിലയിലുള്ള സാമൂഹ്യബന്ധമായാലും അതു് മുറിത്തഴച്ചുവരുന്ന സമുദായവൃക്ഷത്തിന്റെ അവിഭാജ്യഘടകങ്ങളായ ചില്ലകളും ഇലകളും പുഷ്പങ്ങളും ഫലങ്ങളുമായിത്തീരുന്നു. മനുഷ്യശരീരത്തിന്റെ ശരിയായ പ്രവർത്തനത്തിനു് എല്ലാ അവയവങ്ങളുടെയും ഐക്യം എത്രത്തോളം ആവശ്യമാണോ അതുപോലെ വ്യക്തിയും സമുദായവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടു് മുന്നോട്ടു് പോയാൽ മാത്രമെ മനുഷ്യനിർമ്മിത സ്ഥാപനങ്ങൾ പുരോഗമിക്കൂ.

സാമൂഹ്യസംഘടനകൾ എല്ലാ തുറകളിലും പ്രവർത്തിച്ചുപോരുന്നുണ്ടല്ലോ. അപൂർണ്ണനായ മനുഷ്യൻ പൂർണ്ണത്വത്തിലേയ്ക്കു് പ്രയാണം ചെയ്യുകൊണ്ടിരിക്കയാണു്. ആറാംശക്തിയെ അടിമപ്പെടുത്തിയ മനുഷ്യൻ ഗോളാന്തരയാത്രയ്ക്കു് തുനിഞ്ഞുകൊണ്ടിരിക്കുന്നതിൽ അത്ഭുതത്തിനു് അവകാശമില്ല. നമ്മുടെ ജീവിതത്തിൽ "ഇന്നത്തക്കൂടിയായാൽ മാത്രമെ ഞാൻ അടങ്ങു" എന്ന ചിന്തയാണു് അവനെ പുതിയ പുതിയ ഗവേഷണങ്ങൾക്കു് പ്രേരിപ്പിക്കുന്നതു്. കൂടുതൽ സമ്പന്നവും ആനന്ദപ്രദവുമായ ബന്ധങ്ങൾ ഇനിയും ഉണ്ടായേ തീരൂ.

ചോദ്യങ്ങൾ

അദ്ധ്യായം 1

1. മനുഷ്യന്റെ സ്വാഭാവികബന്ധങ്ങൾ ഏതെല്ലാം? അവ ഓരോന്നിനെക്കുറിച്ചും ഓരോ ഖണ്ഡികയിൽ വിവരിക്കുക.
2. ലോകത്തിലിന്ന് കണ്ടുവരുന്ന മനുഷ്യനിർമ്മിതബന്ധങ്ങൾ എന്തെല്ലാമാണ്?
3. ചുവടെ ചേർത്ത മനുഷ്യനിർമ്മിതബന്ധങ്ങൾക്ക് ഉദാഹരണങ്ങൾ നൽകി, അവയെന്തെന്ന് വിശദമാക്കുക.

   1. ജീവകാരുണ്യപരം. 2. വിനോദപരം. 3. മതപരം.

4. വിവിധതരം സാമൂഹ്യബന്ധങ്ങൾകൊണ്ട് മനുഷ്യനുണ്ടായിട്ടുള്ള നേട്ടങ്ങൾ ഏവ?

അദ്ധ്യായം 2

മനുഷ്യൻ പൗരനെന്ന നിലയിൽ

(Man the Citizen)

പൗരത്വം എങ്ങനെ ലഭിക്കുന്നു; എങ്ങനെ നഷ്ടപ്പെടുന്നു

പൗരൻ എന്ന വാക്ക് പുരി (പട്ടണം) എന്നതിൽ നിന്ന് ഉണ്ടായതാണ്. അപ്പോൾ പൗരൻ എന്ന് വച്ചാൽ "പുരത്തിൽ വസിക്കുന്നവൻ" എന്നു പറയാം. പ്രാചീന കാലങ്ങളിൽ പുരങ്ങൾ രാഷ്ട്രങ്ങളായിരുന്നു. അങ്ങനെ ഓരോ പുരവും ഓരോ സ്വതന്ത്രരാജ്യമായി പരിലസിച്ചിരുന്നു.

സാമൂഹ്യജീവിയായ മനുഷ്യൻ സ്വസമുദായത്തിന്റെ നന്മയെ ലാക്കാക്കിക്കൊണ്ട് പ്രവർത്തിക്കേണ്ടതു് ആവശ്യമാണല്ലൊ. ഒരു പൗരന്റെ പ്രവർത്തനം ശരിയായാലും തെറ്റായാലും അതു് അയാൾ ഉൾക്കൊള്ളുന്ന രാഷ്ട്രത്തെ ബാധിക്കുന്നതായിരിക്കും. വ്യാപകമായ അർത്ഥത്തിൽ ഒരു ഭരണഘടനയുടെ കീഴിലുള്ള വിസ്തീർണ്ണമായ രാജ്യത്തിന്റെ ഏതു ഭാഗത്തും താമസിക്കുന്ന ഒരുവനെ ആ രാജ്യത്തെ പൗരനായി കണക്കാക്കാം. ഈ വ്യാപകമായ അർത്ഥം പുരാതന റോമാക്കാരാണു് നൽകിയതു്. റോമാസാമ്രാജ്യത്തിൽ എവിടെ താമസിച്ചാലും ഒരുവനു് അവിടത്തെ നഗരവാസികളോടൊപ്പം സ്വാതന്ത്ര്യവും അവകാശങ്ങളും അധികാരങ്ങളും എല്ലാം ഉണ്ടായിരുന്നു. ഇപ്രകാരം ഒരു ഭരണാധികാരത്തിൽപ്പെട്ട പ്രദേശത്തു് വസിക്കുന്നവനും അവിടത്തെ നിയമങ്ങൾ, അധികാരങ്ങൾ, അവകാശങ്ങൾ എന്നിവയെ സംബന്ധിച്ചു മറേറതൊരുത്തനോടും തുല്യമായ നിലയുള്ളവനും ആയ ഒരുവൻ ആ പ്രദേശത്തെ പൗരനാകുന്നു.

പ്രാചീനകാലങ്ങളിൽ 'പുരം' ഒരു രാജാവിന്റെ അധികാരത്തിൽപ്പെട്ട രാജ്യവും ആ പുരനിവാസികൾ അവിടത്തെ പൗരന്മാരും ആയിരുന്നു. നാഗപുരം, ഉദയപുരം, കാഞ്ചീപുരം എന്നീ പേരുകൾ നോക്കുക. പൗരന്മാർ വർദ്ധിച്ചതോടുകൂടി അവർ താമസിച്ചിരുന്ന സ്ഥലത്തിന്റെ വിസ്തൃതിയും വർദ്ധിച്ചുവന്നു. ഇപ്രകാരം പുരങ്ങൾ, നഗരങ്ങൾ എന്നീ നിലയിൽ വികസിച്ചു് രാജ്യം, രാഷ്ട്രം എന്നീ നിലകളിൽ വിപുലമായിത്തീർന്നിട്ടുണ്ടു്. പക്ഷെ പൗരൻ എന്ന പേർ ഇന്നും നിലനിന്നുവരുന്നു.

ഒരു വ്യക്തി ഒരു സ്ഥലത്തു് ജനിച്ചതുകൊണ്ടുമാത്രം അവിടത്തെ പൗരനാകുന്നില്ല. മറെറാരു രാജ്യത്തിൽ കുറേക്കാലം താമസിക്കുന്നതുകൊണ്ടും അവിടത്തെ പൗരനാകുന്നില്ല. ഓരോ രാജ്യത്തിലും പ്രത്യേകം പ്രത്യേകം പൗരത്വനിയമങ്ങൾ ഉണ്ടു്. നമ്മുടെ ഇന്ത്യൻ യൂണിയനിൽ പൗരത്വം സിദ്ധിക്കുന്നതിനു വേണ്ട യോഗ്യതകൾ

ഏതെല്ലാമെന്നു് നോക്കാം. ഇന്നാട്ടിൽ ജനിച്ചു വളർന്നവർ, ഇന്ത്യാക്കാരായ മാതാപിതാക്കന്മാരിൽ ജനിച്ചവർ, ഇന്ത്യൻ യൂണിയനിലെ സ്ഥിരതാമസക്കാർ, ഇവരെല്ലാം ഇന്ത്യൻ പൗരന്മാരാണു്. 1955-ൽ ഇന്ത്യൻ പൗരത്വനിയമം (Indian Citizenship Act) പാസ്സാക്കുകയുണ്ടായി. യുദ്ധകാലമെഴിച്ചു് മറുകാലങ്ങളിൽ പൗരത്വത്തിനുള്ള അപേക്ഷ ഗവണ്മെണ്ടിനു് സമർപ്പിക്കാം. മറെറാരു രാജ്യത്തിൽ താമസിക്കുന്ന ഇന്ത്യക്കാർക്കു് ചില നിബന്ധനകൾ അനുസരിച്ചു് ഇന്ത്യൻ പൗരന്മാരായി തുടരാം. എന്നാൽ മറെറാരു രാജ്യത്തെ പൗരനായിത്തീരുന്ന ഒരാൾക്കു് ഇന്ത്യൻ പൗരത്വം നഷ്ടപ്പെട്ടം. ഈ രാജ്യത്തുതന്നെ സ്ഥിരതാമസംകൊണ്ടു് പൗരത്വം സമ്പാദിച്ച ഒരു അന്യരാജ്യക്കാരന്റെ മേൽ രാജ്യദ്രോഹക്കുറ്റം ചുമത്തി അയാളുടെ പൗരത്വം പിൻവലിക്കാം. പൗരത്വത്തെ സംബന്ധിച്ചു് വിവിധരാജ്യങ്ങളിൽ വിവിധനിയമങ്ങളാണു് ഉള്ളതു്.

ഉത്തമപൗരത്വം—അതിനുള്ള പ്രതിബന്ധങ്ങൾ

പൗരത്വത്തെക്കുറിച്ചു് ചില പ്രധാന സംഗതികൾ നാം മനസ്സിലാക്കിയല്ലോ. ഒരു നല്ല പൗരനായി ജീവിക്കേണ്ടതു് എങ്ങനെയെന്നു് അറിഞ്ഞിരിക്കേണ്ടതിനോടൊപ്പം പൗരത്വത്തിനു് പ്രതിബന്ധങ്ങളായി നില്ക്കുന്ന സംഗതികൾ എന്തെല്ലാമാണെന്നുകൂടി അറിഞ്ഞിരിക്കേണ്ടതാണു്. മതമാത്സര്യങ്ങളും ജാതിചിന്തകളും, മനുഷ്യനിൽ സങ്കുചിതമനഃസ്ഥിതി വളർത്തുന്നതുകൊണ്ടാണു് മാതൃകാപരമായ പൗരത്വം നശിക്കുന്നതു്. ഉദാഹരണമായി ഭാരതത്തിൽ ഹിന്ദു, മുസ്ലീം, ക്രസ്ത്യാനി എന്നീ വിഭിന്നമതസ്ഥരും ഹിന്ദി, തമിഴ്, മലയാളം എന്നീ വിഭിന്നഭാഷകളും പൗരത്വത്തെ തെറെറായ രീതിയിൽ ബാധിക്കുന്നതായി കണ്ടുവരുന്നു. എന്നാൽ ഒരു നല്ല പൗരൻ ജാതിമത ഭാഷാചിന്തകൾക്കതീതനായി താനൊരു ഭാരതീയനാണെന്നു് ചിന്തിക്കണം. മറെറാരു പ്രകാരത്തിൽ പറയുകയാണെങ്കിൽ ഒരു നല്ല പൗരൻ സങ്കുചിതമായ വീക്ഷണഗതികൾ ഉപേക്ഷിച്ചു സർവ്വ

സമത്വം, സാഹോദര്യം എന്നീ ആദർശങ്ങളിലേയ്ക്ക് ഉയരണം. മനുഷ്യസ്നേഹംകൊണ്ടും വിശാലവീക്ഷണംകൊണ്ടും നമ്മുടെ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റുവിനെപ്പോലെയുള്ള മഹനീയ വ്യക്തികൾ ലോകപൗരത്വത്തിലേക്കുയർന്നിട്ടുണ്ട്. ഇതുപോലെ അനവധി ശാസ്ത്രജ്ഞന്മാർ, ഗ്രന്ഥകാരന്മാർ, രാഷ്ട്രചിന്തകന്മാർ മുതലായവർ ലോകപൗരന്മാരായിത്തീർന്നിട്ടുണ്ട്.

അവകാശങ്ങളും ചുമതലകളും

ഒരു രാഷ്ട്രം പുരോഗമിക്കണമെങ്കിൽ അവിടത്തെ ജനാവലി തികഞ്ഞ പൗരബോധത്തോടുകൂടി ജീവിക്കണം. ഇതിനായി ഓരോ രാജ്യത്തും പല നിയമങ്ങളും നടപ്പിലുണ്ട്. ഏതൊരു പൌരനും സ്വയം രക്ഷനേടുവാനുള്ള അവകാശമുണ്ട്. അതേ സമയത്തുതന്നെ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ വകവെച്ചു കൊടുക്കേണ്ടതായിട്ടുമുണ്ട്. വിശേഷിച്ച് ജനാധിപത്യം മുന്നേറിക്കൊണ്ടിരിക്കുന്ന രാഷ്ട്രങ്ങളിൽ ഓരോ പൗരനും സ്വാർത്ഥംവെടിഞ്ഞ് തൻേറതുപോലെതന്നെ മറ്റുള്ളവരുടേയും ക്ഷേമത്തെ മുൻനിർത്തി പ്രവർത്തിക്കണം. നാം നമ്മുടെ വോട്ടനുസരിച്ച് നിയമസഭകളിലേയും ഇതരസഭകളിലേയും സാമാജികന്മാരെ തെരഞ്ഞെടുക്കുന്നു. നമ്മിൽനിന്നും ലഭിച്ച അധികാരംകൊണ്ട് അവർ നിയമങ്ങൾ നിർമ്മിക്കുന്നു. ആ നിയമങ്ങൾ അനുസരിക്കുവാൻ നാം ചുമതലപ്പെട്ടവരാണ്.

നിയമം അനുസരിച്ചില്ലെങ്കിൽ "കൈയൂക്കുള്ളവൻ കാര്യക്കാരൻ"നാകും. ഇന്നതു ചെയ്യണം; ഇന്നതു ചെയ്യരുത് എന്നീ ശാസനാരൂപത്തിലുള്ള വിധികളാണ് നിയമങ്ങൾ. അപ്പോൾ നിയമം തെറ്റിച്ചാൽ ശിക്ഷ ലഭിക്കുമെന്നും അതുകൊണ്ട് നല്ല പൗരനായി ജീവിക്കണമെന്നും മനസ്സിലാക്കാം. മറ്റുള്ളവരെ ഏതെങ്കിലും തരത്തിൽ ദ്രോഹിച്ചുകഴിയുന്ന വ്യക്തികൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതുകൊണ്ട് സമുദായദ്രോഹികളാണ്. എല്ലാവരും യഥാർത്ഥ പൗരബോധത്തോടുകൂടി ജീവിക്കുകയാണെങ്കിൽ നാട്ടിൽ കോടതികളും ജയിലുകളും ആവശ്യമില്ല.

ഒരു പൗരന് തന്റെ രാജ്യത്തോടും ഗവണ്മെണ്ടിനോടും വലിയ കടപ്പാടുണ്ട്. തന്റെ രാജ്യത്തിനുവേണ്ടി മരിക്കുവാൻപോലും ഒരു പൗരൻ തയ്യാറാകണം. ഇതിനു് സേവനസന്നദ്ധത, ത്യാഗം എന്നീ ഗുണങ്ങൾ ഉണ്ടാകണം. നമ്മുടെ രാജ്യത്തിന്റെ ഇന്നത്തെ നില ഇതിനുമുമ്പു് രാജ്യത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള മഹാന്മാരായ നേതാക്കന്മാരുടെ നിസ്സ്വാർത്ഥമായ സേവനത്തിന്റെയും ത്യാഗത്തിന്റെയും ഫലമാണല്ലോ. ഓരോ പൗരനും ഇപ്രകാരം ഭാവിയെക്കുറിച്ചും മറ്റുള്ളവരെപ്പറ്റിയും ചിന്തിച്ചു് നിസ്സ്വാർത്ഥമായി പ്രവർത്തിക്കുകയാണെങ്കിൽ നാടു് സന്തുഷ്ടവും സമ്പന്നവുമായിത്തീരും.

ഒരു പൗരന്റെ അവകാശത്തെ നിശ്ചയിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതു് ഗവണ്മെന്റാണു്. പൗരന്മാക്കു് വിദ്യാഭ്യാസസൌകര്യമുണ്ടാക്കുക, അവരുടെ ക്ഷേമത്തിനായുള്ള നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യുക, ആരോഗ്യസംരക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കുക, നീതിന്യായക്കോടതികൾ സ്ഥാപിക്കുക, വിവിധ സമുദായങ്ങൾ തമ്മിൽ സംഘട്ടനങ്ങളുണ്ടാകാതെ സൂക്ഷിക്കുക, ആഭ്യന്തരഭരണം ശരിയായി നിർവ്വഹിക്കുക, വിദേശാക്രമണത്തിൽ നിന്നും രാജ്യത്തെ രക്ഷിയ്ക്കുക ഇവയെല്ലാം ഗവണ്മെന്റിന്റെ ചുമതലകളാണു്. ഇതിനു് പൗരന്മാർ വേണ്ടത്ര സഹകരിക്കേണ്ടതാണു്.

സ്വാതന്ത്ര്യവും സമത്വവും

"സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം" എന്നിവ ഏതു കാലത്തും ആദരിക്കപ്പെടേണ്ട തത്ത്വങ്ങളാണു്. ഒരു രാജ്യത്തിലെ പൊതുക്കാര്യങ്ങളെ സംബന്ധിച്ചേടത്തോളം ഏതെങ്കിലും ഒരു പ്രത്യേക അധികാരം അല്ലെങ്കിൽ അവകാശം ഒരു വ്യക്തിക്കോ സമുദായത്തിനോ ലഭിക്കണമെന്നു വാദിക്കുന്നതു് ശരിയല്ല. അതായതു്, തെറ്റായ നിലയുള്ള സ്വാതന്ത്ര്യം ഒരു പൌരനും അഭിലഷിക്കരുതു്. പൊതുക്കാര്യങ്ങളിലെല്ലാം വസ്തുനിഷ്ഠമായ ചിന്തകൾ ഉപേക്ഷിച്ചു് പ്രവർത്തിക്കണം. ഇങ്ങനെ തങ്ങളോരോരുത്തരും രാജ്യ

ത്തിലെ അവിഭാജ്യഘടകമാണ് എന്ന ബോധത്തോടൊപ്പംതന്നെ, തങ്ങൾ മറ്റുള്ളവരിൽനിന്ന് വ്യത്യസ്ഥമായ പ്രത്യേക ആനുകൂല്യങ്ങൾ സിദ്ധിക്കേണ്ടവരാണെന്നുള്ള വാദവും തെറ്റാണ്. നമ്മുടെ ഭരണഘടനയിൽത്തന്നെ എല്ലാവർക്കും തുല്യഅവകാശങ്ങൾ നല്കണമെന്ന് പ്രസ്താവിച്ചിട്ടുണ്ടല്ലോ. സമത്വവും സാഹോദര്യവും നടപ്പിലാക്കാൻ ആഗ്രഹിക്കുന്നവർ ഒരിക്കലും ന്യൂനപക്ഷങ്ങളെ അവഗണിക്കരുത്. അവർക്കും പൊതുജീവിതത്തിൽ തുല്യഅവസരങ്ങൾ നല്കേണ്ടതാണ്.

മൗലിക അവകാശങ്ങൾ

ഓരോ പൗരനും ചില മൗലികാവകാശങ്ങൾ ഉണ്ട്. ഇന്ത്യൻ ഭരണഘടനയിൽ പൗരന്മാരുടെ മൗലികാവകാശങ്ങളെ ഏഴാക്കി തരംതിരിച്ച് പ്രഖ്യാപിക്കുന്നുണ്ട്. അവ :

1. സമത്വാവകാശം.
2. സ്വാതന്ത്ര്യത്തിനുള്ള അവകാശം.
3. ചൂഷണത്തിൽനിന്നുള്ള സംരക്ഷണം.
4. മതസ്വാതന്ത്ര്യം.
5. തങ്ങളുടെ സംസ്കാരം, വിദ്യാഭ്യാസം ഇവയെ രക്ഷിക്കുവാനും മുന്നോട്ട കൊണ്ടുപോകുവാനുമുള്ള അവകാശം.
6. സ്വകായ്യസ്വത്തിനുള്ള അവകാശം.
7. അന്യായങ്ങൾക്കെതിരായി ഭരണഘടന അനുസരിച്ച് പരിഹാരമാർഗ്ഗങ്ങൾ തേടുവാനുള്ള അവകാശം.

ഇവയെ ഓരോന്നായി പരിഗണിക്കാം.

1. സമത്വത്തിനുള്ള അവകാശം

മതം, വർഗ്ഗം, നിയമം, ജാതി, സ്ത്രീപുരുഷഭേദം, ജന്മദേശം എന്നിവയെ സംബന്ധിച്ചുള്ള വ്യത്യാസങ്ങളൊന്നും പാടില്ല. ഉദ്യോഗലബ്ധിയുടെ കാര്യത്തിൽ തുല്യസന്ദർഭങ്ങൾ എല്ലാവർക്കും ഉണ്ടായിരിക്കണം. അയിത്തോച്ചാടനം മൂലം സാമൂഹ്യസമത്വം കൈവരുത്തുവാൻ ഭരണഘടന ശ്രദ്ധിച്ചിട്ടുണ്ട്.

2. സ്വാതന്ത്ര്യത്തിനുള്ള അവകാശം.

ഭരണഘടനയിലെ 19-ാം ഖണ്ഡിക ഒരു പൗരന് സ്വാഭിപ്രായപ്രകടനം സ്വാതന്ത്ര്യം, സമാധാനപരമായി സമ്മേളിക്കുന്നതിനുള്ള സ്വാതന്ത്ര്യം, സംഘടിക്കുന്നതിനുള്ള സ്വാതന്ത്ര്യം, സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം, രാജ്യത്തിന്റെ ഏതു ഭാഗത്തും താമസിക്കുന്നതിനുള്ള സ്വാതന്ത്ര്യം, സ്വകായ്വസ്വത്ത് നേടുന്നതിനും കൈവശം വെക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം, ഏതു തൊഴിലും സ്വീകരിക്കുന്നതിനും സ്വാതന്ത്ര്യം, ഏതു ജോലിയും ചെയ്യാനുള്ള സ്വാതന്ത്ര്യം ഇവ നല്കുന്നു.

3. ചൂഷണത്തിൽനിന്നുള്ള സംരക്ഷണം

നിർബ്ബന്ധപൂർവ്വമുള്ള ജോലിയെടുപ്പിക്കൽ, കുട്ടികളെക്കൊണ്ട് കൂടുതൽ സമയം പ്രവർത്തിയെടുപ്പിക്കൽ, ശക്തിഹീനനെ ശക്തനിൽനിന്നും രക്ഷിക്കൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ്.

4. മതസ്വാതന്ത്ര്യം.

സ്വന്തം മനസ്സാക്ഷിക്കനുസരിച്ച് ഏതു മതവും സ്വീകരിക്കുവാനും, അനുഷ്ഠിക്കുവാനും സ്വതന്ത്രമായി മതപ്രചരണം നടത്തുവാനും എല്ലാ പൗരനും അവകാശമുണ്ട്.

5. തങ്ങളുടെ സംസ്കാരം, വിദ്യാഭ്യാസം ഇവയെ രക്ഷിക്കുവാനും മുന്നോട്ടുകൊണ്ടുപോകുവാനും ഉള്ള അവകാശം.

ഭാഷാപരവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളിൽ ഉള്ള സ്വാതന്ത്ര്യം ഭരണഘടന അനുവദിക്കുന്നു. സ്വന്തം വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുവാനുള്ള സ്വാതന്ത്ര്യവും ഭരണഘടന നൽകുന്നു.

6. സ്വകായ്വസ്വത്തിനുള്ള അവകാശം

ന്യായമായ നിലയിൽ സ്ഥാവരജംഗമസ്വത്തുക്കൾ സമ്പാദിക്കുവാൻ എല്ലാ പൗരനും അവകാശമുണ്ട്.

7. അന്യായങ്ങൾക്കെതിരായി ഭരണഘടനയനുസരിച്ച് പരിഹാരമാർഗ്ഗങ്ങൾ തേടുവാനുള്ള അവകാശം

ഓരോ പൗരനും അവനവന്റെ മൗലികാവകാശത്തെ സംരക്ഷിക്കുവാൻ സുപ്രീംകോടതിവരെ പോകുവാൻ അവകാശമുണ്ട്.

ചോദ്യങ്ങൾ

അദ്ധ്യായം 2

1. ഒരു രാജ്യത്തിലെ പൗരത്വത്തെ ബാധിക്കുന്ന പ്രധാന സംഗതികൾ എന്തെല്ലാം?
2. ഉത്തമ പൗരനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുക.
3. ചുവടെ ചേർത്ത സംഗതികൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ?
   (1) അവകാശങ്ങളും ചുമതലകളും.
   (2) സ്വാതന്ത്ര്യവും സമത്വവും.
4. ഇന്ത്യൻ ഭരണഘടനപ്രകാരമുള്ള മൗലികാവകാശങ്ങൾ എന്തെല്ലാമാണ്?

അദ്ധ്യായം 3

ഭരണമാതൃകകളിലെ പരീക്ഷണങ്ങൾ

വിഭാഗം 1

പൗരസ്ത്യദേശങ്ങളിലെ പുരാതന രാജവാഴ്ച

1. ഈജിപ്ത്

'നൈൽ നദിയുടെ ദാനം' എന്നറിയപ്പെടുന്ന ഈജിപ്ത് പരിഷ്കാരത്തിന്റെ പിള്ളത്തൊട്ടിൽതന്നെയാണ്; ഒരു സുപ്രസിദ്ധ ചരിത്രകാരൻ (Professor

Petrie) ബി. സി. 10000-ത്തോളം പ്രാചീനത്വം അതിനു കല്പിച്ചിരിക്കുന്നു. ഏതു നിലയിലും ആറായിരം കൊല്ലത്തിനപ്പുറംവരെയുള്ള ചരിത്രരേഖകൾ ആ പരിഷ്കാരത്തിനുണ്ടെന്നു നിസ്സംശയം പറയാം. അനേകം നൂറ്റാണ്ടു കാലത്തേയ്ക്കു വഴ്ചനേതാക്കന്മാർ ജനസമൂഹങ്ങളെ ഭരിച്ചുപോന്നു. കാലക്രമത്തിൽ ബലവാന്മാർ അവരുടെ ചുറ്റുമുള്ള പ്രദേശങ്ങൾ കൈയടക്കി. കുറേക്കൂടി കഴിഞ്ഞപ്പോൾ നൈൽ നദീതീരത്തിന്റെ തെക്കും വടക്കും ഓരോ രാജ്യം സ്ഥാപിതമായി. ബി. സി. 3500-നോടടുത്തു് ഈ രണ്ടു രാജ്യങ്ങളും ഒരു രാജാവിന്റെ കീഴിലായി. ഇതോടുകൂടി ഈജിപ്തിലെ രാജവംശവാഴ്ചയുടെ ചരിത്രം ആരംഭിക്കുന്നു. മുപ്പത്തിമൂന്നു രാജവംശങ്ങൾ മൂന്നു കാലഘട്ടങ്ങളിലായി അവിടെ ഭരിച്ചിരുന്നു. ഇവയെ പ്രാചീനകാലം (The old Kingdom), മദ്ധ്യകാലം (The Middle Kingdom), സാമ്രാജ്യകാലം (The Empire) എന്നിങ്ങനെ വിഭജിക്കാം.

പ്രാചീനകാലം (ബി. സി. 3500–2700) :—ഈജിപ്തിലെ ആദ്യത്തെ രാജവംശസ്ഥാപകൻ മെനേസ് ആയിരുന്നു. നദീതീരത്തിന്റെ വടക്കു ഭാഗത്തുണ്ടായ രാജ്യം തെക്കെ രാജ്യം സ്വാധീനപ്പെട്ടുത്തിയെങ്കിലും അതൊരിക്കലും പൂർണ്ണമായി കീഴടങ്ങിക്കൊടുത്തില്ല. ഒരു രാജാവിന്റെ കീഴിലുള്ള രണ്ടു രാജ്യങ്ങളായിത്തന്നെ കരുതപ്പെട്ടിരുന്നു. രാജാവിനെ 'ഫറഓ' എന്നാണു് വിളിച്ചുവന്നതു്. ആ വാക്കിന്റെ അർത്ഥം 'വലിയ കെട്ടിടം' എന്നാണു്.

ഏറ്റവും ഉന്നതമായ അധികാരങ്ങളും സ്ഥാനമാനങ്ങളും ഫറഓ അനുഭവിച്ചിരുന്നു. ദൈവപുത്രനായിത്തന്നെ ആളുകൾ കാലാന്തരത്തിൽ രാജാവിനെ കരുതിവന്നു. രാജാവിൽ, ദൈവീകതത്വം ഉണ്ടെന്നുള്ള സങ്കല്പം രാജാവും കിരീടാവകാശിയും രാജകുടുംബത്തിൽത്തന്നെയുള്ള ഏറ്റവും അടുത്ത രക്തബന്ധുക്കളെ വിവാഹം കഴിക്കുന്നതിനിടയാക്കിയിരുന്നു. ഈ വിവാഹബന്ധം രാജകുടുംബത്തിനുണ്ടായിരുന്ന പല വിശിഷ്ട ഗുണങ്ങ

ളേയും സ്വാഭാവികമായി കാലക്രമത്തിൽ നശിപ്പിച്ചു. ഫറവോ ഒരു നല്ല നിയമസംഹിത അനുസരിച്ചും നീതി പരിരിച്ചും കായ്ക്ഷമമായി രാജ്യഭരണം നടത്തിയിരുന്നു. നാണയങ്ങൾ പ്രചാരത്തിലില്ലാതിരുന്ന ആ കാലത്തു സാധനങ്ങൾ കൈമാറ്റംചെയ്യ കരമാറ്റമായും കടൽമാറ്റമായും വാണിജ്യം പുരോഗമിച്ചിരുന്നു.

ഫറവോ കഴിഞ്ഞാൽ അടുത്ത സ്ഥാനികൾ രാജകുമാരന്മാരായിരുന്നു. ഗവണ്മെൻറിൽ ഉയന്ന ഉദ്യോഗങ്ങൾ വഹിച്ചിരുന്ന ഇവർ വളരെ പ്രബലന്മാരായിരുന്നു. രാജാവും രാജകുമാരന്മാരും വളരെ ഉയന്ന തോതിലുള്ള ജീവിതമാണ് നയിച്ചിരുന്നതു്.

രാജകുടുംബം, പ്രഭുക്കൾ, പുരോഹിതന്മാർ, ഗ്രമസ്ഥന്മാർ, പ്രത്യേക പ്രാവീണ്യമുള്ള തൊഴിൽക്കാർ, കഷ്കർ എന്നിങ്ങനെ വ്യക്തമായി വിഭജിക്കപ്പെട്ട വിവിധ തരക്കാരെ ഉൾക്കൊള്ളുന്നതായിരുന്ന ജനസമുദായം. ഇവക്കു പുറമെ അടിമകളും ധാരാളമുണ്ടായിരുന്നു. ഭരണം, മതം, വാണിജ്യം എന്നിവയെ സംബന്ധിച്ചുള്ള എല്ലാ എഴുത്തുകുത്തുകളും ഗ്രമസ്ഥന്മാരാണ് നടത്തി വന്നിരുന്നതു്. നൈൽ നദിയുടെ തീരത്തു സമൃദ്ധമായി വളരുന്ന, 'പെപ്പീറസ്സ്' ചെടിയുടെ തണ്ടും ഇലയുമാണ് എഴുതാൻ ഉപയോഗിച്ചിരുന്നതു്. മഷിയും, ബ്രഷും മറ്റുപകരണങ്ങളായിരുന്നു. അന്നെഴുതിയുണ്ടാക്കിയ ഒരു പെപ്പീറസ്സ് ചുരുൾ—135 അടി നീളവും 17 ഇഞ്ചു് വീതിയുമുള്ള—ഇന്നും ബ്രിട്ടീഷ് കാഴ്ചബംഗ്ലാവിൽ സൂക്ഷിക്കപ്പെട്ടുന്നു. സമർത്ഥന്മാരായ ശില്പികൾ ധാരാളമുണ്ടായിരുന്നു. ഇവരുടെ കലാവൈദഗ്ധ്യത്തെ വിളിച്ചറിയിക്കുന്ന മരം, ദന്തം എന്നിവകൊണ്ടുള്ള മനോഹര വസ്തുക്കൾ കൊട്ടാരങ്ങളിലും, പ്രഭുമന്ദിരങ്ങളിലും സുലഭമായുണ്ടായിരുന്നു. ലോഹംകൊണ്ടുള്ള സാധനങ്ങളും അപൂർവ്വമല്ലായിരുന്നു. 'ലോഹയുഗം' സംജാതമായതു് ഈജിപ്തിലാണെന്നതന്നെ ഒരു സിദ്ധാന്തമുണ്ടു്. സംഗീതം, നൃത്തം മുതലായവയും പ്രഭുക്കന്മാരുടെയും ധനികന്മാരുടെയും ഇടയിൽ പ്രചാരത്തിലിരുന്ന വിനോദങ്ങളായിരുന്നു.

ആറാമത്തെ രാജവംശത്തിന്റെ അവസാനഘട്ടത്തിൽ ഭരിച്ചിരുന്നതു് പെപ്പി രണ്ടാമൻ (Pepi II) ആയിരുന്നു. അദ്ദേഹത്തിന്റെ രാജവാഴ്ച ചരിത്രത്തിൽ അറിയപ്പെട്ടതു ഏറ്റവും ദീർഘമായ ഒന്നാണു്. തൊണ്ണൂറിനാലുകൊല്ലം പെപ്പി രണ്ടാമൻ രാജ്യം ഭരിച്ചു. വാർദ്ധക്യസഹജമായ ക്ഷീണം രാജ്യഭരണകാര്യങ്ങളെയും ക്ഷീണിപ്പിച്ചു. അദ്ദേഹത്തിന്റെ മരണത്തോടുകൂടി രാജ്യമാസകലം അരാജകത്വം നടമാടി. 'പ്രാചീനകാല'ത്തെ ഏകരാജ്യം നാമാവശേഷമായി.

മദ്ധ്യകാലം (Middle Kingdom) (ബി. സി. 2400–1800)—:പെപ്പി രണ്ടാമന്റെ കാലശേഷം ഈജിപ്തിന്റെ നാനാഭാഗത്തും അനവധി രാജ്യങ്ങൾ ഒരേസമയത്തുണ്ടാകയും അസ്തമിക്കുകയും ചെയ്തു. ഓരോ രാജാവും താനാണു് ഫറഓ എന്നു നടിച്ചു. ഇങ്ങനെ നൂറാണ്ടുകൾ കഴിഞ്ഞശേഷം പിന്തുടച്ചാവകാശം സുരക്ഷിതമാക്കുന്നതിനു് രാജാക്കന്മാർ ജീവിച്ചിരിക്കുമ്പോൾതന്നെ അവരുടെ കിരീടാവകാശികളായി ഏറ്റവും അടുത്ത ബന്ധുക്കളിൽ ആരെയെങ്കിലും നാമകരണംചെയ്തു. അവരെ ഭരണകാര്യങ്ങളിൽ ഭാഗഭാക്കുകളാക്കുന്ന സമ്പ്രദായം സ്വീകരിച്ചു. പ്രജകളുടെ ക്ഷേമത്തെ മുൻനിർത്തിയാണു് ഭരിക്കേണ്ടതെന്നുള്ള തത്ത്വം രാജാക്കന്മാർ സ്വീകരിച്ചു. ക്ഷേമവും സമാധാനവും വീണ്ടും രാജ്യത്തിൽ ആവിർഭവിച്ചു; രാജ്യത്തെ പ്രവിശ്യകളായി തിരിച്ചു് ഗവർണർമാരെ നിയമിച്ചശേഷം രാജാവുതന്നെ രാജ്യമാകെ സഞ്ചരിച്ചു് ഭരണനിർവ്വഹണം പരിശോധിച്ചുപോന്നു. രാജ്യത്തിന്റെ ഐശ്വര്യത്തിനുള്ള പ്രധാന നിദാനം വാണിജ്യമാണെന്നു മനസ്സിലാക്കിയ അമെനംഹെറാ മൂന്നാമൻ ക്രീറു്, സിറിയാ, ബാബിലോൺ എന്നീ രാജ്യങ്ങളുമായി കച്ചവടബന്ധത്തിലേർപ്പെട്ടു. കാർഷികകാര്യങ്ങളിൽ വളരെ താല്പര്യം കാണിച്ചു. നൈൽനദിയിലെ ജലസേചനപദ്ധതികൾ പുനഃസംഘടിപ്പിച്ചു. കാലാന്തരത്തിൽ വടക്കുകിഴക്കൻ പ്രദേശങ്ങളിൽനിന്നും വന്ന ഒരു വർഗ്ഗം ഈജിപ്തു് കൈവശപ്പെടുത്തി. ആക്രമ

ണത്തിനു് കുതിരകളെ അവർ ഉപയോഗിച്ചു. കൂടാതെ ഇരുമ്പുകൊണ്ടുണ്ടാക്കിയ ആയുധങ്ങളും അവർ പ്രയോഗിച്ചു. ഇവ രണ്ടും ഈജിപ്തിനെ ജയിച്ചടക്കുന്നതിനു് ആക്രമണകാരികൾക്കു അത്യന്തം സഹായകമായിരുന്നു. എന്നാൽ, ഈജിപ്തിലെ രാജ്യസ്നേഹികളായ പ്രഭുക്കന്മാർ ഈ ജേതാക്കളെ അവരുടെ ഭരണകർത്താക്കന്മാരായി അംഗീകരിച്ചില്ല.

സാമ്രാജ്യകാലം: (The Empire) (ബി. സി. 1600—1000.—ആക്രമണകാരികളുടെ നേർക്കുള്ള പല എതിർപ്പുകൾക്കുശേഷം പഴയ രാജവംശത്തിലെ ആമോസ്സ് എന്നപേരായ ഒരു സേനാനി സുശക്തമായ ഭരണം ആരംഭിച്ചു. അദ്ദേഹത്തിന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു് തന്റെ സൈന്യത്തെ സുശിക്ഷിതവും കായ്ക്ഷമവും ആക്കിത്തീർക്കുക എന്നുള്ളതിലായിരുന്നു. അദ്ദേഹം ഏർപ്പെട്ടിരുന്ന എല്ലാ യുദ്ധങ്ങളുടേയും മറ്റു കായ്ങ്ങളുടേയും രേഖകൾ എഴുതി സൂക്ഷിച്ചിരുന്നു. ആമോസിന്റെ പി�ൻഗാമികളുടെ കാലത്തു് സാമ്രാജ്യം വിപുലമായി. അന്നു് രാജാവു് മതാദ്ധ്യക്ഷൻകൂടിയായിത്തീരുകയും, മതാചാര്യന്മാരുടെ ശക്തി അത്രമാത്രം വർദ്ധിക്കുകയും ചെയ്തു. അന്നത്തെ രാജാവിനു് പുരുഷസന്താനങ്ങൾ മുഖ്യരാജ്ഞിയിൽ ഉണ്ടായിരുന്നില്ല. അയോഗ്യരായ ആളുകൾ സിംഹാസനാരോഹണംചെയ്യുമെന്നു ഭയപ്പെട്ടു് മകളായ 'ഹത്ഷേപ്സുത' രാജ്ഞിയായി അഭിഷിക്തയായി. ലോകചരിത്രത്തിലെ ആദ്യത്തെ രാജ്ഞിയാണു് ഇവർ. ഭരണകാലം സമാധാനപരവും ഐശ്വര്യപൂർണ്ണവുമായിരുന്നെന്നു് രാജ്ഞിതന്നെ സാഭിമാനം പറഞ്ഞിരുന്നു. സുകുമാരകലകൾക്കു് പ്രശസ്തമായ അഭിവൃദ്ധിയുണ്ടായി. രാജ്ഞിയുടെ പിൻഗാമിയായി പ്രശസ്തനായ ഒരു യോദ്ധാവു് ഭരണാധിപനായി. അദ്ദേഹം സാമ്രാജ്യത്തിന്റെ ഏഷ്യൻ ഭാഗത്തുണ്ടായ വിപ്ലവം അസാധാരണമായ സാമർത്ഥ്യത്തോടുകൂടി അടിച്ചമർത്തി. 1375-ൽ അഖ്നാറർ ഫറൊ ആയി. മതപരിഷ്കരണം കൊണ്ടു് അദ്ദേഹം ശാശ്വതസ്മരണക്കർഹനായിത്തീർന്നു. അഖ്നാറർ ലോകത്തിലെ ആദ്യത്തെ ആദർശ

വാദിയും, ഏകദൈവത്തിൽ വിശ്വസിക്കുന്ന ആദ്യത്തെ പ്രഖ്യാതനും സാവ്വലൌകികവ്യവസ്ഥിതിയുടെ ആദ്യത്തെ പ്രവാചകനുമായി നിലകൊള്ളുന്നു.

ആഡംബരങ്ങളിലും ജീവിതസൌകര്യങ്ങളിലും ഉണ്ടായ പുരോഗതിക്കനുസൃതമായി പരിഷ്കാരത്തിന്റെ മറ്റു രംഗങ്ങളിൽ ഗണനീയമായ അഭിവൃദ്ധി ഈജിപ്തിൽ ഉണ്ടായില്ല. ശാസ്ത്രത്തിലുണ്ടായ അവരുടെ പുരോഗതി കേവലം തുച്ഛമായിരുന്നു. ഗണിതശാസ്ത്രത്തിൽ അവരുപയോഗിച്ചിരുന്ന രീതി അത്യന്തം കഴഞ്ചു മറിഞ്ഞ ഒന്നായിരുന്നു. ഈ സമ്പ്രദായം സ്വീകരിച്ചു തന്നെയാണ് ഏറ്റവും വിഷമകരമായ പിരമിഡിന്റെ പണി അവർ പൂർത്തിയാക്കിയതു്. എന്നിരുന്നാലും ഗണിതശാസ്ത്രത്തിൽ പൊതുവെ അവർ അഭിവൃദ്ധിപ്പെട്ടില്ല. ശരീരശാസ്ത്രം, ചികിത്സ, ശസ്ത്രക്രിയ എന്നിവയിലും വളരെ വിശാരദന്മാരായിരുന്നില്ല. മൃതദേഹങ്ങളെ ശതാബ്ദങ്ങൾക്കുശേഷം ഒരുവിധത്തിൽ സൂക്ഷിക്കുന്നതിനുള്ള മരുന്നുകളെപ്പറ്റി അറിവുണ്ടായിരുന്നെങ്കിലും, മരുന്നും മന്ത്രവും സമ്മിശ്രമായി പ്രയോഗിച്ചതിനാൽ ശാസ്ത്രത്തിന്റെ ഉന്നതമണ്ഡലങ്ങളിൽ അവർ എത്തിയിരുന്നെന്നു് പറയാൻ നിവ്വാഹമില്ല. ജ്യോതിശ്ശാസ്ത്രത്തിൽ അവർ പുരോഗമിച്ചു. നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾ മനസ്സിലാക്കി. അഞ്ചുഗ്രഹങ്ങളെപ്പറ്റി അവക്കു് സാമാന്യം നല്ല അറിവുണ്ടായിരുന്നു. ഗ്രഹങ്ങളെപ്പറ്റി മുൻകൂട്ടി അവർ അറിഞ്ഞിരുന്നു. നിഴൽഘടികാരങ്ങൾ കൊണ്ടു് പകലും, ജലഘടികാരങ്ങൾകൊണ്ടു് രാത്രിയും സമയം അളക്കുന്നതിനു കഴിഞ്ഞിരുന്നു. ജീവിതസുഖസമൃദ്ധിയും, അമിതമായ ആഡംബരവും ക്രമേണ സാമ്രാജ്യത്തെ ക്ഷയിപ്പിച്ചു. ജനങ്ങളുടെ സമരവീര്യം നശിച്ചതോടെ വിദേശീയരുടെ ആക്രമണങ്ങൾക്കു് നിഷ്പ്രയാസം ഇരയായിത്തീർന്ന ഈജിപ്തു് അധഃപതിച്ചു. പുതുതായി ഉയർന്നവന്ന സാമ്രാജ്യങ്ങളുടെ ഒരു ഭാഗമായി ഈജിപ്തു് കൂട്ടിച്ചേർക്കപ്പെട്ടു. ആദ്യം അസ്സിറിയന്മാരും, അതിനെത്തുടർന്നു് പേഴ്സ്യാക്കാരും ഒടുവിൽ അലക്സാണ്ടരും ഈജിപ്തിനെ കീഴടക്കി. എ: ഡി. ഒന്നാം ശതാ

ബുത്തിൽ അതു് റോമാസാമ്രാജ്യത്തിന്റെ ഒരു ഭാഗമായിത്തീർന്നു.

2. പേഴ്സ്യ

പ്രാചീനകാലത്തു് രാഷ്ട്രീയരംഗത്തു് പ്രശസ്തമായ പ്രാധാന്യം നേടിയ ഒരു രാജ്യമാണു് പേഴ്സ്യ. സൈറസിന്റെ ഭരണകാലത്തു് ബാബിലോണിയയും ഏഷ്യാമൈനറും പിടിച്ചടക്കി സാമ്രാജ്യം വിസ്തൃതമാക്കി. അദ്ദേഹത്തിന്റെ പുത്രൻ ഈജിപ്തു് പിടിച്ചടക്കിയപ്പോൾ പേഴ്സ്യൻ സാമ്രാജ്യം നൈൽനദീതീരം മുതൽ കിഴക്കു് ഇന്ത്യയുടെ അതിർത്തിവരെ വിസ്തൃതമായിത്തീർന്നു. ദാരിയൂസു് എന്ന രാജാവു് അതിനെ കൂടുതൽ വിപുലമാക്കി. ആഫ്രിക്കയിൽ ലിബിയയും എത്യോപ്യായുടെ ഒരു ഭാഗവും അദ്ദേഹത്തിന്റെ സാമ്രാജ്യത്തിൽപ്പെട്ടു. യൂറോപ്പിൽ ത്രേസു് എന്നറിയപ്പെട്ടിരുന്ന ഒരു രാജ്യവും പേഴ്സ്യൻ ചക്രവർത്തി പിടിച്ചടക്കി.

ദാരിയൂസു് ഭരണപരിഷ്കാരത്തിനുതകത്തക്ക പല പരിഷ്കാരങ്ങളും നടപ്പിലാക്കി. ഈജിപ്തും ബാബിലോണിയയും ചക്രവർത്തിയുടെ നേരിട്ടുള്ള ഭരണത്തിൽ വെച്ചതിന്റെശേഷം ബാക്കിയുള്ള ഭാഗം ഇരുപതു പ്രവിശ്യകളായി വിഭജിച്ചു് ഓരോ വിഭാഗവും 'സാത്രപ്' എന്നു വിളിച്ചുവന്ന ഗവർണ്ണരുടെ കീഴിലാക്കി. സാമ്രാജ്യത്തിന്റെ ഏതൊരു ഭാഗത്തും എത്തിച്ചേരത്തക്കവിധത്തിൽ റോഡുകൾ ഉണ്ടാക്കി. കാര്യക്ഷമതയുള്ള പോസ്റ്റൽ സമ്പ്രദായവും ഏർപ്പെടുത്തി. പേഴ്സ്യയെ ഒരു നല്ല നാവികശക്തിയുള്ള രാജ്യമാക്കുന്നതിനു് അക്ഷീണം പരിശ്രമിച്ചു. ഒരു വലിയ കപ്പൽപ്പടയെ ഫീനീഷ്യരുടെ സഹായത്തോടുകൂടി സംഘടിപ്പിച്ചു. കപ്പൽയാത്രയിൽ പ്രജകളെ ഉത്സുകരാക്കുന്നതിനു് കഴിവുള്ളതെല്ലാം ചെയ്തു. സാമ്രാജ്യത്തിന്റെ അധഃപതനത്തിനു കാരണമാക്കിയ ഗ്രീസുമായുള്ള മത്സരം ദാരിയൂസിന്റെ കാലത്തുതന്നെ ആരംഭിച്ചു. ബി. സി. 490-ൽ ഗ്രീസും പേഴ്സ്യയും തമ്മിൽ മാരത്തോൺ എന്ന സ്ഥലത്തുവെച്ചു് ഒരു വലിയ യുദ്ധം നടന്നു. ഈ യുദ്ധത്തിൽ

പേഴ്സ്യക്കാർ നിശ്ശേഷം തോറ്റു പിൻവാങ്ങേണ്ടി വന്നു.

ദാരിയൂസിന്റെ പുത്രനായ ക്സെർക്സസിന്റെ കാലത്തും ഈ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള മത്സരം തുടർന്നു. ഗ്രീസിലെ ഏറ്റവും പ്രബലങ്ങളായ ആതൻസും സ്പാർട്ടയും ഒന്നുചേർന്ന് പേഴ്സ്യക്കാക്കെതിരായി ഒരു സംഘടന രൂപീകരിച്ചു. ഗ്രീസിലുണ്ടായ മറ്റനവധി നഗരരാഷ്ട്രങ്ങൾ ഈ സംഘടനയിൽ ചേർന്നു. സ്പാർട്ടായിലെ രാജാവായ ലെയോണിദാസിന്റെ നേതൃത്വത്തിൽ ഗ്രീക്കുകാർ തെർമാപിലെ എന്ന മലയിടുക്കിൽ താവളമുറപ്പിച്ചു. രാജ്യദ്രോഹിയായ ഒരു സ്പാർട്ടാക്കാരന്റെ ചാരവൃത്തിമൂലം പേഴ്സ്യക്കാർ ആകസ്മികമായി പുറകിൽക്കൂടി ഗ്രീക്കുകാരെ ആക്രമിച്ചു. അനിതരസാധാരണമായ ധീരതയോടെ ഗ്രീക്കുകാർ പോരാടിയെങ്കിലും ഒടുവിൽ പരാജിതരായി. എന്നാൽ ഏറെ താമസിയാതെ ഗ്രീക്കുകാർ പേഴ്സ്യക്കാരെ ഒരു കടൽയുദ്ധത്തിൽ തോല്പിച്ചു. ഈ യുദ്ധം പേഴ്സ്യക്കാരുടെ അധഃപതനത്തിന്റെ മുന്നോടിയായിരുന്നു. ബി. സി. 330-ൽ ഉണ്ടായ അലക്സാണ്ടർ ചക്രവർത്തിയുടെ ആക്രമണത്തോടുകൂടി പേഴ്സ്യൻ സാമ്രാജ്യം നിശ്ശേഷം തകർന്നു.

പേഴ്സ്യൻ സാമ്രാജ്യത്തിന്റെ ഏറ്റവും വലിയ സംഭാവന സൊറാസ്ട്രിയൻ മതമാണ്. ഇന്നു ഇന്ത്യയിലെ പാഴ്സികൾ മാത്രമെ ഈ മതത്തിൽ വിശ്വസിക്കുന്നുള്ളു. നന്മയും തിന്മയും തമ്മിലുള്ള അനസ്യൂതമായ ഒരു പോരാട്ടമാണ് മനുഷ്യജീവിതത്തിൽ നടന്നുകൊണ്ടിരിക്കുന്നതെന്നും, മനുഷ്യനു 'അവസാനമായ വിധിയെ അഭിമുഖീകരിക്കേണ്ടിവരുമെന്നും' അതിൽ നിന്നും യാതൊരാൾക്കും ഒഴിഞ്ഞുമാറുവാൻ സാദ്ധ്യമല്ലെന്നും സൊറാസ്റ്റർ പഠിപ്പിച്ചു. അന്നത്തെ പേഴ്സ്യൻ ജനതയുടെ ചിന്താഗതിയെ ഈ മതോപദേശങ്ങൾ സാരമായി സ്പർശിച്ചു. പേഴ്സ്യയിലെ ഭരണസമ്പ്രദായങ്ങൾ അലക്സാണ്ടർക്കും അതിനുശേഷം റോമാക്കാർക്കും സഹായമായിത്തീർന്നിട്ടുണ്ട്. സൈറസും, ക്സെർക്സസും ഉണ്ടാക്കിയ

റോഡുകൾ പാശ്ചാത്യർക്ക് പൊതുവെ മാതൃകയായിത്തീർന്നിട്ടുണ്ട്.

3. ഇന്ത്യ

ഇൻഡ്യയിൽ പരിഷ്കാരത്തിന്റെ വിത്തു വിതച്ചതു് ഇവിടെ വന്നുചേർന്ന ആര്യന്മാരാണെന്നു് അടുത്ത കാലം വരെ പരക്കെ വിശ്വസിച്ചുപോന്നു. എന്നാൽ, ഹരപ്പയിലും, മൊഹഞ്ചെദാരോയിലും മറ്റും കണ്ടെത്തിയിട്ടുള്ള സിന്ധുനദീതടപരിഷ്കാരത്തിന്റെ അവശിഷ്ടങ്ങൾ ആ വിശ്വാസം തികച്ചും അടിസ്ഥാനരഹിതമാണെന്നു് തെളിയിച്ചുകഴിഞ്ഞു. ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിച്ചതു് ബി. സി. 2000-ത്തോടടുത്താണു്. ഹരപ്പ മുതലായ സ്ഥലങ്ങളിൽ കണ്ടെത്തിയ പരിഷ്കാരാവശിഷ്ടങ്ങൾ 5000-ത്തിൽപ്പരം കൊല്ലം പഴക്കമുള്ളതാണു്. വളരെ വിശദമായ തെളിവു് ഇതുവരെ കിട്ടിയിട്ടില്ലെങ്കിലും, അവ ദ്രാവിഡപരിഷ്കാരത്തിന്റെ അവശിഷ്ടങ്ങളാണെന്നു് സങ്കല്പിക്കപ്പെടുന്നു.

ഇൻഡ്യയിൽ താമസമുറപ്പിച്ച ആര്യന്മാരെപ്പറ്റി നമുക്കു് അറിവു ലഭിക്കുന്നതു് 4,000 വർഷങ്ങൾക്കുമുമ്പു് രചിച്ചിട്ടുള്ളതും സംസ്കൃതഭാഷയിലെ ആദ്യത്തെ ഗ്രന്ഥവുമായ ഋഗ്വേദത്തിൽ നിന്നുമാണു്. കൃഷിയും കന്നുകാലിവളർത്തലും ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്ന അനവധി കുടുംബങ്ങൾ ഉൾപ്പെട്ട ഗോത്രക്കാർ ഇൻഡ്യയിൽ പ്രവേശിച്ചു് ആദ്യം സിന്ധുനദീതടത്തിലും പിന്നീടു് അവിടെനിന്നും കിഴക്കോട്ടു് നീങ്ങി ഗംഗാതീരത്തിലും സ്ഥിരവാസമുറപ്പിച്ചു. പല കാലങ്ങളിലായി ഇൻഡ്യയിൽ പ്രവേശിച്ച ശാഖകളോരോന്നും ഓരോ ഗോത്രത്തലവന്മാരുടെ ആജ്ഞയ്ക്കു് വിധേയരായിരുന്നു. ഇപ്രകാരമുള്ള നിരവധി ശാഖകൾ ഒരു രാജാവിന്റെ കീഴിൽ ഉണ്ടായിരുന്നു. രാജാവിന്റെ പ്രധാന ചുമതലകൾ ജനങ്ങൾക്കു് സുരക്ഷിതത്വവും യുദ്ധകാലത്തു സൈന്യത്തിനു് നേതൃത്വവും നല്കുകയായിരുന്നു. പിൻതുടർച്ചാവകാശമനുസരിച്ചാണു് സാധാരണമായി ഇവർ ഭരിച്ചുപോന്നതു്. എന്നാൽ ചില അവസരങ്ങളിൽ രാജാക്ക

ന്മാർ തിരഞ്ഞെടുക്കപ്പെട്ടിരുന്നതായി കാണാം. സേനാനി, ഗ്രാമണി, പുരോഹിതൻ എന്നിവർ ഭരണകാര്യത്തിൽ രാജാവിനെ സഹായിച്ചിരുന്നു. സമിതി, സഭ എന്നറിയപ്പെട്ടിരുന്ന ജനസഭകളും ഉണ്ടായിരുന്നു.

ഗോത്രങ്ങളും ചെറുരാഷ്ട്രങ്ങളും തമ്മിൽ മത്സരങ്ങളും കലഹങ്ങളും സാധാരണമായിരുന്നു. കാലാന്തരത്തിൽ ശക്തമായ രാജ്യങ്ങൾ ചെറുരാജ്യങ്ങളെ കീഴ്പ്പെടുത്തി. ഇങ്ങനെ വിസ്തൃതവും സുശക്തവുമായ രാജ്യങ്ങൾ ഉയർന്നുവന്നു.

ബി. സി. ഏഴാം ശതാബ്ദത്തിൽ ഇൻഡ്യയുടെ വടക്കു പടിഞ്ഞാറുഭാഗത്ത് ഗാന്ധാരം എന്നൊരു രാജ്യമുണ്ടായിരുന്നു. ഇതിന്റെ തലസ്ഥാനമായ തക്ഷശില ഒരു വിദ്യാഭ്യാസകേന്ദ്രമായിരുന്നു. ബി. സി. നാലാം നൂറ്റാണ്ടിൽ പൗരവൻ (പോറസ്) അംഭി മുതലായ രാജാക്കന്മാർ സിന്ധുനദീതീരത്തിൽ ശക്തമായ രാജ്യങ്ങൾ സ്ഥാപിച്ചു. ബി. സി. ഏഴാംശതകത്തിൽ ആര്യാവർത്തത്തിലും അനവധി ചെറുരാജ്യങ്ങൾ ഉണ്ടായിരുന്നു. ശാക്യന്മാർ, ലിക്ഷ്വാവികൾ എന്നീ വർഗ്ഗക്കാരുടെ രാജ്യങ്ങൾ ഒഴികെ ബാക്കിയുള്ളവയിൽ രാജകീയഭരണമാണ് നടന്നിരുന്നത്. അവന്തി, കോസലം, മഗധ എന്നിവയായിരുന്നു ഇവയിൽ പ്രധാനം. ബി. സി. നാലാം ശതകത്തിൽ മഗധയായിരുന്നു ആര്യാവർത്തത്തിലെ ഏറ്റവും പ്രധാനരാജ്യം. ഉത്തരേന്ത്യയിലെ ചെറുരാജ്യങ്ങളെല്ലാം ഒരുമിച്ചുചേർത്ത് ഭരിക്കുവാൻ തുടങ്ങിയത് മഗധയിലെ രാജാവായിരുന്ന മഹാപദ്മനന്ദനാണ്. നന്ദരാജാക്കന്മാരുടെ പ്രാബല്യത്തെപ്പറ്റി കേട്ടിരുന്നതുകൊണ്ടാണ് അലക്സാണ്ടർ സിന്ധുനദീതീരത്തുനിന്നും കിഴക്കോട്ട് നീങ്ങാതിരുന്നത്.

നന്ദവംശത്തിന്റെ അധഃപതനത്തോടുകൂടി ചന്ദ്രഗുപ്തമൌര്യൻ ഒരു സാമ്രാജ്യം സ്ഥാപിച്ചു. ഇൻഡ്യയിൽ ആദ്യമായുണ്ടായ സാമ്രാജ്യം ഈ മൌര്യസാമ്രാജ്യമാണ്. അതു് ഉത്തരേൻഡ്യ മുഴുവൻ വ്യാപിച്ചിരുന്നു. ഭരണാധികാരം മുഴുവനും ചക്രവർത്തിയിൽ കേന്ദ്രീകരിച്ചുകൊ

ണ്ടുള്ള ഒരു ഭരണരീതിയാണു് ചന്ദ്രഗുപ്തൻ കൈക്കൊണ്ടതു്. ചക്രവത്തിയെ ഭരണകാര്യത്തിൽ ഉപദേശിക്കുവാൻ 'അമാത്യന്മാരും', മന്ത്രിമാർ, സേനാപതി, പുരോഹിതൻ, യുവരാജാവു് എന്നിവരെല്ലാം ഉൾപ്പെട്ട ഒരു 'മന്ത്രിപരിഷത്തു' മുണ്ടായിരുന്നു. ഭരണകൂടത്തെ പല വകുപ്പുകളായി വിഭജിച്ചു്, ഓരോ അദ്ധ്യക്ഷനേയും നിയമിച്ചിരുന്നു. സാമ്രാജ്യത്തെ പ്രവിശ്യകളായും, പ്രദേശങ്ങളായും, ഗ്രാമങ്ങളായും വിഭജിച്ചു് ഉദ്യോഗസ്ഥന്മാരുടെ കീഴിലാക്കിയിരുന്നു. നഗരങ്ങളിൽ 'നാഗരീകന്മാരും' ഗ്രാമങ്ങളിൽ 'ഗ്രാമണി'കളുമാണു് ഉദ്യോഗസ്ഥന്മാരെ ഭരണകാര്യങ്ങളിൽ സഹായിച്ചിരുന്നതു്. ദൂരസ്ഥലങ്ങളിലുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെ നേരിട്ടു് കണ്ടറിഞ്ഞു് അവരെ നിയന്ത്രിക്കുന്നതിനു് ചാരന്മാരെ നിയോഗിച്ചിരുന്നു. ഒരു സ്ഥിരമായ ചതുരംഗസേനയെ ചക്രവത്തിയുടെ ഖജനാവിൽനിന്നും ശമ്പളംകൊടുത്തു് സജ്ജമാക്കി നിറുത്തിയിരുന്നു. തലസ്ഥാനനഗരമായ പാടലീപുത്രം മുപ്പതുപേരടങ്ങിയ ഒരു സഭയാണു് ഭരിച്ചിരുന്നതു്. ഈ നഗരസഭ ആറു് പഞ്ചായത്തുകളായി പിരിഞ്ഞു് ഭരണം നടത്തിവന്നു.

ലോകത്തിലുണ്ടായിട്ടുള്ള അത്യുത്തമന്മാരായ ചക്രവത്തികളിൽ അദ്വിതീയനായിരുന്ന ചന്ദ്രഗുപ്തന്റെ പൗത്രനായ അശോകൻ. ഉത്തരേൻഡ്യയും മദ്ധ്യേൻഡ്യയും ഉൾക്കൊണ്ടു് ഹിന്ദുകുഷ്വരെ അതിവിസ്തൃതമായിക്കിടന്നിരുന്ന ഒരു സാമ്രാജ്യത്തിന്റെ അധിപതിയായിട്ടാണു് അശോകൻ സിംഹാസനാരോഹണം ചെയ്തതു്. തെക്കും തെക്കുകിഴക്കും തന്റെ സാമ്രാജ്യത്തിൽപ്പെടാതെ കിടന്നിരുന്ന രാജ്യങ്ങളെ ജയിച്ചടക്കണമെന്നു് അശോകൻ നിശ്ചയിച്ചു. മഹാനദി, ഗോദാവരി, കൃഷ്ണ എന്നീ തടങ്ങളാണു് അന്നു് കലിംഗം എന്നറിഞ്ഞിരുന്നതു്. കലിംഗരാജ്യം പിടിച്ചടക്കുന്നതിനുവേണ്ടി നടത്തിയ ഭയങ്കരമായ യുദ്ധത്തിൽ കണ്ട ദയനീയമായ കാഴ്ചകൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞു. ഒരു വലിയ പരിവർത്തനത്തിനു് അദ്ദേഹം

വിധേയനായി. ഊരിയവാൾ ഉറയിലിട്ട് മേലാൽ യുദ്ധംചെയ്യുകയില്ലെന്നു് പടക്കളത്തിൽനിന്നുകൊണ്ടു് ഉഗ്രശപഥംചെയ്തു. ദിഗ്വിജയമല്ല, ഹൃദയവിജയമാണു് മഹത്തായിട്ടുള്ളതെന്നും, അതു് സ്നേഹംകൊണ്ടുമാത്രമെ സാധിക്കുവാൻ കഴിയുകയുള്ളുവെന്നും അദ്ദേഹം മനസ്സിലാക്കി. ശ്രീബുദ്ധന്റെ ധർമ്മോപദേശം സ്വീകരിച്ചു. ധർമ്മസന്ദേശവാഹകന്മാരെക്കൊണ്ടു് സാമ്രാജ്യത്തിന്റെ ക്ഷേമം കൈവരുത്തണമെന്നു് അദ്ദേഹം നിശ്ചയിച്ചു. ഒരു മഹാസാമ്രാജ്യത്തിന്റെ ഏകച്ഛത്രാധിപതിയായിരുന്ന അശോകൻ രാജപദവിയെ പൊതുജനസേവനത്തിനുള്ള ഒരുപാധിയായി കരുതി. ജനങ്ങളുടെ നന്മയെ മുൻനിറുത്തി വിശ്രമരഹിതനായി അദ്ദേഹം ജോലിചെയ്തു. ഇൻഡ്യയിൽ മാത്രമല്ല, മനുഷ്യരുടെ മാത്രമല്ല, ലോകമാസകലമുള്ള ജീവരാശികളുടെ ക്ഷേമമായിരുന്നു അശോകന്റെ ലക്ഷ്യം. ലോകസമാധാനവും, ധാർമ്മികജീവിതവും ആദർശങ്ങളാക്കി ജീവിച്ച ആദ്യത്തെ ചക്രവർത്തിയായിരുന്നു അശോകൻ.

അശോകന്റെ മരണത്തോടുകൂടി മൌര്യസാമ്രാജ്യം ക്ഷയിക്കുവാൻ തുടങ്ങി. ഈ സാമ്രാജ്യത്തിന്റെ ശിഥിലീകരണത്തിനുശേഷം ഉത്തരേൻഡ്യയിലെ സ്ഥിതി വളരെ വിഷമമേറിയതായിരുന്നു. വർഷങ്ങൾ ഏറെ കഴിഞ്ഞതിനുശേഷം 'കുശാന വർഗ്ഗം' ഉത്തരേൻഡ്യയിൽ ആധിപത്യം സ്ഥാപിച്ചു. എ.ഡി. 120 മുതൽ 162 വരെ ഭരണം നടത്തിയ കനിഷ്കൻ ഈ വംശത്തിലെ ഏറ്റവും പ്രസിദ്ധനായ ചക്രവർത്തിയായിരുന്നു. ബുദ്ധമതാവലംബിയായിരുന്ന കനിഷ്കൻ ഏതാണ്ടു് അശോകനോളംതന്നെ മഹത്വമുള്ളവനായിരുന്നെന്നു് ബൌദ്ധന്മാർ അവകാശപ്പെടുന്നു.

എ.ഡി. 320-ൽ ഉദയംചെയ്ത ഗുപ്തസാമ്രാജ്യം ഇൻഡ്യൻ രാഷ്ട്രീയചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചു. സമരവീര്യംകൊണ്ടു് "ഇൻഡ്യൻ നെപ്പോളിയൻ" എന്നറിയപ്പെടുന്ന സമുദ്രഗുപ്തനും, അദ്ദേഹത്തിന്റെ പുത്രനായ ചന്ദ്രഗുപ്തനും പ്രശസ്തന്മാരായ ചക്ര

വത്തിമാരായിരുന്നു. ഇൻഡ്യാചരിത്രത്തിലെ "സുവർണ്ണ കാലം" എന്നാണ് ഗുപ്തഭരണകാലം കണക്കാക്കപ്പെട്ടുന്നത്. എ. ഡി. അഞ്ചാംശതകത്തിൽ ഗുപ്തസാമ്രാജ്യത്തിന്റെ അധഃപതനമാരംഭിച്ചു.

സമുദ്രഗുപ്തനെപ്പോലെ പ്രഖ്യാതനായ ഒരു യോദ്ധാവും, അശോകനെപ്പോലെ മഹാനായ ഒരു ഭരണതന്ത്രജ്ഞനും ആയിരുന്ന ഏഴാംശതകത്തിൽ ഉത്തരേന്ത്യ ഭരിച്ചിരുന്ന ഹർഷവർദ്ധനൻ. ഹൂണന്മാരുടെ ആക്രമണങ്ങൾ കൊണ്ട് തകർന്നുകിടന്നിരുന്ന ഇൻഡ്യയെ അദ്ദേഹം വീണ്ടും സുശക്തമായ ഭരണത്തിൻകീഴിലാക്കി. ചൈനയിൽനിന്നും വന്നെത്തിയ പ്രസിദ്ധ ദേശസഞ്ചാരിയായിരുന്ന ഹ്യുവാൻസാങ്ങ് ഹർഷനെപ്പറ്റിയുള്ള വിലതീരാത്ത രേഖകൾ ചരിത്രത്തിനു സംഭാവനചെയ്തിട്ടുണ്ട്. ഹർഷവർദ്ധനൻ ഒരു കവിയും നാടകകൃത്തുമായിരുന്നു. അദ്ദേഹത്തിന്റെ സദസ്യരായിരുന്ന പ്രസിദ്ധ സാഹിത്യകാരനായിരുന്ന ബാണനും, വൈയാകരണനായിരുന്ന ഭർതൃഹരിയും. എ. ഡി. 647-ൽ അദ്ദേഹം നിര്യാതനായതോടുകൂടി പ്രാചീന ഇൻഡ്യയിലെ ചക്രവർത്തിഭരണം അവസാനിച്ചു.

വിഭാഗം 2

ഗ്രീസിലെ നഗരരാഷ്ട്രങ്ങൾ

പശ്ചാത്യസംസ്കാരത്തിന്റെ ഉറവിടം യവനസംസ്കാരമാണ്. യവനസംസ്കാരത്തിന്റെ ഉത്ഭവത്തെപ്പറ്റി വിശദവിവരങ്ങളൊന്നും ലഭിച്ചിട്ടില്ല. ഗ്രീക്കുകാർ ആര്യവംശജന്മാരാണ്. ബി. സി. 2000-ത്തിനുശേഷം ഡാന്യൂബ്നദിയുടെ തീരപ്രദേശത്തുനിന്നും കന്നുകാലികളെ മേയ്ക്കുന്നതിനു പറ്റിയ സ്ഥലങ്ങളന്വേഷിച്ചു പുറപ്പെട്ട ആര്യന്മാർ ഗ്രീസിൽ എത്തി താമസമുറപ്പിച്ചു.

ഒരു സ്വതന്ത്രമായ നഗരം മദ്ധ്യത്തിലും അതിനു ചുറ്റും കുറെ കൃഷിസ്ഥലങ്ങളുമായി രൂപീകൃതമായതാണ് നഗരരാഷ്ട്രം. ഈജിപ്ത്, മെസൊപൊട്ടേമിയ,

ചൈന, ഇൻഡ്യ എന്നീ രാജ്യങ്ങളിലെല്ലാം പരിഷ്കാരത്തിന്റെ ആവിർഭാവം നഗരരാജ്യങ്ങളിലായിരുന്നു. കാലാന്തരത്തിൽ വികസനത്തിന്റെയും സംയോജനത്തിന്റെയും ഫലമായി പല നഗരരാഷ്ട്രങ്ങളും കൂടിച്ചേർന്ന് രാജ്യങ്ങളായും സാമ്രാജ്യങ്ങളായും വളർന്നു. ഈ രൂപാന്തരത്തിനു പ്രധാനമായ കാരണം ഭൂമിശാസ്ത്രപരമായിരുന്നു. അതേ കാരണംതന്നെയാണ് ഗ്രീസിലെ നഗരരാഷ്ട്രങ്ങൾ അതേപടി അവസാനംവരെ നിലനില്ക്കുവാനിടയാക്കിയതും. രാജ്യത്തെ പല വിഭാഗങ്ങളായി വേർതിരിയ്ക്കുന്ന പർവ്വതനിരകളുടെ താഴ്വരകളിൽ ഉയർന്നുവന്ന നഗരരാഷ്ട്രങ്ങൾ തമ്മിൽ തമ്മിൽ യാതൊരു ബന്ധവുമില്ലാതെ സ്വതന്ത്രമായി വളരുവാൻ തുടങ്ങി. സമുദ്രതീരത്തിനടുത്തു് ചിന്നിച്ചിതറിക്കിടക്കുന്ന ദ്വീപുകളിൽ ഉണ്ടായ നഗരരാഷ്ട്രങ്ങളും ഇതുപോലെതന്നെ പരസ്പരബന്ധമില്ലാതെ കഴിഞ്ഞുകൂടി. ഗ്രീസിന്റെ തീരത്തുള്ള അനവധി ഉൾക്കടലുകളും രാജ്യത്തെ പല ചെറിയ സ്വതന്ത്ര വിഭാഗങ്ങളായി വേർതിരിച്ചു. രാഷ്ട്രങ്ങൾ തമ്മിൽ കലഹിച്ചെങ്കിലും ഓരോ പൗരനും സ്വന്തം നഗരരാഷ്ട്രത്തോടു് ഏറ്റവും കൂറോടും ബഹുമാനത്തോടുംകൂടി വർത്തിച്ചുവന്നു.

രാജഭരണമായിരുന്ന ഈ നഗരരാഷ്ട്രങ്ങളിൽ ആദ്യം നിലവിലിരുന്നതു്. എന്നാൽ വളരെ വേഗം ഇതു് കുലീനന്മാരുടെയും പ്രഭുക്കന്മാരുടെയും ഭരണമായി മാറി. ഇതിനെ 'കുലീനഭരണം' എന്നു പറയാം. ആരംഭത്തിൽ ഇതു് ഉത്തമന്മാരുടെ ഭരണമായിരുന്നതുകൊണ്ടു് പൊതുവെ തൃപ്തികരമായിരുന്നു. കുറച്ചുകാലത്തിനകം ഭരണാധികാരം സ്വാർത്ഥമതികളായ ധനാഢ്യന്മാരുടെ കൈകയായിത്തീർന്നു. അവരുടെ ദുർഭരണം ജനങ്ങൾ വെറുത്തു. ഈ അവസരംനോക്കി ശക്തരായ ചിലവ്യക്തികൾ അധികാരം പിടിച്ചെടുത്തു് ഏകാധിപതികളായി ഭരണം തുടങ്ങി. സ്വാർത്ഥലോലുപന്മാരായ ഈ സർവ്വാധിപതികളുടെ ഭരണവും അധികകാലം നിലനിന്നില്ല. ബി. സി. ആറും, അഞ്ചും, നാലും ശതാബ്ദങ്ങ

ളിൽ ഗ്രീസിൽ ജനകീയഭരണം നടന്നിരുന്നു. പ്രായപൂർത്തി വോട്ടവകാശത്തെ അടിസ്ഥാനമാക്കിയുള്ള ഇന്നത്തെ ജനകീയഭരണത്തോട് ഗ്രീസിലെ ജനകീയഭരണത്തെ താരതമ്യപ്പെടുത്തിയാൽ പല ന്യൂനതകളും രണ്ടാമത്തേതിൽ കണ്ടേക്കാം. സ്ത്രീകൾക്കും, അടിമകൾക്കും ഭരണകാര്യങ്ങളിൽ യാതൊരു അധികാരാവകാശങ്ങളുമില്ലായിരുന്നു. എന്നിരുന്നാലും ജനായത്തഭരണരീതി ലോകത്തിനു് പ്രായോഗികമായി കാണിച്ചുകൊടുത്തതു് ഗ്രീക്കുകാരാണെന്നുള്ളതു സ്മരണീയമാണു്.

സ്പാർട്ടാ

ദക്ഷിണഗ്രീസിൽ സ്പാർട്ടാ നഗരം സ്ഥാപിച്ചതു് ഡോലിയൻസ് എന്നൊരു വിഭാഗം ഗ്രീക്കുകാരാണു്. അവിടത്തെ നിവാസികളധികവും ധനാഢ്യരായ ഒരു സംഘം പ്രഭുക്കളായിരുന്നു. ജനസംഖ്യ വർദ്ധിച്ചതോടുകൂടി അവർ അയൽപ്രദേശങ്ങളെ ജയിച്ചു കീഴടക്കുകയും അവിടത്തെ ജനങ്ങളെ അടിമകളാക്കുകയും ചെയ്തു. ഈ അടിമകൾ ബി.സി. ഏഴാംശതകത്തിൽ സ്പാർട്ടൻ പ്രഭുക്കൾക്കെതിരായി യുദ്ധംചെയ്തു. ഈ വിപ്ലവത്തെ അടിച്ചമർത്തിയെങ്കിലും അന്നുമുതൽ സ്പാർട്ടാക്കാരുടെ ശ്രദ്ധ സൈനികപരിശീലനത്തിലും യുദ്ധത്തിലും കേന്ദ്രീകരിച്ചു. രാജ്യത്തിലെ ബാലികാബാലന്മാരെ ഈ ലക്ഷ്യത്തോടുകൂടിയാണു് വളർത്തിയിരുന്നതു്. കുഞ്ഞുങ്ങൾ ജനിച്ചാലുടൻ ഉദ്യോഗസ്ഥപ്രമാണികളുടെ അടുക്കൽ ഹാജരാക്കുകയും വേണ്ടത്ര ആരോഗ്യമില്ലെന്നു സംശയിച്ചവരെ നഗരത്തിനു പുറമുള്ള പുമരിന്നപ്പുറത്തു തള്ളുകയും ചെയ്തിരുന്നു. മൂന്നുദിവസം കഴിഞ്ഞതിനുശേഷവും ആ കുഞ്ഞു ജീവിച്ചിരുന്നെങ്കിൽ നഗരത്തിനുള്ളിൽ കൊണ്ടുവന്നു് സസൂക്ഷ്മം വളർത്തിപ്പോന്നു. "ഏറ്റവും കൂടുതൽ അർഹതയുള്ളവർ അതിജീവിക്കുക" എന്നുള്ളതായിരുന്നു അവരുടെ സിദ്ധാന്തം. ആൺകുട്ടികളെ അവരുടെ കുടുംബങ്ങളിൽ താമസിക്കുവാൻ അനുവദിച്ചിരുന്നില്ല. അവരെ ക്യാമ്പിൽ താമസിപ്പിച്ചു് പരിശീലനം നൽകിവന്നു. പെൺകുട്ടികൾക്കും കഠിനമായ കായികപരിശീ

ലനം നൽകിയിരുന്നു. പട്ടാളച്ചിട്ടയും ശാരീരികമായ സഹനശക്തിയും അഭ്യസിക്കുകയായിരുന്ന സ്പാർട്ടാക്കാരുടെ ജീവിതത്തിന്റെ കാതലായ ഭാഗം. കലകളിലും ജ്ഞാനസമ്പാദനത്തിലും അവർ അശ്രദ്ധരായിരുന്നു. മാനസികവികാസത്തെ അവർ അഗണ്യമാക്കി. കാലാന്തരത്തിൽ ഇതു് അവരുടെ ബലഹീനതയ്ക്കും നാശത്തിനും ഹേതുവായി. ഗ്രീസിലെ നഗരരാഷ്ട്രങ്ങളിലെല്ലാംതന്നെ രാജവാഴ്ച അവസാനിച്ചു് 'കുലീനഭരണം' നടപ്പായിക്കഴിഞ്ഞിട്ടും സ്പാർട്ടായിൽ രാജവാഴ്ചതന്നെ തുടർന്നുപോന്നു. ഒരു പ്രത്യേകതമാത്രം ഉണ്ടായിരുന്നു. ഒരു രാജാവിന്റെ സ്ഥാനത്തു് തുല്യാധികാരമുള്ള രണ്ടു രാജാക്കന്മാരാണു് അവിടെ ഭരിച്ചുവന്നതു്. ദ്വൈധികാരത്തെ പരസ്പരം നിയന്ത്രിക്കണമെന്നുള്ളതായിരുന്നു ഇതിന്റെ ഉദ്ദേശം.

ആതൻസു്

പാശ്ചാത്യപരിഷ്കാരം നിലനില്ക്കുന്നിടത്തോളംകാലം ആതൻസിനെ മറക്കുവാൻ കഴിയുന്നതല്ല. ആതൻസു് നഗരമായിരുന്ന ഗ്രീസിന്റെ ചരിത്രത്തിൽ ഏറ്റവും മഹത്തായ സംഭാവന നല്കിയതു്. ആറ്റിക്ക എന്ന പ്രദേശത്തെ പ്രധാന നഗരമായിരുന്ന ആതൻസു്. ആറ്റിക്കയിലുണ്ടായിരുന്ന ഏതാനും സ്വതന്ത്രസമുദായങ്ങൾ ആതൻസിലെ രാജാവിന്റെ കീഴിൽ ഒന്നിച്ചുചേർന്നു. അതിനുശേഷം ആറ്റിക്കയുടെ ഏതു ഭാഗത്തുള്ള ആളും. ആതൻസിലെ പൗരൻ എന്നറിയപ്പെട്ടു. ബി.സി. ഏഴാം ശതകത്തിൽ അവിടത്തെ രാജവാഴ്ച പ്രായോഗികമായി അവസാനിച്ചു് കുലീനഭരണം ആരംഭിച്ചു. ജനായത്തഭരണത്തിനു മാതൃകകാണിച്ച ഗ്രീസിലെ ആദ്യത്തെ രാജ്യം ആതൻസായിരുന്നു. ഗ്രീക്കുകാർ ലോകത്തിനു നൽകിയിട്ടുള്ള വലിയ സംഭാവനയും ഇതുതന്നെയാണു്.

ജനകീയഭരണത്തിന്റെ അടിത്തറ ബി.സി. ഏഴാം ശതകത്തിൽ ഡ്രേക്കോ എന്ന മഹാൻ നിർമ്മിച്ച നിയമസംഹിതയാണു്. എന്നാൽ ഈ നിയമങ്ങൾ കേവലം നിർദ്ദയങ്ങളായിരുന്നു. ഒരു ആപ്പിൾപഴം മോഷ്ടിക്കുന്ന

വൻ മരണശിക്ഷയ്ക്ക് അർഹനായിരുന്നു. കൂട്ടുതൽ കാരുണ്യപൂർവ്വവും ന്യായയുക്തവുമായ നിയമങ്ങൾ സൃഷ്ടിച്ച സോളന്റെ പരിഷ്കാരങ്ങൾ ആതൻസിലെ ജനങ്ങൾക്ക് വലിയ ആശ്വാസമായിരുന്നു. എന്നാൽ ഈ പരിഷ്കാരങ്ങൾ ഒരു ജനകീയ ഭരണം പ്രദാനം ചെയ്തില്ലെങ്കിലും അതിലേക്കുള്ള ഒരു മാർഗ്ഗമായിപ്പരിണമിച്ചു. ക്ലൈസ്തനീസ് എന്ന മഹാൻ പല ജനകീയപരിഷ്കാരങ്ങളും ഏർപ്പെടുത്തി. ബി.സി. ആറാം ശതകത്തിൽ ജനകീയ ഭരണം വേരുറച്ചു. പൗരന്മാരുടെ എണ്ണം കുറവായിരുന്നതിനാൽ ഓരോ പൗരനും നേരിട്ട് ഹാജരായി ഭരണകാര്യങ്ങളിൽ പങ്കുകൊണ്ടിരുന്നു. ഏതു പൗരനും ഏതുദ്യോഗവും വഹിക്കാമായിരുന്നു. ഭരണനിർവ്വഹണത്തിനായി ഹാജരാകുന്നവർക്കെല്ലാം വേതനം കൊടുത്തിരുന്നു. എല്ലാ പൗരന്മാരെയും തുല്യാവകാശങ്ങളോടും ചുമതലകളോടുംകൂടിയവരായി നിയമം കരുതിപ്പോന്നു. ഈ സാഹചര്യത്തിൽ ഓരോ വ്യക്തിയുടേയും കഴിവുകൾ പരമാവധി പോഷിപ്പിക്കപ്പെടുകയും, അതിന്റെ ഫലമായി ആതൻസിൽ അനവധി പ്രഖ്യാതരായ വ്യക്തികൾ ഉണ്ടാകയും ചെയ്തു. ജനങ്ങൾ നേരിട്ട ഹാജരായി ഭരണം നടത്തുന്ന ഗ്രീക്ക് ഭരണരീതി, വലിപ്പവും ജനസംഖ്യയും കൂടുതലുള്ള ആധുനിക രാഷ്ട്രങ്ങളിൽ പ്രായോഗികമല്ലാത്തതിനാൽ ജനപ്രതിനിധികൾ ഭരണം നടത്തുന്ന സമ്പ്രദായം നടപ്പിൽവന്നു. എന്നിരുന്നാലും ആതൻസിൽനിന്നുമാണ് ജനകീയഭരണത്തിന്റെ മൗലികസിദ്ധാന്തം ലോകത്തിനു ലഭിച്ചിട്ടുള്ളതു്. പൊതുക്ഷേമത്തെ മുൻനിറുത്തി സ്വതന്ത്രമായി നിയമങ്ങൾ ആദരിച്ചു പ്രവർത്തിക്കുന്നതിലാണ് ജനായത്തഭരണത്തിന്റെ പരമമായ വിജയരഹസ്യമെന്നുള്ള തത്ത്വം ലോകത്തെ ആതൻസ് ബോദ്ധ്യപ്പെടുത്തി.

പേഴ്സ്യയും ഗ്രീസും തമ്മിൽ ബി.സി. അഞ്ചാം ശതകത്തിൽ ഉണ്ടായ യുദ്ധത്തെപ്പറ്റി നാം പഠിച്ചുവല്ലൊ. ഗ്രീക്കുകാർ ആതൻസിന്റെ നേതൃത്വത്തിലാണ് പേഴ്സ്യക്കാരെ മാരത്തോൺ യുദ്ധത്തിൽ (490 B.C.)

തോല്പിച്ചതു്. പത്തുവഷ്ം കഴിഞ്ഞു് തെർമോപിലെ യുദ്ധത്തിൽ ഗ്രീക്കുകാർ പരാജിതരായപ്പോൾ പേഴ്സ്യ ക്കാർ ആതൻസ് നഗരം കൊള്ളയടിക്കുകയും, തീവച്ചു നശിപ്പിക്കുകയും ചെയ്തു. എന്നാൽ അടുത്ത വഷ്ം ഗ്രീസ് പേഴ്സ്യയെ കടലിലും കരയിലും തോല്പിച്ചതോടുകൂടി ഗ്രീസിനെ ആക്രമിക്കുക എന്നുള്ളതിൽനിന്നും എന്നേയ്ക്കു മായി പേഴ്സ്യ വിരമിച്ചു. ഈ വിജയത്തിന്റെ ഫല മായി ഗ്രീസ് മദ്ധ്യധരണ്യാഴിയിൽ ആധിപത്യം സ്ഥാ പിച്ചു. ആതൻസിന്റെ പരമാധികാരം മറ്റുള്ള നഗര രാഷ്ട്രങ്ങൾ സ്വീകരിക്കുകയും ചെയ്തു. ആതൻസ് നഗരം പുതുക്കി പണികഴിച്ചു. സർവ്വതോമുഖമായ വിസ്തൃതിയും അഭിവൃദ്ധിയും അതിനുണ്ടായി. പൊതുരക്ഷയെ ലാക്കാക്കി ഗ്രീസിലെ നഗരരാഷ്ട്രങ്ങൾ ആതൻസിന്റെ നേതൃത്വ ത്തിൽ സംഘടിച്ചു. ബി. സി. 454 ആയപ്പോഴേക്കും ഈ സംഘടന അതീനിയൻ സാമ്രാജ്യമായി രൂപാന്തരപ്പെട്ടു.

അതീനിയൻ സാമ്രാജ്യം മഹത്വത്തിന്റെ അത്യുച്ച കോടിയിലെത്തിയതു് പെരിക്ലിസിന്റെ കാലത്താണു്. ബി.സി. 463–ൽ ഭരണം കയ്യേറ്റ ഇദ്ദേഹം 30 വഷ ത്തോളം പ്രശസ്തമായി ഭരിച്ചു. ആതൻസ് അക്കാ ലത്തു് ഗ്രീസിന്റെ വിദ്യാലയം എന്നറിയപ്പെട്ടിരുന്നു. ഗ്രീസിന്റെ നാനാഭാഗങ്ങളിൽനിന്നും നിരവധി പൌ രന്മാർ വിദ്യാഭ്യാസത്തിനും പൌരത്വത്തിൽ പരിശീലനം സിദ്ധിക്കുന്നതിനുംവേണ്ടി ആതൻസിൽ എത്തി താമ സിച്ചു. കവികൾ, നാടകകൃത്തുക്കൾ, ചരിത്രകാരന്മാർ, കലാകാരന്മാർ, തത്വചിന്തകന്മാർ എന്നിവരുടെ തറവാ ടായിത്തീർന്നു ആതൻസ്. ഇക്കാലത്താണു് ജനകീയ ഭരണം പൂർണ്ണവളർച്ച പ്രാപിച്ചതു്. പെരിക്ലിസിന്റെ ഭരണകാലം ആതൻസിന്റെ ചരിത്രത്തിലെ "സുവർണ്ണ കാല"മായി കണക്കാക്കുന്നു.

മഹാനായ അലക്സാണ്ടർ

ഗ്രീസിലെ നഗരരാഷ്ട്രങ്ങൾ തമ്മിൽ മത്സരിച്ചുകൊ ണ്ടിരുന്നകാലത്തു് ഗ്രീസിൽ വടക്കുഭാഗത്തു് മാസിഡോ ണിയാ എന്ന രാജ്യം പ്രബലമായിത്തീർന്നു. അവിടത്തെ

ഫിലിപ്പ് രാജാവു അയൽരാജ്യങ്ങളെല്ലാം പിടിച്ചടക്കി തന്റെ രാജ്യം വിപുലമാക്കിയതിനുശേഷം തെക്കുഭാഗത്തുള്ള നഗരരാഷ്ട്രങ്ങൾ ഓരോന്നായി കീഴ്പ്പെടുത്തി. ഒടുവിൽ ആതൻസിനെ ചിറോണിയാ യുദ്ധത്തിൽ (കൊല്ലം 338 B.C.) തോല്പിച്ചു് ഫിലിപ്പ് ഗ്രീസിന്റെ മുഴുവൻ രാജാവായി. ഫിലിപ്പിന്റെ പുത്രനായ അലക്സാണ്ടർ പിതാവിന്റെ കാല്പാടുകളെ പിൻതുടർന്നു് ഒരു ലോകജേതാവെന്നു പ്രശസ്തി നേടുകയും ചെയ്തു. ഇരുപതാമത്തെ വയസ്സിൽ രാജ്യഭാരം തുടങ്ങിയ അദ്ദേഹം മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അന്തരിച്ചു. പതിമൂന്നു വർഷങ്ങൾക്കുള്ളിൽ ഈജിപ്തു്, പേഴ്സ്യൻ സാമ്രാജ്യം, ഏഷ്യാമൈനർ, സിറിയ, പാലസ്റ്റീൻ, ഇൻഡ്യയുടെ വടക്കുപടിഞ്ഞാറു ഭാഗം എന്നിവ അദ്ദേഹം കീഴടക്കി. അലക്സാണ്ടരുടെ സാമ്രാജ്യം ലോകം അന്നുവരെ കണ്ടിട്ടുള്ളതിൽ ഏറ്റവും വലുതായിരുന്നു.

ചരിത്രത്തിലെ ആദ്യത്തെ ലോകജേതാവായിരുന്ന അലക്സാണ്ടർ യഥാർത്ഥ മഹത്വത്തിനു് അർഹനാണോ എന്നു സംശയിക്കുന്നവരുണ്ടു്. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ കുറവും കുറവുകളും കണ്ടേക്കാമെങ്കിലും, അദ്വിതീയനായ ഒരു സേനാനായകൻ എന്ന നിലയ്ക്കും, ആദ്യമായി ഒരു ലോകസാമ്രാജ്യം വിഭാവനം ചെയ്ത പരിഷ്കൃതാശനായ കർമ്മധീരൻ എന്ന നിലയ്ക്കും അലക്സാണ്ടരുടെ നാമധേയം ചരിത്രത്തിൽ ഉജ്ജ്വലമായി നിലനില്ക്കും.

വിഭാഗം 3

റോമാസാമ്രാജ്യം

യൂറോപ്പിന്റെ തെക്കുഭാഗത്തു് സ്ഥിതിചെയ്യുന്ന മൂന്നു അർദ്ധദ്വീപുകളിൽ മദ്ധ്യത്തിലുള്ള ഇറ്റലിയുടെ നടുവിലാണു് റോമാനഗരം. ഗ്രീസിനെപ്പോലെ റോമിലും ആദ്യം ഒരു നഗരരാഷ്ട്രമാണു് ഉയർന്നുവന്നതു്. എന്നാൽ ഏതാനും ശതകങ്ങൾക്കുള്ളിൽ റോമിന്റെ പ്രാബല്യം വർദ്ധിച്ചു് അതിവിസ്തൃതമായ ഒരു സാമ്രാജ്യത്തിന്റെ

കേന്ദ്രമായിത്തീർന്നു. ഇതോടൊന്നിച്ചുതന്നെ മഹത്തായ സംസ്കാരകേന്ദ്രമായും റോം ഉയർന്നു.

ആദ്യകാലത്തു് റോമിൽ രാജാക്കന്മാർ ഭരിച്ചിരുന്നു. സെനറ്റ് എന്നൊരു പ്രഭുസമിതിയും, കൊമിഷ്യ എന്ന ജനസഭയും രാജാവിന്റെ അധികാരത്തെ നിയന്ത്രിച്ചിരുന്നു. യഥാർത്ഥമായ അധികാരം ജനങ്ങൾക്കാണെന്നും, ഭരണസൌകര്യാർത്ഥം അതു രാജാവിനു നൽകുന്നു എന്നും, ഒരു രാജാവിന്റെ മരണശേഷം അദ്ദേഹത്തിന്റെ പിൻഗാമിക്കു് പുതുതായി ഭരണാധികാരം നൽകുന്നു എന്നുമാണു് കരുതപ്പെട്ടിരുന്നതു്. ജന്മാവകാശമായിട്ടല്ല രാജാധികാരം ലഭിച്ചിരുന്നതു്.

1. റിപ്പബ്ലിക്കു് ഭരണം

ബി.സി. ആറാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ രാജഭരണം നിറുത്തൽ ചെയ്തു് റിപ്പബ്ലിക്കു് ഭരണം സ്ഥാപിച്ചു. തെരഞ്ഞെടുക്കപ്പെട്ട രണ്ടു കോൺസുലുകളാണു് രാജാവിന്റെ സ്ഥാനത്തു് ഭരണം നടത്തിയിരുന്നതു്. ഇവരെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിനു് 'സെനറ്റും', ജനസഭയും ഉണ്ടായിരുന്നു. സെനറ്റിൽ പ്രഭുക്കൾക്കു മാത്രമെ സ്ഥാനമുണ്ടായിരുന്നുള്ളു. പ്രഭുത്വം പിൻതുടർച്ചാവകാശമായി ലഭിച്ചിരുന്നതിനാൽ സാധാരണക്കാർക്കു് ഭരണാധികാരം എന്നേയ്ക്കുമായി നിഷേധിക്കപ്പെട്ടിരുന്നു. പ്രഭുക്കളും (പെട്രീഷിയൻസ്) സാധാരണ ജനങ്ങളും (പ്ലീബിയൻസ്) എന്ന രണ്ടു വിഭാഗങ്ങളും തമ്മിൽ ഏറെക്കാലം മത്സരിച്ചു. അനേക ശതാബ്ദങ്ങളിലെ റോമാചരിത്രം ഈ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള മത്സരമായിരുന്നു. കോൺസൽമാരെ തിരഞ്ഞെടുക്കുക, നിയമങ്ങൾ പരിശോധിക്കുക എന്നിങ്ങനെയുള്ള പ്രധാന ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനു് ശ്രേഷ്ഠകുലജാതരായ പെട്രീഷിയൻസിനു മാത്രമേ അധികാരമുണ്ടായിരുന്നുള്ളു. അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന പ്ലീബിയൻസ് ഭരണകാര്യങ്ങളിൽ അവർക്കും പങ്കു കിട്ടണമെന്നു വാദിച്ചു. ന്യായവാദംകൊണ്ടു വലിയ ഫലമില്ലെന്നു്

അവർ മനസ്സിലാക്കിയപ്പോൾ പ്ലീബിയൻസ് ഒന്നടങ്കം റോമാനഗരംവിട്ട് പുറത്തുപോയി. അവരുടെ സ്വന്തമായ ഭരണം ഏർപ്പെടുത്തുമെന്നും ഭയപ്പെടുത്തി എന്നമാത്രമല്ല, അവർ ഒന്നുചേർന്ന് റോമിനു പുറത്തുപോയി താമസമുറപ്പിച്ചു. പ്രഭുക്കന്മാർക്ക് സാധാരണക്കാരെ കൂടാതെ ജീവിക്കുവാൻ അസാദ്ധ്യമായിരുന്നതിനാൽ അവരുമായി ഒരു ഒത്തുതീർപ്പിലെത്തുകയും അവർക്കു ചില അവകാശങ്ങൾ അനുവദിച്ചുകൊടുക്കുകയും ചെയ്തു. കാലാന്തരത്തിൽ സെനറിലെ അംഗമാകുന്നതിനും, വലിയ ഉദ്യോഗങ്ങൾ വഹിക്കുന്നതിനും ഉള്ള അവകാശവും ലഭിച്ചു. ബി. സി. മൂന്നാം ശതകം മുതൽ റോമിൽ യഥാർത്ഥ ജനകീയഭരണം നടപ്പിലായി.

വോട്ടവകാശമുള്ള പൗരന്മാരാണല്ലോ കോൺസൽമാരെ തെരഞ്ഞെടുത്തിരുന്നത്. റോമാരാജ്യം വിസ്തൃതമായതോടുകൂടി ദൂരദേശവാസികളായ പൗരന്മാർക്ക് വോട്ടവകാശം വിനിയോഗിക്കുന്നതിനു റോമിൽ സന്നിഹിതരാകുക കേവലം പ്രയാസമായിത്തീർന്നു. പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം അന്നു് അറിയപ്പെട്ടിരുന്നില്ല, തലസ്ഥാനത്തു നടക്കുന്ന കാര്യങ്ങൾ അറിയുന്നതിനും വളരെ പ്രയാസമായിരുന്നു. അതിനാൽ റോമാനഗരത്തിൽ വസിച്ചിരുന്ന പൗരന്മാർ മാത്രമാണു് യഥാർത്ഥത്തിൽ രാജ്യഭരണകാര്യങ്ങളിൽ പങ്കെടുത്തിരുന്നതു്. ധനികന്മാരായ പ്രഭുക്കൾ കൈക്കൂലികൊടുത്തും മറും വോട്ട സമ്പാദിച്ചു വലിയ ഉദ്യോഗങ്ങളും അധികാരങ്ങളും കൈയടക്കുന്ന പതിവാരംഭിച്ചു.

2. സാമ്രാജ്യഭരണം

പെട്രീഷിയൻസും പ്ലീബിയൻസും തമ്മിൽ അധികാരത്തിനുള്ള വടംവലി നടന്നുകൊണ്ടിരുന്നകാലത്തു് റോം സാമ്രാജ്യമായിത്തീർന്നുകൊണ്ടിരുന്നു. ഇറലി മുഴുവൻ റോമിന്റെ അധികാരത്തിൽ അമർന്നുകഴിഞ്ഞപ്പോൾ മദ്ധ്യധരണിപ്രദേശത്തേയ്ക്കു തിരിഞ്ഞു. അന്നു് അവിടെ സാമ്രാജ്യം സ്ഥാപിച്ചിരുന്ന കാർത്തേജുമായി

സമരത്തിലേപ്പെട്ടുകയും ആ പ്രദേശം മുഴുവൻ റോമിന്റെ ആധിപത്യത്തിലാക്കുകയും ചെയ്തു. ഈ വിജയത്തോടുകൂടി റോമൻ സാമ്രാജ്യം വിസ്തൃതിയിലും പ്രാബല്യത്തിലും മുന്നേറി. മാസിഡോണിയ, സിറിയ, ഗ്രീസ്, ഈജിപ്ത്, മെസൊപ്പൊട്ടേമിയ എന്നീ രാജ്യങ്ങൾ പിടിച്ചടക്കി സാമ്രാജ്യം കിഴക്കോട്ടു വ്യാപിപ്പിച്ചു. ഇപ്പോഴത്തെ ഫ്രാൻസ്, സ്പെയിൻ, ബ്രിട്ടൻ മുതലായ പ്രദേശങ്ങളും റോമാരാജ്യത്തിനധീനമായി. ബി.സി. ഒന്നാം ശതകത്തിൽ റോമൻ സാമ്രാജ്യം അത്യുച്ചകോടിയിലെത്തി.

തുടരെയുള്ള യുദ്ധങ്ങളും പെട്ടെന്നുള്ള സാമ്രാജ്യവിപുലീകരണവുംമൂലം റോമിനു് പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായിവന്നു. ധനവും അധികാരവും മനുഷ്യനെ പിഴച്ച മാർഗ്ഗങ്ങളിലേയ്ക്കാനയിക്കുമെന്ന പാഠമാണു് ഈ കാലത്തുണ്ടായ സംഭവങ്ങൾ ലോകത്തെ പഠിപ്പിക്കുന്നതു്. ജയിച്ചടക്കിയ രാജ്യങ്ങളിലെ വിഭവങ്ങൾ റോമിലേക്കു പ്രവഹിച്ചതോടെ ആഡംബരത്തിലും സുഖഭോഗാസക്തിയിലും റോമാക്കാർ നിമഗ്നരായി. റോമൻ റിപ്പബ്ലിക്കിന്റെ ഹൃദയമായിരുന്ന സെനറ്റ് കുബേരന്മാരുടെയും അധികാരപ്രമത്തരുടേയും ഒരു സമിതി മാത്രമായിത്തീർന്നു. ജനവിഭാഗങ്ങളിൽ സാമ്പത്തികമായ അന്തരം വളരെ വർദ്ധിച്ചു. ഒരുവശത്തു് സുഖസമൃദ്ധിയും മറുവശത്തു് ദുരിതവും ഒരുമിച്ചു വളർന്നു. ഈ സ്ഥിതി ശ്രുക്ഷമായതോടെ രാജ്യത്തിൽ കലാപങ്ങളും അഴിമതിയും വർദ്ധിച്ചു. സേനാനികളും സാഹസികരും ഈ സാഹചര്യത്തിൽ പ്രബലരായിത്തീർന്നു. സെനറ്റിന്റെ ശക്തി ക്ഷയിച്ചു.

റോമിൽ അനേകം നായകന്മാർ ഇക്കാലത്തു് ഉയർന്നുവന്നു. അവരിൽ പ്രധാനികൾ പോംപെയും ജൂലിയസ് സീസറുമായിരുന്നു. ഇവർ തമ്മിലുള്ള മത്സരത്തിൽ സീസർ എതിരാളിയെ തോല്പിച്ചു് റോമൻ സാമ്രാജ്യത്തിലെ നിസ്തുലപ്രഭാവനായിത്തീരുകയും ചെയ്തു. റോമൻ റിപ്പബ്ലിക്കിന്റെ ചരിത്രത്തിൽ ഏറ്റവും പ്രഖ്യാതനായ വ്യക്തി ജൂലിയസ് സീസർതന്നെയായിരുന്നു. സീസ

റിനെ ചക്രവർത്തിയാക്കുന്നതിനു ശ്രമങ്ങൾ നടന്നുവെങ്കിലും റോമിലെ റിപ്പബ്ലിക്കൻ പാരമ്പര്യത്തെപ്പറ്റി നല്ല ബോധ്യമുണ്ടായിരുന്ന സീസറിനു് ആശങ്കയുണ്ടായി. ബി.സി. 44ൽ (44 B.C.) സീസറിന്റെ സ്നേഹിതന്മാർ അദ്ദേഹത്തെ വധിച്ചു. എന്നാൽ റിപ്പബ്ലിക്കൻ പാരമ്പര്യം നിലനിറുത്തുന്നതിനു് അവർക്കു് സാധിച്ചില്ല. സീസറിന്റെ അനന്തിരവനും വളർത്തുപുത്രനുമായ ഒക്ടേവിയനും അദ്ദേഹത്തിന്റെ സ്നേഹിതനായ മാർക്കു് ആന്റണിയും പ്രതികാരംചെയ്തു. എ. ഡി. 27-ൽ അഗസ്റ്റസ് സീസർ എന്ന നാമധേയത്തിൽ ഒക്ടേവിയൻ സാമ്രാജ്യപതിയായി അവരോധിക്കപ്പെട്ടു. റിപ്പബ്ലിക്കിന്റെ ബാഹ്യരൂപം നിലനിറുത്തിയെങ്കിലും യഥാർത്ഥത്തിൽ റോമാസാമ്രാജ്യത്തിലെ പരമാധികാരി അഗസ്റ്റസ് സീസർ ആയിരുന്നു. ഇദ്ദേഹം തന്നെയാണു് ആദ്യത്തെ റോമൻ ചക്രവർത്തി. ഇക്കാലം മുതൽ സാമ്രാജ്യാവസാനംവരെ ചക്രവർത്തിഭരണം നിലനിന്നു.

സെനറിനെ ബഹുമാനിച്ചുകൊണ്ടാരംഭിച്ച ഭരണം അതിവേഗം ചക്രവർത്തിയുടെ ഏകാധിപത്യമായി മാറി. സെനറും അസംബ്ലിയും തെരഞ്ഞെടുക്കുന്ന എന്നു നടിച്ചു എങ്കിലും ചക്രവർത്തിപദം ഒരു വംശത്തിനു പരമ്പരാഗതമായി ലഭിച്ചുപോന്നു. എ.ഡി. 90 മുതൽ എ. ഡി. 108 വരെയുള്ള കാലഘട്ടം റോമൻ സാമ്രാജ്യത്തിന്റെ സുവർണ്ണകാലമായിരുന്നു. ഇതിനെ തുടർന്നു് ദുർബ്ബലരായ ചക്രവർത്തിമാരാണു് റോമിനെ ഭരിച്ചതു്. എ.ഡി. 4-ാം ശതകത്തിൽ റോമൻ സാമ്രാജ്യം പശ്ചിമസാമ്രാജ്യമെന്നും പൗരസ്ത്യസാമ്രാജ്യമെന്നും രണ്ടായി പിരിഞ്ഞു. രണ്ടു ചക്രവർത്തിമാർ ഒരേ സമയത്തു ഭരണം നടത്തിയിരുന്നു. 6-ാം ശതകത്തിൽ ഭരിച്ച ജസ്റ്റിനിയന്റെ കാലത്തു് രണ്ടു വിഭാഗങ്ങളേയും ഒന്നിച്ചുചേർത്തു. റോമൻ നിയമസംഹിതാക്രോഡീകരണംകൊണ്ടു് ജസ്റ്റിനിയൻ അനശ്വരമായ കീർത്തി ആർജ്ജിച്ചു. അദ്ദേഹത്തിന്റെ മരണാനന്തരം സാമ്രാജ്യം വീണ്ടും രണ്ടായി പിളർന്നു. പടിഞ്ഞാറുഭാഗം അപരിഷ്കൃതവർഗ്ഗക്കാരുടെ നിഷ്ഠൂര

മായ ആക്രമണത്തിന്നിരയായി. കിഴക്കുഭാഗം 1453-ൽ കോൺസ്റ്റാൻറിനോപ്പിളിൻെറ അധഃപതനംവരെ നില നിന്നു.

3. റോമിൻെറ സംഭാവന

റോം യവനസംസ്കാരത്തിൽനിന്നും പലതും സ്വീകരിക്കുകയും, അതു് പാശ്ചാത്യയൂറോപ്പിലാകമാനം വ്യാപിപ്പിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ റോമിൻെറ പ്രത്യേകമായ സംഭാവന ലോകത്തിനു നൽകിയിട്ടുമുണ്ടു്.

അതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതു് 'റോമൻ സമാധാനം' (Pax Romana) ആണു്. റോമിൻെറ ആധിപത്യം സ്ഥാപിതമാകുന്നതിനുമുമ്പു് മദ്ധ്യധരണിപ്രദേശം ഒരു സമരഭൂമിയായിരുന്നു. റോമിൻെറ ആയുധശക്തി അവിടെ സമാധാനം പാലിച്ചു. ശാന്തിയുടെ അന്തരീക്ഷത്തിലല്ലാതെ പരിഷ്കാരവും സംസ്കാരവും വളരുന്നില്ലല്ലോ. ഈ റോമൻ സമാധാനം സാമ്രാജ്യമാകെ ഐശ്വര്യം പ്രദാനംചെയ്തു. സംസ്കാരകേന്ദ്രങ്ങളായി അനവധി നഗരങ്ങളുയർന്നുവന്നു. കല, കൃഷി, വ്യവസായം എന്നിവ വളരെ അഭിവൃദ്ധിപ്പെട്ടു.

റോമാക്കാർ വിവിധ ഭരണമാതൃകകളിൽ വിലയേറിയ പരീക്ഷണങ്ങൾ നടത്തുകയും റിപ്പബ്ലിക്കൻ ഭരണരീതി, ചക്രവർത്തി ഭരണരീതി എന്നിവയിൽ ഉത്തമമാതൃക കാണിക്കുകയും ചെയ്തു. ഇന്നത്തെ റിപ്പബ്ലിക്കുകൾ റോമൻ മാതൃകയിലാണു് രൂപവല്കരിച്ചിട്ടുള്ളതു്. ഇന്നത്തെ സെനറുകൾ റോമൻ സെനറിൻെറ ചില ഭേദഗതികളോടുകൂടിയ അനുകരണങ്ങളാണു്. റിപ്പബ്ലിക്കിൻെറ മാതൃക കാണിച്ച റോം മറുവശത്തു് ഏകാധിപത്യത്തിൻെറ പാരമ്പര്യങ്ങളും സൃഷ്ടിച്ചു. Emperor എന്ന പദം Imperator എന്ന റോമൻ സ്ഥാനപ്പേരിൽനിന്നും, Prince എന്ന പദം Princeps എന്ന റോമൻ പദത്തിൽനിന്നും ഉത്ഭവിച്ചതാണു്. ഇതുപോലെതന്നെ Republic എന്നതു് ലത്തീൻ പദമാണു്.

റോം ലോകത്തിനു നല്കിയിട്ടുള്ള അമൂല്യസംഭാവന നിയമസംഹിതയാണു്. റോമൻ നിയമങ്ങളാണു് ലോകത്തു് എവിടെയും സ്വീകരിച്ചിട്ടുള്ള നിയമങ്ങളുടെ അടിസ്ഥാനം. നിലവിലുണ്ടായിരുന്ന നിയമങ്ങൾ ശേഖരിച്ചു്, വ്യവസ്ഥപ്പെടുത്തി വ്യാഖ്യാനസഹിതം എഴുതിയുണ്ടാക്കുകയാണു് ജസ്റ്റിനിയിൻ ചക്രവർത്തി ചെയ്തതു്. അദ്ദേഹത്തിന്റെ ഭഗീരഥപ്രയത്നമായ നിയമസംഹിത, നീതി, യുക്തി, കരുണ എന്നിവയെ അടിസ്ഥാനമാക്കിയാണുണ്ടാക്കിയതു്. ശതാബ്ദങ്ങൾക്കുശേഷവും പരിഷ്കൃത രാജ്യങ്ങളിൽ നിയമവിദ്യാർത്ഥികൾ പ്രാഥമികമായി പഠിക്കേണ്ടതു് റോമൻ നിയമമാണെന്നുള്ള വസ്തുത ആ നിയമാവലിയുടെ വൈശിഷ്ട്യത്തെ പ്രഖ്യാപിക്കുന്നു.

ഭരണപാടവത്തിലും ഭാവി തലമുറകൾക്കു് വിശിഷ്ടമായ മാതൃകയാണു് റോം നല്കിയതു്. അതിവിസ്തൃതമായിരുന്ന റോമൻ സാമ്രാജ്യം സുശക്തമായ ഒരു കേന്ദ്രഭരണത്തിൻ കീഴിൽ അത്യധികം കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. പട്ടണത്തിൽ സ്വയംഭരണസ്ഥാപനങ്ങളുമുണ്ടായിരുന്നു.

വിഭാഗം 4

മദ്ധ്യകാലഘട്ടം

മനുഷ്യന്റെ തുടർച്ചയായ പുരോഗതിയെ കുറിക്കുന്ന ചരിത്രം പുരാതനകാലം, മദ്ധ്യകാലം, ആധുനികകാലം, എന്നിങ്ങനെ വേർതിരിച്ചു് പ്രത്യേക അറകളിലാക്കി ഉൾക്കൊള്ളിക്കുവാൻ സാദ്ധ്യമല്ലെങ്കിലും, പഠനസൗകര്യത്തെ ഉദ്ദേശിച്ചു് ഇങ്ങനെ വേർതിരിക്കുന്നുവെന്നേയുള്ളൂ. ചരിത്രത്തിൽ കാണുന്ന ചില പ്രധാന സംഭവങ്ങളെ നാഴികക്കല്ലുകളായി സ്വീകരിച്ചുകൊണ്ടു് ചരിത്രകാരന്മാർ മദ്ധ്യകാലഘട്ടത്തെ ഒതുക്കിനിർത്തുന്നു. പശ്ചിമറോമാസാമ്രാജ്യത്തിൽ ചക്രവർത്തിഭരണം അവസാനിച്ച എ.ഡി. 476 മുതൽ പൂർവ്വഭാഗം തുർക്കികൾക്കധീനമായ എ.ഡി. 1453 വരെയുള്ള കാലഘട്ടം മദ്ധ്യകാലമായി കണക്കാക്കപ്പെടുന്നു: 1453-ൽ കാൺസ്റ്റാൻറിനോപ്പിൾ

തുക്കികൾക്കധീനമായി. മദ്ധ്യകാലപരിഷ്കാരത്തിന്റെ അന്ത്യവും ആധുനികപരിഷ്കാരമാകുന്ന അരുണന്റെ ഉദയസാമീപ്യവും ഈ കാലഘട്ടത്തിൽ ദർശിക്കാവുന്നതാണ്. പുരാതനകാലത്തു പടിഞ്ഞാറൻ രാജ്യങ്ങളിൽ പരിഷ്കാരകിരണങ്ങൾ വീശിയ ഗ്രീക്കുസംസ്കാരം അസ്തമനത്തിലേയ്ക്കു ത്വരിതമായി നീങ്ങുന്നതും, യൂറോപ്പിൽ ഒട്ടുവളരെ നേട്ടങ്ങളുണ്ടാക്കിയ റോമാസാമ്രാജ്യം അധഃപതനത്തിൽ ആണ്ടുപോയതും ഈ കാലഘട്ടത്തിലാണ്; അതേസമയം, ആധുനികകാലത്തിലേയ്ക്കു നയിക്കുന്ന പുതിയ രീതികളുടെ ജനനവും ഇക്കാലത്തുതന്നെ. അപരിഷ്കൃതവർഗ്ഗങ്ങളുടെ ആക്രമണങ്ങളും കൊള്ളയും അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയെ പാടെ തകിടംമറിച്ചു. യൂറോപ്പിനെ സംബന്ധിച്ച് ഇതു ശരിയാണെങ്കിലും, പുരാതന സംസ്കാരസമ്പത്തിന്റെ കലവറകളായി പ്രശോഭിച്ചിരുന്ന ഇന്ത്യയിലും ചൈനയിലും ഉണ്ടായ ആക്രമണങ്ങളും മറ്റും ഉപരിപ്ലവങ്ങളായിരുന്നതേയുള്ള. അവിടെ വേരുറച്ച് ഫലപുഷ്ടമായിരുന്ന സംസ്കാരത്തിനു് അല്പം ഒരു വാട്ടംതട്ടിയതല്ലാതെ കോട്ടംതട്ടിയില്ല.

മദ്ധ്യകാലഘട്ടത്തിൽ യൂറോപ്പിൽ ക്രിസ്തുമതത്തിനു് ഉയർച്ചയും പ്രചാരവും ഉണ്ടായി. പോപ്പിന്റെ മേൽക്കോയ്മ അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയെ പരിപൂർണ്ണ നാശത്തിൽനിന്നു രക്ഷിച്ചുവെന്നു പറയാം. 8-ാം ശതാബ്ദത്തിൽ മഹാനായ ചാർത്സിന്റെ കീഴിൽ പുരാതന റോമാസാമ്രാജ്യം പുനർജ്ജീവിച്ചു. എന്നാൽ അദ്ദേഹത്തിന്റെ മരണാനന്തരം ശേഷിക്കുറഞ്ഞ പിൻഗാമികളായിരുന്നതിനാൽ, ആ സാമ്രാജ്യം അധികകാലം നീണ്ടുനിന്നില്ല. വിശേഷിച്ചു്, മദ്ധ്യ ഏഷ്യയിൽനിന്നുള്ള അപരിഷ്കൃതവർഗ്ഗക്കാരുടെ ആക്രമണം യൂറോപ്പിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥിതികളെ പാടേ മറിച്ചു. അരാജകത്വം അവിടെയെങ്ങും നടമാടി.

ഫ്യൂഡലിസം

മേല്പറഞ്ഞ കുഴഞ്ഞ പരിതഃസ്ഥിതിയിൽനിന്നും ഒരു പുതിയ "സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥിതി" ഉടലെ

ട്ടത്തു. ഫ്യൂഡൽ പ്രഭുക്കന്മാരുടെ കോട്ടകളും 'നൈറ്റുകൾ' എന്നറിയപ്പെട്ടിരുന്ന യുദ്ധവീരന്മാരും ആക്രമണങ്ങളുടെയും, കലാപങ്ങളുടെയും കാലത്തു് ജനങ്ങൾക്കു് രക്ഷ നല്കി. 12-ാം നൂറ്റാണ്ടു് ആയപ്പോഴേയ്ക്കും, പരിശുദ്ധ റോമാസാമ്രാജ്യവുമായുള്ള മത്സരത്തിൽ പോപ്പിന്റെ അധികാരം ക്ഷയിച്ചുതുടങ്ങി.

ഫ്യൂഡൽ വ്യവസ്ഥിതിയുടെ കാലമാണു് അന്നു് യൂറോപ്പിൽ. ഭൂവുടമയെ അടിസ്ഥാനമാക്കിയുള്ള ഒരു വ്യവസ്ഥിതിയാണു് 'ഫ്യൂഡലിസം' എന്ന പദംകൊണ്ടു് വിവക്ഷിക്കുന്നതു്. ഭൂമിയുടെ സർവ്വാവകാശി രാജാവായി പരിഗണിക്കപ്പെട്ടവന്നു. രാജാവിൽനിന്നു ഭൂമി വീതിച്ചു വാങ്ങിയ പ്രഭുക്കന്മാരും, അവരിൽനിന്നു പങ്കിട്ടെടുത്ത ഇടത്തരക്കാരും, അവരുടെ കീഴിൽ കൃഷിക്കാരും ഉൾക്കൊണ്ടുള്ള വ്യവസ്ഥിതിയാണു് ഫ്യൂഡലിസം.

ഈ വ്യവസ്ഥിതിയനുസരിച്ചു്, അന്യോന്യസഹായങ്ങളും പരിരക്ഷണങ്ങളും ഉണ്ടായിരുന്നു. സുശക്തരായ പ്രഭുക്കന്മാരുടെ കീഴിൽ ഇടത്തരക്കാർക്കും, കൃഷിചെയ്തിരുന്ന തൊഴിലാളികൾക്കും വേണ്ടത്ര പരിരക്ഷണം ലഭിച്ചുവന്നു. സ്വാർത്ഥമതികളായ രാജാക്കന്മാരുടെ അനിയന്ത്രിതമായ ഏകാധിപത്യത്തിനു് കടിഞ്ഞാണിടുവാൻ ഉപകരിച്ചിരുന്ന പ്രഭുക്കന്മാരുടെ നിലപാടു്. ഈ വ്യവസ്ഥിതിമൂലം ചില ഘട്ടങ്ങളിൽ രാജാക്കന്മാരുടെ ബലഹീനതയും പ്രത്യക്ഷമായിരുന്നു. ഇടത്തരക്കാരും കൃഷിവലന്മാരുമെല്ലാം മേൽക്കോയ്മ വഹിച്ചിരുന്ന പ്രഭുവിന്റെ ആജ്ഞാനുവർത്തികളായതല്ലാതെ രാജാവിന്റെ ശാസനത്തിനു വിധേയരായിരുന്നില്ല. ഒരു പ്രഭു രാജാവിനോടു് എതിർത്താൽ പ്രഭുവിന്റെ കീഴിലുള്ളവർ എല്ലാവരും തന്നെ രാജാവിനെ എതിർക്കുക എന്നുള്ളതു് സാധാരണമായിത്തീർന്നു. പ്രഭുക്കന്മാർ തമ്മിലുള്ള സമരത്തിനും, രാജാധികാരത്തോടുള്ള എതിർപ്പിനും ഈ പദ്ധതി ഇടം കൊടുത്തുവെന്നുള്ളതു് ഇതിന്റെ ന്യൂനതയാണു്. 13-ാം നൂറ്റാണ്ടോടടുത്തു് 'ഫ്യൂഡലിസം' അധഃപതിക്കുവാൻ

തുടങ്ങി എങ്കിലും 18-ാം നൂറ്റാണ്ടോടുകൂടിമാത്രമേ അതു് അന്തർധാനം ചെയ്യുള്ളു.

പുതുതായി വളർന്നുവന്ന പട്ടണങ്ങൾ 'ഫ്യൂഡലിസ'ത്തിന്റെ അധഃപതനത്തിനു് കാരണമായിത്തീർന്നു. പട്ടണങ്ങളിലെ ഇടത്തരക്കാരുടെ ധനസ്ഥിതി മെച്ചപ്പെട്ടുവന്നതോടെ അവർ പ്രഭുക്കന്മാരുടെ അധികാരസീമയെ ചോദ്യംചെയ്യുവാനും അവരെ ധിക്കരിക്കുവാനും തുടങ്ങി. സുശക്തന്മാരായ രാജാക്കന്മാരുടെ ആവിർഭാവവും ക്രിസ്തുമതത്തിന്റെ പ്രചാരവും അതിന്റെ അധഃപതനത്തിനുള്ള മറ്റു കാരണങ്ങളാണു്. വെടിമരുന്നിന്റെ കണ്ടുപിടിത്തവും തന്നിമിത്തം ഉണ്ടായ യുദ്ധമുറകളുടെ വ്യത്യാസവും ഫ്യൂഡലിസത്തെ അനുക്രമമായി അധഃപതിപ്പിച്ചു.

അറബിസംസ്കാരം

അറബികളുടെ ജന്മപ്രദേശമായ അറേബ്യ ഭൂരിഭാഗവും മരുഭൂമിയാണു്. പുരാതനകാലത്തു് അറബികൾ അപരിഷ്കൃതരും കലഹപ്രിയരും ആയിരുന്നു. എങ്കിലും അവർ സ്വാതന്ത്ര്യപ്രിയരും അഭിമാനികളും ആയ ഒരു ജനസമൂഹമായിരുന്നു. കച്ചവടാർത്ഥം സഞ്ചരിച്ചുകൊണ്ടിരുന്ന അറബികൾ ഇതരപരിഷ്കാരങ്ങളെ ഉൾക്കൊള്ളുകയൊ, സാംസ്കാരികമായി ഉന്നതനിലവാരം പുലർത്തിവരികയൊ ചെയ്തിരുന്നില്ല. എങ്കിലും വിദേശീയാക്രമണത്തിനു് വിധേയരായി സ്വാതന്ത്ര്യം ബലികൊടുത്തു് അടിമജീവിതത്തിൽ അമർന്നു് ജീവിക്കുവാൻ ഒരിക്കലും അവർക്കു് സാദ്ധ്യമല്ലായിരുന്നു. ക്രിസ്തുവർഷം ഏഴാം ശതകത്തിൽ ഈ അറബിസമുദായം ഉണർന്നു ഉന്മേഷവത്തായിത്തീർന്നു. അനിതരസാധാരണമായ അവരുടെ പരിഷ്കാരോന്മുഖമായ ഉണർവ്വിനു് കാരണം ഇസ്ലാം മതത്തിന്റെ ആവിർഭാവമാണു്. ലോകസംസ്കാരത്തിന്റെ നിലവാരം ഉയർത്തുന്നതിനു് സാരമായ പങ്കു് ഇസ്ലാം വഹിച്ചിട്ടുണ്ടു്.

ഇസ്ലാംമതസ്ഥാപകനായ മുഹമ്മദു് നബി ക്രി. വ. 570-ൽ അറേബ്യയിലെ മെക്ക എന്ന സ്ഥലത്തു് ജനിച്ചു. 632-ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അദ്ദേ

ഹത്തിനുശേഷം മതപരവും രാജ്യഭരണസംബന്ധവുമായ കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട നേതാവ് 'കാലിഫ്' എന്ന പേരിൽ അറിയപ്പെടുന്നു. മുഹമ്മദിന്റെ മരണാനന്തരം അബൂബക്കർ കാലിഫായി തെരഞ്ഞെടുക്കപ്പെട്ടു. രണ്ടുകൊല്ലക്കാലം മാത്രമേ അദ്ദേഹം കാലിഫായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ മരണശേഷം കാലിഫായതു് ഉമർ ആണു്. ഇസ്ലാം സാമ്രാജ്യത്തിന്റെ സീമയെ വിസ്തൃതമാക്കുന്നതിനും മതത്തിന്റെ പ്രശസ്തിയെ പരത്തുന്നതിനും ഈ രണ്ടു മഹാന്മാർ അനുഷ്ഠിച്ചിട്ടുള്ള സേവനം അതുല്യമാണു്. ഇവരുടെ കാലത്തു് ജറുസലം, സിറിയ, ഇറാക്കു്, പേഴ്സ്യ എന്നീ ഭാഗങ്ങൾ ഇസ്ലാമിക സാമ്രാജ്യത്തോടു് ചേർക്കപ്പെട്ടു.

ഇസ്ലാംമതം ത്വരിതഗതിയിൽ പ്രചരിക്കുവാൻ തുടങ്ങി. ലളിതവും സമത്വസുന്ദരവുമായ ഇസ്ലാംമത തത്ത്വങ്ങൾ സമാദരണീയങ്ങളായിത്തീരാൻ അനുകൂല പരിതഃസ്ഥിതികളും ഉണ്ടായിരുന്നു. സ്വേച്ഛാധിപതികളായ രാജാക്കന്മാരുടേയും മന്ത്രിപ്രമുഖരുടേയും കീഴിൽ ജീവിച്ചുവന്ന ജനവിഭാഗത്തിനു് ഇസ്ലാമിലെ സമത്വസിദ്ധാന്തവും ലളിതപ്രമാണങ്ങളും ആകർഷകങ്ങളായിത്തീർന്നു. സാമൂഹ്യവ്യവസ്ഥിതിയിലുള്ള ഇസ്ലാമിലെ സമത്വം സാധാരണക്കാരനെ ഹഠാദാകർഷിച്ചു. തന്നിമിത്തം ഇസ്ലാംമതത്തിന്റെ പ്രചരണം അതിശീഘ്രം നടന്നുവന്നു.

മുഹമ്മദുനബി അന്തരിച്ചു് ഒരു നൂറ്റാണ്ടിനകം അറബിസാമ്രാജ്യം യൂറോപ്പിൽ സ്പെയിനിലും ഉത്തരാഫ്രിക്കയിലും പശ്ചിമേഷ്യയിലും മദ്ധ്യേഷ്യയിലും വ്യാപിച്ചു. ഇന്ത്യയിൽ സിൻഡിലും ആ കാലയളവിൽ അറബികളുടെ ആധിപത്യം താല്ക്കാലികമായി സ്ഥാപിച്ചു. മദ്ധ്യേഷ്യാ കടന്നു് അതു് മംഗോളിയാവരെ എത്തി. ഇങ്ങനെ അറബികൾ ഒരു വമ്പിച്ച സാമ്രാജ്യത്തിന്റെ അധിപതികളായിത്തീർന്നു. കൊർദാവാ, ഡമോസ്കസ്, ബാഗ്ദാദ് എന്നീ തലസ്ഥാന നഗരങ്ങൾ സംസ്കാരത്തി

നേറയും വിദ്യയുടേയും ശാസ്ത്രങ്ങളുടേയും പ്രധാന ആസ്ഥാനങ്ങളായി തീർന്നു. ബാഗ്ദാദ് തലസ്ഥാനമാക്കി ഭരിച്ചിരുന്ന ഹാറൂൺ-അൽ-റഷീദ് (780 മുതൽ 809 വരെ) ഭരണപാടവത്തിലും വിദ്യാവിതരണത്തിലും സുപ്രസിദ്ധനായിരുന്നു. ചൈനയിലെ ചക്രവർത്തി, യൂറോപ്പിലെ ചാർലിമെയിൻ മുതലായവർ ദൌത്യസംഘങ്ങളെ ബാഗ്ദാദിലേയ്ക്കയച്ചിരുന്നുവെന്നു പറയുമ്പോൾ ഹാറൂൺ-അൽ-റഷീദിന്റെ പ്രാബല്യവും പ്രശസ്തിയും ഊഹിക്കാമല്ലൊ. പരിഷ്കാരത്തിനേറയും സംസ്കാരത്തിനേറയും കേന്ദ്രമായിരുന്നു ബാഗ്ദാദ്. ഇരുപതു ലക്ഷത്തിൽപ്പരം ജനങ്ങളവിടെ വസിച്ചിരുന്നു. ടൈഗ്രീസ് നദിയുടെ ഇരുകരകളിലും മനോമോഹനമായ ഹർമ്യങ്ങൾ, വിശ്രമിക്കാനും വിഹരിക്കാനുമുള്ള ഉദ്യാനങ്ങൾ, ആശുപത്രികൾ, സർവ്വകലാശാലകൾ, വിദ്യാലയങ്ങൾ ഇങ്ങനെ ആധുനിക നഗരസമമായിരുന്നു ബാഗ്ദാദ്. സ്പെയിനിലെ കൊർദാവാനഗരം അതിലുമുപരി ശോഭിച്ചു. പുരോഗതിക്കും ഗണനീയമായ സംഭാവന അക്കാലത്തെ അറബികൾ നൽകിയിട്ടുണ്ട്. രസതന്ത്രം, തത്ത്വശാസ്ത്രം, ഭൂമിശാസ്ത്രം, ജ്യോതിഃശാസ്ത്രം ഇവ അറബികൾ അഭ്യസിക്കയും പാശ്ചാത്യലോകത്തിനു് പ്രദാനംചെയ്കയും ചെയ്തു. ഗണിതശാസ്ത്രവും വൈദ്യവിദ്യയും അവർ യൂറോപ്യൻ രാജ്യങ്ങൾക്കു് നൽകി. രസതന്ത്രത്തിൽ വൈദ്യവിദ്യശാഖയായ ശസ്ത്രക്രിയയിലും അവർ വിദഗ്ധന്മാരായിരുന്നു. പാശ്ചാത്യലോകത്തു് ശസ്ത്രക്രിയ നടത്തുവാൻ പഠിപ്പിച്ചതു് അറബികളാണെന്നു കാണുന്നു. ചൈനയിൽ വളരെ അഭിവൃദ്ധിപ്രാപിച്ചിരുന്ന കടലാസ്സുനിർമ്മാണവിദ്യ അറബികൾ കരസ്ഥമാക്കുകയും അതു പരിഷ്കരിച്ചു യൂറോപ്പിൽ പ്രചരിപ്പിക്കയും ചെയ്തു. ദൂരദർശിനി, ആദ്യമായി നിർമ്മിച്ചതു് അറബികളാണു്. അറബിസഞ്ചാരികൾ സമുദ്രങ്ങൾ തരണംചെയ്തു് ആഫ്രിക്ക, ഇന്ത്യൻതീരപ്രദേശം, മലേഷ്യാ മുതലായ സ്ഥലങ്ങളിൽ കോളനികൾ സ്ഥാപിച്ചു. മറ്റുള്ളവരിൽ നിന്നും ലഭിച്ച അറിവിനെ ആധാരമാക്കി സ്വന്തമായി പരീക്ഷണങ്ങളും ഗവേഷണങ്ങളും നടത്തി. പല

പ്രധാന കണ്ടുപിടിത്തങ്ങൾ നടത്തിയതു് അറബിസംസ്കാരത്തിന്റെ പ്രത്യേകതയാണു്.

സാമ്രാജ്യം അതിവിസ്തൃതവും അധികാരതൃഷ്ണ അപാരവും ആയതോടെ നേതൃത്വത്തിലുള്ള ദൃഢോഹം അറബിസാമ്രാജ്യത്തെ അധഃപതനത്തിലേയ്ക്കു നയിച്ചു. പ്രാദേശികഭരണകർത്താക്കൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു തുടങ്ങിയതോടെ സാമ്രാജ്യത്തിന്റെ ഭദ്രത നഷ്ടപ്പെട്ടു. സമൃദ്ധിയുടെ ആഗമനത്തോടുകൂടി അറബികൾ അവരുടെ ലളിതജീവിതവും ഉപേക്ഷിച്ചു. ഇങ്ങനെ അറബിസാമ്രാജ്യത്തിന്റെ ദാർഢ്യം ഉലഞ്ഞുകൊണ്ടിരുന്നു.

അറബിസാമ്രാജ്യത്തിന്റെ അധോമുഖമായ പ്രയാണത്തെ തടഞ്ഞുനിർത്തിയതു് തുർക്കികളുടെ രംഗപ്രവേശനമായിരുന്നു. തുർക്കികളുടെ ആധിപത്യത്തോടെ കുരിശുയുദ്ധവും ആരംഭിച്ചു. ഒരു നൂറുകൊല്ലത്തെ കുരിശുയുദ്ധം തുർക്കികളേയും ക്ഷീണിപ്പിച്ചുവെന്നു പറയാം. സുപ്രസിദ്ധമായിരുന്ന ബാഗ്ദാദ് നഗരത്തെ മംഗോളിയൻ ആക്രമണം നാമാവശേഷമാക്കിത്തീർത്തു. ഏഷ്യയേയും യൂറോപ്പിനേയും വിറപ്പിക്കുമാറു് മംഗോളിയൻ നേതാവായ ചെങ്കിസ്ഖാൻ കൊടുങ്കാറ്റെന്നപോലെ ബാഗ്ദാദ് നഗരത്തെയും സാമ്രാജ്യത്തെയും നശിപ്പിച്ചു. ചുരുങ്ങിയ കാലയളവിനുള്ളിൽ അറബികൾക്കു് മഹത്തായ ഒരു സാമ്രാജ്യം സ്ഥാപിക്കുവാൻ കഴിഞ്ഞു. അതോടൊപ്പം മഹത്തായ ഒരു സംസ്കാരവും അവർ വാർത്തെടുത്തു.

വിഭാഗം 5

യൂറോപ്പിലെ ദേശീയരാഷ്ട്രങ്ങൾ

യൂറോപ്പിൽ മദ്ധ്യകാലത്തു് രാജാക്കന്മാരുടെ അധികാരാവകാശങ്ങളെ നിയന്ത്രിക്കുന്നതിനു് 'ഫ്യൂഡലിസം' സുശക്തമായി പ്രവർത്തിച്ചുപോന്നു. ഫ്യൂഡൽ പ്രഭുക്കന്മാരുടെ എതിർപ്പുകളെയും സമരങ്ങളെയും ഭയന്നു് രാജാക്കന്മാർ അവക്കു് വഴിപ്പെട്ടും പോന്നു. 14-ാം ശതകത്തിന്റെ ആരംഭത്തോടുകൂടി രാജാക്കന്മാർ പ്രഭുക്കന്മാ

രുടെ എതിർപ്പിൽനിന്നു് രക്ഷപ്പെട്ട. പോപ്പിന്റെ പരമാധികാരത്തിനു് ക്ഷീണം സംഭവിച്ചതു് രാജാക്കന്മാരുടെ ശക്തിക്കു് കൂട്ടതൽ ഇടംകൊടുത്തു. സമരകുതുകികളായ പ്രഭുക്കന്മാർ വാണിജ്യപുരോഗതിക്കും മറ്റും തടസ്സക്കാരായി നിന്നു. കച്ചവടാഭിവൃദ്ധിക്കു് നിദാനമായ സമാധാനം സംസ്ഥാപിക്കുന്നതിനു് പുതുതായി ഉയർന്നുവന്ന പട്ടണങ്ങളിലെ കച്ചവടക്കാർ രാജാവിനു് നികുതി കൊടുത്തും മറ്റും സഹായിക്കുവാൻ തുടങ്ങി. ഇങ്ങനെ ബഹുഭൂരിപക്ഷമുള്ള ഇടത്തരക്കാരുടെ പരിപൂർണ്ണ സഹായങ്ങളും, സഹകരണങ്ങളും രാജാക്കന്മാരെ കൂട്ടതൽ പ്രബലരാക്കിത്തീർത്തു. ജനങ്ങളുടെയിടയിലും ദേശീയബോധം ഉളവായിത്തുടങ്ങി. ഭാഷ, മതം, പാരമ്പര്യം ഇവയെ അടിസ്ഥാനമാക്കിയുള്ള ദേശീയബോധത്തിന്റെ നേരിയ കിരണങ്ങൾ യൂറോപ്പിൽ എങ്ങും പ്രകാശിച്ചു. അനുക്രമമായി പശ്ചിമയൂറോപ്പു് വിവിധ ദേശീയരാഷ്ട്രങ്ങളായി രൂപംപ്രാപിച്ചുവന്നു. ദേശീയരാഷ്ട്രങ്ങളുടെ സംരക്ഷണാർത്ഥം ഏകച്ഛത്രാധിപതികളായ രാജാക്കന്മാരുടെ ഭരണം തുടങ്ങി. അതതു രാജ്യങ്ങളിലെ ദേശീയൈക്യതയുടെ കേന്ദ്രം രാജാക്കന്മാരുമായിത്തീർന്നു. ഓരോ രാഷ്ട്രത്തിന്റെയും സ്വരാജ്യസ്നേഹം, അവിടത്തെ പരമാധികാരിയായ രാജാവിനോടുള്ള ഭക്തിയായും രൂപം പ്രാപിച്ചു. രാജാക്കന്മാരുടെ ഏകാധിപത്യത്തിനു് ഇതു് സൗകര്യം നൽകിയെന്നു് പറയേണ്ടതില്ലല്ലോ. ഫ്രാൻസു്, പ്രഷ്യ, റഷ്യ എന്നീ രാജ്യങ്ങളിലെ പരമാധികാര രാജാക്കന്മാരിൽ പ്രധാനികളെക്കുറിച്ചു് ചിന്തിക്കാം,

1. ഫ്രാൻസിലെ ലൂയി XIV (1661-1715)

12-ാം ശതകത്തിന്റെ അവസാനത്തിൽ ഫ്രാൻസിൽ സുശക്തമായ രാജവാഴ്ച ആരംഭിച്ചു. തുടർന്നു് 3 നൂറ്റാണ്ടുകാലം രാജാക്കന്മാരുടെ കീഴിൽ ഫ്രാൻസു് അഭിവൃദ്ധിപ്രാപിച്ചുകൊണ്ടേയിരുന്നു. 17-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ലൂയി XIV ഫ്രാൻസിലെ രാജാവായിരുന്നു. പുരോഗമനപരമായ നിയമങ്ങൾ, രാജ്യ

വ്യാപ്തി, രാജകീയശക്തി എന്നീ നിലകളിൽ നോക്കുമ്പോൾ ഫ്രാൻസ് അക്കാലത്തു് ഒരുന്നതശക്തിയായിത്തീർന്നുവെന്നുപറയാം. അദ്ദേഹത്തിന്റെ കാലത്തു് ഫ്രാൻസ് സമ്പൽസമൃദ്ധമായ രാജ്യമായിത്തീർന്നു. ഫ്രാൻസിനെ സ്വയംപര്യാപ്തതയിൽ എത്തിക്കുവാൻ വാണിജ്യപരമായ പല പരിഷ്കാരങ്ങളും അദ്ദേഹം നടപ്പിൽ വരുത്തി. വിദേശങ്ങളിൽനിന്നുള്ള ഇറക്കുമതി തടഞ്ഞു് സ്വദേശവ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ വിദേശച്ചരക്കുകൾക്കു് വലിയചുങ്കം ചുമത്തി. ക്യാനഡായിൽ കുടിയേറിപ്പാർക്കുവാൻ ഫ്രഞ്ചുജനതയെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ഫ്രഞ്ചുസാഹിത്യത്തിന്റെ സുവർണ്ണകാലമായിരുന്നു ലൂയിയുടെ കാലം. സാഹിത്യകാരന്മാരെയും, കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ അദ്ദേഹം അദ്വിതീയനായിരുന്നു. പല സുപ്രസിദ്ധ സാഹിത്യകാരന്മാരും അദ്ദേഹത്തിന്റെ പരിലാളനയിൽ ജീവിച്ചുവന്നു. ഫ്രഞ്ചുകാരുടെ വേഷം, ആചാരം മുതലായവയെ അനുകരിക്കുവാൻ അന്നത്തെ യൂറോപ്പിലെ കുലീന ജനതവെമ്പൽകൂട്ടി എന്നു പറയുമ്പോൾ ഫ്രഞ്ചുജനതയുടെ അന്നത്തെ പൊതുവായ നിലവാരം ഊഹിക്കാവുന്നതാണു്. ലൂയി പതിന്നാലാമൻ, യൂറോപ്പിലെ 'Grand Monarch' എന്നറിയപ്പെട്ടമാറു് പ്രശസ്തിയാർജ്ജിച്ചു.

രാജാവു് ദൈവനിയുക്തനാണെന്നും, രാജാധികാരം ദൈവദത്തമാണെന്നുമുള്ള വിശ്വാസം യൂറോപ്പിൽ സാർവ്വത്രികമായതു് ഇക്കാലത്താണു്. ഫ്രഞ്ചുവിപ്ലവകാലംവരെ ഈ വിശ്വാസം യൂറോപ്പിൽ സാർവ്വത്രികമായിരുന്നു.

2. റഷ്യയിലെ പീറർ (1682–1725)

ലൂയി പതിന്നാലാമൻ പ്രശസ്തമായി ഫ്രാൻസ് ഭരിച്ചുകൊണ്ടിരുന്ന കാലത്തു് റഷ്യ അഭിവൃദ്ധിയിലേയ്ക്കു യന്ത്രവരികയായിരുന്നു. ഈ കാലഘട്ടത്തു് ലൂയിയുടെ സമകാലീനനായിരുന്ന പീറർ മഹാന്റെ കാലത്തായിരുന്നു. പീറർ ഭരണം കയ്യേല്ക്കുന്ന അവസരത്തിൽ ഒരു രാഷ്ട്രമെന്നനിലയിൽ റഷ്യ തുലോം താണനിലയിലായി

രുന്നു. കപ്പലുകളാകട്ടെ സൌകര്യമുള്ള തുറമുഖങ്ങളാകട്ടെ ഉണ്ടായിരുന്നില്ല. സൈനികശക്തി തീരെ ക്ഷയിച്ചിരുന്നു. ഈ നിലയിൽനിന്നും റഷ്യയെ ഉണർത്തി ഒരു പ്രബല രാഷ്ട്രമാക്കിത്തീർത്തതു് മഹാനായ പീറർ ആയിരുന്നു. അദ്ദേഹം ഇംഗ്ലണ്ടു്, ജർമ്മനി, പോളണ്ടു് മുതലായ രാജ്യങ്ങൾ സന്ദർശിക്കയും അവിടങ്ങളിൽനിന്നു് തന്റെ രാജ്യത്തിന്റെ പുരോഗതിക്കും നിർമ്മാണപദ്ധതികൾക്കും ആവശ്യമായ ശാസ്ത്രജ്ഞന്മാരെയും വിദഗ്ധ തൊഴിലാളികളേയും മറ്റും കൊണ്ടുവരികയും റഷ്യയെ പാശ്ചാത്യ മാതൃകയിൽ പുനരുദ്ധരിക്കയും ചെയ്തു. രാജ്യത്തിന്റെ പുരോഗതിക്കാവശ്യമായ പല പരിഷ്കാരങ്ങളും അദ്ദേഹം നടപ്പിലാക്കി. ഒരു നാവികസേനയെ ഏർപ്പെടുത്തുകയും സൈന്യത്തെ സുശക്തവും കാര്യക്ഷമവും ആക്കിത്തീർക്കയും ചെയ്തു. അദ്ദേഹം സ്ഥാപിച്ച പുതിയ പട്ടണങ്ങളിൽ ഇന്നു് ലെനിൻഗ്രാഡ് എന്നറിയപ്പെടുന്ന സെന്റു് പീറേഴ്സ് ബെർഗും ഉൾപ്പെടുന്നു. വിദേശനയത്തിൽ അദ്ദേഹത്തിനു് പല വിജയങ്ങളും സിദ്ധിച്ചുവെന്നുമാത്രമല്ല, റഷ്യക്കു് പടിഞ്ഞാറു് ബാൾട്ടിക്കു് പ്രദേശത്തോടടുത്തുള്ള പ്രവേശനദ്വാരം ലഭിച്ചതും അക്കാലത്താണു്. അധുനിക റഷ്യയുടെ ജനയിതാവും മഹാനായ പീറർ തന്നെയായിരുന്നു. യൂറോപ്യൻ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിലുള്ള അദ്ദേഹത്തിന്റെ പരിശ്രമത്തെ എതിർത്തവരോടു് അദ്ദേഹം നിർദ്ദയമായിത്തന്നെ പെരുമാറിയിരുന്നു.

3. പ്രഷ്യയിലെ ഫ്രഡറിക്കു് (1740–1786)

ഫ്രഡറിക്കു് വില്യം ഒന്നാമന്റെ കാലത്തു് പ്രഷ്യ ഒരു പ്രധാന രാഷ്ട്രമായി രൂപംപ്രാപിച്ചു. 19–ാം നൂറാണ്ടിൽ ജർമ്മനി ആയിത്തീർന്നതു് പ്രഷ്യയായിരുന്നു. ഫ്രഡറിക്കു് വില്യത്തിന്റെ പുത്രനായിരുന്ന മഹാനായ ഫ്രഡറിക്കു്. ഒരു യോദ്ധാവെന്നനിലയിലും ഭരണാധികാരിയെന്ന നിലയിലും ഫ്രഡറിക്കു് അദ്വിതീയനായിരുന്നു. ചെറുപ്പത്തിലേ സംഗീതാദി കലകളിൽ വാസനയുണ്ടായിരുന്ന ഫ്രഡറിക്കിനെ സൈനിക പരിശീലനവും നിഷ്ഠയുള്ളമായ വിനയസമ്പ്രദായവും ഒരു വികാരരഹിത

നായ സേച്ഛ്വാധിപതിയാക്കിത്തീർത്തു. എങ്കിലും ജനങ്ങളുടേയും രാജ്യത്തിന്റേയും നന്മക്കുവേണ്ടി അത്യധ്വാനം ചെയ്ത ഒരു സേച്ഛ്വാപ്രഭുവായിരുന്നു അദ്ദേഹം. ജനങ്ങളുടെ നന്മയെ ലാക്കാക്കി പല പരിഷ്കാരങ്ങളും ഏർപ്പെടുത്തി. തരിശായിക്കിടന്ന ഭൂപ്രദേശങ്ങളെ ജനവാസയോഗ്യമാക്കുന്നതിനും, കൃഷിസ്ഥലങ്ങൾ ആക്കുന്നതിനും പല നടപടികളും അദ്ദേഹം വിജയപൂർവ്വം സ്വീകരിച്ചു. യുദ്ധാനന്തരകാലങ്ങളിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് പല നടപടികൾ സ്വീകരിക്കയും, കരം ഇളവു ചെയ്തുകൊടുക്കുകയും ചെയ്തു. വ്യവസായങ്ങൾക്ക് പ്രോത്സാഹനം നല്കി, നികുതി നിയമങ്ങൾ ലഘൂകരിച്ചു. നിയമസംഹിത പരിഷ്കരിച്ച് യുക്തിപൂർവ്വമാക്കിത്തീർത്തു; മതകാര്യങ്ങളിൽ സഹിഷ്ണുത പ്രകടിപ്പിച്ചു.

വിദേശനയത്തിൽ ഫ്രഡറിക്ക് പൂർണ്ണവിജയം നേടി. ആസ്ത്രിയൻ പിന്തുടർച്ചാവകാശയുദ്ധത്തിന്റേയും, സപ്തവത്സര സമരത്തിന്റേയും ഫലമായി ചില പ്രദേശങ്ങൾ അദ്ദേഹത്തിനു ലഭിക്കയും പ്രഷ്യയുടെ പ്രാബല്യം യൂറോപ്പിൽ വർദ്ധിക്കുകയും ചെയ്തു. ഇങ്ങനെ യുദ്ധംചെയ്ത് രാജ്യം വിസ്തൃതമാക്കുന്നതിൽ അദ്ദേഹം പൂർണ്ണവിജയം പ്രാപിച്ചു.

യൂറോപ്യൻ ചരിത്രത്തിൽ ഫ്രഡറിക്ക് സ്മരണീയനാണ്. സർവ്വ അധികാരങ്ങളും അദ്ദേഹം കയ്യടക്കിവെച്ചിരുന്നുവെങ്കിലും ജനങ്ങളുടെ ക്ഷേമത്തെ ലാക്കാക്കി രാജ്യഭരണം നടത്തി. ജനങ്ങൾ ഭരണകർത്താക്കൾക്കു വേണ്ടി ജീവിക്കയല്ല, ഭരണകർത്താക്കൾ ജനങ്ങൾക്കു വേണ്ടി ജീവിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദർശം. ആധുനിക ജർമ്മനിയുടെ അടിത്തറ പാകിയതു് ഫ്രഡറിക്കു് ആയിരുന്നുവെന്നു പറയാം.

മേല്പറഞ്ഞ രാജാക്കന്മാർ കേവലം സേച്ഛ്വാധിപതികളായിരുന്നുവെങ്കിലും ജനങ്ങളുടെ ക്ഷേമത്തെ ലക്ഷ്യമാക്കി ഭരിക്കേണ്ടതു് തങ്ങളുടെ കടമയാണെന്നു് വിശ്വസിച്ചവരായിരുന്നു. ജനങ്ങളെ ഭരണകാര്യങ്ങളിൽ ഉൾ

പ്പെടുത്തുന്നതിന് അവർ കൂട്ടാക്കിയില്ല. എങ്കിലും ജനങ്ങളുടെ നന്മയ്ക്കും ശ്രേയസ്സിനുംവേണ്ടി അവർ പ്രയത്നിച്ചു.

വിഭാഗം 6

നവോത്ഥാനം—രാഷ്ട്രീയ സാമൂഹ്യ ഫലങ്ങൾ

യൂറോപ്പിൽ മദ്ധ്യകാലത്തിന്റെ അന്ത്യവും ആധുനികയുഗത്തിന്റെ ഉദയവും കുറിക്കുന്ന ഒരു നവജീവൻ പ്രത്യക്ഷമായി. ഈ സംഭവം നവോത്ഥാനം എന്ന പേരിൽ അറിയപ്പെടുന്നു. സാമാന്യമായി ഗ്രീക്ക്-റോമാ സാഹിത്യഗ്രന്ഥങ്ങളും തത്വസംഹിതകളും പഠിക്കുന്നതിനു് യൂറോപ്പിൽ നവീനമായ ഔത്സുക്യം പ്രത്യക്ഷമായി. നവീനമായുണ്ടായ ഈ ഔത്സുക്യത്തെയാണു് നവോത്ഥാനം എന്ന പദംകൊണ്ടു് സാമാന്യമായി വിവക്ഷിക്കപ്പെടുന്നതെങ്കിലും, അതിലേറെ വിശാലമായ അർത്ഥമാണു് ആ പദത്തിനുള്ളതു്. ആധുനിക യുഗത്തിന്റെ ഉദയത്തോടുകൂടി അന്വേഷണബുദ്ധിയും സ്വതന്ത്രചിന്തയും ജനങ്ങളിൽ അങ്കുരിച്ചു. മദ്ധ്യകാലത്തു് സ്വതന്ത്രമായ ചിന്തയും, അന്വേഷണബുദ്ധിയും വിലക്കപ്പെട്ടവയായിരുന്നു. മതസിദ്ധാന്തങ്ങളും, തത്വസംഹിതകളും വിശ്വസിക്കയെന്നല്ലാതെ അവയെക്കുറിച്ചു് ചോദ്യം ചെയ്കയെന്നതു് നിഷിദ്ധമായി കരുതപ്പെട്ടിരുന്നു. അതേ സമയം സ്വതന്ത്രചിന്ത മനുഷ്യപുരോഗതിക്കു് അനിവാര്യമെന്നു് കരുതിവന്ന ചിന്തകന്മാരും ഉണ്ടായി. അബീലാർഡ്, റോജർബേക്കൺ മുതലായ ചിന്തകന്മാർ അന്വേഷണബുദ്ധിയും, സ്വതന്ത്രചിന്തയും ജ്ഞാനപുരോഗതിക്കു് അത്യന്താപേക്ഷിതമെന്നു് പ്രകീർത്തിച്ചു. അവരുടെ പ്രമാണങ്ങളും, സിദ്ധാന്തങ്ങളും ജനഹൃദയങ്ങളെ വശീകരിച്ചു. തൽഫലമായി യുക്തിചിന്തയും അന്വേഷണബുദ്ധിയും പ്രത്യക്ഷപ്പെട്ടു. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ വളർന്നുവന്ന ചിന്താഗതികളും, മനോഭാവങ്ങളും അഭിരുചികളും യൂറോപ്യൻ ജനതയുടെ സകല ജീവിതവശങ്ങളിലും സാരമായ പുരോഗതി കൈവരുത്തി. പുരാ

തന ഗ്രീക്കു-റോമാ മഹാഗ്രന്ഥങ്ങൾ പഠിക്കുന്നതിനു് പുന രുൽഭവിച്ച ആസക്തി ജനങ്ങളുടെ ബുദ്ധിവികാസത്തി നും സ്വതന്ത്രചിന്തയ്ക്കും കാരണമായി. എന്നുമാത്രമല്ല, പല പുരാതനഗ്രന്ഥങ്ങളും തദ്ദേശഭാഷകളിലേയ്ക്കു് പരി ഭാഷപ്പെടുത്തുവാനും തുടങ്ങി. തൻമൂലം തദ്ദേശഭാഷകൾ പുരോഗമിച്ചു. ഗ്രീക്കും, ലത്തീനും അറിയാതിരുന്നവർക്കു പോലും അവയിലെ തത്വങ്ങളും, ചിന്താഗതികളും മന സ്സിലാക്കുവാൻ കഴിഞ്ഞു.

'ഫ്യൂഡൽ' വ്യവസ്ഥിതി ക്ഷയിച്ചതോടെ സമുദായ രംഗത്തു് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടായി. 'ഫ്യൂഡൽ' പ്രഭുക്കന്മാരുടെ ദാസ്യപ്രവൃത്തികളിൽനിന്നു് ബഹുഭൂരിപക്ഷം ജനങ്ങൾ വിമുക്തരായി. നഗരങ്ങള ടെ വളർച്ചയും കച്ചവടക്കാരുടെ അഭിവൃദ്ധിയും 'ഫ്യൂഡൽ' ജന്മികളല്ലാത്ത ഒരു വമ്പിച്ച വിഭാഗം ധനവാന്മാരെ സൃഷ്ടിച്ചു. അവർ പട്ടണങ്ങളിലെ ഭരണകാര്യങ്ങളിൽ ഇടപെട്ടു് അധികാരവും അവകാശവും പിടിച്ചെടുത്തു.

രാഷ്ട്രീയരംഗത്തും അതിപ്രധാനമായ സംഭവവികാ സങ്ങൾ ഉണ്ടായി. ദൈവദത്തം എന്നു കരുതപ്പെട്ടിരുന്ന രാജാധികാരത്തെ യഥേഷ്ടം നിരൂപണംചെയ്യുവാൻ അവ കാശമുണ്ടെന്നുള്ള ഉണർവ്വു് ജനങ്ങൾക്കുണ്ടായിത്തുടങ്ങി. ദേശീയരാഷ്ട്രങ്ങളുടെ ഉദയവും ഈ കാലഘട്ടത്തിലെ ചിന്താഗതിക്കും, പാരമ്പര്യങ്ങൾക്കും പുതിയ രൂപംകൊ ടുത്തു. മനുഷ്യനിർമ്മിതമായ ഒരു സ്ഥാപനമാണു് ഭരണ കൂടം എന്നു് ജനങ്ങൾ മനസ്സിലാക്കുവാൻ തുടങ്ങി.

അച്ചടിവിദ്യ കണ്ടുപിടിച്ചതോടുകൂടി ഗ്രന്ഥങ്ങൾ സുലഭങ്ങളായിത്തീർന്നു. വിദ്യാഭ്യാസം ജനങ്ങൾക്കു് പരക്കെ ലഭിക്കുവാൻ തുടങ്ങി. വിജ്ഞാനവളർച്ചയോ ടൊപ്പം സ്വതന്ത്രചിന്താബോധവും യുക്തിചിന്തയും ഉയ ർന്നുവന്നു. ഏവംവിധങ്ങളായ ചിന്താഗതികൾ മതപരി ഷ്കരണത്തിനു് വഴി തെളിയിച്ചു.

വിഭാഗം 7

ക്രിസ്തുമതനവീകരണം (Reformation)

ലൂതറും പ്രോട്ടസ്റ്റെൻറു് മതവും

16-ാം നൂറ്റാണ്ടിൽ യൂറോപ്പിലുണ്ടായ മതപരമായ ഒരു വിപ്ലവത്തിനാണു് "ക്രിസ്തുമതനവീകരണം" എന്നു പറയുന്നതു്. ഈ വിപ്ലവത്തിനു് പല കാരണങ്ങളുമുണ്ടായി. അതിലേറ്റവും പ്രധാനമായതു് "നവോത്ഥാനം" ആയിരുന്നു. മതപരിഷ്കരണം നവോത്ഥാനത്തിൻറെ ശിശുവായി പരിഗണിക്കപ്പെട്ടുന്നു. മതകായ്ക്കങ്ങളിൽ പല അനാചാരങ്ങളും നൂറ്റാണ്ടുകൾക്കുശേഷം കടന്നുകൂടി. നവോത്ഥാനത്തിൻറെ ഫലമായി ജനങ്ങൾ സ്വതന്ത്രമായി ചിന്തിക്കുവാൻ തുടങ്ങുകയും ചില മതാചായ്ക്കന്മാരുടെ ചെയ്തികളെ ചോദ്യംചെയ്യാനാരംഭിക്കുകയും ചെയ്തു. മതപരമായ ഈ വിപ്ലവത്തിനു് പ്രധാനകാരണം ചില ക്രിസ്തീയ വൈദികരുടെ ദൈനംദിനജീവിതത്തിലെ അധഃപതനമായിരുന്നു. അവരിൽ പലരും സ്വാർത്ഥലോലുപരും സുഖാന്വേഷികളുമായിത്തീർന്നു. പല മതാചായ്ക്കന്മാരും മതത്തിൻറെ താല്പര്യത്തിനു് വിപരീതമായി പ്രവർത്തിക്കുന്നവരായി പരിണമിച്ചു. തൻമൂലം ജനതാമദ്ധ്യത്തിൽ വൈദികക്കുണ്ടായിരുന്ന സ്വാധീനശക്തി ക്ഷയിച്ചു. പുതുതായി വളർന്നുവന്ന ദേശീയപ്രബുദ്ധതയും രാഷ്ട്രങ്ങളിൽ പോപ്പിനുണ്ടായിരുന്ന അധികാരാവകാശങ്ങളുടെ നഷ്ടവും മതനവീകരണത്തിനു് വഴിതെളിച്ചു. 11-ാംനൂറ്റാണ്ടിൽ ജോൺ വൈക്ലിഫ് പോപ്പിൻറെ ഭൌതികകായ്ക്കങ്ങളിലുള്ള അധികാരത്തെ ചോദ്യംചെയ്തു. മതത്തിൻറെ അന്തസ്സത്തയുമായി പൊരുത്തമില്ലാത്ത ജീവിതം നയിച്ചിരുന്ന മതാചായ്ക്കന്മാരെ പോറ്റുന്നതിനു് സംഭാവന നിഷേധിക്കുന്നതു് നല്ലതാണെന്നുകൂടി അദ്ദേഹം ഉദ്ഘോഷിക്കുകയുണ്ടായി.

ജർമ്മനിയിൽ മാർട്ടിൻ ലൂതർ എന്ന ഒരു വൈദികനാണു് ക്രിസ്തുമതപരിഷ്കരണം ആരംഭിച്ചതു്. അവി

ടെ അന്നു് മതനവീകരണത്തിനു പ്രേരണനൽകുന്ന സാഹചര്യങ്ങളാണുണ്ടായിരുന്നതു്. അവിടത്തെ വൈദികരുടെ പൊതുവെയുള്ള ധാർമ്മികമായ അധഃപതനം തന്നെയാണു് മുഖ്യമായ കാരണം, ലൂതർ അതിനെ പരസ്യമായി എതിർത്തു. അതിവേഗം ഈ എതിർപ്പു് ചില മതസിദ്ധാന്തങ്ങളുടെ നേരെയും തിരിഞ്ഞു. അതോടുകൂടി പോപ്പു് അദ്ദേഹത്തെ ക്രൈസ്തവസഭയിൽനിന്നും ബഹിഷ്കരിച്ചു. പക്ഷേ, ജർമ്മനിയിലെ ചില സാമന്തരാജാക്കന്മാരും, പ്രഭുക്കന്മാരും, ഇടത്തരക്കാരും അദ്ദേഹത്തെ പിൻതാങ്ങി. ഇങ്ങനെ ക്രൈസ്തവസഭയിൽ രണ്ടു കക്ഷികളുണ്ടായി. പോപ്പിന്റെ ക്രൈസ്തവസഭാദ്ധ്യക്ഷൻ എന്നുള്ള അധികാരത്തേയും ചില വിശ്വാസപ്രമാണങ്ങളേയും പ്രതിഷേധിച്ച ലൂതറിനേയും അനുയായികളേയും 'പ്രോട്ടസ്റ്റൻറു'കാരെന്നു വിളിച്ചുവന്നു. 'പ്രൊട്ടെസ്റ്റ്' എന്ന ഇംഗ്ലീഷു് പദത്തിൽനിന്നാണു് ഈ പേരുണ്ടായതു്. ഈ മതനവീകരണ പ്രസ്ഥാനം ഇതുപോലെയുള്ള കാരണങ്ങളുടെ ഫലമായി മറ്റു യൂറോപ്യൻ രാജ്യങ്ങളിലും വ്യാപിച്ചു. ഫ്രാൻസിൽ കാൽവിനും, സ്വിറ്റ്സർലണ്ടിൽ സ്വിംഗ്ലിയും ഈ പ്രതിഷേധത്തിനും നവീകരണത്തിനും നേതൃത്വം നല്കി. ഡെൻമാർക്കു്, സ്വീഡൻ മുതലായ രാജ്യങ്ങളിൽ ലൂതറിന്റെ നിർദ്ദേശങ്ങളനുസരിച്ചു തന്നെയാണു് മതനവീകരണം നടന്നതു്. എന്നാൽ, ഇംഗ്ലണ്ടിൽ അന്നത്തെ രാജാവായിരുന്ന ഹെൻറി എട്ടാമന്റെ വിവാഹക്കാര്യമാണു് എതിർപ്പിനു മുഖ്യകാരണമായി ഭവിച്ചതു്. അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന കാതറൈനെ ഉപേക്ഷിച്ചു്, ആനിബൊളീൻ എന്ന സ്ത്രീയെ വിവാഹം ചെയ്യണമെന്നു് ഹെൻറി ആവശ്യപ്പെട്ടു. പോപ്പു് ഉൾപ്പെടെയുള്ള മതാധികാരികൾ അതിനെ എതിർത്തു. പോപ്പിന്റെ അധികാരം ഹെൻറി ധിക്കരിച്ചു. അദ്ദേഹം ഇംഗ്ലണ്ടിലെ മതാദ്ധ്യക്ഷനായി സ്വയം പ്രഖ്യാപിച്ചു. അതോടുകൂടി അവിടെയും മതനവീകരണ പ്രസ്ഥാനം ആരംഭിച്ചു.

പ്രതിനവീകരണം

പ്രോട്ടസ്റ്റൻറ് മതത്തിൻെറ അതിശീഘ്രമായ പ്രചാരം കത്തോലിക്കാസഭയെ സജീവമായ കർമ്മരംഗത്തേയ്ക്ക് ഇറക്കിവിട്ടു. കത്തോലിക്കാസഭയിൽ വളർന്നുവന്ന അനുവദനീയമല്ലാത്ത ദുരാചാരങ്ങളും, ദുഷ്ക്രമങ്ങളും പാടെ വിപാടനം ചെയ്തെങ്കിലേ പ്രോട്ടസ്റ്റൻറ് മതത്തിൻെറ ശീഘ്രമായ വളർച്ചയെ തടയുവാൻ സാധിക്കയുള്ളുവെന്നു കത്തോലിക്കാസഭയ്ക്ക് മനസ്സിലായി. ഇങ്ങനെ മതാചാരങ്ങളിലും മറ്റും കടന്നുകൂടിയ മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള പരിപാടികൾ കത്തോലിക്കാസഭ ആസൂത്രണംചെയ്തു. ഇതു് പ്രതിനവീകരണം (Counter Reformation) എന്ന പേരിൽ അറിയപ്പെട്ടുന്നു ട്രെൻറ് (Trent) എന്ന സ്ഥലത്തു് 18 വർഷക്കാലം നീണ്ടുനിന്ന (1545—1563) മതമഹാസമ്മേളനത്തിൽ കത്തോലിക്കാ മതാചാരങ്ങളെ പരിഷ്ക്കരിക്കുന്നതിനുവേണ്ട തീരുമാനങ്ങൾ എടുത്തു. പ്രതിനവീകരണത്തിൽ പ്രശസ്തിയാർജ്ജിച്ച മഹാനത്രേ ഇഗ്നേഷ്യസ് ലയോള. അദ്ദേഹം സ്ഥാപിച്ച ജസ്യൂട്ട് (Jesuit) സംഘടന വളരെ വിലയേറിയ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. പ്രോട്ടസ്റ്റൻറുകാരിൽ അനേകംപേരെ അവർ കത്തോലിക്കാസഭയിലേക്ക് വീണ്ടെടുത്തു. അവർ അനവധി വിദ്യാലയങ്ങൾ സ്ഥാപിക്കുകയും, ക്രിസ്തുമതം പ്രചരിപ്പിക്കുകയും ചെയ്തു.

ക്രിസ്തുമതനവീകരണത്തിൻെറ ഫലങ്ങൾ

പ്രോട്ടസ്റ്റൻറുമതത്തിൽ തന്നെ പല ഭാഗക്കാരും ഉണ്ടായതു് യൂറോപ്പിൻെറ ഐക്യത്തെ ഭഞ്ജിച്ചു. കത്തോലിക്കരും പ്രോട്ടസ്റ്റൻറുകാരും തമ്മിലുണ്ടായ മത്സരം പല യുദ്ധങ്ങൾക്കും, രക്തച്ചൊരിച്ചിലിനും കാരണമാക്കി. മതത്തിൻെറ പേരിൽ ഉണ്ടായ സമരങ്ങളും, മത്സരങ്ങളും രാജ്യത്തിൻെറ പൊതുവേയുള്ള ക്ഷേമത്തെ സാരമായി ബാധിച്ചു എന്നു പറയാം. കാലാന്തരത്തിൽ പ്രോട്ടസ്റ്റൻറുകാരുടെ ഇടയിൽത്തന്നെ പല അവാന്തരവിഭാഗങ്ങൾ

ഉടലെടുക്കുകയും, അവർ തമ്മിൽ ചേരിതിരിഞ്ഞു് സമരം നടത്തുകയും ചെയ്തു. യൂറോപ്പിലെ ഓരോ നാട്ടുവാഴിയും മതാദ്ധ്യക്ഷനായിത്തീരുകയും രാജാവിന്റെ മതം അതാതു രാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിനു് നടപടികൾ സ്വീകരിക്കയും ചെയ്തതോടെ രാജ്യങ്ങൾ തമ്മിലുള്ള സമരം വളരെ കൂട്ടതലായി. അതോടൊപ്പം യൂറോപ്പിലെ രാജാക്കന്മാരുടെ ശക്തി പൂർവ്വാധികം വർദ്ധിച്ചു. കത്തോലിക്കാസഭയുടെ പുനരുദ്ധാരണം പോപ്പിനു് പ്രാബല്യം വീണ്ടും നൽകി. പല രാജ്യങ്ങളിലും മതപരമായ മത്സരങ്ങളും കലഹങ്ങളും വർദ്ധിച്ചുവന്നു. ഡച്ചു റിപ്പബ്ലിക്കിന്റെ ജനനം, ഇംഗ്ലണ്ടിലെ സ്വേച്ഛാഭരണം, സ്പെയിനിന്റെ ശക്തിക്ഷയം, ഫ്രാൻസിലെ വിപ്ലവത്തിനിടയാക്കിയ ഏകാധിപത്യം മുതലായവ ഈ മതകലഹങ്ങളുടെ പ്രത്യാഘാതങ്ങളാണു്. ബിഷപ്പിന്റെ സ്ഥാനത്തെ നിരാകരിക്കുന്ന തരത്തിലുള്ള കാൽവിന്റെ നവീകരണ പ്രസ്ഥാനം ജനായത്തഭരണത്തിന്റെ വളർച്ചയ്ക്കു് അനുകൂലമായ സാഹചര്യം സൃഷ്ടിച്ചു.

വിഭാഗം 8

ബ്രിട്ടനിലെ പരമാധികാരത്തിനുവേണ്ടിയുള്ള വടംവലി

സ്റ്റുവർട്ട് രാജാക്കന്മാരും പാർലമെന്റും

ഫ്രാൻസ്, പ്രഷ്യാ, റഷ്യ മുതലായ രാജ്യങ്ങളിൽ സ്വേച്ഛാധിപത്യം നിലവിൽ വന്നതും അതിലേയ്ക്കു നയിച്ച സാഹചര്യങ്ങളും നാം പഠിച്ചുകഴിഞ്ഞു: ഇംഗ്ലണ്ടിൽ ട്യൂഡർ രാജാക്കന്മാരുടെ കാലത്തു് ഏതാണ്ടു് ഒരു ശതാബ്ദകാലത്തോളം ഏകാധിപത്യഭരണം നടന്നു.

ക്രിസ്തുവർഷം 1066-ൽ ഇംഗ്ലണ്ടിൽ നോർമൻ ആക്രമണം ഉണ്ടാകയും വില്ല്യം ഒന്നാമൻ ഭരണം ആരംഭിക്കയും ചെയ്തു. രാജാധികാരം അന്നുമുതൽ അവിടെ സുശക്തമാകയും ഒരു ദേശീയ രാഷ്ട്രം ഉറച്ചുവരികയും ചെയ്തു. ഈ രാജാധികാരം 15–ാം നൂറ്റാണ്ടുവരെ ക്രമമായി വളർന്നു

വരികയും അതിനുശേഷമുണ്ടായ യുദ്ധങ്ങൾ രാജാധികാരത്തെ സാരമായി സ്പർശിക്കുകയും ചെയ്തു. ക്രിസ്തുവർഷം 1485 മുതൽ 1603 വരെ ഭരിച്ച ട്യൂഡർ വംശരാജാക്കന്മാരുടെ കാലത്തു് രാജാവിന്റെ പ്രാബല്യം പുനഃസ്ഥാപിക്കുന്നതിനിടയായി. തുടച്ചയായുണ്ടായ യുദ്ധങ്ങളിൽ ക്ഷീണിച്ച ഫ്യൂഡൽ പ്രഭുക്കന്മാരെ അമർച്ചചെയ്തു്, സുശക്തമായ ഏകാധിപത്യം സ്ഥാപിക്കുന്നതിനു് ട്യൂഡർ രാജാക്കന്മാർക്കു് കഴിഞ്ഞു. പോപ്പുമായുണ്ടായ ഉരസലിൽ മതാധികാരം പിടിച്ചുപററി നാവികരുടെ നേട്ടങ്ങളും സാഹിത്യകാരന്മാരുടെ സംഭാവനകളും ഈ കാലത്തെ ദേശീയപ്രബുദ്ധതയെ ഉണർത്തി. വാണിജ്യപരമായി ഇംഗ്ലണ്ടു് വളരെ ഉയരുകയും ഒരു വലിയ ഭാഗം ജനങ്ങൾ വാണിജ്യാഭിവൃദ്ധിമൂലം ധനികരായിത്തീരുകയും ചെയ്തു. ട്യൂഡർ വംശത്തിലെ അവസാനത്തെ എലിസബത്തു് രാജ്ഞിയുടെ കാലത്തു് ഇംഗ്ലണ്ടിലെ ദേശീയരാഷ്ട്രം അത്യുന്നതമായ നിലയെ പ്രാപിച്ചു.

ട്യൂഡർ വംശത്തെ തുടർന്നു് 1603 മുതൽ ഇംഗ്ലണ്ടു് ഭരിച്ചതു് സ്റ്റുവർട്ടു് വംശക്കാരാണു്. ഈ വംശക്കാരുടെ ഭരണകാലത്തു് ഇംഗ്ലണ്ടിൽ രാജാവും പാർലമെൻറും തമ്മിൽ വലിയ മത്സരം നടന്നു. ട്യൂഡർ രാജാക്കന്മാരുടെ നയവിശേഷംകൊണ്ടു് പാർലമെൻറുമായി മത്സരിക്കാതെ രാജാധികാരത്തെ ഉറപ്പിച്ചുകൊണ്ടു് ഭരണം നടത്തി. സ്റ്റുവർട്ടു് വംശക്കാരായ ജെയിംസു് ഒന്നാമനും ചാൾസു് ഒന്നാമനും ജനായത്തസിദ്ധാന്തങ്ങളെ തീരെ വകവയ്ക്കാതെ രാജത്വം ദൈവദത്തമാണെന്നുള്ള പ്രമാണത്തെ മുറുകെപ്പിടിച്ചുകൊണ്ടു് ഭരണം നടത്തുവാൻ തുടങ്ങി. രാജാവിന്റെ ചെയ്തികളെക്കുറിച്ചു് ചോദ്യം ചെയ്യാൻ ദൈവത്തിനല്ലാതെ പാർലമെൻറിനു് അവകാശമില്ലെന്നായിരുന്നു അവരുടെ വാദം. സ്വേച്ഛാധിപതികളായി ജനഹിതത്തെ അവഗണിച്ചുകൊണ്ടു് ഭരിക്കുവാനുള്ള രാജാവിന്റെ പരമാധികാരത്തെ പാർലമെൻറു് ചോദ്യം ചെയ്തു. ആർക്കാണു് പരമാധികാരം എന്നതായിരുന്നു പ്രശ്നം. ട്യൂഡർ വംശജരുടെ ഭരണകാലത്തു് സുശക്ത

മായ ഭരണവും രാജ്യത്തു് പൊതുവിൽ സമാധാനവും അത്യന്താപേക്ഷിതമായിരുന്നതിനാൽ ജനങ്ങളുടെ ശ്രദ്ധ മറ്റു വിഷയങ്ങളിലേയ്ക്കു് തിരിഞ്ഞിരുന്നു. വിശേഷിച്ചു നയചാതുരിമൂലം അവർക്കു് ജനസമ്മതി ലഭിച്ചു. സ്റ്റുംവട്ട് കാലത്തെ ഇടത്തരക്കാരുടെ സാമ്പത്തികാഭിവൃദ്ധിയും വളർന്നുവന്ന സ്വാതന്ത്ര്യബോധവും സ്വേച്ഛാഭരണത്തിനു വിലങ്ങുതടികളായിരുന്നു. കത്തോലിക്കാ മതത്തോടു് അവർ കാണിച്ച പ്രതിപത്തി ജനങ്ങൾക്കു് വെറുപ്പുണ്ടാക്കി. പണത്തിന്റെ പൂർണ്ണനിയന്ത്രണം പാർലമെൻറിനായിരുന്നതിനാൽ പലപ്പോഴും സ്റ്റുംവട്ട് രാജാക്കന്മാർ പാർലമെൻറിനു് വഴങ്ങികൊടുക്കേണ്ട ഗതികേടും വന്നുകൂടി.

ജെയിംസ് ഒന്നാമൻ 'ദൈവദത്തമായ രാജാവിന്റെ പരമാധികാരം' (Divine right of kings) മുറുകെ പിടിച്ചു. എങ്കിലും പാർലമെൻറുമായുള്ള മത്സരം വിഷമസന്ധിവരെ അന്നു എത്തിയില്ല. അദ്ദേഹത്തിന്റെ പുത്രനായ ചാറൽസ് ഒന്നാമൻ നിർബ്ബന്ധബുദ്ധിയും നയരഹിതനും ആയതിനാൽ പാർലമെൻറിനു് തീരെ കീഴടങ്ങിയില്ല. പാർലമെൻറാകട്ടെ, കൂടുതൽ കാർക്കശ്യത്തോടെ നടപടികൾ സ്വീകരിക്കുവാൻ തുടങ്ങി. 1628-ൽ രാജാവിന്റെ സ്വേച്ഛാധികാരത്തെ നിയന്ത്രിക്കുന്ന നിയമാവലി അടങ്ങിയതും പാർലമെൻറിന്റെ അധികാരാവകാശങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു പ്രമാണം Petition of Rights-ൽ ഒപ്പു വെയ്ക്കുവാൻ ചാറൽസ് നിർബ്ബന്ധിതനായിത്തീർന്നു. പക്ഷെ, ചാറൽസ് പാർലമെൻറിന്റെ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ടു് പിന്നീടു് ഭരണം നടത്തി. പാർലമെൻറു് എതിർത്തു. തന്നോടെതിർത്ത പാർലമെൻറിനെ ചാറൽസ് പിരിച്ചുവിട്ടു. തുടർന്നു് പതിനൊന്നു വർഷക്കാലം പാർലമെൻറു വിളിച്ചുകൂട്ടാതെ അദ്ദേഹം യഥേഷ്ടം രാജ്യം ഭരിച്ചു. ഒടുവിൽ സ്കോട്ട്ലൻഡുമായി ഒരു സമരം നടത്തേണ്ട ഘട്ടം വന്നപ്പോൾ പണം ആവശ്യമായി. വേണ്ടത്ര പണം അനുവദിക്കുന്നതിനു് ചാറൽസ് പാർലമെൻറു് വിളിച്ചു

കൂട്ടി. ദീർഘകാല പാർലമെൻറ് (Long Parliament) എന്നറിയപ്പെട്ടന്ന പ്രസ്തുത ജനപ്രതിനിധിസഭ ചാറ ത്സിൻെറ പല പ്രവൃത്തികളും അന്യായമാണെന്നു വിധിച്ചു. ചാറത്സും പാർലമെൻറും തമ്മിലുണ്ടായ കല ഹം മൂർദ്ധന്യാവസ്ഥയിൽ എത്തിച്ചേന്നു. തുടന്നു പാർല മെൻറ് കക്ഷികളെന്നും രാജകീയകക്ഷികളെന്നും ജന ങ്ങൾ രണ്ടായിത്തിരിഞ്ഞു് ആഭ്യന്തരസമരം നടന്നു. പാർലമെൻറു കക്ഷി ജയിച്ചു, ജനപ്രതിനിധികൾ രാജാ വിനെ വിസ്തരിച്ചു് കുറക്കാരനാണെന്നു് തെളിയിക്കു കയും 1649–ൽ വധിക്കുകയും ചെയ്തു.

പാർലമെൻറ് കക്ഷിയുടെ നേതൃത്വം വഹിച്ചിരു ന്നതു് ക്രോംവെൽ ആയിരുന്നു. അദ്ദേഹം പ്രൊട്ടക്ടർ (Protector) എന്ന സ്ഥാനപ്പേരോടുകൂടി ഭരണാധികാരി യായിത്തീന്നു. അദ്ദേഹത്തിൻെറ ഭരണം "കോമൺ വെൽത്തു്" എന്നറിയപ്പെട്ടന്നു. ക്രോംവെല്ലിൻെറ ഭര ണം 1658 വരെ—പത്തുകൊല്ലക്കാലം നീണ്ടുനിന്നു. അ തിനുശേഷം കുഴപ്പങ്ങൾ വീണ്ടും തലപൊക്കിത്തുടങ്ങി. പൊതുജനാഭിപ്രായം വീണ്ടും രാജവാഴ്ചക്കനുകൂലമായി. വധിക്കപ്പെട്ട ചാറത്സിൻെറ പുത്രനായ ചാറത്സ് രണ്ടാ മൻ രാജാവായി. നയജ്ഞനായ അദ്ദേഹം കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതിനിടംകൊടുക്കാതെ ഭരണം നടത്തി. അദ്ദേ ഹത്തിൻെറ സഹോദരനായ ജെയിംസ് രണ്ടാമൻ നയ ജ്ഞനോ കുശ്മ്ബുദ്ധിയോ അല്ലായിരുന്നു. നയരഹിത മായ അദ്ദേഹത്തിൻെറ പ്രവൃത്തികൾ വീണ്ടും ഒരു പ്രതി സന്ധിഘട്ടം സൃഷ്ടിച്ചു.

1688–ലെ രക്തരഹിതവിപ്ലവം

(Glorious Revolution)

1685–ൽ ജയിംസ് രണ്ടാമൻ രാജാവായി. അദ്ദേഹം തികഞ്ഞ ഒരു കത്തോലിക്കാ വിശ്വാസിയായിരുന്നു. അദ്ദേഹത്തിൻെറ നയരാഹിത്യവും, ഏകാധിപത്യഭരണ ത്തിലുള്ള ആകാംക്ഷയും പാർലമെൻറുമായി കലഹത്തി നിടം കൊടുത്തു. ചാറത്സ് ഒന്നാമൻെറ രീതിയിൽ

സ്വേച്ഛാനുസരണം ഭരണം തുടങ്ങി. അതിനുംപുറമെ കത്തോലിക്കരോടുള്ള പ്രത്യേക പ്രതിപത്തി ജനങ്ങളെ രോഷാകുലരാക്കിത്തീർത്തു. ജയിംസിനു് അനന്തരാവകാശികളായി സന്തതികൾ ഇല്ലാതിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ കാലം എങ്ങനെയും കഴിഞ്ഞുപോകട്ടെയെന്നു വിചാരിച്ചു് ജനത ക്ഷമിച്ചുകൊണ്ടിരുന്നു. അപ്പോഴാണു് ജയിംസിനു് ഒരു പുത്രൻ ജാതനായതു്. അതോടെ കത്തോലിക്കാഭരണം സ്ഥാപിതമാകുമെന്നുള്ള ഭീതിയും ജനങ്ങൾക്കുണ്ടായി. വിശേഷിച്ചു്, കത്തോലിക്കർക്കു് പ്രതികൂലമായ എല്ലാ നിയമങ്ങളേയും നിർത്തിവെച്ചിരിക്കുന്നുവെന്നു പ്രഖ്യാപിക്കുന്ന ഒരു വിളംബരം അഥവാ "ഡിക്ലറേഷൻ ഓഫ് ഇൻഡൽജൻസു്" (Declaration of Indulgence) എല്ലാ പള്ളികളിലും വായിക്കുവാൻ അദ്ദേഹം ഉത്തരവിട്ടു. പള്ളികളിൽ അതു വായിക്കുവാൻ വിസമ്മതിച്ച ആർച്ചുബിഷപ്പിനെയും, ആറു ബിഷപ്പന്മാരേയും കാരാഗൃഹത്തിലാക്കി. കത്തോലിക്കനായ ഒരു അവകാശിക്കു് രാജ്യം ലഭിക്കാതിരിക്കുവാനായി ഒരു വിപ്ലവത്തിലേയ്ക്കു് ജനങ്ങൾ നീങ്ങി. ജയിംസിന്റെ ജാമാതാവായിരുന്ന വില്ല്യം ഓഫ് ഓറൻജ് അന്നു് ഹോളൻഡിലെ പ്രോട്ടസ്റ്റെൻറു രാജാവായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ ഇംഗ്ലണ്ടിലേയ്ക്കു് ക്ഷണിക്കയും രാജാവായി അഭിഷേകം ചെയ്കയും ചെയ്തു. ജെയിംസ് രാജ്യംവിട്ടു. പാർലമെൻറു സമ്മേളിച്ചു് വില്ല്യമിനേയും മേരിയേയും ഭരണാധികാരികളായി സ്വീകരിച്ചു. 1688–ൽ ഉണ്ടായ ഈ വിപ്ലവമാണു് രക്തരഹിതമായ വിപ്ലവം അഥവാ മഹത്തായ വിപ്ലവം എന്ന പേരിൽ അറിയപ്പെടുന്നതു്. ബ്രിട്ടനിൽ, അതോടെ, സ്വേച്ഛാഭരണം അവസാനിക്കുകയും പരിമിതരാജവാഴ്ച ആരംഭിക്കയും ചെയ്തു.

ബ്രിട്ടന്റെ ചരിത്രത്തിൽ സുപ്രധാന സംഭവമാണു് 1688–ലെ വിപ്ലവം. ദീർഘകാലമായി രാജാവും പാർലമെൻറും തമ്മിൽ നടത്തിയ അധികാരവടംവലിയിൽ ജനകീയശക്തിയായ പാർലമെൻറു പരിപൂർണ്ണ വിജയം

കരസ്ഥമാക്കി. രാജ്യഭരണത്തിൽ പരമാധികാരം നിക്ഷിപ്തമായിരിക്കുന്ന പാർലമെൻറിൻെറ താല്പര്യമനുസരിച്ചാണ് രാജാവ് ഭരിക്കേണ്ടതെന്നുള്ള തത്ത്വം അവസാനമായി സ്വീകരിക്കപ്പെട്ടു.

ക്യാബിനറ്റ് ഭരണരീതി

പാർലമെൻറു പാസ്സാക്കുന്ന നിയമങ്ങൾക്കു രാജാവ് സാധുത്വം നൽകണമെന്നും, രാജാവു പാർലമെൻറിൻെറ നിയന്ത്രണത്തിലായിരിക്കണമെന്നും, ഇച്ഛാനുസരണം ഭരിക്കുവാൻ പാടില്ലെന്നുമുള്ള തത്വങ്ങളിൽ അധിഷ്ഠിതമായ ഭരണമാണ് ബ്രിട്ടനിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതു്. രാജാവു് വാഴുകയും പാർലമെൻറ് ഭരിക്കുകയും ചെയ്യുന്നുവെന്നുള്ളതാണ് ഇന്നത്തെ ബ്രിട്ടനിലെ നിലപാടു്. പാർലമെൻറിൻെറ ഈ നിയന്ത്രണശക്തി ദീർഘകാലത്തെ വളർച്ചയുടെ ഫലമായുണ്ടായതാണ്. ആദ്യദശയിൽ രാജാവിൻെറ പ്രവൃത്തികളെ നിരൂപണം ചെയ്യുമാത്രമെ പതിവുണ്ടായിരുന്നുള്ളു. കാലക്രമത്തിൽ മന്ത്രി ഭരിക്കുവാൻ തുടങ്ങി. മന്ത്രിയുടെ ഉത്തരവാദിത്വമാകട്ടെ രാജാവിനോടല്ല, പാർലമെൻറിനോടായിരുന്നു.

ഒരേ രാഷ്ട്രീയാദർശങ്ങൾ സ്വീകരിച്ചിട്ടുള്ള ഭൂരിപക്ഷം പാർലമെൻറ് അംഗങ്ങളിൽനിന്നു് നിയമിച്ചിട്ടുള്ള മന്ത്രിമാർ പാർലമെൻറിനോടു് കൂട്ടുത്തരവാദിത്വത്തോടുകൂടി ഭരിക്കുന്ന രീതിയാണ് ക്യാബിനറ്റ് ഭരണം. സ്റ്റുവർട്ട് രാജാക്കന്മാരുടെകാലത്തു് ഏതാനും ഭരണതന്ത്രജ്ഞന്മാരുമായി കൂടിയാലോചന പതിവുണ്ടായിരുന്നു. സുപ്രധാനകാര്യങ്ങളെ സംബന്ധിച്ചു് രാജാവു് ഇവരുമായി ചർച്ചചെയ്യുക പതിവുണ്ടായിരുന്നു. ഇവർ ഒരു ചെറിയ മുറിയിൽ സമ്മേളിച്ചിരുന്നതിനാൽ "ചെറിയ മുറിയിലെ യോഗം" എന്നർത്ഥമാകുന്ന "ക്യാബിനറ്റ് കൌൺസിൽ" അല്ലെങ്കിൽ ക്യാബിനറ്റ് എന്നു വിളിച്ചുവന്നു.

1688-നുശേഷം ക്യാബിനറ്റിൻെറ നില ഒന്നു മാറി. പാർലമെൻറിനു് പൂർണ്ണാധികാരം ലഭിക്കയാ

ണല്ലോ രക്തരഹിത വിപ്ലവം കൊണ്ടുണ്ടായതു്. അന്നു മുതൽ കൃാബിനറു് രാജസേവകന്മാരുടെ ഒരു സഭയല്ലാതായി. പാർലമെൻറിൻെറ ഒരു കായ്മനിവ്വഹണ സമിതിയായിത്തീന്നു കൃാബിനറു്. കാലക്രമത്തിൽ പാർലമെൻറിൽ ഭൂരിപക്ഷമുള്ള പാർട്ടിയിൽനിന്നു് കൃാബിനറംഗങ്ങളെ തെരഞ്ഞെടുക്കുന്ന പതിവു് നടപ്പിലായി. വില്യം മൂന്നാമൻെറ കാലത്തു വിഗ്സു് (Whigs) എന്നും ടോറീസു് (Tories) എന്നും രണ്ടു പാട്ടികൾ ഉണ്ടായിരുന്നു. ഇവരാണു് പിന്നീടു് ഉൽപ്പതിഷ്ണുക്കളെന്നും (Liberals), യാഥാസ്ഥിതികരെന്നും (Conservatives) രണ്ടു കക്ഷികളായിത്തീന്നതു്. പാർലിമെൻറിൽ ഭൂരിപക്ഷമുണ്ടായിരുന്ന കക്ഷിയിൽനിന്നുമാണു് കൃാബിനറംഗങ്ങളെ തെരഞ്ഞെടുത്തിരുന്നതു്. ആൻ രാജ്ഞി (1702–1714) യുടെ കാലത്തും ആ നയംതന്നെ തുടന്നു. അടുത്തതായി ഹാനോവറിയൻ (Hanoverian) വംശത്തിൻെറ ഭരണകാലമാണു്. അക്കാലത്തു് കൃാബിനറു് ഭരണം ആധുനികരീതിയെ പ്രാപിച്ചു. പഴയ പതിവിൽനിന്നും വ്യതിയാനമുണ്ടാകുന്നതിനു് ചില പ്രത്യേക കാരണങ്ങളുമുണ്ടായിരുന്നു. ഹാനോവറിയൻ വംശജനായ ജോജ്ജു് ഒന്നാമനു് ഇംഗ്ലീഷു് ഭാഷയും ഇംഗ്ലീഷു മര്യാദകളും കീഴ്വഴക്കങ്ങളും അറിവില്ലായിരുന്നു. തന്നിമിത്തം അന്നത്തെ പ്രധാനമന്ത്രിയായിരുന്ന (Walpole) വാൽപോളിനു് ഇഷ്ടംപോലെ കായ്യങ്ങൾ നിവ്വഹിക്കുവാൻ അനുവാദം കൊടുത്തു. കൃാബിനറു രീതിയുടെ അടിസ്ഥാനതത്വങ്ങൾക്കു് രൂപം കൊടുക്കുകയും കീഴ്വഴക്കം സൃഷ്ടിക്കയും ചെയ്തതു് വാൽപോളാണു്. ഒരേ രാഷ്ട്രീയ പാട്ടിയിൽ നിന്നുവേണം കൃാബിനറിലേക്കു് അംഗങ്ങളെ തെരഞ്ഞെടുക്കുവാനെന്നും, അവക്കു് കൂട്ടുത്തരവാദിത്വമുണ്ടായിരിക്കണമെന്നും, പ്രധാനമന്ത്രിക്കു് മറ്റു മന്ത്രിമാരേക്കാൾ സ്ഥാനമുണ്ടായിരിക്കണമെന്നും മറ്റുമുള്ള തത്വങ്ങൾ സ്വീകരിക്കപ്പെട്ടതു് ഇക്കാലത്താണു്. ബ്രിട്ടനിലെ ആദ്യത്തെ പ്രധാനമന്ത്രി വാൽപോളാണു്. ജോജ്ജു് ഒന്നാമൻേറയും രണ്ടാമൻേറയും കാലത്തു് കൃാബിനറു് ഭരണരീതി നിബ്ബാധം തുടന്നു. ജോജ്ജു് മൂന്നാ

മൻ മേൽപറഞ്ഞ അടിസ്ഥാന തത്വങ്ങളിൽനിന്ന് ചില മാറ്റങ്ങൾ വരുത്തുവാൻ ശ്രമിച്ചുനോക്കി. രാജാവിനിഷ്ടമുള്ള വ്യക്തിയെ പ്രധാനമന്ത്രിയാക്കുന്നതിനും കൂട്ടത്തിരവാദിത്വത്തത്തെ അവഗണിക്കുന്നതിനും അദ്ദേഹം വിഫലശ്രമം നടത്തി. രാജ്യഭരണസിദ്ധാന്തങ്ങളിലുള്ള ജനതയുടെ ഉണർവ്വ് അത്രയേറെയായിരുന്നു. ഇന്നുവരേയും അവിടത്തെ ക്യാബിനറ്റ് ഭരണരീതി നിർബാധം തുടർന്നുവരുന്നു.

വിഭാഗം 9

അമേരിക്കൻ വിപ്ലവം

1492-ൽ ക്രിസ്റ്റോഫർ കൊളംബസ് 'പുതിയ ലോക'മായ അമേരിക്ക കണ്ടുപിടിച്ചതിനെ തുടർന്ന് യൂറോപ്പിൽനിന്നും പല കാലഘട്ടങ്ങളിലായി ജനങ്ങൾ അവിടെ കുടിയേറിപ്പാർത്തു. സ്പെയിൻ, പോർത്തുഗൽ എന്നീരാജ്യങ്ങളാണ് ഇതിൽ മൂന്നോടികളായിരുന്നത്; എന്നാൽ ഇവർ സ്ഥാപിച്ച കോളനികളെല്ലാംതന്നെ ദക്ഷിണ അമേരിക്കയിലായിരുന്നു. ഇംഗ്ലണ്ട്, ഫ്രാൻസ്, ഹോളണ്ട്, ജർമ്മനി എന്നീ രാജ്യങ്ങളിൽനിന്നും കുടിയേറിയവർ വടക്കെ അമേരിക്കയുടെ കിഴക്കെ തീരത്താണ് താമസമുറപ്പിച്ചത്. 17-ാംശതകത്തിന്റെ ആരംഭത്തിൽ ഇംഗ്ലണ്ടിലുണ്ടായിരുന്ന സേച്ഛാധികാരത്തെ വെറുത്ത് ജനങ്ങൾ വടക്കെ അമേരിക്കയിൽ എത്തി. മതപരമായ അവശതകളിൽനിന്നും രക്ഷപ്പെടുന്നതിനും മറ്റനേകർ ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിലെത്തി. 1620-ൽ ഇപ്രകാരം രാഷ്ട്രീയവും മതാത്മകവുമായ സ്വാതന്ത്ര്യം തേടി അമേരിക്കയിലേയ്ക്കു പുറപ്പെട്ട ഒരു സംഘം പ്രോട്ടസ്റ്റൻറുകാരെ "തീർത്ഥാടകപിതാക്കൾ" (Pilgrim Fathers) എന്നു ചരിത്രകാരന്മാർ വിളിച്ചുവരുന്നു. ഇവർക്കു മുമ്പും പിമ്പുമായി ചെറിയ തോതിലുള്ള ജനപ്രവാഹം മുൻപറഞ്ഞ രാജ്യങ്ങളിൽനിന്നും നടന്നിരുന്നു. കുറേ കഴിഞ്ഞപ്പോൾ വടക്കേ അമേരിക്കയുടെ കിഴക്കെ തീരത്തു് വടക്കുനിന്നും തെക്കോട്ട് 13 കോളനികൾ സ്ഥാപി

തമായി. ഇവയിലെ ഭൂരിപക്ഷം നിവാസികളും ഇംഗ്ലീഷു കാരായിരുന്നു. ഇംഗ്ലണ്ടിലെ പാർലമെൻറു ഭരണത്തിൻകീഴിൽ ജീവിച്ചുപോന്ന ഇവർ രാജാവിൻെറ സേച്ഛാധികാരവാസനയെ ധിക്കരിച്ചുകൊണ്ട് കൂട്ടത്തിൽ സ്വാതന്ത്ര്യം മോഹിച്ച് നാടും വീടും വിട്ട് അമേരിക്കയിൽ കുടിയേറി പാത്തെങ്കിലും ബ്രിട്ടീഷ് രാജാവിനേയും പാർലമെൻറിനേയും അംഗീകരിച്ചുപോന്നു.

ബ്രിട്ടനുമായുള്ള ബന്ധം വിച്ഛേദിക്കണമെന്ന് ഈ കോളനിക്കാർക്ക് ഒട്ടും ആഗ്രഹമില്ലായിരുന്നു. തെക്കുഭാഗത്തുള്ള കോളനി നിവാസികൾ വടക്കുള്ളവരേക്കാൾ ബ്രിട്ടനോട് ബന്ധപ്പെട്ടനിന്നു. ഇങ്ങനെയിരിക്കെ സപ്തവത്സരയുദ്ധത്തിൽ (1756-1763) ഫ്രഞ്ചുകാരുടെ അധീനതയിലിരുന്ന കാനഡ ഇംഗ്ലീഷുകാർ പിടിച്ചെടുത്തു. ഇതോടുകൂടി കോളനികൾ ഭയപ്പെട്ടിരുന്ന ഫ്രഞ്ചു ശത്രു അമേരിക്കയിൽനിന്നു തിരോധാനം ചെയ്കയും ബ്രിട്ടനെ എതിർക്കുന്നതിനുള്ള ധൈര്യം അവർക്കുണ്ടാകുകയും ചെയ്തു. സപ്തവത്സരയുദ്ധത്തിൻെറ ചെലവിൻെറ ഒരു ഭാഗം അമേരിക്കൻ കോളനികൾ വഹിക്കേണ്ടതാണെന്നായിരുന്നു ബ്രിട്ടീഷുകാരുടെ അഭിപ്രായം. ഇതിലേയ്ക്കു അമേരിക്കക്കാർ ഉപയോഗിച്ചുവന്ന ചില സാധനങ്ങൾക്ക് തീരുവ ചുമത്തുകയായിരുന്നു ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടി. കോളനികൾക്കു സ്വന്തമായുണ്ടായ പ്രതിനിധിസഭയുള്ളാതെ അനേകായിരം മൈൽ ദൂരെ സ്ഥിതിചെയ്യുന്ന മാതൃരാജ്യത്തിൻെറ പാർലമെൻറിനു നികുതി ചുമത്തുന്നതിനധികാരമില്ലെന്നായിരുന്നു അവരുടെ വാദം. എന്നുമാത്രമല്ല, അവക്കു പ്രാതിനിധ്യമില്ലാത്ത ആ പാർലമെൻറു ചുമത്തുന്ന നികുതി കൊടുക്കുന്നതല്ലെന്നുതന്നെ അവർ ശഠിച്ചു. കോളനികളുടെ എതിർപ്പു മൂലം പല നികുതികളും നിറുത്തലാക്കേണ്ടിവന്നു. മാതൃരാജ്യത്തിനു കോളനികളുടെ മേൽ നികുതി ചുമത്തുവാനുള്ള അധികാരം നിലനിറുത്തുന്നതിനു അമേരിക്കയിൽ ഇറക്കുമതിചെയ്യുന്ന തേയിലയുടെ നികുതിമാത്രം നിലനിറുത്തി. കോളനികളുടെ സ്വന്തമായ തേയിലവ്യാപാര

ത്തിനു് ഈ നിക്ഷേപം നാശകരമായിരുന്നു. കോളനികൾക്കു് പ്രാതിനിധ്യമില്ലാത്ത ഒരു പാർലമെൻറിനു് നികുതി ചുമത്തുവാൻ പാടില്ലെന്നുള്ള അവരുടെ വാദം ഒരു മുദ്രാവാക്യംപോലെ അവരെ ആവേശം കൊള്ളിച്ചു. തേയിലയുമായി ബോസ്റ്റൺ തുറമുഖത്തെത്തിയ ബ്രിട്ടീഷ് കപ്പലിൽ കയറി തേയില മുഴുവൻ അവർ കടലിലെറിഞ്ഞു് അവരുടെ പ്രതിഷേധം രേഖപ്പെടുത്തി. ഈ സംഭവത്തെയാണു് "ബോസ്റ്റൺ റ്റീ പാർട്ടി" എന്നു പറയുന്നതു്. തുറമുഖം ബ്രിട്ടീഷുകാർ അടച്ചിട്ടതിനെ തുടർന്നു് അമേരിക്കൻ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. ഈ വിപ്ലവത്തെ അമേരിക്കൻ സ്വാതന്ത്ര്യസമരം എന്നു പറയുന്നു.

സമരാരംഭത്തിൽ കോളനികൾക്കു തോൽവിയായിരുന്നു. പരസ്പര ബന്ധമൊന്നുമില്ലാതെ നിലനിന്നുപോന്ന കോളനികൾ ഒന്നിച്ചുചേർന്നു ബ്രിട്ടീഷുകാരോടു യുദ്ധംചെയ്യുകയെന്നുള്ളതു് ദുഷ്കരമായിരുന്നു. ജോർജ്ജ് വാഷിംങ്ടൺറെ സമർത്ഥമായ നേതൃത്വം അമേരിക്കരിൽ അത്ഭുതാവഹമായ ആവേശമുണ്ടാക്കി. 1776-ൽ പതിമൂന്നു കോളനികളും ഒന്നായിച്ചേർന്നു നടത്തിയ "സ്വാതന്ത്ര്യപ്രഖ്യാപന"മാണു് ഈ വിപ്ലവത്തിലെ അതിപ്രധാനമായ സംഭവം. ഇതു് അമേരിക്കൻ ഐക്യനാട്ടുകളുടെ ജനനസർട്ടിഫിക്കറെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഈ പ്രഖ്യാപനത്തിനുശേഷം സമരഗതി അമേരിക്കക്കു് അനുകൂലമായി മാറി. ഫ്രാൻസും സ്പെയിനും ബ്രിട്ടീഷുകാക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. അവരുടെ സഹായത്തോടുകൂടി കോളനികൾ ബ്രിട്ടീഷുകാരെ നിശ്ശേഷം തോല്പിച്ചു. 1783-ൽ വെഴ്സായ് സന്ധിയോടുകൂടി യുദ്ധം അവസാനിച്ചു. അമേരിക്കൻ ഐക്യനാട്ടുകൾ എന്ന സ്വതന്ത്രരാഷ്ട്രം സംജാതമായി.

അമേരിക്കൻ ഐക്യനാട്ടുകൾ ആധുനികലോകത്തിലെ ഒന്നാമത്തെ വലിയ ജനാധിപത്യരാഷ്ട്രമാണു്. ഇങ്ങനെ സ്വാതന്ത്ര്യം പ്രാപിച്ച അമേരിക്കൻ കോളനികൾ ഇന്നു് ലോകത്തിലെ ഏറ്റവും പ്രബലവും സമ്പൽസമൃദ്ധവുമായ രാജ്യമായി നിലകൊള്ളുന്നു. അസാധാര

ണമായ സാമർത്ഥ്യത്തോടുകൂടി സമരം വിജയത്തിലെത്തിച്ച ജോർജ്ജ് വാഷിംങ്ടൺ അമേരിക്കയിലെ ഒന്നാമത്തെ പ്രസിഡണ്ടായി. അവിടെ നിലവിൽവന്ന ആദ്യത്തെ ഭരണകൂടത്തിൽ കേന്ദ്രഗവണ്മെൻറിൻെറ അധികാരം വളരെ പരിമിതമായിരുന്നു. ആറുവർഷം കഴിഞ്ഞു് ഒരു പുതിയ ഭരണകൂടം സ്ഥാപിച്ചു. സുശക്തമായ ഒരു കേന്ദ്രഗവണ്മെൻറിൻെറ കീഴിൽ ന്യായമായ അധികാരങ്ങളോടുകൂടിയ സ്റ്റേറ്റു ഗവണ്മെൻറുകൾ ഭരണം നടത്തുന്ന ഒരു സംയുക്തഭരണഘടന (Federal Government) അമേരിക്കയിൽ സ്ഥാപിതമായി.

അമേരിക്കക്കാരുടെ വിജയത്തിനു പല കാരണങ്ങളുമുണ്ടായിരുന്നു. ഏറ്റവും പ്രധാനമായ കാരണം കോളനികളിലെ ജനങ്ങളെ അണിച്ചൊരുക്കുവാൻ കഴിയാത്ത സ്വാതന്ത്ര്യതൃഷ്ണതന്നെയായിരുന്നു. കോളനികളെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതിനുവേണ്ടിയുള്ള ബ്രിട്ടൻെറ നയം അവരുടെ സ്വാതന്ത്ര്യബോധത്തെ വർദ്ധിപ്പിക്കുകമാത്രമേ ചെയ്തുള്ളൂ. യുദ്ധം നടന്നിരുന്ന പ്രദേശങ്ങളെ സംബന്ധിച്ചുള്ള അവരുടെ അറിവു് വിജയത്തിനു വളരെ സഹായകമായിരുന്നു. ബ്രിട്ടനിൽനിന്നും അമേരിക്കയിലേയ്ക്കുള്ള ദൂരം അതാതു കാലങ്ങളിൽ ആവശ്യമുള്ള സഹായം എത്തിച്ചുകൊടുക്കുന്നതിനു പ്രതിബന്ധമായിരുന്നു. വാഷിംങ്ടൺെറ സമർത്ഥമായ സേനാനായകത്വം വിജയത്തെ സുനിശ്ചിതമാക്കിയ മറെറാരു ഘടകമായിരുന്നു. അന്നത്തെ ബ്രിട്ടീഷ് ഗവണ്മെൻറിൻെറ കാര്യക്ഷമതയില്ലായ്മയും, സർവ്വോപരി ഫ്രാൻസിൻെറയും സ്പെയിനിൻെറയും സഹായവും അമേരിക്കക്കാരുടെ വിജയത്തെ ഗണ്യമായി സഹായിച്ചു.

വിഭാഗം 10

ഫ്രഞ്ചുവിപ്ലവം

യൂറോപ്പിലാകമാനം ഭയങ്കരമായ ഇടിവെട്ടേറെറാപോലുള്ള ഒരു പ്രതീതിയായാണു് ഫ്രഞ്ചുവിപ്ലവം അവിടെ ഉണ്ടാക്കിയതു്. ഇത്രമാത്രം രക്തച്ചൊരിച്ചിലുണ്ടാക്കിയ

മറൊരു വിപ്ലവം ഇല്ലെന്നതന്നെ പറയാം, അതിനു പ്രചോദനം നൽകിയ ആദർശങ്ങളും അന്നു് ആവേശം നൽകിയ മുദ്രാവാക്യങ്ങളും അനേകം കൊല്ലങ്ങൾക്കുശേഷവും മർദ്ദിതജനങ്ങൾക്കു് പ്രചോദനം നൽകുന്നു. സ്വേച്ഛാധിപതികളായ രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ചൂഷണവും മർദ്ദനവുംകൊണ്ടു് പൊറുതിമുട്ടിയ ഫ്രഞ്ചുജനതയുടെ അതിശക്തിയായ ഏതിർപ്പാണു് ഫ്രഞ്ചുവിപ്ലവം.

1. കാരണങ്ങൾ

18–ാം ശതകത്തിൽ ഫ്രാൻസിലെ ഗവമ്മെൻറു് ദുർബ്ബലമായിരുന്നു. ലൂയി പതിനഞ്ചാമൻ അലസനും സുഖലോലുപനുമായിരുന്നു. ലൂയി പതിനഞ്ചാമൻ കേവലം ദുർബലനായിരുന്നു. അന്നത്തെ ഫ്രഞ്ചുസമുദായത്തിനു് മതാചാര്യന്മാർ, പ്രഭുക്കന്മാർ, സാധാരണക്കാർ എന്നു മൂന്നു വിഭാഗമുണ്ടായിരുന്നു. ഭൂസ്വത്തെല്ലാംതന്നെ മതാചാര്യന്മാരും പ്രഭുക്കന്മാരും കയ്യടക്കിയിരുന്നു. എന്നാൽ അവർ ഗവമ്മെണ്ടിനു് നികുതികൊടുത്തിരുന്നില്ല. നികുതിഭാരം മുഴവനും ചുമക്കേണ്ടിവന്നതു് പാവപ്പെട്ട കൃഷിക്കാരായിരുന്നു. ദുസ്സഹമായ ദുരിതം അനുഭവിച്ച അവർ ആ രണ്ടുകൂട്ടരേയും വെറുത്തു. ലൂയി പതിന്നാലാമന്റെ യുദ്ധങ്ങളും, പിന്നീട്ടുള്ള രാജാക്കന്മാരുടെ അനിയന്ത്രിതമായ ധൂർത്തും രാജ്യത്തിന്റെ സാമ്പത്തിക നിലയെ വല്ലാതെ ഉലച്ചു. അമേരിക്കക്കാർക്കു് അവരുടെ സ്വാതന്ത്ര്യസമരത്തിൽ ഫ്രാൻസ് നൽകിയ സഹായം അന്നത്തെ സാമ്പത്തികനിലയ്ക്കു് താങ്ങാൻ പാടില്ലാത്തതായിരുന്നു. ഫ്രഞ്ചുകാരുടെ വകയായിരുന്ന കാനഡ മുതലായ കോളനികളുടെ നഷ്ടവും പ്രഷ്യയിലെ ഫ്രെഡറിക്കു് രാജാവുമായുള്ള യുദ്ധത്തിലുണ്ടായ തോൽവിയും നിമിത്തം ഫ്രാൻസ് സാമ്പത്തികമായി തകർന്നു. എന്നു മാത്രമല്ല, ജനങ്ങൾക്കു് ഭരണകാര്യത്തിൽ ഒരു പങ്കുമില്ലായിരുന്നു. ഇംഗ്ലണ്ടിലെ പാർലമെൻറിനോടുപമിക്കാമായിരുന്ന 'സ്റ്റേറ്റ്സ് ജനറൽ' 1614–നുശേഷം സമ്മേളിച്ചിരുന്നില്ല.

സാമ്പത്തിക ദുരിതത്തിലാണ്ടുകൊണ്ടിരുന്ന ജനങ്ങളുടെ ചിന്തയെ തട്ടിയുണർത്തി അവർക്ക് നവമായ ആശയങ്ങളും ആശയും കൊടുക്കുന്നതിനുതകുന്ന മഹാഗ്രന്ഥങ്ങൾ അന്ന് പ്രചാരത്തിലിരുന്നു. വോൾട്ടയർ, റൂസ്സോ, മോണ്ടെസ്ക്യൂ മുതലായ തത്വചിന്തകന്മാരുടേയും സാഹിത്യകാരന്മാരുടേയും കൃതികൾ ഫ്രഞ്ചുജനതയെ അവരുടെ ദുരവസ്ഥക്കെതിരായി ശബ്ദമുയർത്തുന്നതിനു പ്രേരിപ്പിച്ചു. കൊട്ടാരത്തിലും പുരോഹിതന്മാരുടെ ഇടയിലുമുണ്ടായിരുന്ന അഴിമതികളെ വോൾട്ടെയർ നിശിതമായി വിമർശിച്ചു. റൂസ്സോ അദ്ദേഹത്തിന്റെ "സോഷ്യൽ കോൺട്രാക്റ്റ്" എന്ന ഗ്രന്ഥത്തിൽ സ്വേച്ഛാധിപത്യത്തെ എതിർത്തും ജനകീയ റിപ്പബ്ലിക്കൻ ഭരണത്തിന്റെ ആവശ്യകതയെ തെളിയിച്ചും ന്യായവാദംചെയ്തു. മോണ്ടെസ്ക്യൂ ദുരധികാരത്തെ നിയന്ത്രിക്കുന്നതിനായി നിയമനിർമ്മാണം, നീതിപാലനം, ഭരണനിർവ്വഹണം എന്നിവ വേർതിരിച്ച് വ്യത്യസ്തഹസ്തങ്ങളിൽ നിക്ഷിപ്തമായിരിക്കണമെന്നു സ്ഥാപിച്ചു. ഫ്രാൻസിലെ ജനങ്ങൾ സാമാന്യമായി അക്ഷരജ്ഞാനമുള്ളവരായിരുന്നതിനാൽ വോൾട്ടെയറിന്റേയും റൂസ്സോയുടേയും ആശയങ്ങൾക്കു പ്രചാരം കിട്ടി. അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു തിരിച്ചെത്തിയ ഫ്രഞ്ചുകാർ സ്വന്തം നാട്ടിലും ജനകീയ സ്വാതന്ത്ര്യങ്ങൾ സമ്പാദിക്കുന്നതിനുള്ള സമരത്തിനു് സ്വാഭാവികമായി തയ്യാറായി.

2. വിപ്ലവം

പണത്തിന്റെ ദുർലഭ്യം സഹിക്കാൻ വഹിയാതെ വന്നപ്പോൾ എ. ഡി. 1789-ൽ ഫ്രാൻസിലെ ജനകീയ സഭയായ സ്റ്റേറ്റ്സ് ജനറൽ വിളിച്ചുകൂട്ടി. ഒരുനൂറ്റി എഴുപത്തഞ്ചു കൊല്ലങ്ങൾക്കുശേഷം ഈ ജനകീയസഭ നടന്നേളിച്ചതോട്ടുകൂടി ഫ്രഞ്ചുവിപ്ലവം പൊട്ടിപ്പുറപ്പെട്ടു. കോപാക്രാന്തരായ പാരീസിലെ സാധാരണക്കാർ അവിടത്തെ പ്രധാന ജെയിലായ 'ബാസ്റ്റിൽ' തല്ലിത്തകർത്ത് അതിലുണ്ടായിരുന്നവരെയെല്ലാം സ്വതന്ത്രരാക്കി. പൊതുസഭയിലെ സാധാരണക്കാരുടെ പ്രതിനിധികൾ തനിച്ച്

ഒരു 'നാഷണൽ അസംബ്ലി' രൂപീകരിച്ചുകൊണ്ട് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയി. പല സുപ്രധാനങ്ങളായ തീരുമാനങ്ങളും അവർ കൈക്കൊണ്ടു. ഫ്യൂഡലിസത്തിന്റെ അവശിഷ്ടങ്ങളായി കിടന്നിരുന്ന പ്രഭുക്കന്മാരുടെയും മറ്റും അമിതാധികാരങ്ങൾ എന്നെന്നേയ്ക്കുമായി അവർ ദൂരത്തെറിഞ്ഞു. ഒരു പ്രഭുവിനും മതാചാര്യനും നികുതിയിൽനിന്നും ഒഴിഞ്ഞുമാറുവാൻ പാടില്ലെന്നു നിശ്ചയിച്ചു. കുലീനത്വം ഉദ്യോഗത്തിനുള്ള ഒരു പ്രത്യേകാവകാശവും നല്കുന്നില്ലെന്നും പ്രഖ്യാപിച്ചു. അന്നവർ ഉണ്ടാക്കിയ എല്ലാ രേഖകളിലുംവെച്ചു് ഏറ്റവും പ്രധാനമായതു് "മനുഷ്യാവകാശപ്രഖ്യാപനം" (Declaration of the Rights of Man) എന്നതാണു്. ബ്രിട്ടനിലെ 'അവകാശനിയമ'ത്തേക്കാൾ (Bill of Rights) കൂടുതലായി ഇതു് മറ്റു രാജ്യങ്ങളിൽ പിൽക്കാലത്തുണ്ടായിട്ടുള്ള പ്രഖ്യാപനങ്ങൾക്കു് മാതൃകയായി സ്വീകരിക്കപ്പെട്ടു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയായിരുന്ന ആ പ്രഖ്യാപനത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ. ഇവ തന്നെയായിരുന്ന ജനലക്ഷങ്ങളെ ഒട്ടുങ്ങാത്ത ആവേശം കൊള്ളിച്ചിരുന്ന മുദ്രാവാക്യവും. അന്നുമുതൽ ഇന്നോളം ആ മുദ്രാവാക്യം ഓരോരോ സന്ദർഭത്തിൽ ലോകത്തിലെങ്ങും മാറ്റൊലിക്കൊണ്ടിട്ടുണ്ടു്. മനുഷ്യരെല്ലാം തുല്യാവകാശത്തോടുകൂടി ജനിക്കുന്നു എന്നും പരമാധികാരം ജനങ്ങളിലാണു് നിക്ഷിപ്തമായിരിക്കുന്നതെന്നും ഉള്ള പ്രധാന തത്ത്വമാണു് ഈ ലോകപ്രസിദ്ധമായ പ്രഖ്യാപനത്തിന്റെ ഉള്ളടക്കം. ഈ അവസരത്തിൽ, കുനിൽ കുരുവെന്നപോലെ, അതിരൂക്ഷമായ ഭക്ഷണ ദാരിദ്ര്യവും നേരിട്ടു. അനേകായിരം സ്ത്രീകൾ ആയുധധാരികളായ പുരുഷന്മാരോടൊത്തു് വെഴ്സായ് കൊട്ടാരത്തിൽ താമസിച്ചിരുന്ന രാജാവിന്റെ അടുക്കലെത്തി. മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഒപ്പുവെയ്ക്കുവാൻ കൂട്ടാക്കാതെയിരുന്ന രാജാവിനേയും കുടുംബത്തേയും പാരീസിലേക്കു് നിർബന്ധപൂർവ്വം കൊണ്ടുവന്നു. രാജാവിന്റെ സഹായത്തിനെത്തിയ ആസ്ട്രിയ, പ്രഷ്യ എന്നീ രാജ്യങ്ങൾക്കു് കാര്യമായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ഫ്രഞ്ചുജനത

വീരോടെ പൊരുതി പല സ്ഥലങ്ങളും കൈവശപ്പെടുത്തി.

ഇതിനിടയ്ക്ക് വിപ്ലവം ഒരു പുതിയ രൂപം കൈക്കൊണ്ടിരുന്നു. 1791-ൽ നാഷനൽ അസംബ്ലി തയ്യാറാക്കിയ പുതിയ ഭരണഘടനയിൽ രാജാധികാരം തുലോം കുറച്ചിരുന്നെങ്കിലും രാജവാഴ്ച അനുവദിച്ചിരുന്നു. 1792-ൽ അധികാരം അമിതവാദികളുടെ കയ്യിൽ അമർന്നതോടുകൂടി തികച്ചും ഭീകരമായ ഒരു ഭരണമാണ് ഫ്രാൻസ് ദർശിച്ചതു്. പാരീസിന്റെ തെരുവീഥികളിൽക്കൂടി ചുട്ട രക്തം പുഴപോലെ ഒഴുകി. രാജകുടുംബത്തെ തടവിലാക്കിയതിനുശേഷം വിപ്ലവവിരോധികളെന്നു നേരിയ സംശയംപോലുമുള്ളവരെയെല്ലാം പാരീസിന്റെ തെരുവീഥികളിൽ നിറുത്തി ഗളച്ഛേദംചെയ്തു. രാജകുടുംബാംഗങ്ങളും നിരവധി പ്രഭുക്കന്മാരും ഇതിൽ ധാരാളമായി ഉൾപ്പെട്ടിരുന്നു എന്നു പറയേണ്ടതില്ലല്ലോ. രാജാവിനെ സിംഹാസനഭ്രഷ്ടനാക്കി ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. 1793-ൽ ആദ്യം രാജാവിനെയും പിന്നീട് രാജ്ഞിയേയും നിർദ്ദയം വധിച്ചു. 1793 ജൂൺ മുതൽ 1794 ജൂലൈവരെ ഫ്രാൻസ് രക്തക്കളമായി മാറി. ഫ്രഞ്ചുവിപ്ലവത്തിലെ ഭീകരവാഴ്ച (Reign of Terror) അന്നായിരുന്നു നടന്നതു്. ആരംഭത്തിലെ ആദർശങ്ങൾ ഗ്രഹിച്ചും മുദ്രാവാക്യങ്ങൾ കേട്ടും വിപ്ലവത്തിനെറ നേക്ക് ആദരം പുലർത്തിയ വിദേശങ്ങളിലുണ്ടായിരുന്ന ചിന്തകന്മാരും കവികളും മനംമടുത്തു് വിപ്ലവവിരോധികളായിത്തീർന്നു. കൂട്ടക്കൊലയുടെ നേതാക്കന്മാരായിരുന്ന റോബെസ്പീയർ, ഡാൻറൺ മുതലായവരെപ്പോലും വധിച്ചു. അവരുടെ മേൽ ചുമത്തിയ ഏകകുറ്റം അവർ രക്തച്ചൊരിച്ചിൽകണ്ടു ക്ഷീണിച്ചുപോയി എന്നുള്ളതായിരുന്നു. റോബെസ്പീയറിന്റെ വധത്തോടുകൂടി ഭീകരഭരണം അവസാനിച്ചു. ഫ്രാൻസിൽ ഒരു പുതിയ ഭരണഘടന സ്ഥാപിക്കപ്പെട്ടു. അഞ്ചു് അംഗങ്ങളുള്ള ഒരു ഭരണസമിതിയും (Directory) രണ്ടു് മണ്ഡലങ്ങളുള്ള ഒരു നിയമസഭയുംകൂടി ഫ്രാൻസിൽ വ്യവ

സ്ഥാപിതഭരണം തുടങ്ങി. നെപ്പോളിയൻ ബോണപ്പാർട്ട് ഈ ഭരണരീതിമാറ്റി മൂന്ന് അംഗങ്ങളുള്ള ഒരു കാര്യനിർവ്വഹണസമിതി സ്ഥാപിച്ചു. ഇതിൽ പ്രധാനകോൺസൽ നെപ്പോളിയൻതന്നെയായിരുന്നു. രാജാവിനേയും രാജവംശത്തേയും ഉന്മൂലനംചെയ്ത് രാജവാഴ്ച എന്നേക്കുമായി അവസാനിപ്പിച്ചതായി വിപ്ലവകാരികൾ കരുതിയെങ്കിലും വീണ്ടും രാജവാഴ്ചയാണ് ഫ്രാൻസിൽ ഉണ്ടായതു്. കേവലം ഒരു പടയാളിയായി ജീവിതവൃത്തി ആരംഭിച്ച നെപ്പോളിയൻ ബോണപ്പാർട്ട് ഫ്രാൻസിലെ രാജാവും പിന്നീട് പ്രതാപശാലിയായ ചക്രവർത്തിയും ആയിത്തീർന്നു. പ്രായോഗികസൈനികശാസ്ത്രത്തിൽ ഇത്രമാത്രം വിശ്വവിഖ്യാതി നേടിയിട്ടുള്ള ഒരു വ്യക്തി വേറെയില്ല.

3. ഫലങ്ങൾ

മാനവസംസ്കാരത്തെ ഇത്രമാത്രം സാരമായി സ്പർശിച്ചിട്ടുള്ള വിപ്ലവങ്ങൾ ചുരുക്കമാണ്. ഫ്രഞ്ചുവിപ്ലവത്തിന്റെ പ്രത്യാഘാതങ്ങളാണ് പത്തൊൻപതാംനൂറ്റാണ്ടിലുണ്ടായിട്ടുള്ള എല്ലാ വിപ്ലവങ്ങളും. ഫ്യൂഡൽ വ്യവസ്ഥിതിയും, ഏറെക്കുറെ അടിമത്തവും അപ്രത്യക്ഷമായി. സേച്ഛാധിപത്യം ഫ്രാൻസിൽനിന്നും എന്നേക്കുമായി മാഞ്ഞുപോയി. ഫ്രഞ്ചുജനങ്ങളുടെ ഇടയിൽ ദേശീയബോധം വളർത്തി. സമുദായത്തിലെ അസമത്വങ്ങൾ നീങ്ങി. വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽകൂടി ഭരണം നടത്തുന്നതിനുള്ള അവകാശം സ്ഥാപിതമായി. ഈ വിപ്ലവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം പരമാധികാരം ജനങ്ങൾക്കാണെന്നുള്ള തത്വം അംഗീകരിക്കപ്പെട്ടെന്നുള്ളതാണ്. ഈ വിപ്ലവം പ്രസ്പഷ്ടമാക്കിയ ആശയങ്ങളുടെ വളർച്ചയാണ് ഈ വിപ്ലവത്തിനുശേഷം യൂറോപ്യൻ ചരിത്രത്തിലെ മുഖ്യപരിണാമം. ഈ വിപ്ലവത്തിന്റെ പ്രചോദനം ഇന്നും പല രാഷ്ട്രങ്ങളുടേയും ഭാവി രൂപവൽക്കരിക്കുന്നതിൽ സാരമായ ഒരു പങ്കു വഹിക്കുന്നുണ്ട്.

ചോദ്യങ്ങൾ

അദ്ധ്യായം 3

1. ചുവടെ ചേർത്ത മാപ്പുകൾ (maps) വരയ്ക്കുക :—
   1. പുരാതന ഈജിപ്തും, നൈൽ നദിയും.
   2. ദാരിയസ്സിന്റെ കാലത്തെ പേഷ്യൻസാമ്രാജ്യം
2. സംസ്കാരത്തിലേയ്ക്ക് പുരാതന ഈജിപ്തിന്റെ സംഭാവനകൾ എന്തെല്ലാം ?
3. ചുവടെ ചേർത്തവയെക്കുറിച്ച് ഓരോ ഖണ്ഡിക എഴുതുക.
   (a) സിന്ധുതീരസംസ്കാരം.
   (b) ആര്യന്മാരുടെ സമുദായ ജീവിതം.
   (c) ഗുപ്തകാലം ഇന്ത്യാചരിത്രത്തിലെ സുവർണ്ണ കാലമായിരുന്നു.
   (d) അശോകന്റെ മഹത്വം.
4. ഗ്രീസ്സിലെ നഗരരാഷ്ട്രങ്ങളിലെ ഭരണസമ്പ്രദായം ഏതു രീതിയിലുള്ളതായിരുന്നുവെന്നുള്ളതിനു് ഏതെങ്കിലും ഒരു നഗരരാഷ്ട്രത്തെ ഉദാഹരിച്ച് വിവരിക്കുക.
5. "മനുഷ്യചരിത്രത്തിൽ മഹത്തായ സ്ഥാനമാണു് അലക്സാണ്ടർക്കുള്ളതു്" ചർച്ച ചെയ്യുക.
6. റോമിന്റെ ഭരണത്തിലെ വിവിധ ഘടകങ്ങളെ ചിത്രീകരിക്കുന്ന ഒരു ചാർട്ട് വരയ്ക്കുക.
7. ആധുനിക ലോകപുരോഗതിക്കു് റോം നൽകിയ സംഭാവനകളെന്തെല്ലാമെന്നു് വ്യക്തമാക്കുക.
8. ഒന്നാം കോളവും, രണ്ടാം കോളവും തമ്മിൽ യോജിപ്പിച്ചെഴുതുക :—

I	II
സൂസ	റോമിലെ ആദ്യകാലത്തെ ജനസഭ.
ഫറോവ്	ലോകത്തിലെ ആദ്യത്തെ വനിത ഭരണാധികാരി.

ദാരിയസ്സ് — പേഷ്യക്കാരുടെ മഹത്തായ സംഭാവന.

കൊമീഷ്യ — ഈജിപ്തിലെ രാജാവ്.

സൊറാഷ്ട്രീയൻ മതം — പേർഷ്യൻ സാമ്രാജ്യത്തിന്റെ തല സ്ഥാനം.

ഹത്ഷേപ്സുത് — പേഷ്യയിലെ ഏറ്റവും മഹാനായ ചക്രവത്തി.

9. യൂറോപ്പിൽ മദ്ധ്യകാലഘട്ടത്തിൽ ദേശീയരാഷ്ട്രങ്ങൾ ഉത്ഭവിക്കാനുള്ള സാഹചര്യങ്ങളെന്തെല്ലാമായിരുന്നു.

10. "ആധുനിക പുരോഗതിക്ക് അറബിസംസ്കാരം എത്രകണ്ട് പങ്കു വഹിച്ചിട്ടുണ്ട്"—ചർച്ചചെയ്യുക.

11. ചെറുകുറിപ്പുകൾ എഴുതുക :—
   1. ഫ്യൂഡലിസം.
   2. കുരിശുയുദ്ധങ്ങൾ.

12. Grand Monarch of Europe എന്നു് ആരെയാണു് വിളിച്ചിരുന്നതു്? അദ്ദേഹത്തെ അങ്ങനെ വിളിക്കുവാൻ കാരണമെന്തു്?

13. ഫ്രെഡറിക് രണ്ടാമൻ പ്രഷ്യയുടെ അഭിവൃദ്ധിക്കുവേണ്ടി എന്തെല്ലാം ചെയ്തുവെന്നു് വിവരിക്കുക.

14. ആധുനിക റഷ്യയുടെ ജനയിതാവായി മഹാനായ പീറർ ചക്രവത്തിയെ കരുതുന്നതു് എത്രകണ്ട് ശരിയാണു്?

15. മത നവീകരണം, പ്രതിനവീകരണം എന്നിവയെ വിവരിക്കുക.

16. കൃസ്തുമത നവീകരണത്തിന്റെ ഫലങ്ങൾ ഏവ?

7. നവോത്ഥാനം (Renaissance) എന്നാൽ എന്തു്? അതിന്റെ അനന്തരഫലങ്ങൾ ഏവ?

18. ബ്രിട്ടനിൽ രാജാക്കന്മാരും, പാർലമെൻറും തമ്മിൽ നടന്ന വടംവലികളെ കാലം തിരിച്ചു് വ്യക്തമാക്കുക.

19. ചെറുകുറിപ്പുകൾ എഴുതുക.—

1. Long Parliament.
2. 1688–ലെ രക്തരഹിത വിപ്ലവം.
3. ക്യാബിനറു ഭരണരീതി.

20. ഒന്നാം കോളത്തിലെ കൊല്ലങ്ങളേയും രണ്ടാം കോളത്തിലെ സംഭവങ്ങളേയും യോജിപ്പിക്കുക :—

I	II
1688	നോമ്മൻ ആക്രമണം.
1066	ചാറത്സിൻെറ ശിരശ്ഛേദനം.
1628	രക്തരഹിതവിപ്ലവം.
1649	സ്റ്റുവട്ട് വംശക്കാർ ഇംഗ്ലണ്ടു ഭരണം കയ്യേറു.
1603	പെററീഷൻ ഓഫ് റൈറ്റ്സ്.

21. ചെറുകുറിപ്പു എഴുതി വ്യക്തമാക്കുക.—

1. ബോസ്റ്റൺ ടീപാർട്ടി.
2. 1783–ലെ പാരീസ് സന്ധി.
3. മനുഷ്യാവകാശ പ്രഖ്യാപനം (Declaration of the Rights of Man).
4. ബാസ്റ്റീൽ ആക്രമണം.

22. അമേരിക്കൻ കോളനികളുടെ മാപ്പ് (map) വരക്കുക.

23. അമേരിക്കൻ കോളനികളെ സ്വാതന്ത്ര്യസമരത്തിനു പ്രേരിപ്പിച്ച സംഗതികൾ എന്തെല്ലാം ?

24. ഫ്രഞ്ചുവിപ്ലവത്തിൻെറ കാരണങ്ങൾ ഏവ ?

25. ഫ്രഞ്ചുവിപ്ലവത്തിൻെറ ഒരു ദൃക്സാക്ഷിവിവരണം എഴുതിയുണ്ടാക്കുക.

26. ഫ്രഞ്ചുവിപ്ലവത്തിൻെറ ഫലങ്ങൾ എന്തെല്ലാം ?

അദ്ധ്യായം 4

പൗരനും രാഷ്ട്രവും

(Man and the State)

രാഷ്ട്രം (State), സമൂഹം (Society), ജനത (Nation), ഭരണകൂടം (Government) ഇവ തമ്മിലുള്ള വ്യത്യാസം

1. രാഷ്ട്രം (State)

പല രാഷ്ട്രമീമാംസകരും രാഷ്ട്രത്തെ പല പ്രകാരത്തിലാണ് നിർവ്വചിച്ചിട്ടുള്ളതു്. രാഷ്ട്രം എന്നതു് ഗവണ്മെൻറു് എന്ന അർത്ഥത്തിൽ ചിലർ പ്രയോഗിച്ചിരുന്നു.

എന്നാൽ രാഷ്ട്രം എന്നതിനു് ചില ലക്ഷണങ്ങളെല്ലാം ഉണ്ടു്. 1. ജനസംഖ്യ 2. അതിർത്തി 3. ഗവണ്മെൻറു് 4. പരമാധികാരം. ഒരു രാഷ്ട്രത്തിൽ കുറെ പൗരന്മാർ ഉണ്ടാകുമല്ലോ. കുറച്ചാളുകൾ ഒന്നിച്ചുചേർന്നാൽ ഒരു രാഷ്ട്രമാകുന്നില്ല. അതു് വെറും ജനക്കൂട്ടം (Crowd) മാത്രമെ ആകുന്നുള്ളൂ. യാതൊരു മനുഷ്യനും ദേഹമില്ലാതെ ജീവിക്കുവാൻ സാധിക്കാത്തതുപോലെ ഒരു രാഷ്ട്രത്തിനും നിശ്ചിത അതിർത്തിയില്ലാതെ സ്ഥിതിചെയ്യുവാൻ സാദ്ധ്യമാവുകയില്ല. ഒരു സ്ഥലത്തുനിന്നു് മറെറാരു സ്ഥലത്തേയ്ക്കു് സഞ്ചാരിവർഗ്ഗങ്ങളെപ്പോലെ നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു കൂട്ടം ജനങ്ങൾക്കു് ഒരു രാഷ്ട്രം ഉണ്ടെന്നു് പറഞ്ഞുകൂടാ. ആ ജനങ്ങൾക്കു് സ്ഥിരതാമസവും താമസസ്ഥലത്തിനു് ഒരു പ്രത്യേക പേരും വേണം. അതിനാൽ ജനസംഖ്യ, അതിർത്തി എന്നിവ രാഷ്ട്രത്തിൻെറ അനുപേക്ഷണീയഘടകങ്ങളാണു്. എത്ര ആളുകൾ ഒരു രാഷ്ട്രത്തിൽ ഉണ്ടായിരിക്കണമെന്നോ, എത്ര വിസ്തൃതി അതിനു് ഉണ്ടായിരിക്കണമെന്നോ വ്യക്തമായ കണക്കില്ല. രാഷ്ട്രത്തിനു് ചെറിയൊരതിർത്തിയും ചുരുങ്ങിയ ജനസംഖ്യയും മതിയെന്നാണു് ഗ്രീക്കു് ചിന്തകനായ അരിസ്റ്റോട്ടൽ

പറഞ്ഞിരുന്നതു്. ഒരാൾ ഉറക്കെ നിലവിളിക്കുകയാണെങ്കിൽ രാഷ്ട്രത്തിൽ എല്ലാവർക്കും കേൾക്കുവാൻ സാധിക്കണമെന്നായിരുന്നു അരിസ്റ്റോട്ടൽ നിർദ്ദേശിച്ചിരുന്നതു്. എന്നാൽ ആധുനിക രാഷ്ട്രങ്ങളിൽ വലിയവയും ചെറിയവയും ഉണ്ടു്.

ഒരുകൂട്ടം ആളുകൾ ഒന്നിച്ചു് ഒരു പ്രത്യേകാതിർത്തിയിൽ വസിച്ചാൽ മാത്രം രാഷ്ട്രം രൂപമെടുക്കുന്നില്ല. ജനങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കുവാനുള്ള ഒരു ഗവണ്മെൻറും ജനങ്ങളുടെ പരമാധികാരം നിലനിർത്തുവാനുതകുന്ന വ്യവസ്ഥകളും ഒരു രാഷ്ട്രത്തിനു് കൂടിയേ കഴിയൂ. രാഷ്ട്രത്തിനു് അതിരുകളിൽ താമസിക്കുന്ന ജനങ്ങൾക്കുപരിയായുള്ള ഒരധികാരം ഉണ്ടാകണം, രാഷ്ട്രത്തിനകത്തും പുറത്തും മറ്റാരും പരമാധികാരം ചെലുത്തരുതു്. ഇപ്രകാരമുള്ള പരമാധികാരമെന്ന അവകാശമാണു് മറ്റു സംഘടനകളിൽനിന്നും ഒരു രാഷ്ട്രത്തെ വേർതിരിക്കുന്നതും.

മേൽപ്പറഞ്ഞ നാലു് ഉപാധികളും തികഞ്ഞാൽ മാത്രമെ രാഷ്ട്രം ഉടലെടുക്കുകയുള്ളു. ഉദാഹരണമായി ഇന്ത്യയിലെ സ്റ്റേറുകളെ പരിശോധിക്കാം. രാഷ്ട്രത്തിനുവേണ്ട ആദ്യത്തെ മൂന്നുപാധികൾ അവയ്ക്കെല്ലാം ഉണ്ടു്. പക്ഷെ അവയ്ക്കൊന്നും പരമാധികാരമില്ല. പരമാധികാരമെല്ലാം കേന്ദ്രഗവണ്മെൻറിലാണു് നിക്ഷിപ്തമായിരിക്കുന്നതു്.

2, സമൂഹം (Society)

മനുഷ്യസംഘടനയുടെ ഏറ്റവും സാധാരണ രൂപത്തെ ഒരു സമൂഹമെന്നു പറയാം. ഒരു കൂട്ടം ആളുകൾ ഒന്നോ അതിലധികമോ ഉദ്ദേശത്തോടുകൂടി സമ്മേളിക്കുമ്പോൾ ആ കൂട്ടത്തിനെ ഒരു സമൂഹം (Society) എന്നു പറയുന്നു. അതിനാൽ സമൂഹത്തിൻെറ പ്രധാന ലക്ഷണം 1. ഒരു കൂട്ടം ആളുകൾ ചെറിയ തോതിലോ വലിയ തോതിലോ ഒന്നായി ചേരുക. 2. അവർ ഒന്നോ അതിലധികമോ ഉദ്ദേശങ്ങൾക്കു ചേരുക.

ജനക്കൂട്ടത്തിനും സമൂഹത്തിനും ഉള്ള പ്രധാന വ്യത്യാസം ജനക്കൂട്ടത്തിന് പ്രത്യേകം ഉദ്ദേശം ഇല്ല. ഇതു പോലെതന്നെ സമൂഹത്തിനും രാഷ്ട്രത്തിനും തമ്മിൽ ചില വ്യത്യാസങ്ങൾ ഉണ്ട്. സമൂഹത്തിന് പ്രത്യേക അതിർത്തികളില്ല. ഒരു സമൂഹത്തിലെ ആളുകൾ ഒരു രാജ്യത്തിലോ മറെറാരു രാജ്യത്തിലോ താമസക്കാരാകാം. അതിനാൽ സ്ഥിരമായി താമസിക്കുന്ന ജനങ്ങൾ സമൂഹത്തിനാവശ്യമില്ല. ഇതാണ് രാഷ്ട്രത്തിനും സമൂഹത്തിനും ഉള്ള പ്രധാന വ്യത്യാസം. രാഷ്ട്രത്തിന് പ്രത്യേകമായ അതിർത്തി ഉണ്ട്. സമൂഹത്തിന് അതില്ല. രണ്ടാമതായി രാഷ്ട്രത്തിന് ഗവണ്മെൻറു വേണം. എന്നാൽ ഒരു സമൂഹത്തിന് അപ്രകാരം ഒരു ഗവണ്മെൻറു വേണമെന്നില്ല. മൂന്നാമതായി സമൂഹത്തിലെ അംഗങ്ങളുടെമേൽ രാഷ്ട്രത്തിനുള്ളപോലെ പരമാധികാരം ഇല്ല. ജനങ്ങളുടെ ചില പ്രത്യേക ആവശ്യങ്ങൾ സാധിക്കുവാനുള്ള സംഘടനയാണ് രാഷ്ട്രം. എന്നാൽ സമൂഹത്തിൻെറ ഉദ്ദേശം കുറെക്കൂടെ വിശാലമാണ്. ഇതിനെല്ലാം പുറമെ കുടുംബം, മതവിഭാഗം എന്നിവയും സമൂഹത്തിൽ പെട്ടതാവുന്നതാണ്.

3. ജനത (Nation)

സാധാരണ അർത്ഥത്തിൽ രാഷ്ട്രം, ജനത എന്നിവ ഒരേ അർത്ഥം വരത്തക്കവിധത്തിൽ ഉപയോഗിച്ചുവരുന്നു. ഉദാഹരണമായി ബ്രിട്ടീഷ് ജനത (British Nation) എന്നു പറയുമ്പോൾ (Great Britain) എന്ന രാഷ്ട്രത്തെ ആയിരിക്കും നാം ഉദ്ദേശിക്കുന്നത്. സ്വരാഷ്ട്രസമിതി (League of Nations) വാസ്തവത്തിൽ രാഷ്ട്രങ്ങളുടെ ഒരു സംഘടനയാണല്ലോ; ശരിയായ അർത്ഥത്തിൽ ; ഒരു ജനത എന്നുവെച്ചാൽ ഒരു പ്രത്യേക അതിർത്തിക്കുള്ളിലും സ്വന്തമായി ഒരു രാഷ്ട്രീയസംഘടനക്കുള്ളിലും വർത്തിക്കുന്ന ആളുകളെന്നാണ്. ഇവരാകട്ടെ സ്വതന്ത്രരോ സ്വാതന്ത്ര്യം കാംക്ഷിക്കുന്നവരോ ആയിരിക്കാം. ഇതിനു പുറമെ, പൊതുവർഗ്ഗം, മതവിശ്വാസം, ഭാഷ, ജീവിതരീതികൾ എന്നിവയാലും ഒരു ജനത യോജിപ്പിക്കപ്പെട്ടിരിക്കുന്നു.

ഒരു രാഷ്ട്രത്തിനുള്ളപോലെ പരമാധികാരം ഒരു ജനതക്കു് ഉണ്ടാകണമെന്നില്ല. ഒരു ജനതയെക്കുറിച്ചു് പറയുമ്പോൾ നാം അവരുടെ രാഷ്ട്രീയചിന്താഗതി, വർഗ്ഗം, സംസ്കാരം, ആത്മീയൈക്യം എന്നിവയെല്ലാം ഉദ്ദേശിക്കുന്നു. ഒരു ജനതയ്ക്കു് ദേശീയാതിത്തിയോ, ഗവണ്മെന്റോ ഇല്ല. അതുകൊണ്ടു് ജനത, രാഷ്ട്രത്തെക്കാൾ വിപുലമാണെന്നു് ഒരു തരത്തിൽ പറയാം.

4. ഗവണ്മെന്റു്

ഒരു രാഷ്ട്രത്തിനു് അതിന്റെ ജനങ്ങളോടു് പല ബാദ്ധ്യതകളും ഉണ്ടല്ലോ. സ്വരാജ്യരക്ഷ, നീതിന്യായ പരിപാലനം, വിദേശാക്രമണം എന്നീ നിലകളിൽ മാത്രമായിരുന്നു പണ്ടത്തെ ഭരണം. ഇന്നു് പൗരന്മാരുടെ ബഹുമുഖമായ ക്ഷേമത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഭരണകൂടമാണു് പ്രജായത്ത സിദ്ധാന്തങ്ങൾ നടപ്പിലുള്ള രാഷ്ട്രങ്ങളിലെല്ലാം നിലവിലുള്ളതു്. സ്വേച്ഛാധിപതികളായിരുന്ന രാജാക്കന്മാരും ചക്രവർത്തിമാരും തന്നിഷ്ടം പോലെ മാത്രമാണു് ഭരിച്ചിരുന്നതു്. എന്നാൽ ജനകീയയുഗത്തിൽ ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ജനങ്ങൾക്കുവേണ്ടി ഭരിക്കുന്നു.

ഒരു ഗവണ്മെൻറിനെ രാഷ്ട്രത്തിന്റെ അഭിപ്രായങ്ങളെ ക്രോഡീകരിക്കുകയും പ്രകടമാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഒരു യന്ത്രമായി കണക്കാക്കാം. അതായതു്, നിയമനിർമ്മാണം, ഭരണനിർവ്വഹണം, നീതിന്യായം എന്നിവയെല്ലാം ഗവണ്മെൻറിൽ ഉൾക്കൊള്ളുന്നു. ഗവണ്മെൻറിനു് ഇപ്രകാരം 3 വകുപ്പുകൾ ഉണ്ടു് :—

1. നിയമനിർമ്മാണപരം (Legislative) 2. നിർവ്വാഹകം (Executive) 3. നിയമപരം (Judiciary).

നിയമസഭകളുടെ പ്രധാന കർത്തവ്യം നിയമമുണ്ടാക്കുകയാണു്. ആ നിയമങ്ങളെ നടപ്പാക്കുന്നതു് നിർവ്വാഹകവിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാരാണു്. നീതിന്യായവകുപ്പു് നിയമങ്ങളെ വ്യാഖ്യാനിക്കുകയും ഓരോ പ്രത്യേക സന്ദർഭങ്ങളിൽ അവയെ എങ്ങനെ വേണ

മെന്നു് നിശ്ചയിക്കുകയും ചെയ്യുന്നു. ഈ മൂന്നു പ്രവൃത്തികളും അതായതു്, നിയമനിർമ്മാണം, നിർവ്വഹണം, നീതിന്യായപാലനം എന്നിവ പരസ്പരം ബന്ധപ്പെട്ടവയാണു്.

ആധുനിക ദേശീയരാഷ്ട്രങ്ങൾ (Modern Nation States) ദേശീയ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ള ആധുനികരാഷ്ട്രങ്ങൾ അടുത്തകാലത്തുണ്ടായവയാണു്. പ്രാചീന കാലങ്ങളിലും മദ്ധ്യകാലങ്ങളിലും ദേശീയതത്ത്വത്തിന്റെ അടിസ്ഥാനതത്ത്വങ്ങളെ രാഷ്ട്രനിർമ്മിതിയിൽ പരിഗണിച്ചിരുന്നില്ല. രാഷ്ട്രത്തിന്റെ അതിർത്തികൾ നിർണ്ണയിച്ചിരുന്നതു് രാജാക്കന്മാരുടേയും, ചക്രവർത്തിമാരുടേയും പ്രതാപത്തിനനുസരിച്ചായിരുന്നു. പരിശുദ്ധ റോമാസാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങളും, പോപ്പിന്റെ മേധാവിത്വവും ദേശീയ രാഷ്ട്രങ്ങളുടെ രൂപീകരണത്തിനു് അക്കാലത്തു് പ്രതിബന്ധങ്ങളായിരുന്നു. എന്നാൽ ആധുനിക ദശയിലേയ്ക്കു് കാലുകുത്തിയപ്പോൾ ദേശീയബോധം എല്ലാവരിലും ഉളവായി. ഈ കാലഘട്ടത്തിൽ ഇംഗ്ലണ്ടിലെ ഹെൻട്രി ഏഴാമന്റെ മാതിരിയുള്ള രാജാക്കന്മാക്കു് എല്ലാവരേയും യോജിപ്പിച്ചുകൊണ്ടു ഒരു കേന്ദ്രീകൃതഭരണം നടത്തുവാൻ സാധിച്ചു. ഇങ്ങനെ കേന്ദ്രീകൃതഭരണം നടപ്പിലുണ്ടായിരുന്ന രാഷ്ട്രങ്ങളിൽ വസിച്ചിരുന്ന ജനങ്ങളുടെയിടയിൽ ദേശീയബോധം കിളിർക്കുവാൻ തുടങ്ങി. ഫ്രാൻസിനെ ആക്രമിക്കുവാൻ ഇംഗ്ലണ്ടു് മുതിർന്നപ്പോൾ ഫ്രാൻസിലെ ജനങ്ങളുടെ ദേശീയബോധം അവരെ ഒറ്റക്കെട്ടായിനിന്നു് ഇംഗ്ലണ്ടിനെ ചെറുക്കുവാൻ പ്രേരിപ്പിച്ചു. 16-ാം നൂറ്റാണ്ടിൽ ഡച്ചുകാരും സ്പീഡൻകാരും ഇപ്രകാരം ദേശീയ രാഷ്ട്രങ്ങൾ (Nation States) രൂപീകരിച്ചു. 18-ാം നൂറ്റാണ്ടായപ്പോഴേക്കും ഈ ആശയം അതായതു്, ദേശീയ ഐക്യം യൂറോപ്യൻ രാഷ്ട്രങ്ങളുടെ ഇടയിലെല്ലാം കൂടുതൽ പ്രചാരത്തിലായി. റഷ്യാ, ആസ്ട്രിയ, പ്രഷ്യ എന്നിവിടങ്ങളിലെ ഭരണാധികാരികൾ പോളണ്ടിനെ വിഭജിച്ചപ്പോൾ യൂറോപ്പിൽ ദേശീയബോധം ശക്തിമത്തായി

ഉയന്നു. തങ്ങളുടെ രാജ്യം വിഭജിക്കപ്പെട്ടിരുന്നാലും പോളണ്ടുകാർ ഇന്നും ഒരു ദേശീയ രാഷ്ട്രമായിത്തന്നെ നിലകൊള്ളുന്നു. ഇതിനുശേഷം ഫ്രഞ്ചുവിപ്ലവം ഉണ്ടായി. അതിനെത്തുടർന്നുകൊണ്ട് യൂറോപ്പിനെ മുഴുവൻ കീഴ്പ്പെട്ടത്താൻ നെപ്പോളിയൻ പരിശ്രമിച്ചു. ഫ്രാൻസിലെ വിപ്ലവം, രാഷ്ട്രം ജനങ്ങളുടേതാണെന്നും അല്ലാതെ രാജാക്കന്മാരുടേതല്ലെന്നും പ്രഖ്യാപിച്ചു. ഇതിന്റെ ഫലമായി ദേശീയബോധം വർദ്ധിച്ചു. ഈ ദേശീയബോധം ഉണ്ടാക്കുവാൻ രാഷ്ട്രീയ നേതാക്കന്മാർ, വാഗ്മികൾ, കവികൾ, ചിന്തകന്മാർ എന്നിവരും അവരുടേതായ പങ്കു് വഹിച്ചിരുന്നു.

ഉദാ :—കാൻറു് (Kant), ഹെഗൽ, ഷില്ലർ, ഗേഥേ, മെസ്സിനി എന്നിവർ. എന്നാൽ വിയന്നാ കോൺഗ്രസ്സിൽ ഈ ദേശീയ ഐക്യത്തിന്റെ തത്ത്വം പരിഗണിക്കപ്പെട്ടില്ല. ഇറ്റലിയും ജർമ്മനിയും ചെറുരാഷ്ട്രങ്ങളായി വിഭജിക്കപ്പെട്ടു. പക്ഷെ ഇതു് ദേശീയബോധത്തെ ഉദ്ദീപിപ്പിക്കുവാൻ സഹായിക്കുകയാണു് ചെയ്തതു്. അതിന്റെ ഫലമായി 19-ാം നൂറ്റാണ്ടിൽ ജർമ്മനിയും ഇറ്റലിയും ദേശീയരാജ്യങ്ങളായി പൂർണ്ണരൂപം പ്രാപിച്ചു.

1919-ലെ വേഴ്സായ് ഉടമ്പടിപ്രകാരം യൂറോപ്പിന്റെ ഭൂപടംതന്നെ ദേശീയബോധത്തിന്റെ പേരിൽ മാറ്റിവയ്ക്കേണ്ടിവന്നു. പോളണ്ടു് എന്ന ദേശീയരാഷ്ട്രം പുനരുദയംചെയ്തു.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം പുതിയ ദേശീയരാഷ്ട്രങ്ങൾ ഉടലെടുക്കുകയുണ്ടായി. ഫിലിപ്പൈൻസ്, ബർമ്മ, ഇന്തോനേഷ്യ, ലബനൻ, സിറിയ, ഇസ്രേൽ, ലിബിയ മുതലായവ ഇക്കൂട്ടത്തിൽ പെടുന്നു.

രാഷ്ട്രത്തിന്റെ പ്രവൃത്തികൾ—സംരക്ഷകരാഷ്ട്രവും ക്ഷേമരാഷ്ട്രവും (Functions of the State—Protective and Welfare State)

രാഷ്ട്രത്തിന്റെ പ്രവൃത്തികൾ വളരെയുണ്ടു്. അതേപ്പറ്റി ചിന്തിക്കും മുൻപു് മനുഷ്യന്റെ പൂർവ്വാവസ്ഥയെ

ക്കുറിച്ച് അരിസ്റ്റോട്ടൽ പറയുന്ന അഭിപ്രായം ശ്രദ്ധിക്കേണ്ടതാണ്. മനുഷ്യൻ ഒരു രാഷ്ട്രീയജീവി (a Political Animal) ആണെന്നാണ് അദ്ദേഹം പറയുന്നത്. ഇതിനർത്ഥം മനുഷ്യനിൽ സാമൂഹ്യവാസന അന്തർലീനമായിക്കിടക്കുന്നുവെന്നും, അയാൾക്ക് രാഷ്ട്രമാകുന്ന ഉപാധിയിലൂടെ മാത്രമെ പൂർണ്ണ വളർച്ച പ്രാപിക്കുവാൻ സാധിക്കുകയുള്ളുവെന്നുമാണ്. മനുഷ്യജീവിതം നന്നാക്കിത്തീർക്കുവാൻവേണ്ടി ഉടലെടുത്തിട്ടുള്ള രാഷ്ട്രം ഉത്തമമായ ജീവിതത്തിലേയ്ക്ക് അവനെ എത്തിക്കേണ്ടതാണ്. അതിനാൽ ഒരു രാഷ്ട്രത്തിന്റെ പ്രധാന ഉദ്ദേശം ധാർമ്മികം അല്ലെങ്കിൽ സദാചാരപരമാണെന്ന് അരിസ്റ്റോട്ടൽ പറയുന്നു. അല്ലാതെ ജനസംഖ്യ വർദ്ധനവിനോ, അതിന്റെ അതിർത്തികളുടെ വിപുലീകരണത്തിനോ, സാമ്പത്തികമായ ഉന്നമനത്തിനോ വേണ്ടിയല്ല. ഒരു രാഷ്ട്രം അതിലെ നിയമങ്ങൾകൊണ്ടും, വിദ്യാഭ്യാസസമ്പ്രദായംകൊണ്ടും, സാന്മാർഗ്ഗികവും ഉന്നതവുമായ ഒരു ജീവിതനിലവാരം നിലനിർത്തിപ്പോരുകയാണെങ്കിൽ മാത്രമെ അതിന്റെ ശരിയായ ഉദ്ദേശം സഫലമാകയുള്ളു. ഇങ്ങനെ ഒരു മാതൃകാരാഷ്ട്രം (Ideal State) എന്നു പറയുന്ന ആദർശത്തിലേയ്ക്ക് രാഷ്ട്രത്തിനെയുരുവാൻ കഴിയും. രാഷ്ട്രത്തിന്റെ സമ്പൽസമൃദ്ധിയുടെ ഒപ്പംതന്നെ ശ്രേഷ്ഠമായ ബുദ്ധി, സ്വഭാവം, രാജ്യസ്നേഹം എന്നീ ഗുണങ്ങളും പൗരന്മാരിൽ ഉണ്ടായിരുന്നാൽ ആ രാഷ്ട്രം ഒരു മാതൃകാരാഷ്ട്രമായി.

സ്വേച്ഛാധിപത്യഭരണം നിലവിലിരുന്ന രാജ്യങ്ങളിൽ സമാധാനപരിപാലനം, രാജ്യരക്ഷ എന്നിവ മാത്രമായിരുന്ന രാഷ്ട്രത്തിന്റെ കർത്തവ്യങ്ങൾ. എന്നാൽ ജനക്ഷേമത്തെ മുൻനിർത്തിമാത്രം ഭരിച്ചിരുന്ന ചില സ്വേച്ഛാധിപതികളും ഉണ്ടായിരുന്നു. ചരിത്രത്തിന്റെ ഏടുകളിൽ അശോകൻ, അക്ബർ, കോൺസ്റ്റൻ ടൈൻ, മഹാനായ ചാൾസ് എന്നിവർ ജനക്ഷേമത്തിനുവേണ്ടി ഭരിച്ച ചക്രവർത്തിമാരായിരുന്നുവെന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ടല്ലോ. വിപ്ലവാത്മകമായ പല സംഗതികളും

നാട്ടിൻെറ അങ്ങോളമിങ്ങോളം നടമാടിയിരുന്ന കാല ഘട്ടത്തിൽ രാജവാഴ്ച നശിപ്പിക്കണമെന്ന് മുദ്രാവാക്യങ്ങൾ മുഴങ്ങി. രാഷ്ട്രത്തിൻെറ പ്രയോജനമെന്താവശ്യനിർവ്വഹണമാണെന്ന അഭിപ്രായം കൂടുതൽ ശക്തിമത്തായി പ്രകടമാകുവാൻ തുടങ്ങി. രാഷ്ട്രത്തിൻെറ അധികാരവർദ്ധനവ്, വ്യക്തിസ്വാതന്ത്ര്യം, വാണിജ്യം, പൊതുജീവിതം ഇവയിലുള്ള കൈകടത്തലാണെന്നുള്ള അഭിപ്രായവും പൊന്തിത്തുടങ്ങി. മേല്പറഞ്ഞ കാലങ്ങളിലൊന്നിലും സ്റ്റേറ്റ് (State) നിയന്ത്രണം പാടില്ലെന്ന് ഒരഭിപ്രായഗതി ഉണ്ടായി. ഇതിനു് 'ലെയിസ്സേഫെയർ'(Laissez Faire) എന്നു പറഞ്ഞുവരുന്നു. ഈ സിദ്ധാന്തം മുതലാളികളുടേയും, സ്ഥാപിതതാല്പര്യങ്ങളുടേയും മാത്രം വളർച്ചയെ സഹായിക്കുന്നുവെന്നും ജനസാമാന്യത്തിൻെറ താല്പര്യങ്ങൾക്കു് ഹാനികരമാണെന്നും ഒരഭിപ്രായഗതി ഉണ്ടായി. ഇങ്ങനെ ഈ സിദ്ധാന്തം ഇന്നു് ചിലരുടെ ഇടയിൽ സ്വീകരിക്കപ്പെട്ടുന്നില്ല. പിന്നീട്ടുള്ള സംഭവഗതികൾകൊണ്ടാണു് സോഷ്യലിസം നാട്ടിൽ പ്രചാരത്തിലായതു്. ഇൻഡ്യയുടെ ലക്ഷ്യം ഒരു യഥാർത്ഥ സോഷ്യലിസ്റ്റു് രാഷ്ട്രം—ഒരു ക്ഷേമരാഷ്ട്രം—സ്ഥാപിക്കുക എന്നുള്ളതാണു്.

രാഷ്ട്രത്തിൻെറ ചുമതലകളെ രണ്ടായി തരം തിരിക്കാം :

(1) അത്യന്താപേക്ഷിതമായവ (Essential Functions).

(2) ഐച്ഛികമായവ (Optional Functions).

ഇവയെ പ്രത്യേകം പരിശോധിക്കാം.

1. അത്യന്താപേക്ഷിതം (Essential Functions)

വിദേശാക്രമണത്തിൽനിന്നുള്ള രക്ഷ, ആഭ്യന്തര സമാധാനം നിലനിർത്തൽ, നീതിന്യായപാലനം, ഭരണനിർവ്വഹണത്തിനുവേണ്ടി നികുതി പിരിക്കൽ, പൗരന്മാരുടെ മൌലികാവകാശങ്ങളെ സംരക്ഷിക്കൽ മുതലായവയെല്ലാം ഇതിൽപ്പെട്ടുന്നു.

2. ഐച്ഛികമായവ (Optional Functions)

രാഷ്ട്രത്തിന്റെ ബാധ്യതയിൽമാത്രമേ നിവ്വഹിക്കപ്പെടാവൂ എന്നു നിബ്ബന്ധമില്ലാത്ത ഭരണവിഷയങ്ങളാണ് ഈ ഇനത്തിൽപ്പെടുന്നതു്. പൊതുജനാരോഗ്യം, ഗവേഷണം, റോഡുനിർമ്മാണം, പാലംപണി, തുറമുഖസംരക്ഷണം, ബാങ്കിങ്ങ് പ്രവർത്തനം ഇങ്ങനെ അനവധി പൊതുക്ഷേമ പ്രവർത്തനങ്ങളുണ്ട്. സ്വകായ്യ സ്ഥാപനങ്ങൾ ഇവയെ കൈകായ്യം ചെയ്യുന്നതിനേക്കാൾ രാഷ്ട്രനിയന്ത്രണത്തിൽ കൊണ്ടുവരുന്നതു് നന്നായിരിക്കുമെന്ന അഭിപ്രായക്കാരും ധാരാളമുണ്ട്. മറിച്ചുള്ള അഭിപ്രായക്കാരുമുണ്ട്.

സംരക്ഷകരാഷ്ട്രം (Protective State)

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം അന്നുവരെയുണ്ടായിരുന്ന സാമൂഹ്യരാഷ്ട്രീയാദർശങ്ങൾക്കെല്ലാം വലിയ വ്യത്യാസമുണ്ടായി. യുദ്ധത്തിന്റെ കെടുതികൾ ഭയങ്കരമായിരുന്നു. ഇനിമേലാൽ യുദ്ധമുണ്ടാകരുതെന്ന ഉദ്ദേശത്തോടുകൂടി അന്തർദ്ദേശീയ സംഘടനയായ League of Nations ഉടലെടുത്തു. ബലവാന്മാരായ ശത്രുക്കളുടെ മുന്നേറ്റം തടയുവാനും, മാന്യമായി ജീവിക്കുവാനുള്ള പരിതഃസ്ഥിതി ഉണ്ടാക്കുവാനും, വിദേശവ്യവസായികളുമായുള്ള മത്സരത്തിൽനിന്നു് സ്വരാജ്യത്തെ രക്ഷിക്കുവാനുമുള്ള ബാദ്ധ്യത രാഷ്ട്രത്തിന്റേതായി.

ക്ഷേമരാഷ്ട്രം (Welfare State)

നിയമസമാധാനപാലനമോ, സംരക്ഷണമോ മാത്രം രാഷ്ട്രത്തിന്റെ കർത്തവ്യമായാൽ പോരല്ലോ. ജനങ്ങളുടെ സർവ്വതോമുഖമായ അഭിവൃദ്ധിയെ മുൻനിർത്തിയുള്ളതായിരിക്കണം, ഒരു യഥാർത്ഥ രാഷ്ട്രത്തിന്റെ കടമ എന്നു നാം മനസ്സിലാക്കിക്കഴിഞ്ഞു. ജാതി–മത–വർഗ്ഗ വിഭാഗങ്ങൾക്ക് ഉപരിയായി ജീവിതനിലവാരം ഉയർത്തി സമ്പന്നമായി ജീവിക്കുവാനുള്ള സൌകര്യങ്ങൾ കൈവരുത്തേണ്ടതു് രാഷ്ട്രത്തിന്റെ മുമതലയാണു്. കൃഷി, വ്യവ

സായം, എന്നിവയുടെ രാജ്യവ്യാപകമായ അഭിവൃദ്ധി യിൽനിന്നും എല്ലാവർക്കും, 'വീട്', ആഹാരം, വസ്ത്രം എന്നീ സാധാരണ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാൻ സാധിക്കണം. നമ്മുടെ രാജ്യം ഒരു ക്ഷേമരാഷ്ട്രമാണല്ലോ. ആ ആദർശത്തിലേക്കായിട്ടാണ് നമ്മുടെ പഞ്ചവത്സര പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാവർക്കും പ്രവർത്തിക്കുവാനും, തുല്യവേതനം നേടുവാനും, രാഷ്ട്രനിർമ്മിതി യിൽ സഹകരിക്കുവാനും തദ്വാരാ ജീവിതത്തൊഴുത്തുയർത്തുവാനും ഇതുമൂലം സാധിക്കുന്നു.

ജനാധിപത്യഭരണം (Democracy)

ജനങ്ങൾതന്നെ നേരിട്ടോ, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ മുഖേനയോ ഭരണം നിർവ്വഹിക്കുന്നതിനു് 'ജനാധിപത്യം' എന്നു പറയുന്നു.

പ്രസിഡണ്ട് ലിങ്കൺ "ജനങ്ങളുടെ ഭരണം, ജനങ്ങൾക്കുവേണ്ടിയുള്ള ഭരണം, ജനങ്ങളാലുള്ള ഭരണം" എന്നിപ്രകാരമാണ് ജനാധിപത്യത്തെ നിർവ്വചിച്ചിട്ടുള്ളതു്. ഉച്ചനീചത്വങ്ങൾ ഇല്ലാതെ സുഖസമൃദ്ധമായി ജീവിക്കുകയാണല്ലോ എല്ലാവരുടേയും ആവശ്യം. ഈ ആവശ്യം നിറവേറുവാൻ ഒരു ജനാധിപത്യവ്യവസ്ഥിതിക്കു് സാധ്യമാകും.

ഒരു ജനാധിപത്യരാഷ്ട്രത്തിൽ പൗരന്മാർക്കു് അഭിപ്രായ സ്വാതന്ത്ര്യമുണ്ടായിരിക്കും. ഭരണഘടന നിർദ്ദേശിക്കുന്ന രീതിയിൽ ഭരണം നടത്തുകയും, ഭരണഘടനയ്ക്കനുസരിച്ചു് ജീവിക്കുകയും വേണം. തെരഞ്ഞെടുത്തിട്ടുള്ള ഗവണ്മെൻറു് ജനാഭിലാഷത്തിനെതിരായി പ്രവർത്തിക്കുകയാണെങ്കിൽ ആ ഗവണ്മെൻറിനെ മാറ്റുവാനുള്ള അധികാരവും ഒരു ജനകീയവ്യവസ്ഥിതിയിൽ അടങ്ങിയിരിക്കുന്നു. വലിയവൻ, ചെറിയവൻ, ഉദ്യോഗസ്ഥൻ, അനുദ്യോഗസ്ഥൻ എന്നീ വ്യത്യാസങ്ങൾ ജനാധിപത്യവ്യവസ്ഥിതിയിൽ ഇല്ല. വ്യക്തിസ്വാതന്ത്ര്യത്തെ നിഹനിക്കുന്ന യാതൊരു ഏർപ്പാടും ജനാധിപത്യത്തിൽ ഇല്ല.

ഭയം, ചൂഷണം എന്നിവയിൽനിന്നു് രക്ഷ ഓരോരുത്തക്കും ഉണ്ടായിരിക്കും.

ഇനി ചില പ്രാചീന ജനാധിപത്യമാതൃകകൾ നമുക്കു് പരിശോധിക്കാം. ഗ്രീസ്സിലെ ജനാധിപത്യഭരണത്തിനു് മാതൃക നല്കിയതു് ഏതൻസ് നഗരമായിരുന്നു. പൗരസമൂഹം നേരിട്ടാണു് ഭരണം നടത്തിയിരുന്നതു്. ഇന്നു് നിലവിലുള്ളതുപോലെ ജനപ്രതിനിധിഭരണം അല്ല അവിടെ നിലനിന്നിരുന്നതു്. പെരിക്ലിസിന്റെ കാലത്തു് ഏതൻസിലെ ജനകീയവാഴ്ച അതിന്റെ ഉച്ചകോടിയിൽ എത്തിയിരുന്നു.

ജനാധിപത്യത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ

1. വിദ്യാഭ്യാസം

ഒരു ജനതയ്ക്കു് വിദ്യാഭ്യാസം ഉണ്ടെങ്കിൽമാത്രമേ പുരോഗതി ഉണ്ടാവുകയുള്ളു. വിദ്യാഭ്യാസം എന്നതു് സംസ്കാരത്തിന്റെ ലക്ഷണമായി പരിഗണിക്കാം. ഭരണകാര്യങ്ങൾ യുക്തിചിന്തയോടുകൂടി നിർവ്വഹിക്കണമെങ്കിൽ ജനങ്ങൾക്കു് വിദ്യാഭ്യാസം കൂടിയേ കഴിയൂ.

2. പൗരബോധം

ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ പൗരന്മാർക്കു് തങ്ങളുടെ രാഷ്ട്രത്തോടുള്ള സ്നേഹം സീമയറ്റതായിരിക്കണം. രാഷ്ട്രത്തിനു് ജനങ്ങളോടും അതുപോലെ ജനങ്ങൾക്കു് രാഷ്ട്രത്തോടും ബാദ്ധ്യതയുണ്ടു്.

3. ജാഗ്രത

തങ്ങൾ നൽകുന്ന വോട്ടുകൾകൊണ്ടാണു് നിയമനിർമ്മാണസഭയിലേയ്ക്കു് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതു് എന്ന ബോധം ഓരോ പൗരനും ഉണ്ടായിരിക്കണം. അഴിമതി, അക്രമം, തന്നിഷ്ടം എന്നിവയ്ക്കു് ജനാധിപത്യ വ്യവസ്ഥിതിയിൽ സ്ഥാനമില്ല. ജനങ്ങൾ രാജ്യത്തെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും ജാഗരൂകരായിരിക്കണം.

4. സഹിഷ്ണുതാബോധം

ഭരിക്കുന്ന കക്ഷിക്ക് തെറ്റുകൾ വരുന്നതിനെ പ്രതിപക്ഷം സൂക്ഷ്മപരമായ രീതിയിൽ മാത്രമേ വിമർശിക്കുവാൻ പാടുള്ളൂ. പ്രതികാരമനോഭാവത്തോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ അതു് രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങൾക്ക് ഹാനികരമായിരിക്കും. ഇരുകക്ഷികളും പരസ്പരധാരണയോടുകൂടിയും, വിട്ടുവീഴ്ചയുള്ള സന്നദ്ധതയോടുകൂടിയും പ്രവർത്തിക്കണം.

5. നിയമങ്ങളോടുള്ള ബഹുമാനം

രാഷ്ട്രത്തിന്റെ പരമാധികാരത്തിനു് വിധേയരായിട്ടുള്ളവരാണല്ലോ ജനങ്ങൾ. അതിനാൽ അവർ നിയമങ്ങളെ ആദരിക്കേണ്ടതാണു്. നിയമനിഷേധം അന്യന്റെ അവകാശങ്ങളിന്മേലുള്ള കയ്യേറ്റമായിത്തീരും. തെറ്റുകൾ ചെയ്യാതിരിക്കുവാനാണു് 'നിയമങ്ങൾ'. അവ തെറ്റുചെയ്താലുള്ള ഭവിഷ്യത്തുകളെ ചൂണ്ടിക്കാണിക്കുന്നു.

6. പൊതു അഭിപ്രായവും, ഭരണഘടനയും

മാറിമാറി വരാവുന്ന പൊതുജനാഭിപ്രായങ്ങളേയും, സിദ്ധാന്തങ്ങളേയും മാനിക്കേണ്ടതായിട്ടുണ്ടു്. നിലവിലുള്ള ഭരണഘടനയിൽ മാറ്റങ്ങൾ വരുത്തണമെങ്കിൽ പൊതുജനാഭിപ്രായം അനുസരിച്ചു് നിയമസഭയിലൂടെ അതു് സാധിക്കാവുന്നതാണു്. നമ്മുടെ ഭരണഘടനയിൽ ഇതുപോലെ ചില ഭേദഗതികളെല്ലാം ചെയ്തുവന്നിട്ടുണ്ടു്.

പൊതുജനാഭിപ്രായം :—ജനാധിപത്യഗവൺമെൻറു് വാസ്തവത്തിൽ പൊതുജനാഭിപ്രായത്താൽ നിർമ്മിതമാണല്ലോ. എന്നാൽ എന്താണീ പൊതുജനാഭിപ്രായം? സമുദായത്തെ ഒട്ടാകെ ബാധിക്കുന്നതോ, സമുദായത്തിലെ അംഗങ്ങൾക്കെല്ലാം താല്പര്യമുള്ളതോ ആയ സംഗതികളെക്കുറിച്ചു് പൊതുജനങ്ങൾക്കുള്ള അഭിപ്രായമാണതു്. പൊതുജനാഭിപ്രായത്തിനു് ഗവൺമെണ്ടിന്റെ പ്രവർത്തനങ്ങളിലും നിയമനിർമ്മാണത്തിലും സ്വാധീനം ചെലുത്തു

വാൻ സാധിക്കും. അടിമത്വത്തിനെതിരായി പൊതുജനാഭിപ്രായം ഉയർന്നപ്പോൾ, അമേരിക്കൻ നിയമസഭ അടിമത്വം നിർത്തലാക്കാനുള്ള നിയമങ്ങൾ നിർമ്മിച്ചു. അതുകൊണ്ട് എല്ലാ ഗവണ്മെണ്ടും, പാർട്ടിയും പൊതുജനാഭിപ്രായം തങ്ങൾക്കനുകൂലമാക്കിത്തീർക്കുവാൻ കഴിയുന്നതും പരിശ്രമിക്കാറുണ്ട്. പൊതുജനാഭിപ്രായത്തിന്റെ ഒഴുക്കിനനുസരിച്ച് നീന്തുവാനേ ഒരു ഗവണ്മെണ്ടിനു നിവൃത്തിയുള്ളൂ. രാഷ്ട്രീയപാർട്ടികളുടെ പ്രസംഗങ്ങൾ, പുസ്തകങ്ങൾ, വർത്തമാനപ്പത്രങ്ങൾ, സിനിമകൾ, പ്രക്ഷേപണം എന്നിവ പൊതുജനാഭിപ്രായ രൂപീകരണത്തെ ബാധിക്കുന്ന സംഗതികളാണ്. സമുദ്രജലംപോലെ എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന ഒന്നാണ് പൊതുജനാഭിപ്രായം. രാഷ്ട്രത്തെ നിർമ്മിക്കാനും, നശിപ്പിക്കുവാനും കഴിവുള്ളതും, രണ്ടഭാഗവും മൂർച്ചയുള്ളതുമായ ഒരു വാളാണത്.

ചോദ്യങ്ങൾ

അദ്ധ്യായം 4

1. ഒരു സ്റ്റേറ്റിന്റെ പ്രധാന ഘടകങ്ങൾ എന്തെല്ലാം? അവ ഓരോന്നും സ്റ്റേറ്റിന് ഒഴിച്ചുകൂടാത്തവയാണെന്ന് സമർത്ഥിക്കുക.
2. രാഷ്ട്രം, സമൂഹം, ജനത, ഭരണകൂടം ഇവയെന്തെന്ന് നിർവ്വചിച്ച്, അവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുക.
3. രാഷ്ട്രത്തിന്റെ ചുമതലകൾ വിവരിക്കുക.
4. രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളെന്തെല്ലാം? ഓരോന്നിനെക്കുറിച്ചും ഓരോ ഖണ്ഡിക എഴുതുക.
5. ജനാധിപത്യഭരണത്തിന്റെ (Democracy) അടിസ്ഥാനതത്ത്വങ്ങൾ എന്തെല്ലാം?
6. നിയമങ്ങളുടെ ആവശ്യവും, അവയ്ക്കുള്ള സ്ഥാനവും എന്തെന്ന് വ്യക്തമാക്കുക.
7. പൊതുജനാഭിപ്രായത്തിന്, ജനാധിപത്യ ഭരണത്തിന്മേലുള്ള സ്വാധീനമെന്താണ്?

അദ്ധ്യായം 5

മനുഷ്യനും അവന്റെ പര്യവേഷണങ്ങളും

വിഭാഗം 1

ആഫ്രിക്ക

പതിനെട്ടാം ശതാബ്ദത്തിന്റെ മദ്ധ്യഘട്ടംവരെ ആഫ്രിക്ക ബാഹ്യലോകത്തിന്റെ ശ്രദ്ധയിൽ അധികം പെട്ടിരുന്നില്ല. വടക്കേതീരവും ഈജിപ്തും പ്രാചീനകാലം മുതൽ അറിയപ്പെട്ടിരുന്നെങ്കിലും ആ വമ്പിച്ച ഭൂഖണ്ഡത്തിന്റെ അധികഭാഗവും അജ്ഞാതമായിത്തന്നെ കഴിഞ്ഞിരുന്നു. തമോബാധിതമായ വൻകര എന്നും മറ്റുമാണ് ആഫ്രിക്കയെപ്പറ്റി പറഞ്ഞിരുന്നത്. പരിഷ്കൃതലോകത്തിൽനിന്നും അനേക നൂറ്റാണ്ടുകളായി ആഫ്രിക്ക അകന്നു കിടന്നിരുന്നതിനു പല കാരണങ്ങളുമുണ്ടായിരുന്നു. സമുദ്രതീരത്തുനിന്നും ഉള്ളിലേയ്ക്കു കടക്കുന്നതിനുള്ള സൌകര്യം തീരെ കുറവായിരുന്നു. പാറക്കെട്ടുകളും, കൊടുങ്കാറ്റുകളും, ചതുപ്പുനിലങ്ങളും സഞ്ചാരികളുടെ പ്രവേശനത്തിനു പ്രതിബന്ധങ്ങളായിരുന്നു. നദികൾ വെള്ളച്ചാട്ടങ്ങൾകൊണ്ട് സഞ്ചാരയോഗ്യങ്ങളല്ലായിരുന്നു. ഉൾഭാഗങ്ങൾ വൻകാട്ടുകളും, ദുഷ്പ്രാപ്യങ്ങളും ക്ഷുദ്രപ്രാണികളും, മരണഹേതുകമായ സൂക്ഷ്മകീടങ്ങളും, നരഭോജികളായ കാട്ടുജാതിക്കാരുംകൊണ്ടു നിറഞ്ഞിരുന്നു. അതിവിസ്തൃതമായ ഉൾനാട്ടുകൾ സമുദ്രത്തിൽനിന്നും വളരെ അകന്നാണ് സ്ഥിതിചെയ്യുന്നത്. ദിവസം പതിനഞ്ചു നാഴികവീതം നടന്നാൽ 335 ദിവസംകൊണ്ട് വടക്കുനിന്നു തെക്കും 315 ദിവസംകൊണ്ട് കിഴക്കുനിന്നു പടിഞ്ഞാറും യാത്രചെയ്ത് എത്താം എന്നു പറയുമ്പോൾ ആഫ്രിക്കയുടെ വിസ്തീർണ്ണത്തെപ്പറ്റിയുള്ള സാമാന്യജ്ഞാനം ലഭിക്കുന്നതാണ്.

മുമ്പു പറഞ്ഞതുപോലെ ആഫ്രിക്കയുടെ വടക്കേതീരപ്രദേശങ്ങൾ ലോകത്തിനറിയപ്പെട്ടിരുന്നത് സംസ്കാരകേന്ദ്രങ്ങളായിട്ടായിരുന്നു. ഇത് ക്രിസ്തുവർഷാരംഭത്തിനു

മുമ്പായിരുന്നു. പ്രസിദ്ധമായ കാത്തേജു പട്ടണം ക്രിസ്തുവർഷത്തിനു 9 ശതാബ്ദംമുമ്പു് സ്ഥാപിതമായി. ഈജിപ്തു് അതിപ്രാചീനകാലം മുതൽക്കേ ഒരു പ്രത്യേക സംസ്കാരകേന്ദ്രമായിരുന്നു എന്നു് നിങ്ങൾ പഠിച്ചു കഴിഞ്ഞല്ലോ. മേല്പറഞ്ഞ സ്ഥലങ്ങളിൽനിന്നും ഉള്ളിലോട്ടുള്ള പര്യടനങ്ങൾക്കു് തടസ്സമായി നിന്നതു് അതിവിശാലമായ സാഹാറാ മരുഭൂമിയാണു്. ക്രിസ്താബ്ദത്തിന്റെ ആദ്യശതകങ്ങളിൽ ആഫ്രിക്കയുടെ വടക്കേ തീരം റോമാസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. എ. ഡി. 8-ം 9-ം ശതകങ്ങളിൽ വടക്കുപടിഞ്ഞാറു ഭാഗത്തു് മൂർവഗ്ഗക്കാർ ആധിപത്യം സ്ഥാപിച്ചതു് അമുസ്ലീങ്ങളുടെ സഞ്ചാരാന്വേഷണങ്ങൾക്കു വിഘാതമായിത്തീർന്നു. 15-ാംനൂറ്റാണ്ടിൽ പോർത്തുഗീസുകാർ അനവധി സാഹസികസഞ്ചാരങ്ങൾ നടത്തി. വടക്കുപടിഞ്ഞാറെ തീരത്തിനടുത്തുകൂടി തെക്കോട്ടു് അവർ യാത്രചെയ്തു. കുറെ തെക്കു് സമുദ്രതീരത്തു് സിംഹങ്ങളുടെ അലച്ചിലിനെ അനുസ്മരിപ്പിക്കുന്ന കൊടുങ്കാറുള്ള ഒരു സ്ഥലത്തു് അവർ ചെന്നെത്തി. ആ സ്ഥലത്തിനു് അവർ സീറാലെയോൺ (Lion Mounts) എന്നു് പേരിട്ടു. അക്കാലത്തു് യൂറോപ്പിലെ ഏറ്റവും പ്രസിദ്ധരായ നാവികന്മാർ പോർത്തുഗീസുകാരായിരുന്നു. ഇൻഡ്യയിലേക്കുള്ള പുതിയ വാണിജ്യമാർഗ്ഗം കണ്ടുപിടിക്കുന്നതിനുവേണ്ടി ഏറ്റവും സാഹസികമായ പര്യടനങ്ങൾ അവർ നടത്തിക്കൊണ്ടിരുന്നു. എ. ഡി. 1486-ൽ ബർത്തലോമിയോഡയസ് എന്ന ഒരു നാവികൻ ആഫ്രിക്കയുടെ തെക്കെ അറ്റത്തെത്തി. ആ സ്ഥലത്തിനു് കൊടുങ്കാറുകളുടെ മുനമ്പു് (Cape of Storms) എന്നു് അവർ പേരിട്ടു. എന്നാൽ അതിനുശേഷം ആ വഴിവന്ന സഞ്ചാരികൾ അതിനെ സുപ്രതീക്ഷാമുനമ്പു് (Cape of Good Hope) എന്നാണു് വിളിച്ചതു്. എ. ഡി. 1498-ൽ വാസ്കോഡിഗാമ ഈ മുനമ്പു് ആദ്യമായി ചുറ്റി ഇൻഡ്യയിലെത്തി.

ഈ പര്യടനങ്ങൾക്കുശേഷവും ആഫ്രിക്കയുടെ ഉൾനാട്ടുകളെപ്പറ്റി അക്കാലത്തും യാതൊരറിവും ഉണ്ടായിരുന്നില്ല. ആഫ്രിക്ക അപരിഷ്കൃതജനങ്ങൾമാത്രം അധിവ

സിക്കുന്ന അനാരോഗ്യകരമായ ഒരു ഭൂഭാഗം മാത്രമായി പരിഗണിക്കപ്പെട്ടുപോന്നു. പടിഞ്ഞാറെ തീരത്തു പോർത്തുഗീസുകാർ പര്യടനങ്ങൾ നടത്തിയതുപോലെതന്നെ കിഴക്കെ തീരങ്ങളിൽ അറബിക്കച്ചവടക്കാർ പര്യടനങ്ങൾ നടത്തുകയും താവളങ്ങൾ ഉറപ്പിക്കുകയും ചെയ്തിരുന്നു. 1788-ൽ ഇംഗ്ലണ്ടിൽ ഒരു ആഫ്രിക്കൻ അസോസിയേഷൻ സ്ഥാപിച്ചു. അതിന്റെ ആഭിമുഖ്യത്തിൽ അന്വേഷണ പര്യടനങ്ങൾ വൻതോതിൽ നടത്തുവാൻ തുടങ്ങി. എന്നാൽ ഈ അസോസിയേഷൻ സ്ഥാപിച്ചതു് ഭൂഖണ്ഡത്തിൽ രാഷ്ട്രീയാധിപത്യം സ്ഥാപിക്കുന്നതിനും വാണിജ്യം വികസിപ്പിക്കുന്നതിനും ആയിരുന്നു. ആഫ്രിക്കയിലെ തീരപ്രദേശങ്ങളിൽ സഞ്ചാരത്തിനുതന്നെ അനേകം സാഹസികരായ യൂറോപ്യന്മാർ അകാലമൃത്യുവിന്നിരയാകുകയാണു് ചെയ്തതു്.

ആഫ്രിക്കയിലെ സാഹസിക പര്യടനങ്ങളെ മൂന്നു കാലഘട്ടങ്ങളായി വിഭജിക്കാം:

1. 1788-മുതൽ 1849 വരെ നൈജർ നദിയായിരുന്നു ശ്രദ്ധാകേന്ദ്രം.

2. 1849 മുതൽ 1889 വരെ ലിവിങ്ങ്സ്റ്റനേറയും സ്റ്റാൻലിയുടേയും പര്യടനങ്ങൾ.

3. 1890 മുതൽ ഇന്നുവരെ ആഫ്രിക്കൻ ഭൂപടം പൂർത്തിയാക്കിയതു് ഈ ഘട്ടത്തിലാണു്.

സഹാറാ, അബിസീനിയാ, വടക്കുകിഴക്കേ ആഫ്രിക്കാ, നൈലിന്റേറയും കോങ്ഗോയുടേയും ഇടയ്ക്കുള്ള പ്രദേശം മുതലായ പ്രത്യേകഭാഗങ്ങൾ കൂടുതൽ അന്വേഷണ വിധേയമാക്കപ്പെട്ടു.

മങ്ഗോപാർക്ക്

നൈജർനദിയെപ്പറ്റിയുള്ള നാല്വ പര്യടനങ്ങൾ പരാജയപ്പെട്ടു. ഈജിപ്തിൽനിന്നാരംഭിച്ച രണ്ടു ശ്രമങ്ങളും, ട്രിപ്പോലിയിൽനിന്നാരംഭിച്ച ഒന്നും, ഗാംബിയായിൽ നിന്നാരംഭിച്ച മറെറാന്നുമായിരുന്ന അവ. അട്ടത്തു

യത്നം നടത്തിയതു് സ്കോട്ട്ലൻഡിലെ ഒരു ഡോക്ടരായിരുന്ന മങ്ഗോപാക്കായിരുന്നു. 1795-ൽ ഗാംബിയായിൽ എത്തിയതിനുശേഷം, പട്ടിണിയും അനാരോഗ്യവും നിമിത്തം തിരികെപോകുന്നതിനു് അദ്ദേഹം നിർബ്ബന്ധിതനായി. അടുത്തകൊല്ലം അദ്ദേഹം വീണ്ടും ആഫ്രിക്കയിലെത്തുകയും അത്തവണ നദിയുടെ ഗതികീഴക്കോട്ടാണെന്നു മാത്രം കണ്ടുപിടിക്കുകയും ചെയ്തു. പിന്നെയും സ്വദേശത്തേയ്ക്കു മടങ്ങിയ മങ്ഗോപാക്കു് 1805-ൽ വീണ്ടും ആഫ്രിക്കയിൽ എത്തി. അദ്ദേഹത്തിന്റെ കൂടെ 40 യൂറോപ്യന്മാരും ഭാരംചുമക്കുന്നതിനുള്ള അനേകം കഴുതകളും ഈ യാത്രയിലുണ്ടായിരുന്നു. യാത്രാമദ്ധ്യേ ഏഴു പേരൊഴികെ ബാക്കിയുള്ള വരെല്ലാം മരിച്ചുപോയി. നിരാശനാകാതെ യാത്ര തുടർന്നു. ഒരു വള്ളത്തിൽ നദിയിൽകൂടി സഞ്ചരിക്കുമ്പോൾ വള്ളം മുങ്ങുകയും എല്ലാവരും മൃതിയടയുകയും ചെയ്തു. ആ ധീരനായ സാഹസികന്റെ പര്യടനങ്ങളുടെ ഫലമായി നൈജർ നദിയുടെ ഉത്തരപ്രാന്തങ്ങളെ സംബന്ധിച്ചുള്ള സാമാന്യമായ വിവരം ഇംഗ്ലീഷുകാർക്കു ലഭിച്ചു. അപൂർണ്ണമായിക്കിടന്ന ആ പര്യവേഷണം മറേറതാനും പേർ തുടർന്നതിന്റെ ശേഷം ചാഡ് തടാകവും മറ്റും കണ്ടുപിടിക്കപ്പെട്ടകയുണ്ടായി. അവരുടെ കൂട്ടത്തിൽ ഗ്ലാപ്പ്ട്ടന്റെ പേരു് പ്രസ്താവയോഗ്യമാണു്.

ലിവിങ്ങ്സ്റ്റനും സ്റ്റാൻലിയും

ഏററവും വിപുലമായ പര്യടനങ്ങൾ നടത്തിയതു് ഡവേഡ് ലിവിങ്ങ്സ്റ്റനും, ജോസഫ് സ്റ്റാൻലിയും ആകുന്നു. സ്കോട്ട്ലൻഡിലെ ഒരു പാവപ്പെട്ട കുടുംബത്തിൽ ജനിച്ച ലിവിങ്ങ്സ്റ്റൻ ഒരു ഡോക്ടരും മിഷനറിയും ആയിത്തീർന്നു. 1840-ൽ ഇരുപത്തേഴാമത്തെ വയസ്സിൽ ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിലേയ്ക്കു് അദ്ദേഹം താമസം മാററി. മൂന്നു മാസത്തെ ദീർഘയാത്രയ്ക്കു ശേഷമാണു് ലക്ഷ്യസ്ഥാനത്തു് അദ്ദേഹം എത്തിയതു്.

ദക്ഷിണാഫ്രിക്കയിലുള്ള മബോട്സയിൽ(Mabotsa) താമസമുറപ്പിച്ചുകൊണ്ടു് അസംഖ്യം രോഗികളെ ചികി

ത്സിക്കുകയും സാധുജനസേവനമനുഷ്ഠിക്കുകയുമാണ് അദ്ദേഹം ചെയ്തത്. നാട്ടുകാർ അദ്ദേഹത്തെ സ്നേഹിക്കുകയും, അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളോടും സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തു. അനേകം വന്യമൃഗങ്ങളെ വേട്ടയാടി അനേകം സാധുകുടുംബങ്ങളെ അദ്ദേഹം രക്ഷിച്ചു. ഒരിക്കൽ ഒരു സിംഹവുമായി മല്ലയുദ്ധം തന്നെ അദ്ദേഹം നടത്തേണ്ടിവന്നു. അതിൽ അദ്ദേഹത്തിന്റെ തോളെല്ലുകൾക്ക് കേടുപറ്റി. മനുഷ്യസ്നേഹിയായിരുന്ന ആ പ്രോഷിതവയ്യൻ ചെന്നിടത്തെല്ലാം അടിമവ്യാപാരത്തിനെതിരായി സ്വരം ഉയർത്തി. നാട്ടുകാരുടെ ഭാഷയും ആചാരക്രമങ്ങളും പഠിച്ചു് അവരുടെ ജീവിതവൃത്തിയായി ഒട്ടിച്ചേർന്ന ലിവിങ്സ്റ്റൻ അവർക്ക് ഒരു കണ്ണിലുണ്ണിയായിത്തീർന്നു. അദ്ദേഹത്തിന്റെ നിസ്തന്ദ്രമായ പരിശ്രമത്തിന്റെ ഫലമായി പരിസരഭൂഭാഗങ്ങളുടെ പ്രകൃതി ബാഹ്യലോകത്തിനു അനാവരണംചെയ്യുകാണിക്കുവാനിടയായി. 1849–ൽ അദ്ദേഹം കലഹരി മരുഭൂമി തരണം ചെയ്തു. സാംബസി നദി കണ്ടുപിടിച്ചു. അവിടെ താമസിച്ചിരുന്ന അസംഖ്യം അപരിഷ്കൃതവർഗ്ഗക്കാർക്ക് അദ്ദേഹത്തെപ്പറ്റി ആദ്യം വളരെ സംശയമായിരുന്നെങ്കിലും ലിവിങ്സ്റ്റന്റെ ആത്മാർത്ഥമായ സ്നേഹവും സേവനവും അവരുടെ ഹൃദയങ്ങളെ കവർന്നെടുത്തു. സാംബസി നദിയിലുള്ള വിക്ടോറിയാ ജലപാതവും നയാസ, ടാങ്കനിക്കാ എന്നീ രണ്ടു വലിയ തടാകങ്ങളും, കോങ്ഗോ നദിയുടെ ഉത്ഭവസ്ഥാനവും അദ്ദേഹമാണ് കണ്ടുപിടിച്ചതു്.

ടാങ്കനിക്കായിൽനിന്നും ലിവിങ്സ്റ്റൻ വടക്കോട്ടാണ് നീങ്ങിയതു്. ആ യാത്ര അപകടപൂർണ്ണവും ആയാസകരവുമായിരുന്നു. അദ്ദേഹത്തിന്റെ വിശ്വസ്തരായ അനുചരർ ഈ യാത്രയിൽ അദ്ദേഹത്തിനു നഷ്ടപ്പെട്ടു. ചുമട്ടുകാർ വിലയേറിയ ഔഷധപ്പെട്ടിയുമായി ഒളിച്ചോടിപ്പോയി. ആഫ്രിക്കയിലും ഇംഗ്ലണ്ടിലും ലിവിങ്സ്റ്റൻ മരിച്ചുപോയി എന്നൊരു വാർത്ത പ്രചരിച്ചുകൊണ്ടിരുന്നു. എന്നാൽ, അദ്ദേഹം തന്റെ സഞ്ചാരം തുടർന്ന്, ഒടുവിൽ ബാംഗ്വിയോളായിൽ എത്തി.

ലിവിങ്ങ്സ്റ്റൻ മരിച്ചെന്ന വാർത്ത ഇംഗ്ലണ്ടിൽ പ്രചരിച്ചതോടുകൂടി അദ്ദേഹത്തെപ്പറ്റിയുള്ള യഥാർത്ഥ വിവരങ്ങൾ ശേഖരിക്കുന്നതിനായി പത്രപ്രവർത്തകനായിരുന്ന സ്റ്റാൻലിയുടെ കീഴിൽ ഒരു അന്വേഷകസംഘം ആഫ്രിക്കയിലെത്തി. നാട്ടുകാരുടെ സഹായം മൂലം സ്റ്റാൻലി, ലിവിങ്ങ്സ്റ്റനെ കണ്ടുമുട്ടി. അഗമ്യങ്ങളായിരുന്ന ഘോരവനങ്ങളുടെ മദ്ധ്യത്തിൽവെച്ച് സ്റ്റാൻലിയുമായുണ്ടായ സമാഗമം അത്യന്തം ഹൃദയസ്പർശകമായിരുന്നു. ലിവിങ്ങ്സ്റ്റനെ ഇംഗ്ലണ്ടിലേയ്ക്കു കൂടെകൊണ്ടുപോകുവാൻ സ്റ്റാൻലി വളരെ പരിശ്രമിച്ചു. എന്നാൽ ആ ഉദ്യമം വിഫലമായി. ഇരുവരുംകൂടി കോങ്ഗോ നദിയുടെ വടക്കോട്ട് എഴുനൂറു നാഴിക സഞ്ചരിച്ചു. അതിനുശേഷം അവർ രണ്ടു സംഘങ്ങളായി പിരിയുകയും സ്റ്റാൻലി സ്വദേശത്തേയ്ക്കു മടങ്ങുകയും ചെയ്തു. ലിവിങ്ങ്സ്റ്റന്റെ അവസാന പരിശ്രമം നൈൽ നദിയുടെ ഉത്ഭവസ്ഥാനം കണ്ടുപിടിക്കാനായിരുന്നു. മുപ്പതു വർഷത്തെ നിരന്തരമായ ക്ലേശവും, വിദേശവാസവും ആ ധീരാത്മാവിന്റെ ശരീരത്തെ ക്ഷയിപ്പിച്ചുകളഞ്ഞു. അദ്ദേഹം രോഗശയ്യയിലായി. ഒരു ദിവസം പതിവുപോലെ ജോലികൾ തീർന്നശേഷം രാത്രി ഉറങ്ങാൻ കിടന്നു. പിറേന്നു വെളുപ്പിനു് അദ്ദേഹം മുട്ടുകുത്തി പ്രാർത്ഥിക്കുന്നതായിട്ടാണു് പരിചാരകൻ കണ്ടതു്. ആ പ്രാർത്ഥനയിൽനിന്നും പിന്നീടു് ഒരിക്കലും അദ്ദേഹം ഉണർന്നില്ല. വിശ്വസ്തരായ അനുയായികൾ അദ്ദേഹത്തിന്റെ മൃതദേഹം സമുദ്രതീരത്തേയ്ക്കു കൊണ്ടുപോയി. ആ യാത്രയിൽപോലും മൃതശരീരം വഹിച്ചിരുന്ന കഴുതയെ ഒരു സിംഹം കൊല്ലുകയുണ്ടായി. സാൻസിബാറിൽ നിന്നും മൃതദേഹം കപ്പലിൽ കയറ്റി ഇംഗ്ലണ്ടിലേയ്ക്കു കൊണ്ടുപോകുകയും വെസ്റ്റ്മിൻസ്റ്റർ ആബെയിൽ ആഡംബരസമന്വിതം ആ ധന്യാത്മാവിനെ സംസ്കരിക്കുകയും ചെയ്തു.

ഇതിനെത്തുടർന്നു് സ്റ്റാൻലി പല പര്യടനങ്ങളും ആഫ്രിക്കയിൽ നടത്തി, കോങ്ഗോ നദീതടത്തെ സംബന്ധിച്ച വിലയേറിയ വിവരങ്ങൾ ലോകത്തിനു് പ്രദാനം

ചെയ്തു. മറെറാരു പ്രസിദ്ധ അന്വേഷകനായ ബ്രൂസ് ആണ് നൈൽ നദിയുടെ ഉല്പത്തിസ്ഥാനം കണ്ടുപിടിച്ചത്. ആഫ്രിക്കയുടെ അവിജ്ഞേയമായ ഉൾഭാഗങ്ങളിൽ പ്രകാശം പ്രസരിക്കുന്നതിനു് സ്വജീവിതത്തെപ്പോലും തൃണവൽഗണിച്ചു് ഈ സാഹസികവീരന്മാർ നടത്തിയ പരിശ്രമങ്ങൾക്കു് ലോകം എത്രമാത്രം അവരോടു് കടപ്പെട്ടിരിക്കുന്നു.

ആഫ്രിക്കയിൽ വെള്ളക്കാരുടെ മത്സരം

പത്തൊമ്പതാം നൂറാണ്ടിന്റെ അവസാനമായപ്പോഴേക്കും ആ ഭൂഖണ്ഡത്തെ സംബന്ധിച്ചുള്ള അറിവു് പാശ്ചാത്യർക്കു് ലഭിച്ചു എന്നു പറഞ്ഞുവല്ലൊ. അവിടത്തെ പ്രകൃതിവിഭവങ്ങൾകൊണ്ടുള്ള ധനസമൃദ്ധി വെള്ളക്കാരെ അവിടേയ്ക്കു് ആകഷ്ടിച്ചു. "ആഫ്രിക്കയിലെ ധനസമൃദ്ധിയാണ്, മരുഭൂമിയും, മനുഷ്യനെ നെരിപ്പോടിലിട്ടു വറുത്തെടുക്കുന്ന വെയിലും, അനവധി സാംക്രമികരോഗങ്ങളും കാട്ടാളന്മാരിൽനിന്നുമുള്ള അക്രമണങ്ങളും മറെറപകടങ്ങളും വകവെയ്ക്കാതെ ആഫ്രിക്ക കൈയ്യടക്കുവാൻ വെള്ളക്കാരനെ ക്ഷണിച്ചതു്" എന്നതേ ഒരു ഗ്രന്ഥകാരൻ പറയുന്നതു്.

കോളനികൾ സ്ഥാപിക്കുന്നതിനു് പാശ്ചാത്യശക്തികൾ അഹമഹമികയാ മുന്നോട്ടു തള്ളിക്കയറി. പല കാരണങ്ങളും ഉണ്ടായിരുന്നുവെങ്കിലും, അവയിൽ പ്രധാനമായതു് സാമ്പത്തികമായതുതന്നെയാണു്. വ്യവസായവിപ്ലവത്തിന്റെ ഫലമായി യൂറോപ്പിൽ സമൃദ്ധമായുണ്ടായ വ്യാവസായികോല്പന്നങ്ങൾ വിറഴിക്കുവാൻ വിപണികൾ ആവശ്യമായിത്തീർന്നു. വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ സംഭരിക്കേണ്ട ആവശ്യവുമുണ്ടായി. വ്യവസായപ്രമുഖന്മാരുടെ ശ്രദ്ധ ആഫ്രിക്കയിലേയ്ക്കു തിരിഞ്ഞു. അവിടത്തെ സ്വർണ്ണഖനികളും രത്നഖനികളും ഭാരിച്ച ലാഭമുണ്ടാക്കുവാൻ പറ്റിയ മണ്ഡലങ്ങളായിരുന്നു. യൂറോപ്യൻ രാജ്യങ്ങളിലെ ജനപ്പെരുപ്പവും, വിപണികൾ കണ്ടെത്തുന്നതിനുള്ള വ്യഗ്രതയും അവരെ

ആഫ്രിക്കയിൽ പാഞ്ഞെത്തുന്നതിനു പ്രേരിപ്പിച്ച എന്നുള്ളതിൽ അതിശയിക്കാനില്ല.

പതിനെട്ടാം ശതകത്തിന്റെ അന്ത്യഘട്ടത്തിൽ നടന്ന അമേരിക്കൻ സ്വാതന്ത്ര്യസമരഫലമായി ഇംഗ്ലണ്ടിനു് അവിടെയുണ്ടായിരുന്ന കോളനികൾ നഷ്ടപ്പെട്ടതായി പഠിച്ചുകഴിഞ്ഞു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ദക്ഷിണ അമേരിക്കയും സ്വതന്ത്രമായി. അതിന്റെ ഫലമായി രാഷ്ട്രീയമായും സാമ്പത്തികമായും അവികസിതമായി കിടന്നിരുന്ന പ്രദേശങ്ങളിൽ കോളനികൾ സ്ഥാപിക്കാൻ 10-ാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ യൂറോപ്യൻ രാജ്യക്കാർ വെമ്പൽകൊണ്ടു. അവരുടെ പ്രശസ്തിക്കു് വിസ്തൃതമായ ഒരു സാമ്രാജ്യം ആവശ്യമെന്നും കരുതി. ചില സാമ്പത്തിക വിദഗ്ധന്മാർ "ഒന്നുകിൽ ഒരു രാഷ്ട്രം വികസിക്കണം, അല്ലെങ്കിൽ ആ രാഷ്ട്രം നശിക്കണം" എന്ന തത്ത്വത്തിനു് പ്രചാരം നല്കി. പല രാഷ്ട്രതന്ത്രജ്ഞന്മാരും മാതൃരാജ്യത്തിന്റെ രക്ഷയ്ക്കും വളർച്ചയ്ക്കും സമുദ്രത്തിനപ്പുറത്തു സാമ്രാജ്യം ആവശ്യമെന്നു വിശ്വസിച്ചു.

മതപ്രചരണവും ദീനാനുകമ്പയും ആഫ്രിക്കയിൽ ആധിപത്യം സ്ഥാപിക്കുന്നതിനു് പരോക്ഷമായി സഹായിച്ച മറ്റു കാരണങ്ങളാണു്. പല യൂറോപ്യൻ രാജ്യങ്ങളിൽനിന്നും മതപ്രചരണാർത്ഥം മിഷനറിമാർ ആഫ്രിക്കയിലെത്തി. അപരിഷ്കൃത വർഗ്ഗക്കാരെ ഉദ്ധരിക്കുക. അവരുടെ ഇടയിൽ "സുവിശേഷം" (Gospel) പ്രസംഗിക്കുകയും ചെയ്യുകയെന്നുള്ളതു് അവരുടെ ധർമ്മമായി അവർ കരുതി. കേവലം ഭൂമിശാസ്ത്രപരമായ അറിവു സമ്പാദിക്കണമെന്നുള്ള പ്രചോദനം മാത്രമല്ല ലിവിങ്സ്റ്റനുണ്ടായിരുന്നതു്. ഒരുപക്ഷേ, ക്രിസ്തുമതപ്രചരണമാണു് ആഫ്രിക്കയിലെ ദുർഗമങ്ങളായ വൻകാടുകളോടും ഗിരിപ്രദേശങ്ങളോടും മല്ലടിക്കുന്നതിനു് അദ്ദേഹത്തിനു് കൂടുതൽ ആവേശം നൽകിയതു്. അക്കൂട്ടത്തിൽ അടിമക്കച്ചവടം നിരുത്സാഹപ്പെടുത്തുന്നതിനും ബ്രിട്ടീഷുകാരുടെ ആധി

പത്യം സ്ഥാപിക്കുന്നതിനും പരോക്ഷമായി അദ്ദേഹം സഹായിച്ചു.

കാലക്രമത്തിൽ ആഫ്രിക്ക പങ്കിടുന്നതിനുള്ള മത്സരത്തിൽ പാശ്ചാത്യശക്തികൾ വ്യാപൃതരായി എന്നു പറയാം. വടക്കെ ആഫ്രിക്കയിൽ ഫ്രാൻസും, പശ്ചിമ ആഫ്രിക്കയിൽ പോർത്തുഗലും ബ്രിട്ടനും കോളനികൾ സ്ഥാപിച്ചു. ദക്ഷിണാഫ്രിക്കയിൽ ഡച്ചുകാർ സ്ഥാപിച്ച കോളനി ബ്രിട്ടീഷുകാർ പിടിച്ചടക്കി. ബെൽജിയം, കോങ്ഗോ തടത്തിൽ കുറെ ഭാഗങ്ങൾ കൈക്കലാക്കി. ഫ്രഞ്ചുകാർ കിഴക്കുപടിഞ്ഞാറായി ഒരു സാമ്രാജ്യം സ്ഥാപിക്കാനാഗ്രഹിച്ചു. ബ്രിട്ടീഷുകാർക്ക് തെക്കുവടക്കായിട്ടാണ് വേണ്ടിയിരുന്നതു്. മൊറോക്കോയും സംഘട്ടനങ്ങളും നടന്നു. ഫ്രാൻസാണ് തോറ്റതു്. വിസ്തൃതിയെ സംബന്ധിച്ചെടത്തോളം ഫ്രാൻസിനാണ് പ്രഥമസ്ഥാനമെങ്കിലും അവരുടെ സ്ഥലങ്ങൾക്ക് സാമ്പത്തികമായ മേന്മയില്ല. ബൂവർ യുദ്ധങ്ങളുടെ ഫലമായി ദക്ഷിണാഫ്രിക്ക ബ്രിട്ടനു കിട്ടി. ഈജിപ്തിന്റെ മേൽ പരമാധികാരം സ്ഥാപിച്ചു് സൂയസ് കനാൽ പ്രദേശത്തു് ആധിപത്യം ഉറപ്പിക്കുവാൻ കഴിഞ്ഞതു് ബ്രിട്ടനാണ്. ഒടുവിൽ ആഫ്രിക്കയിൽ കയറിപ്പറ്റിയതു് ജർമ്മനിയാണ്. മദ്ധ്യാഫ്രിക്കയിൽ അവരും ഒരു കോളനിയുണ്ടാക്കി. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ജർമ്മൻ പ്രദേശങ്ങൾ ബ്രിട്ടനും ഫ്രാൻസും വീതിച്ചെടുത്തു.

സ്വന്തം വ്യവസായങ്ങളെ പുഷ്ടിപ്പെടുത്തുന്നതിനു് മാത്രം ആഫ്രിക്കയെ അടക്കി ഭരിക്കുന്നതിനായിരുന്നു പാശ്ചാത്യർ ആഗ്രഹിച്ചതു്. നീഗ്രോകളെ മർദ്ദിച്ചും അവരെക്കൊണ്ടു് എല്ലുമുറിയെ ജോലിചെയ്യിച്ചും മുതലെടുക്കുവാൻ വെള്ളക്കാർ തുനിഞ്ഞു. ആദ്യകാലങ്ങളിൽ ബൽജിയക്കാർ കോങ്ഗോ പ്രദേശത്തിലെ ആദിമവാസികളോടു് പൈശാചികമായ രീതിയിൽ പെരുമാറിയതിനെ പ്രതിഷേധിച്ചു് യൂറോപ്പിൽപോലും സ്വരമുയർന്നു. നീഗ്രോകളെ ദാസ്യമനോഭാവത്തിൽ പുലർത്തു

ന്നതിനുമാത്രമെ വെള്ളക്കാർ ആഗ്രഹിച്ചുള്ളു. തങ്ങളുടെ സാമ്പത്തിക ചൂഷണശ്രമങ്ങൾക്കു വിധേയമായ നിജ്ജീവവസ്തുക്കളായിട്ടാണ് നീഗ്രോകളെ കരുതിപ്പോന്നതു്. ആ സ്ഥിതിഗതികൾ ഇന്നു മാറി. ദേശീയ ബോധത്തിന്റെ ഉണവ്വ് ഓരോ ആഫ്രിക്കന്റേയും പ്രവർത്തനത്തെ ഭരിക്കുന്നുണ്ട്. വെള്ളക്കാരുടെ നീചമായ വർണ്ണവിദ്വേഷവും, സാമ്പത്തിക ചൂഷണവും, വർഗ്ഗമേധാവിത്വവും അവന്റെ സ്വാതന്ത്ര്യതൃഷ്ണയെ ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നു. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ദക്ഷിണാഫ്രിക്കയിൽ നടന്ന സത്യാഗ്രഹസമരം ഈ സ്വാതന്ത്ര്യതൃഷ്ണയ്ക്ക് ഉത്തേജനം നല്കി. കോളനി വാഴ്ചയുടെ അന്ത്യരംഗം ദൃശ്യമായിക്കഴിഞ്ഞു. 1956-ൽ ഫ്രഞ്ചുകാരുടെ ആധിപത്യത്തിൽനിന്നും ടുനീഷ്യ സ്വാതന്ത്ര്യം നേടി. മൊറോക്കോ, സ്പെയിനിന്റെയും ഫ്രാൻസിന്റേയും പിടിയിൽനിന്നും രക്ഷപ്രാപിച്ചുകഴിഞ്ഞു. ഫ്രാൻസിന്റെ ആധിപത്യത്തെ വലിച്ചെറിയുന്നതിനുള്ള പ്രക്ഷോഭണം ആൾജീറിയായിൽ കൊടുമ്പിരിക്കൊണ്ടിരിക്കയാണ്. ലിബിയാ രണ്ടാം ലോകമഹായുദ്ധാനന്തരം ഇറ്റലിയുടെ ഭരണത്തിൽനിന്നും മോചനം പ്രാപിച്ചു. ഒരു സൈനികവിപ്ലവത്തിന്റെ ഫലമായി ഈജിപ്ത് 1952-ൽ രാജവാഴ്ചയിൽനിന്നും മോചനം പ്രാപിച്ചു് ഒരു റിപ്പബ്ലിക്കായിത്തീർന്നു. ബ്രിട്ടന്റെയും ഈജിപ്തിന്റെയും സംയുക്ത ഭരണത്തിലായിരുന്ന സുഡാനും ഇന്നു് ഒരു സ്വതന്ത്രരാഷ്ട്രമാണ്. 1935-ൽ ഇറ്റലിയുടെ ആധിപത്യത്തിൽപെട്ടുപോയ അബിസീനിയ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സ്വതന്ത്രമായി. പശ്ചിമാഫ്രിക്കൻ കോളനികളിൽ ഘാനായും ലൈബീരിയായും സാമ്രാജ്യഭരണകർത്താക്കളിൽനിന്നും രക്ഷപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനനയത്തിനെതിരായി പ്രക്ഷോഭണം നടക്കുകയാണ്. പൂർവ്വാഫ്രിക്കയിലും ദേശീയ ബോധം അത്യുന്നതമായിക്കഴിഞ്ഞിരിക്കുന്നു.

അടിമവ്യാപാരവും അതിന്റെ ഫലങ്ങളും

ആഫ്രിക്കയുടെ തീരപ്രദേശങ്ങൾ കണ്ടുപിടിച്ച കാലത്തുതന്നെയാണ് യൂറോപ്യന്മാർ അമേരിക്കാ ഭൂഖണ്ഡങ്ങൾ കണ്ടുപിടിച്ചതും. അമേരിക്കയിലെ തോട്ടങ്ങളിൽ കൃഷിചെയ്യുന്നതിനും മറ്റും തൊഴിലാളികളെ ധാരാളം ആവശ്യമായിവന്നു. ഇതിലേയ്ക്ക് ആഫ്രിക്കയിൽനിന്ന് നീഗ്രോകളെ പിടിച്ച് അടിമകളായി അമേരിക്കയിൽ കൊണ്ടുപോയി വില്ക്കുന്നതു് ലാഭമുള്ള ഒരു തൊഴിലായിരുന്നു. ഈ അടിമവ്യാപാരം ദീർഘകാലം നിലനിന്നു. അറബികൾ, പോർത്തുഗീസുകാർ, ഇംഗ്ലീഷുകാർ ആദിയായ എല്ലാവരും ഈ കച്ചവടത്തിൽ ഏർപ്പെട്ടിരുന്നു. നീഗ്രോകളെ മനുഷ്യരായിട്ടല്ല കരുതിവന്നതു്. പ്രത്യുത ക്രയവിക്രയം ചെയ്യാവുന്ന നിർജ്ജീവമായ ഒരു ഉല്പന്നം മാത്രമായിട്ടാണ് പരിഗണിക്കപ്പെട്ടതു്. യൂറോപ്യരുടെ ദൃഷ്ടിയിൽ നീഗ്രോകൾ മൃഗങ്ങളേക്കാൾ അധമരായിരുന്നു. ആഫ്രിക്കൻ വനങ്ങളിലും മറ്റും താമസിച്ചിരുന്ന അവരെ വെള്ളക്കാർ നായാട്ടു നടത്തി പിടിച്ച് കൂട്ടംകൂട്ടമായി ആഫ്രിക്കയിൽനിന്നും അമേരിക്കയിലേക്ക് അയച്ചിരുന്നു. മനുഷ്യോചിതമല്ലാത്ത ഈ വ്യാപാരത്തിനെതിരായി മിഷനറിമാർ വളരെ അധികം പ്രവർത്തിച്ചിട്ടുണ്ട്. അമേരിക്കയിലുള്ള തോട്ടങ്ങളിൽ നീഗ്രോകൾ അനുഭവിച്ച ദുരിതം അവരുടെ ഉടമകളുടേതൊഴിച്ച് മറേറതൊരു ഹൃദയത്തേയും അലിയിപ്പിക്കുന്നതായിരുന്നു. ജീവകാരുണ്യാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന അവർ അടിമത്വത്തിനെതിരായി നിരന്തരം ശബ്ദമുയർത്തിക്കൊണ്ടിരുന്നു, അമേരിക്കൻ ചരിത്രത്തിലുണ്ടായ ഉത്തരദക്ഷിണസംസ്ഥാനങ്ങൾ തമ്മിൽ നടന്ന ആഭ്യന്തരയുദ്ധവും, മഹാനായ പ്രസിഡൻറ് അബ്രഹാം ലിങ്കൺ അടിമകളെ മോചിപ്പിച്ചതും ചരിത്രപ്രഖ്യാപിതങ്ങളാണല്ലോ. ഇന്ന് നീഗ്രോവംശജർ അമേരിക്കയിലെ ജനസംഖ്യയിൽ ഒരു ഗണ്യമായ ഭാഗമാണ്.

ഖണ്ഡം 2

അമേരിക്ക

15-ാം ശതാബ്ദത്തിന്റെ അവസാനത്തിൽ സ്പെയിനിൽനിന്നും പടിഞ്ഞാറോട്ട കപ്പൽയാത്രചെയ്ത് ഇൻഡ്യയിലെത്തുന്നതിനു ശ്രമിച്ച കൊളംബസ് അമേരിക്കയുടെ മദ്ധ്യഭാഗത്തിനടുത്തുള്ള ദ്വീപുകളിൽ എത്തിച്ചേർന്നു. 1492-ൽ ഇതു സംഭവിച്ചതിനുശേഷം ഈ നൂതനലോകത്തെപ്പറ്റിയുള്ള അന്വേഷണങ്ങൾ തുടങ്ങി. കാബർട്ട് സഹോദരന്മാർ ന്യൂഫൌണ്ട്ലാൻഡ് കണ്ടുപിടിച്ചു. ഇറ്റലിക്കാരനായ അമേരിഗോ വെസ്പൂച്ചിയുടെ നേതൃത്വത്തിൽ പോർട്ടുഗൽ രാജാവയച്ച ഒരു സംഘം ആളുകളാണ് 1501-ൽ അമേരിക്കൻ ഭൂഖണ്ഡങ്ങളുടെ തീരം കണ്ടുപിടിച്ചതു്. 'അമേരിഗോ' എന്ന പദത്തിൽ നിന്നാണു് അമേരിക്ക എന്ന പേരുണ്ടായിച്ചതു്. വെസ്പൂച്ചിക്കു മുൻപ് യാത്രചെയ്തിരുന്നവരെല്ലാം അവർ ഇന്ത്യയിൽ എത്തി എന്നാണു് കരുതിയിരുന്നതു്. ജന്തുവർഗ്ഗങ്ങളിലും സസ്യവർഗ്ഗങ്ങളിലും കാണപ്പെട്ട പ്രത്യേകതകൾ ഇൻഡ്യയുടേതല്ലെന്നു് സൂക്ഷ്മനിരീക്ഷകനായിരുന്ന വെസ്പൂച്ചിക്കു മനസ്സിലായി. അന്നുവരെ അജ്ഞാതമായിരുന്ന ഒരു പുതിയ ലോകത്തിലാണു് താനെത്തിയതെന്നു് അദ്ദേഹം മനസ്സിലാക്കി, കൊളംബസ് കണ്ടുപിടിച്ച ദ്വീപുകൾ ഇന്നു് വെസ്റ്റ് ഇൻഡീസ് എന്നു് വിളിക്കപ്പെടുന്നു. 1520-ൽ തെക്കെ അമേരിക്കയുടെ കിഴക്കേ തീരത്തു് മഗലൻ എന്ന പോർത്തുഗീസുകാരൻ പര്യടനങ്ങൾ നടത്തി. തെക്കുഭാഗത്തുള്ള ഒരു കടലിടുക്കിൽക്കൂടി പസഫിക്കിലേക്കു് അദ്ദേഹം യാത്രചെയ്തു. ആ കടലിടുക്കു് ഇന്നു് മഗലൻ എന്നറിയപ്പെടുന്നു. കൊളംബസിന്റെ സഹപ്രവർത്തകനായിരുന്ന പിൻസൺ ആമസോൺ നദീമുഖം നേരത്തെതന്നെ കണ്ടുപിടിച്ചിരുന്നു. വെസ്പൂച്ചിയുടെ മുന്നോടിയായി 1500-ൽ കബ്രാൾ എന്ന പോർത്തുഗീസു് നാവികൻ ബ്രസീൽ തീരത്തു് പര്യടനം നടത്തിയിരുന്നു.

പുതിയ ലോകത്തിലെ ഭൂമിയും ധനവും കൈയ്യടക്കുവാൻ യൂറോപ്യൻ രാജ്യങ്ങൾ മത്സരബുദ്ധിയോട്ടകൂടി അവിടേയ്ക്കു പാഞ്ഞുകയറി. ഈ മത്സരത്തിൽ പ്രധാനമായി പങ്കുവഹിച്ചവർ സ്പെയിൻകാർ, പോർത്തുഗീസുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ, ഡച്ചുകാർ ഇവരായിരുന്നു, സ്പെയിൻകാർ മെക്സിക്കൻ ഉൾക്കടൽ, ഫ്ളോരിഡ എന്നീ സ്ഥലങ്ങളിലേയ്ക്കു് അനേകം യാത്രകൾ നടത്തി. 16-ാം ശതകത്തിന്റെ ആരംഭത്തിൽ കോർട്ടിസിന്റെ കീഴിൽ സ്പെയിൻകാർ മെക്സിക്കോ പിടിച്ചടക്കി അവിടത്തെ ആസ്റ്റക്കുവർഗ്ഗക്കാരുടെ സംസ്കാരം നശിപ്പിച്ചു.

17-ം 18-ം നൂറാണ്ടുകളിൽ വടക്കേ അമേരിക്കയിലെ സാഹസികപര്യടനങ്ങളും സ്ഥലസമ്പാദനവും അഞ്ചു പ്രധാന പ്രദേശങ്ങളിലായി നടന്നു. (1) സെൻറു് ലോറൻസു് നദീതടത്തിൽകൂടി ഫ്രഞ്ചുകാർ റോക്കിപർവ്വതനിരവരെയും ഹഡ്സൺ ഉൾക്കടൽവരെയും സഞ്ചാരാന്വേഷണങ്ങൾ നടത്തി. ജാകപകാട്ടിയർ എന്ന ഫ്രഞ്ചുകാരനാണു് സെൻറു് ലോറൻസു് മുഖം കണ്ടുപിടിച്ചതു്. (2) ഇംഗ്ലീഷുകാരുടെ ശ്രദ്ധ കിഴക്കേ തീരത്തായിരുന്നു കേന്ദ്രീകരിച്ചിരുന്നതു്. അപ്പലേഷ്യൻ പർവ്വതപ്രദേശങ്ങളും പരിസരങ്ങളും അവർ കൈയടക്കി. (3) ഫ്രഞ്ചുകാർ മിസിസിപ്പി നദീമുഖത്തുള്ള അവരുടെ കോളനിയിൽ നിന്നും പടിഞ്ഞാറോട്ടു സഞ്ചരിച്ചു് സ്പാനിഷ് വടക്കേ അമേരിക്കയുമായി ബന്ധംപുലർത്തി. (4) സ്പെയിൻകാർതന്നെ ന്യൂ മെക്സിക്കോവിൽനിന്നു് കാലിഫോർണിയാവരെയുള്ള ഭാഗങ്ങൾ കണ്ടുപിടിച്ചു. (5) ഇംഗ്ലീഷുകാർ ഹഡ്സൺ ഉൾക്കടൽ മുതൽ റോക്കിവരെയും ആട്ലിക്കു് സമുദ്രംവരെയും പര്യടനങ്ങൾ നടത്തി.

സെൻറു് ലോറൻസുനദി ഉപയോഗിച്ചു് ഫ്രഞ്ചുകാരാണു് സ്ഥലങ്ങൾ അധികം കണ്ടുപിടിച്ചതു്. മിഷനറിമാരുടേയും കച്ചവടക്കാരുടേയും ഒരു പ്രവാഹംതന്നെ ഇതിനേത്തുടർന്നു് അമേരിക്കയിലേയ്ക്കുണ്ടായി. പഞ്ചമഹാതടാകങ്ങളിലെ ഏറൻ, ഒൻടേറിയോ എന്നിവ ആദ്യ

മായി കണ്ടുപിടിച്ചതു് 1603-ൽ സാമുവൽ ഡി ഷാംപ്ലൻ ആയിരുന്നു. പല തരത്തിലുള്ള ലക്ഷ്യങ്ങളോടുകൂടിയാണു് സാഹസികസഞ്ചാരികൾ മുന്നേറിയതു്. ചിലക്കു് ഏഷ്യയിലേക്കുള്ള മാർഗ്ഗം കണ്ടുപിടിക്കണമെന്നും, മറു ചിലക്കു് വിലയുള്ള ലോഹങ്ങൾ കരസ്ഥമാക്കണമെന്നും, വേറെ ചിലക്കു് ആട്ടിക്കുപ്രദേശങ്ങളിൽ സുലഭമായിരുന്ന വിലപിടിപ്പുള്ള രോമം ശേഖരിച്ചു വിറ്റു് പണം സമ്പാദിക്കണമെന്നും ആയിരുന്നു ആഗ്രഹം. 1670-ൽ ആണു് ഇംഗ്ലീഷുകാർ ഹഡ്സൺബേ കമ്പനി സ്ഥാപിച്ചതു്. അന്നുമുതൽ ആ പ്രദേശങ്ങളിലെ അന്വേഷണപര്യടനങ്ങൾക്കു് ഒരു പുതുജീവൻ വന്നുചേർന്നു. 1713-ൽ നടന്ന യുട്രക്ടറ് സന്ധി അനുസരിച്ചു് ആ പ്രദേശങ്ങൾ ഇംഗ്ലീകാക്കു ലഭിച്ചു.

സെൻറു് ലോറൻസു് നദിയിൽകൂടി മുന്നേറിയ ഫ്രഞ്ചുകാരാണു് ക്യാനഡരാജ്യം സ്ഥാപിച്ചതു്. അവരുടെ ആഗ്രഹം വടക്കേ അമേരിക്ക മുഴുവൻ കൈക്കലാക്കണമെന്നായിരുന്നു. ലൂയിസ്യാന എന്ന പേരിൽ മിസിസിപ്പി തടം ഫ്രാൻസിൻെറ വകയായി പ്രഖ്യാപനംചെയ്തു. സപ്തവത്സര മത്സരത്തിൽ അമേരിക്കയുടെ കിഴക്കേ തീരത്തു് താമസമാക്കിയ ഇംഗ്ലീഷുകാർ ഫ്രഞ്ചുകാരെ തോല്പിച്ചു് ക്യാനഡ മുതലായ പ്രദേശങ്ങൾ കരസ്ഥമാക്കി. അവിടത്തെ ന്യൂ ഓർലിയൻസു് മുതലായ പേരുകൾ ഫ്രഞ്ചുകാരുടേതാണു്.

ഇംഗ്ലീഷുകാരുടെ അമേരിക്കയിലുണ്ടായിരുന്ന കൂടിയേറ്റത്തെപ്പറ്റി പഠിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ.

ഡച്ചുകാർ ന്യൂ നെതർലാൻഡ്സു് എന്നൊരു കോളനി കിഴക്കേ തീരത്തു സ്ഥാപിക്കുകയുണ്ടായി. വടക്കു ഭാഗത്തും കോളനികൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു. ന്യൂ ആംസ്റ്റർഡാം മുതലായ പേരുകൾ അവരുടേതാണു്. കുറേക്കഴിഞ്ഞു് ഡച്ചുസങ്കേതങ്ങൾ എല്ലാംതന്നെ ബ്രിട്ടീഷുകാർ പിടിച്ചെടുത്തു. ന്യൂ ആംസ്റ്റർഡാം ന്യൂയോർക്കായി.

വടക്കേ അമേരിക്കയിൽ കുടിയേറിപ്പാത്ത ഇംഗ്ലീഷു കാർ മാതൃരാജ്യവുമായി നടത്തിയ സ്വാതന്ത്ര്യസമരത്തെപ്പറ്റി നാം പഠിച്ചുകഴിഞ്ഞു.

ആദ്യകാലത്തു് കുടിയേറിയ ഫ്രഞ്ചുകാർ വടക്കേ അമേരിക്കയിലെ മദ്ധ്യസമതലങ്ങൾക്കു് പ്രയറി എന്ന പേരുകൊടുത്തു. സമതലം എന്നർത്ഥമുള്ള പ്രതാറിയാ (Prataria) എന്ന ഫ്രഞ്ചു വാക്കിന്റെ മറ്റൊരു രൂപമാണു് ഈ പദം. ഈ കുടിയേറ്റങ്ങളുടെയെല്ലാം മുഖ്യമായ ഉദ്ദേശം വാണിജ്യവ്യവസായങ്ങളുടെ അഭിവൃദ്ധിക്കും സാമ്പത്തിക പോഷണത്തിനുംവേണ്ടിയുള്ള മാത്സര്യത്തിൽ നിന്നും ഉത്ഭവിച്ചതാണു്,

വെള്ളക്കാർ അമേരിക്കയിൽ പ്രവേശിച്ചകാലത്തു് അവിടത്തെ ജനസംഖ്യ വളരെ പരിമിതമായിരുന്നു. തെക്കേ അമേരിക്കയിലേയും വടക്കേ അമേരിക്കയിലേയും സ്ഥിതി പലവിധത്തിലും വ്യത്യസ്തമായിരുന്നു. ഒരു പരിഷ്കൃത ജനസമൂഹം തെക്കേ അമേരിക്കയുടെ ചില ഭാഗങ്ങളിൽ അധിവസിച്ചിരുന്നു. ആ പ്രദേശങ്ങളിലാണു് സ്പെയിൻകാർ ശ്രദ്ധപതിപ്പിച്ചതു്. സ്പെയിൻകാക്കും പോർത്തുഗീസുകാക്കുമാണു് തെക്കേ അമേരിക്കയിലെ വലിയ ഭൂവിഭാഗങ്ങൾ ലഭിച്ചതു്. ഈ രണ്ടു രാജ്യങ്ങളും അന്നത്തെ യൂറോപ്പിലെ പ്രധാന കത്തോലിക്കാരാജ്യങ്ങൾ ആയിരുന്നതിനാൽ അവക്കുമാത്രമേ അവിടേയ്ക്കുള്ള കുടിയേറ്റത്തിനു് അനുവാദം നല്കിയിരുന്നുള്ളു. തെക്കേ അമേരിക്കയെ "ലാറ്റിൻ അമേരിക്ക" യെന്നു വിളിക്കാറുണ്ടു്. സ്പെയിൻകാരുടേയും പോർത്തുഗീസുകാരുടേയും ഭാഷയും ആചാരക്രമങ്ങളും ആ പ്രദേശങ്ങളിൽ പ്രചരിച്ചതുകൊണ്ടാണു് ദക്ഷിണ അമേരിക്കയ്ക്കു് അങ്ങനെ പേരു സിദ്ധിച്ചതു്.

തെക്കേ അമേരിക്കയിലെ സാഹസികപര്യടനങ്ങൾ താരതമ്യേന വിവിധതരം നിറഞ്ഞതാണു്. ആ സാഹസികവീരന്മാരിൽ വോൺഹംബോൾട്ടു് എന്ന അന്വേഷിയുടെ പേരു് വിഖ്യാതമാണു്. അദ്ദേഹത്തിന്റെ അ

നേപഷണത്തിനു് ബ്രസീൽ, ഗയാനാ മുതലായ രാജ്യങ്ങളും, ഓറിനോക്കോ, ആമസോൺ മുതലായ നദീതടങ്ങളും വിധേയമായി. കപിറേറായിലും അദ്ദേഹം സഞ്ചരിച്ചു. 19-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ കൊളംബിയ, ഇകവഡോർ, പെറു, വെനസ്യൂല, ബ്രസീൽ, ഉറുഗ്വേ, അർജൻറീന, പാറഗോണിയ, ചിലി, എന്നീ പ്രദേശങ്ങളെല്ലാം സഞ്ചാരികൾ കീഴടക്കി.

സ്പെയിനും പോർത്തുഗലും തമ്മിൽ തെക്കെ അമേരിക്കയെ സംബന്ധിച്ചു് അവകാശത്തർക്കമുണ്ടായി. പോപ്പിന്റെ തീരുമാനമനുസരിച്ചു് കിഴക്കുഭാഗം പോർത്തുഗലിനും, പടിഞ്ഞാറുഭാഗം സ്പെയിനിനും ലഭിച്ചു. ഈ രണ്ടു രാജ്യക്കാരും ഈ തീരുമാനത്തിനുശേഷം ധാരാളമായി കുടിയേറുകയും കൃഷിയും ലോഹഖനനവും മറ്റും വൻതോതിൽ അവിടെ നടത്തി സമ്പന്നരാവുകയുംചെയ്തു.

ദക്ഷിണ അമേരിക്കൻ റിപ്പബ്ളിക്കുകളുടെ ഉദയം


വടക്കേ അമേരിക്കയിലെ സ്വാതന്ത്ര്യസമരവും ഫ്രഞ്ചു വിപ്ലവവും ആണു് ദക്ഷിണ അമേരിക്കയിലെ കുടിയേറ്റക്കാർക്കു് സ്വാതന്ത്ര്യതൃഷ്ണയുണ്ടാക്കിയതു്. വിദേശാധിപത്യത്തിൽനിന്നു് സ്വാതന്ത്ര്യം നേടാൻ ഐക്യനാടുകളെപ്പോലെതന്നെ അവരും അത്യധികം ആഗ്രഹിച്ചു. ചൂഷണസമ്പ്രദായത്തിൽ സ്പെയിനും പോർത്തുഗലും ഒട്ടും പിന്നിലല്ലായിരുന്നു. മാതൃരാജ്യങ്ങളുടെ ജന്മസ്വത്തു് എന്നതിൽ കവിഞ്ഞു് കോളനികളെ പരിഗണിച്ചിരുന്നില്ല. അമേരിക്കയിൽ ജനിച്ച 'ക്രിയോൾസ്' എന്നു വിളിച്ചുവന്ന സ്പെയിൻകാക്കും, സ്പെയിൻകാരുടെ സന്താനങ്ങളായി നാട്ടുകാരിൽ ജനിച്ച മിശ്രവർഗ്ഗങ്ങൾക്കും സ്പെയിൻകാരിൽനിന്നും പലവിധത്തിലുള്ള അവശതകൾ അനുഭവിക്കേണ്ടിവന്നു.

മിറാൽഡാ എന്ന ദേഹമായിരുന്നു തെക്കെ അമേരിക്കയിലെ സ്വാതന്ത്ര്യസമരത്തിന്റെ ആദ്യത്തെ മാർഗ്ഗദർശി. ആ സമരം രാജ്യത്തിന്റെ പല ഭാഗങ്ങളിലായി പലരുടേയും നേതൃത്വത്തിൽ നടന്നു. മിറാൽഡായുടെ

ശ്രമം വെനസ്വേല റിപ്പബ്ലിക്കാക്കുന്നതിനായിരുന്നു. സ്പാനിഷ് ഗവണ്മെന്റ് അദ്ദേഹത്തെ സ്പെയിനിലുള്ള ഒരു കാരാഗൃഹത്തിലടച്ചു. ഒരു ക്രിയോൾ കുടുംബത്തിൽ ജനിച്ച സൈമൺബൊളീവർ (1783-1830) ദക്ഷിണ അമേരിക്കയിലെ ജോജ്ജ് വാഷിംങ്ടൺ എന്നറിയപ്പെടുന്നു. ആ ഭൂഖണ്ഡത്തെ വിദേശാധിപത്യത്തിൽ നിന്നും പരിപൂർണ്ണമായി മോചിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. വെനസ്വേലയിൽ തുടങ്ങിയ വിപ്ലവം സ്പാനിഷ് ഗവണ്മെന്റ് അമർച്ച ചെയ്തു. കൊളംബിയായിൽവെച്ചു നടന്ന യുദ്ധത്തിൽ സ്പെയിൻ പരാജിതമായി. തുടർന്നുള്ള പല സംഘട്ടനങ്ങളിലും അദ്ദേഹം പരാജിതനായി. എന്നാൽ, 1819-ൽ ബൊയേക്കാ യുദ്ധത്തിൽ (Boyaca) സ്പെയിനിനെ അദ്ദേഹം നിശ്ശേഷം തോല്പിക്കുകയും കൊളംബിയായും വെനസ്വേലയും കൂട്ടിച്ചേർത്ത് ഒരു റിപ്പബ്ലിക്കുണ്ടാക്കുകയും ചെയ്തു. അതിന്റെ ആദ്യത്തെ പ്രസിഡണ്ട് അദ്ദേഹം തന്നെയായിരുന്നു. ഇതിനെത്തുടർന്ന് ഉത്തരപെറുവും സ്വതന്ത്രമായി. ബൊളീവറുടെ നാമധേയം എന്നും നിലനിറുത്തുന്നതിനായി പുതിയ റിപ്പബ്ലിക്കിന് ബൊളീവിയാ എന്ന് അവിടത്തെ ജനങ്ങൾ പേരിട്ടു.

1817-ൽ ചിലി സ്വതന്ത്രമായി. ഒരു സ്പാനിഷ് ഉദ്യോഗസ്ഥന്റെ പുത്രനായിരുന്ന ജോസ് ഡിസാൻ മാർട്ടിനാണ് സ്പെയിൻകാരെ തോല്പിച്ച് സ്വാതന്ത്ര്യം സമ്പാദിച്ചത്. ആർജൻറീന, പെറു എന്നീ രാജ്യങ്ങളും ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ തന്നെയാണ് വിമോചനസമരം നടത്തിയത്. 1821-ൽ മെക്സിക്കൊയും മദ്ധ്യ അമേരിക്കയും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. അധികം താമസിയാതെ തെക്കേ അമേരിക്കയുടെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങൾ (വെനസ്വേല, കൊളംബിയാ, ബൊളീവിയാ, ഇകുഡോർ) ഒരുമിച്ചുചേർത്ത് ബൊളീവർ ഒരു റിപ്പബ്ലിക്കുണ്ടാക്കി. അദ്ദേഹംതന്നെയായിരുന്നു അതിന്റെ പ്രസിഡണ്ട്. ബൊളീവറുടെ അടുത്ത ശ്രമം ദക്ഷിണ അമേരിക്കയിലെ എല്ലാ സംസ്ഥാനങ്ങളും ചേർത്ത് ഐ

കൃനാട്ടുകളുടെ മാതൃകയിൽ ഒരു സംയുക്ത ഭരണകൂടം സ്ഥാപിക്കുന്നതിനായിരുന്നു. എന്നാൽ നേതാക്കന്മാർ തമ്മിലുണ്ടായ മത്സരവും പ്രാദേശിക മനോഭാവവും അദ്ദേഹത്തിന്റെ ഉന്നതമായ ലക്ഷ്യത്തിന് തടസ്സമുണ്ടാക്കി. 1830-ൽ ബൊളീവർ പ്രസിഡണ്ടുപദം രാജിവയ്ക്കുകയും അധികനാൾ കഴിയുന്നതിനുമുമ്പ് മരിക്കുകയും ചെയ്തു.



ബ്രസീൽ പോർത്തുഗീസുകാരുടെ ഒരു കോളനിയായിരുന്നു. നെപ്പോളിയൻ യൂറോപ്പിൽ നടത്തിയ യുദ്ധങ്ങൾക്കുശേഷം പോർത്തുഗീസു രാജാവിന്റെ പുത്രൻ പെഡ്രോ ഒന്നാമന്റെ കീഴിൽ ബ്രസീൽ ഒരു സ്വതന്ത്ര

രാജ്യമായെങ്കിലും, അധികകാലം കഴിയുന്നതിനുമുമ്പ് രാജവാഴ്ച അവസാനിപ്പിച്ച് ഒരു റിപ്പബ്ലിക്കായിത്തീർന്നു.

മൺറോ സിദ്ധാന്തമനുസരിച്ചു തെക്കെ അമേരിക്കൻ സ്വാതന്ത്ര്യത്തിനു സഹായിച്ച ഒരു പ്രധാന സംഗതി. 1823-ൽ ഐക്യനാട്ടുകളുടെ പ്രസിഡൻറായിരുന്ന മൺറോ പുറപ്പെടുവിച്ച ചരിത്രപ്രധാനമായ ഈ പ്രഖ്യാപനത്തിൽ അമേരിക്കയുടെ രാഷ്ട്രീയകാര്യങ്ങളിൽ യൂറോപ്പ് ഇടപ്പെട്ടാൽ അതു് ഐക്യനാട്ടുകളുടെ നേർക്കുള്ള എതിർപ്പായി കരുതുമെന്നു് പറഞ്ഞിരുന്നു. മൺറോയുടെ പ്രഖ്യാപനം തെക്കേ അമേരിക്കയെ യൂറോപ്യൻ ഇടപെടലിൽനിന്നു രക്ഷിച്ചു.

ആർജൻറീന, ബ്രസീൽ, ചിലി ഇവയാണു് ദക്ഷിണ അമേരിക്കയിലെ പ്രമുഖസംസ്ഥാനങ്ങൾ. ഇവയെ എ. ബി. സി. ശക്തികൾ എന്നു വിളിക്കുന്നു. തെക്കേ അമേരിക്കയിലെ ഏറ്റവും വലിയ നഗരം ആർജൻറീനയുടെ തലസ്ഥാനമായ ബ്യൂനൊസ് അയർസ് ആണു്. തെക്കേ അമേരിക്കൻ റിപ്പബ്ലിക്കുകൾക്കു് ഒന്നു ചേർന്നു് ഒരു സംയുക്ത ഭരണഘടനയുണ്ടാക്കാൻ ഇന്നുവരെയും സാധിച്ചിട്ടില്ല. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നതു കാരണം ഇവയിൽ പലതും ഐക്യനാട്ടുകളുടെ ഉപഗ്രഹംപോലെ വർത്തിക്കുകയാണു്.

ചോദ്യങ്ങൾ

അദ്ധ്യായം 5

1. ആഫ്രിക്കയുടെ ഒരു പടം വരച്ചു്, അതിൽ പ്രധാനപ്പെട്ട നദികളും തടാകങ്ങളും അടയാളപ്പെടുത്തുക.
2. 1849 മുതൽ 1889 വരെ ലിവിങ്സ്റ്റനും, സ്റ്റാൻലിയും ആഫ്രിക്കയിൽ നടത്തിയ പര്യടനങ്ങളെ വിവരിക്കുക.
3. മംഗോപാർക്കിൻെറ നൈജർനദീപര്യടനങ്ങളെപ്പറ്റി നിങ്ങൾക്കെന്തറിയാം?

4. ഒരു ഭൂപടത്തിന്റെ സഹായത്തോടുകൂടി 19-ാം നൂറ്റാണ്ടിൽ ആഫ്രിക്കയിൽ വെള്ളക്കാർ കൂടിയേറിപ്പാർത്ത സ്ഥലങ്ങളേയും അവർ തമ്മിലുള്ള മത്സരവും ചുരുക്കി വിവരിക്കുക.

5. ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ, സ്പെയിൻകാർ എന്നീ വർ വടക്കെ അമേരിക്കയിൽ കണ്ടുപിടിച്ച സ്ഥലങ്ങളുടെ പേരുകൾ എഴുതുക.

6. തെക്കെ അമേരിക്കൻ കോളനികളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി മിറാൽഡാ, ബൊളീവർ എന്നീ മഹാന്മാർ അനുഷ്ഠിച്ച സേവനങ്ങൾ എന്തെല്ലാം?

7. ചെറുകുറിപ്പെഴുതുക :—

   (1) അമേരിഗോ വെസ്പൂച്ചി

   (2) A. B. C. ശക്തികൾ

   (3) മൺറോ സിദ്ധാന്തം

8. തെക്കേ അമേരിക്കയുടെ പടം വരച്ച് അതിലെ രാജ്യവിഭാഗങ്ങൾ കാണിക്കുക.

അദ്ധ്യായം 6

പൗരസ്ത്യജനങ്ങൾ ഉണരുന്നു

പത്തൊൻപതാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ യൂറോപ്യൻ ശക്തികൾ ഏഷ്യയിലും ആഫ്രിക്കയിലും സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. വ്യാവസായിക വിപ്ലവത്തിന്റെ ഫലമായിട്ടാണ് ഈ സാമ്രാജ്യവിപുലീകരണം ഉണ്ടായത്. തങ്ങളുടെ രാജ്യങ്ങളിൽ ആവശ്യമുള്ളതിൽ വളരെ കൂടുതൽ സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ തുടങ്ങി. അവ വിറ്റഴിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നു. അതിനുവേണ്ടി വിപണികളുണ്ടാക്കുന്ന യത്നത്തിൽ സാമ്രാജ്യങ്ങൾ സ്ഥാപിതമായി. ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ, ഡച്ചുകാർ, പോർത്തുഗീസുകാർ മുതലായവർ ഇൻഡ്യ, ചൈന എന്നീ ഏഷ്യൻ രാജ്യങ്ങളിൽ

പല പ്രദേശങ്ങളും കൈവശപ്പെട്ടത്തി. വെള്ളക്കാരുടെ ആധിപത്യത്തിൽ അകപ്പെട്ട ആ പ്രദേശങ്ങൾ ചൂഷണവും മർദ്ദനവും അനുഭവിക്കേണ്ടിവന്നു. എന്നാൽ കാലം കഴിഞ്ഞതോടെ ഈ രാജ്യങ്ങളിലൊക്കയും ദേശീയ ബോധം വളരുകയും സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തു.

വിഭാഗം 1

ചൈനയുടെ വളർച്ച

പ്രാചീനകാലത്തു് വളരെ പ്രാധാന്യമർഹിക്കുന്നതു് ഇൻഡ്യയുടെയും ചൈനയുടേയും ചരിത്രമാണു്. ഈജിപ്തു്, മെസൊപ്പൊട്ടേമിയ മുതലായ രാജ്യങ്ങളിലെ പരിഷ്കാരം അസ്തമിച്ചിട്ടു് വളരെക്കാലം കഴിഞ്ഞു. എന്നാൽ ഇൻഡ്യയിലും ചൈനയിലും ആക്രമണങ്ങളും കൊള്ളയുംകൊണ്ടു് പലതരത്തിലുള്ള താഴ്ചയും നാശവും ഉണ്ടായിട്ടുണ്ടെങ്കിലും അവിടെ ജ്വലിച്ചിരുന്ന സംസ്കാരദീപശിഖ ഒരിക്കലും മുഴുവനായി അണഞ്ഞുപോയിരുന്നില്ല.

ചക്രവർത്തിഭരണകാലം

ബി. സി. പത്താംശതകം മുതൽ ബി. സി. 220 വരെ ചൈനയിൽ ഫ്യൂഡൽ ഭരണസമ്പ്രദായം നിലനിന്നുപോന്നു. പ്രഭുക്കന്മാർ തമ്മിലുള്ള കലഹങ്ങൾ കൊണ്ടു് നിറഞ്ഞ ഒരു ചരിത്രമാണു് അന്നത്തേതു്. സമാധാനകാലങ്ങളിൽ ഉന്നതനിലവാരമുള്ള ഒരു പരിഷ്കാരം അവിടെയുണ്ടായിരുന്നു. നായാട്ടു്, മത്സ്യംപിടിത്തം, കൃഷി എന്നിവയായിരുന്നു ജനങ്ങളുടെ ഉപജീവനമാർഗ്ഗം. എഴുത്തു ഭാഷ ഏതാണ്ടു് ഇന്നത്തെപ്പോലെതന്നെ പരിപുഷ്ടമായിരുന്നു. പട്ടുനെയ്ത്തു് വളരെ പുരോഗമിച്ചിരുന്നു. ബി. സി. 220-ൽ ഫ്യൂഡൽ ഭരണരീതി അവസാനിക്കുകയും ഷിഹുവാങ്ടി എന്ന ചക്രവർത്തിയുടെ കീഴിൽ ഒരു ഏകീകൃത ചൈന ഉടലെടുക്കുകയും ചെയ്തു. അന്നു് ചൈനയുടെ വടക്കുഭാഗങ്ങൾ ഹൂണന്മാ

രുടെ ആക്രമങ്ങൾക്കു വിധേയമായിരുന്നു. ചക്രവർത്തി അവരെ തോല്പിച്ചു് രാജ്യത്തിനു ഭദ്രത നൽകിയെന്നുള്ളതു് അദ്ദേഹത്തിന്റെ നേട്ടങ്ങളിൽ പ്രാമുഖ്യമുള്ളതാണു്. ഹൂണന്മാരുടെ ആക്രമണങ്ങളിൽനിന്നും രാജ്യത്തെ രക്ഷിക്കുന്നതിനുവേണ്ടി പണിതീർന്നതാണു് ചൈനയിലെ ലോകപ്രസിദ്ധമായ ചുമർ—1800 മൈൽ നീളവും 20 അടി ഉയരവുമുള്ള ഈ ചുമർ അടിമകളുടെ ജീവരക്തം കൊണ്ടുണ്ടാക്കിയതാണെന്നതന്നെ പറയാം. ഷിഹുവാങ്ങ്തിയുടെ മരണാനന്തരം നാനൂറുകൊല്ലക്കാലം ഹാൻ രാജവംശം ഭരണംനടത്തി. രാജ്യത്തിനകത്തും പുറത്തും അനവധി യുദ്ധങ്ങൾ ആ കാലത്തുമുണ്ടായെങ്കിലും ചൈന പരിഷ്കാരത്തിൽ വളരെ മുന്നേറിയ ഒരു കാലഘട്ടമായിരുന്നു അതു്. അച്ചടി, വെടിമരുന്നു് മുതലായവ കണ്ടുപിടിച്ചെന്നുള്ളതു് അന്നത്തെ നേട്ടങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു.

കാലാന്തരത്തിൽ പാശ്ചാത്യർ ചൈനയുമായി കച്ചവടബന്ധത്തിലേപ്പെട്ടകയും അവിടെ പല അവകാശങ്ങളും സ്ഥാപിക്കുകയും ചെയ്തു. 19-ാം നൂറ്റാണ്ടിൽ ചൈനയും ബ്രിട്ടനുമായുണ്ടായ യുദ്ധ (Opium War) ത്തിൽ ഹോങ്ങ്കോങ്ങ് എന്ന പ്രധാനസ്ഥലവും പല കച്ചവടാവകാശങ്ങളും ഇംഗ്ലീഷുകാക്കു ലഭിച്ചു. അമേരിക്ക, റഷ്യ, ഫ്രാൻസ് മുതലായ രാജ്യങ്ങൾ ചൈനയുടെ പല തുറമുഖങ്ങളും കൈവശപ്പെട്ടത്തി. അഭ്യന്തര കലഹംകൊണ്ടു് ബലഹീനമായ ചൈനയുടെ നേർക്കു് ജപ്പാനും ഈ നയം തന്നെ സ്വീകരിച്ചു. 1894-ൽ ഉണ്ടായ യുദ്ധത്തിൽ ജപ്പാൻ ചൈനയെ പരാജയപ്പെട്ടത്തി കൊറിയയും. ഫൊർമോസായും പടിച്ചെടുത്തു.

ബൊക്സർ യുദ്ധം—1900

വിദേശവാണിജ്യബന്ധം, ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനം, ചൈനയുടെ പ്രാന്തപ്രദേശങ്ങളിലേയ്ക്കു വ്യാപിച്ച വിദേശീയാധിപത്യം എന്നിവ അനേകം വെള്ളക്കാരെ ചൈനയിലേയ്ക്കു് ആനയിച്ചു. ഈ സമ്പർക്കം

നഗരവാസികളുടെ ഇടയിൽ ഒരുണർവ്വുണ്ടാക്കി. പാശ്ചാത്യരാജ്യങ്ങളിലെ സവ്വകലാശാലകളിൽ വിദ്യാഭ്യാസം കഴിഞ്ഞു് തിരിച്ചെത്തിയ യുവാക്കളിൽ സ്വദേശാഭിമാനവും ദേശീയ ബോധവും കണ്ടിരുന്നു. ചൈനക്കു് ലോകത്തിൽ ഒരു സ്ഥാനമുണ്ടാകണമെങ്കിൽ ജപ്പാനെപ്പോലെതന്നെ പാശ്ചാത്യരീതികൾ സ്വീകരിക്കണമെന്നുള്ള അഭിപ്രായം അവർ പ്രകടിപ്പിച്ചു. എന്നാൽ ഈ ലക്ഷ്യംവെച്ചുകൊണ്ടു് നടത്തിയ എല്ലാ പരിശ്രമങ്ങളും മാമൂൽപ്രിയന്മാരുടെ ശക്തിയായ എതിർപ്പുമൂലം പരാജയപ്പെട്ടു. ഈ പരാജയത്തിനു് പ്രധാനമായി കാരണമായതു് വെള്ളക്കാരുടെ നിഗ്രഹപ്രവത്തനങ്ങളാണെന്നു മനസ്സിലാക്കുകയും അവരോടുള്ള വെറുപ്പു് പ്രകടമാക്കിത്തുടങ്ങുകയും ചെയ്തു. തീവ്രവാദികളായ ഒരു വിഭാഗം ജനങ്ങൾ രഹസ്യമായി ഒരു സംഘടന രൂപീകരിച്ചു് വെള്ളക്കാരെ വധിക്കുകയും അവരുടെ വസ്തുവകകൾ കൊള്ളയടിക്കുകയും ചെയ്തു. ഇതിനെയാണു് ബോക്സർ യുദ്ധം എന്നു പറയുന്നതു്. വിദേശികൾ ഒരുമിച്ചു ചേന്നു് ഒരു സൈന്യം അയച്ചു് ചൈനയെ തോല്പിച്ചു. ചൈന വീണ്ടും അവരുടെ അഭിനിവേശങ്ങൾക്കു് വഴങ്ങേണ്ടിവന്നു.

ചൈനയിലെ വിപ്ലവം—1911

ചൈനയുടെ നവോത്ഥാനത്തിനു് ചക്രവത്തിഭരണം അവസാനിക്കേണ്ടതു് അത്യാവശ്യമാണെന്നു് അമിതവാദികൾ വിശ്വസിച്ചു. സൺയാത്സെൻ "ചീന പുനരുദ്ധാരണസഭ" എന്നൊരു കക്ഷി രൂപവല്ക്കരിച്ചു. അദ്ദേഹത്തിന്റെ നേതൃത്വം ചൈനയിൽ ദേശീയ ബോധം വളത്തുന്നതിനു് വളരെ സഹായകമായിരുന്നു. വിദേശീയരെ വെറുത്തിരുന്ന എല്ലാ ജനങ്ങളും അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്നു. ഒരു റിപ്പബ്ലിക്കൻ ഗവണ്മെൻറു് രൂപീകരിക്കേണ്ട അത്യാവശ്യകതയെ ചൂണ്ടിക്കാണിക്കുന്നതും തികച്ചും ദേശീയവുമായ ഒരു പരിപാടി അദ്ദേഹം ജനങ്ങളുടെ മുമ്പിൽവെച്ചു. 1911-ൽ ആവേശഭരിതരായ ജനങ്ങൾ വിപ്ലവമാരംഭിച്ചു.

യാങ്ത്സീസ് നദീതീരത്തു് ആരംഭിച്ച വിപ്ലവം അതി വേഗം തെക്കെ ചൈനയിലേയ്ക്കും മദ്ധ്യചൈനയിലേയ്ക്കും വ്യാപിച്ചു. സൺയാത്സെൻ പ്രസിഡൻറായി ഒരു റിപ്പബ്ലിക്കു് ചൈനയിൽ സ്ഥാപിച്ചു. 1925-വരെ റിപ്പബ്ലിക്കിൻെറ സുദൃഢമായ രൂപവല്ക്കരണത്തിനു വേണ്ടി കഠിനമായി അദ്ദേഹം അദ്ധ്വാനിച്ചു. അദ്ദേഹമാണു് "കുമിന്താങ്ങു്" എന്നറിയപ്പെട്ടുന്ന ദേശീയ കക്ഷി ഉണ്ടാക്കിയതു്.

ആഭ്യന്തരസമരം

വിപ്ലവത്തിനുശേഷം ഉത്തരചൈന സമരപ്രിയരായ നായകന്മാരുടെ നിയന്ത്രണത്തിലായിരുന്നു. കാൻറൺ തലസ്ഥാനമാക്കി റിപ്പബ്ലിക്കു് ദക്ഷിണ ചൈനയിൽ സ്ഥാപിക്കുന്നതിനു് സൺയാത്സെൻ നിബ്ബന്ധിതനായി. ഇതിൻെറ ഫലമായി തെക്കേ ചൈനയും വടക്കേ ചൈനയും തമ്മിൽ ഒരു ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഇതിനിടയിൽ ജപ്പാൻ വടക്കെ ചൈനയെ ആക്രമിക്കുകയും അവിടത്തെ ഗവണ്മെൻറിൻെറ മേൽ പല നിബന്ധനകളും അടിച്ചേല്പിക്കുകയും ചെയ്തു. 1925-ൽ സൺയാത്സെൻ മരിച്ചതോടുകൂടി ചിയാങ് കൈഷക്കു് അധികാരത്തിൽവന്നു. തെക്കെ ചൈനയിലുള്ള എതിർപ്പുകളെല്ലാം അവസാനിപ്പിച്ചു് അദ്ദേഹം വടക്കെ ചൈനയിലെത്തി. അവിടെ നാങ്കിങ്ങു് കൈവശപ്പെടുത്തി. അങ്ങനെ ചൈനയുടെ ഏകീകരണം പൂർത്തിയാക്കുകയും ഒരു ദേശീയ ഗവണ്മെൻറു് സ്ഥാപിക്കുകയും ചെയ്തു. 1928-ൽ അദ്ദേഹം വിജയശ്രീലാളിതനായി പീക്കിങ്ങിൽ പ്രവേശിച്ചു് ചൈനയിലെ ദേശീയ ഗവണ്മെൻറിൻെറ പ്രസിഡൻറും സേനാനായകനും ആയിത്തീർന്നു.

ഈ കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് തത്ത്വങ്ങൾ ചൈനയിൽ നുഴഞ്ഞുകയറിക്കൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളെ സംബന്ധിച്ചേടത്തോളം സൺയാത്സെൻ ഒരു 'സഹയാത്രിക'നായിരുന്നു. എന്നാൽ ചി

യാങ്ങ്കൈഷക്കു് കമ്മ്യൂണിസ്റ്റ് വിരോധിയായിരുന്നു. അതിന്റെ ഫലമായി കുമിന്താങ്ങു് കക്ഷിയിൽ ഒരു പിളപ്പുണ്ടായി. ഇടതുപക്ഷത്തിലധികംപേരും കമ്മ്യൂണിസ്റ്റ് ചേരിയിലേക്കു് തിരിഞ്ഞു. ചെങ്കുപ്പായക്കാരുടെ ഒരു സംഘടന രൂപീകരിച്ചു് കമ്മ്യൂണിസ്റ്റുകാർ ദേശീയ സേനയുമായി യുദ്ധം തുടങ്ങി. ഈ ആഭ്യന്തരയുദ്ധം ഗവണ്മെൻറിനെ ദുർബ്ബലമാക്കി. ഈ തക്കംനോക്കി ജപ്പാൻ മഞ്ചൂറിയ കൈവശപ്പെടുത്തി വടക്കൻ പ്രദേശങ്ങളെ കീഴടക്കി. 1937-ൽ മദ്ധ്യചൈന ആക്രമിക്കപ്പെട്ടു. പൊതുശത്രുവിനെ നേരിടുന്നതിനു് ഇരുകൂട്ടരും ചിയാങ്ങിന്റെ നേതൃത്വത്തിൽ അണിനിരന്നു. ചൈനയിൽ സ്ത്രീപുരുഷഭേദമെന്യെ വീറോടുകൂടി എല്ലാവരും പൊരുതി. 1939 ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുന്നതുവരെ ഈ യുദ്ധം നീണ്ടുനിന്നു. ഈ ലോകമഹായുദ്ധത്തിൽ ജപ്പാനു സംഭവിച്ച പരാജയം ചൈനയെ ആ മഹാവിപത്തിൽനിന്നും രക്ഷിച്ചു.

യുദ്ധം അവസാനിച്ചതോടുകൂടി ചൈനയിലെ ആഭ്യന്തരകലഹം വീണ്ടും തലയുയർത്തി. പ്രബലപ്പെട്ടുവന്നിരുന്ന കമ്മ്യൂണിസ്റ്റുകക്ഷി തെക്കും വടക്കും ഭാഗങ്ങളിലും മഞ്ചൂറിയായിലും പൂർണ്ണാധികാരം കൈക്കലാക്കി. കർഷകരുടെ നില ഉയർത്തുമെന്നു പറഞ്ഞു തയ്യാറാക്കിയ അവരുടെ പദ്ധതി ജനങ്ങളിൽ വലിയ പ്രതീക്ഷകളുണ്ടാക്കി. ചെങ്കുപ്പായക്കാരെ ജനങ്ങൾ പിൻതാങ്ങി. 1946 മുതൽ രണ്ടുകൊല്ലം ആഭ്യന്തരസമരം അതിശക്തിയായി തുടർന്നു. ഇതിനിടയ്ക്കു് ചിയാങ്ങ് ചൈനക്കു് ഒരു പുതിയ ഭരണഘടന നൽകി. എന്നാൽ 1949 ആയപ്പോൾ ചൈന മുഴുവൻ കമ്മ്യൂണിസ്റ്റുകാർ കൈവശപ്പെടുത്തി. പീക്കിങ്ങ് അവരുടെ തലസ്ഥാനമാക്കി. മാവോസെതുങ്ങ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. ചിയാങ്ങ്കൈഷക്കു് ഫോർമോസായിൽ ദേശീയഭരണം തുടർന്നു.

വിഭാഗം 2

ജപ്പാന്റെ വളച്ച്

ആധുനികലോകത്തിലെ അത്ഭുതങ്ങളിലൊന്നാണ് ജപ്പാന്റെ ഉയച്ച്. പത്തൊൻപതാം ശതകത്തിന്റെ മദ്ധ്യംവരെ ജന്മിത്തപ്രത്തിലും അടിമത്തപ്രത്തിലും അധിഷ്ഠിതമായിരുന്ന ഒരു സാമൂഹ്യവ്യവസ്ഥിതിയാണ് ജപ്പാനിൽ നിലനിന്നുപോന്നത്. ഏഷ്യ, അമേരിക്ക, ആഫ്രിക്ക മുതലായ സ്ഥലങ്ങളിൽ വിപ്ലവകരങ്ങളായ സംഭവങ്ങൾ പലപ്പോഴും ഉണ്ടായിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ ജപ്പാനിൽ രാഷ്ട്രീയമോ സാമൂഹ്യമോ ആയ യാതൊരു കോളിളക്കങ്ങളുമുണ്ടായില്ല. മാമൂൽ വ്യവസ്ഥകളെ മുറുകെപ്പിടിച്ച് ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്നും വേർതിരിക്കപ്പെട്ട് ജപ്പാൻകാർ ജീവിച്ചുപോന്നു. മദ്ധ്യകാലങ്ങളിൽ യൂറോപ്പിലുണ്ടായിരുന്ന നിലയാണ് ജപ്പാനിൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യംവരെ നിലനിന്നത്. ഭരണം പ്രഭുക്കന്മാരുടെ കൈയിലായിരുന്നു. നാമമാത്രമായിരുന്ന അധികാരമാണ് ചക്രവത്തികൾക്കുണ്ടായിരുന്നത്. ഷോഗൺസ് എന്നു പറയുന്ന പ്രഭു പ്രമാണികളായിരുന്ന അധികാരം മുഴുവൻ കൈയടക്കിയിരുന്നത്.

പാശ്ചാത്യരുമായുള്ള സമ്പർക്കം

1867-ൽ സിംഹാസനാരോഹണംചെയ്ത മുത്സുഹിതോ ചക്രവത്തിയുടെ ഭരണകാലം ജപ്പാന്റെ സുവർണ്ണകാലമായിരുന്നു. പാശ്ചാത്യമാതൃകകളെ അനുകരിച്ച് ജപ്പാനിൽ വലിയൊരു പരിവർത്തനമാരംഭിച്ചു. ഫ്യൂഡൽ വ്യവസ്ഥിതി മാറ്റുക, പാശ്ചാത്യവിദ്യാഭ്യാസം നടപ്പിലാക്കുക, സൈന്യത്തെ നവീനമാതൃകയിൽ സംഘടിപ്പിക്കുക, പുതിയ വ്യവസായശാലകളും തീവണ്ടിപ്പാതകളും ഉണ്ടാക്കുക, പാർലമെന്റു് ഭരണസമ്പ്രദായം ഏർപ്പെടുത്തുക എന്നിവയിലാണ് ചക്രവത്തിയുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. പാർലമെന്റിനു് രണ്ടു മണ്ഡലങ്ങളുണ്ടായിരുന്നു. ആദ്യത്തേതു് തെരഞ്ഞെടുക്കപ്പെട്ട പ്രതി

നിധികൾ അടങ്ങിയ ഒരു പ്രജാസഭയും, നാമനിർദ്ദേശം ചെയ്യപ്പെട്ടവരടങ്ങിയ രണ്ടാമത്തെ ഉപരിമണ്ഡലവും ആയിരുന്നു അതിന്റെ വിഭാഗങ്ങൾ. അതോടുകൂടിയുണ്ടായ നിയമാവലിയുടെ പരിഷ്കരണവും ഭരണരീതിയിൽ സാരമായ പുരോഗതി വരുത്തി. കരസൈന്യത്തിനും നാവികസേനയ്ക്കും ഏറ്റവും ആധുനികരീതിയിലുള്ള പരിശീലനം നൽകി. വിദ്യാർത്ഥികളെ വിദേശങ്ങളിലയച്ചു് സാങ്കേതികശാസ്ത്രങ്ങളിൽ പ്രായോഗികപരിശീലനം ലഭിക്കുന്നതിനു് ഏർപ്പാടുചെയ്തു. അന്യരാജ്യങ്ങളിൽനിന്നും സാങ്കേതിക വിദഗ്ധന്മാരുടെ സേവനം സമ്പാദിച്ചു് തൊഴിലാളികളുടെ കഴിവു് വളരെ വർദ്ധിപ്പിച്ചു. രാജ്യത്തിലെങ്ങും ഒരു പുതിയ ദേശീയബോധം ഉണ്ടായി.

വ്യവസായീകരണത്തിൽ ജപ്പാനുണ്ടായ പുരോഗതി വാസ്തവത്തിൽ അത്ഭുതാവഹമായിരുന്നു. ഏറ്റവും നവീന രീതിയിൽ നിർമ്മിച്ച സംസ്കൃതസാധനങ്ങളുമായി ജപ്പാന്റെ കപ്പലുകൾ ലോകമെങ്ങും പാഞ്ഞു. ജപ്പാന്റെ വ്യാവസായികോല്പന്നങ്ങൾ വിലയിലും മേന്മയിലും എല്ലാ വിപണികളിലും പാശ്ചാത്യരാജ്യങ്ങളിൽനിന്നും വന്ന സാധനങ്ങളോടു് വിജയകരമായി മത്സരിച്ചു. ഒരു വമ്പിച്ച വ്യാവസായിക രാജ്യമായിത്തീർന്ന ജപ്പാൻ ലോകമഹാശക്തികളിൽ ഒന്നായി പരിഗണിക്കപ്പെട്ടു.

റസ്സോ ജപ്പാൻ യുദ്ധം

പാശ്ചാത്യ പരിഷ്കാരത്തിന്റെ ദുഷ്യവശങ്ങളും ജപ്പാനിൽ സംജാതമായി. വ്യാവസായിക പുരോഗതി സാമ്രാജ്യദുർമോഹത്തിനു കാരണമായി. അസംസ്കൃത സാധനങ്ങൾ സുലഭമായി ലഭിക്കുന്നതിനും, വ്യാവസായികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും സാമ്രാജ്യം വേണമെന്നായി. ജനസംഖ്യയുടെ പെരുപ്പം അവരുടെ വിഷമപ്രശ്നങ്ങളിലൊന്നായിരുന്നു. കൊറിയ, മഞ്ചൂറിയ എന്നീ പ്രദേശങ്ങളിൽ ജപ്പാന്റെ ദൃഷ്ടികൾ പതിഞ്ഞു. പാശ്ചാത്യശക്തികൾ ചൈനയിലെ വാണിജ്യം മുഴുവനും അപഹരിക്കുന്നതിനുമുമ്പു് തങ്ങൾക്കും അതിൽ ശ്രദ്ധേയമായ ഒരു

പങ്കു ലഭിക്കണമെന്നും ജപ്പാൻ ആഗ്രഹിച്ചു. ഏതുവിധേനയും ചൈനയുമായി കലഹങ്ങൾ ഉണ്ടാക്കുന്നതിനു് അവസരം നോക്കിയിരുന്ന ജപ്പാനു് പല സന്ദർഭങ്ങളും കിട്ടി. ഈ നിസ്സാരവഴക്കുകളിൽ ചൈന സ്വീകരിച്ച നിലപാടു് ജപ്പാന്റെ ദുരാഗ്രഹവും ധൈര്യവും വർദ്ധിപ്പിച്ചു. 1894-ൽ ഈ രണ്ടു രാജ്യങ്ങളും തമ്മിൽ സംഘട്ടനമുണ്ടായി. അതിന്റെ അവസാനത്തിൽ കൊറിയ മുഴുവൻ ജപ്പാൻ കൈവശപ്പെടുത്തി. അവിടെ ഒരു സ്വതന്ത്രസംസ്ഥാനം സ്ഥാപിച്ചു. ഫോർമോസാ, ലീയോതങ്ങു് മുനമ്പു് മുതലായവ ജപ്പാൻ കൈക്കലാക്കി. ഒരു ചെറിയ ദ്വീപസമൂഹമായ ജപ്പാൻ ഒരു മഹാരാജ്യമായ ചൈനയെ കീഴ്പ്പെടുത്തുന്നതു് ലോകം അത്ഭുതത്തോടെ കണ്ടുനിന്നു. ഈ വൻശക്തിയുടെ ഉദയം പാശ്ചാത്യരെ പരിഭ്രാന്തരാക്കി. റഷ്യയും, ജർമ്മനിയും, ഫ്രാൻസും ചേന്നു് ലിയോതങ്ങു് ചൈനയ്ക്കു തിരിയെ കൊടുപ്പിച്ചു.

റഷ്യ ലിയോതങ്ങു് ഉപദ്വീപിൽപെട്ട പോർട്ടു് ആർതർ കൈവശപ്പെടുത്തി. ഇതു് ജപ്പാനെ കോപിഷ്ടയാക്കി. ബ്രിട്ടനും ഫ്രാൻസും ചില സ്ഥലങ്ങൾ കൈവശപ്പെടുത്തി. അമേരിക്കയുടെ ആവശ്യം ചൈനയുമായി വ്യാപാരം നടത്തുന്നതിനും മറ്റുമുള്ള അവകാശം ലഭിക്കണമെന്നായിരുന്നു. ഈ അവകാശം തുല്യമാണെന്നു് മറ്റു പാശ്ചാത്യശക്തികളെക്കൊണ്ടു് അവർ സമ്മതിപ്പിച്ചു. ഇതു് ജപ്പാനു് നീരസമുണ്ടാക്കി. റഷ്യയുടെ പടിഞ്ഞാറെ അറ്റംമുതൽ കിഴക്കേ തീരംവരെ ട്രാൻസ് സൈബീരിയൻ റെയിൽവേ ഉണ്ടാക്കി കിഴക്കോട്ടു വ്യാപിക്കുന്നതിനുള്ള റഷ്യയുടെ ഉദ്യമം ജപ്പാൻകാരിൽ ഉൽക്കണ്ഠയുളവാക്കി. മഞ്ചൂറിയയും കൊറിയയും കിട്ടണമെന്നു് റഷ്യയ്ക്കു് ആഗ്രഹമുണ്ടായിരുന്നു. ജപ്പാൻ ബ്രിട്ടനുമായി ഒരു സഖ്യത്തിലേർപ്പെട്ടു. ഇതു് ജപ്പാനു് റഷ്യയോടു നേരിടുന്നതിനു് ധൈര്യം നൽകി. റഷ്യൻ പട്ടാളത്തെ മഞ്ചൂറിയയിൽനിന്നു് പിൻവലിക്കണമെന്നുള്ള ജപ്പാന്റെ നിർദ്ദേശത്തെ റഷ്യ അഗണ്യമായി തള്ളിക്ക

ളഞ്ഞു. ഇതിന്റെ ഫലമായി 1905-ൽ റഷ്യയും ജപ്പാനുംതമ്മിൽ ഒരു വലിയ യുദ്ധമുണ്ടായി.

റഷ്യ അന്നു് ഒരു സമരത്തിനു് സന്നദ്ധമല്ലായിരുന്നു. എന്നുമാത്രമല്ല, ജപ്പാന്റെ സൈന്യബലം റഷ്യയ്ക്കു് എതാണ്ടു് അജ്ഞാതമായിരുന്നു. യുദ്ധം തുടങ്ങിയതുമുതൽ റഷ്യ തെരുതെരെ തോറ്റുകൊണ്ടിരുന്നു. ജപ്പാൻ പോർട്ട് ആർതർ പിടിച്ചടക്കി. റഷ്യയുടെ ഒരു വലിയ നാവികവ്യൂഹത്തെ നശിപ്പിക്കുകയും ചെയ്തു. 1905-ൽ അമേരിക്ക ഇടപെട്ടു് ഒരു സന്ധിയുണ്ടാക്കി. അതിനെ പോർട്ട്സ്മൂത്തു് ഉടമ്പടി എന്നു പറയുന്നു. അതിലെ വ്യവസ്ഥകളനുസരിച്ചു് പോർട്ട് ആർതർ ഉൾപ്പെടെ ലിയോതങ്ങ് ഉപദ്വീപുകൾ ജപ്പാനു തിരിച്ചുകിട്ടി. റഷ്യ കൊറിയയുടെ മേൽ പുറപ്പെടുവിച്ച അവകാശങ്ങൾ പിൻവലിച്ചു. മഞ്ചൂറിയയിൽ റഷ്യക്കാർ നിർമ്മിച്ച റെയിൽവേയുടെ ഒരു വലിയ ഭാഗം ജപ്പാനു ലഭിച്ചു.

ഈ വിജയത്തോടുകൂടി ജപ്പാൻ ഒന്നാംകിട ശക്തിയാണെന്നു് പാശ്ചാത്യർക്കു് ബോദ്ധ്യമാകുകയും പൗരസ്ത്യരാജ്യങ്ങളിൽ പ്രഥമസ്ഥാനം ജപ്പാനു ലഭിക്കുകയും ചെയ്തു, ഈ യുദ്ധത്തിന്റെ ഫലമായി പൗരസ്ത്യരാജ്യങ്ങളിൽ ദേശീയബോധം വളരുന്നതിനും കാരണമായി. ഏഷ്യ ഏഷ്യക്കാർക്കു് എന്നുള്ള മുദ്രാവാക്യം പൗരസ്ത്യരാജ്യങ്ങളിൽ മാറ്റൊലിക്കൊണ്ടു. എന്നാൽ ജപ്പാന്റെ സാമ്രാജ്യദുർമോഹം വർദ്ധിക്കുന്നതിനും ഈ യുദ്ധം കാരണമായി.

വിഭാഗം 3

ആധുനിക തുർക്കിയുടെ ആവിർഭാവം

മുസ്തഫാ കെമാൽ പാഷ

തുർക്കിസാമ്രാജ്യം ഒന്നാം ലോകമഹായുദ്ധത്തോടുകൂടി അപ്രത്യക്ഷമായി. 1918-ൽ തുർക്കികളുടെ നില വളരെ ശോചനീയമായിരുന്നു. തുടരെയുണ്ടായ യുദ്ധങ്ങൾ ജനങ്ങളെ ദുരിതത്തിൽ ആഴ്ത്തി. നിരാശയുടെ കരിനിഴൽ

രാജ്യമെങ്ങും പരന്നു: ഈ ദുസ്സഹമായ പരിതഃസ്ഥിതിയിൽ ഒരു ചെറിയ സംഘം തുർക്കികൾ ഏതുവിധേനയും രാജ്യത്തെ നാശത്തിൽനിന്നും രക്ഷിക്കേണ്ടതു് അവരുടെ പാവനമായ ചുമതലയാണെന്നു കരുതി ധീരമായി പരിശ്രമിക്കുന്നുണ്ടായിരുന്നു. മുസ്തഫാ കെമാൽ പാഷായുടെ നേതൃത്വത്തിലുള്ള നാഷണലിസ്റ്റുകാരാണു് ഈ പരിപാടി ആരംഭിച്ചതു്. ഈ കാലഘട്ടത്തിൽ ഇംഗ്ലീഷുകാരുടെ വിരോധം മൂലം കെമാൽപാഷയ്ക്കു് വളരെ വിഷമങ്ങൾ സഹിക്കേണ്ടിവന്നു. സഖ്യകക്ഷികളുടെ സഹായത്തോടുകൂടി ഗ്രീസ് തുർക്കിയിൽ നടത്തിയ കൊള്ളയും കൊലപാതകവും ജനങ്ങളെ കോപാന്ധരാക്കി. ഈ മർദ്ദനം തുർക്കിയിൽ ദേശീയബോധം ഉളവാക്കി. ബ്രിട്ടീഷുകാർ തുർക്കിയിലെ സുൽത്താനെ ഒരു കരുവായി ഉപയോഗിച്ചുകൊണ്ടു് വളർന്നുവന്ന ദേശീയബോധാവേശത്തെ അടിച്ചമർത്തുവാൻ ശ്രമിച്ചു. കെമാൽ പാഷയും അനുയായികളും ഇസ്ലാമിൽനിന്നും ബഹിഷ്കൃതരാകയും വധശിക്ഷയ്ക്കു് വിധിക്കപ്പെടുകയും ചെയ്തു. തൽഫലമായി രാജ്യമെങ്ങും ആഭ്യന്തരകലഹങ്ങൾ പൊട്ടിപ്പുറപ്പെട്ടു. ഇതിനിടയ്ക്കാണു് സ്മിർണ (Smyrna) യിൽ ആധിപത്യം സ്ഥാപിച്ചുകഴിഞ്ഞ ഗ്രീക്കുകാരുടെ ആക്രമണങ്ങൾ ദുസ്സഹമായിത്തീർന്നതു്. ഏതു നിലയിലും നാഷണലിസ്റ്റുകാർ അത്യന്തം ആപൽക്കരമായ ഒരു സാഹചര്യത്തിലെത്തിച്ചേർന്നു. മതഭ്രാന്തിനെ മനഃപൂർവ്വം ഇളക്കിവിട്ടുകൊണ്ടുള്ള ഒരു ആഭ്യന്തരസമരം, വിദേശീയാക്രമണം, ജർമ്മനിയെ തച്ചുടച്ചു് വിജയോന്മത്തരായ സഖ്യകക്ഷികളുടെ ശത്രുതാപം ഇവയെല്ലാം ഒന്നിച്ചു് കെമാൽ പാഷയെ പിടിച്ചു കുലുക്കുകതന്നെ ചെയ്തു. ആ ധീര സേനാനി "ഒന്നുകിൽ വിജയം അല്ലെങ്കിൽ മരണം" എന്നുതന്നെ ഉറച്ചുകൊണ്ടു് മുന്നോട്ടനീങ്ങി. അധികം താമസിയാതെ ഗ്രീക്കുകാർ രാജ്യം വിട്ടു. റഷ്യയുടെ സഹായം തുർക്കിക്കു ലഭിക്കുമെന്നു ഭയന്നു് സഖ്യകക്ഷികൾ തുർക്കിയുമായി സമാധാന ഉടമ്പടി ഉണ്ടാക്കുകയും, തുർക്കിയുടെ വ്യവസ്ഥകളെല്ലാം സ്വീകരിക്കുകയും ചെയ്തു. തുർക്കിയെ അടിച്ചമർത്താമെന്നുള്ള വ്യാമോഹം വിഫല

മായി. ദേശീയകക്ഷിയുടെ വിജയം നിർവീര്യരായിരുന്ന വരെപ്പോലും ആവേശംകൊള്ളിച്ചു.

കെമാൽ പാഷ ഒരു മികച്ച ഉല്പതിഷ്ണുവായിരുന്ന തിനാൽ വിപ്ലവകരമായ പരിവർത്തനങ്ങൾ തുർക്കിയിൽ വരുത്തുന്നതിനു തയ്യാറായി. അദ്ദേഹത്തിന്റെ ശ്രമ ഫലമായി 1922-ൽ സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കി. 1923-ൽ തുർക്കി ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കുകയും, തലസ്ഥാനം അംഗാറയിലേയ്ക്ക് മാറ്റുകയും ചെയ്തു. പ്രസിഡൻറായി കെമാൽപാഷ തെരഞ്ഞെടുക്കപ്പെട്ടു. സകല അധികാരങ്ങളും തന്നിൽ കേന്ദ്രീകരിച്ചുകൊണ്ട് തുർക്കിയിലെ സർവ്വാധിപതിയായി ഭരണം തുടങ്ങി. നിയമ സഭ അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തിയായിക്കഴിഞ്ഞു.

അദ്ദേഹത്തിന്റെ പരിഷ്കാരങ്ങളിൽ പ്രഥമമായത് മതം രാഷ്ട്രീയകാര്യങ്ങളിൽനിന്നും വേർതിരിക്കുകയെന്നു ള്ളതായിരുന്നു. 1924-ൽ നിയമംമൂലം കാലിഫേറ്റ് നിറുത്തലാക്കി. അതിനുശേഷം അദ്ദേഹം ജനങ്ങളുടെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളും പാശ്ചാത്യമാതൃക യിൽ പരിഷ്കരിച്ചു. തുർക്കികൾ ധരിക്കാറുള്ള തൊപ്പിക്കു പകരം ഇംഗ്ലീഷുരീതിയിലുള്ള ഹാറ്റു ധരിക്കണമെന്ന് നിയമമുണ്ടാക്കി. മുസ്ലീം മതാചാര്യന്മാരുടെ സ്ഥാപന ങ്ങളും അവയുടെ സ്വത്തുക്കളും അദ്ദേഹം കൈവശ പ്പെടുത്തി. മതവിദ്യാശാലകൾ വേണ്ടെന്നുവെയ്ക്കുകയും അതിനുപകരം ധാരാളം മതേതരവിദ്യാലയങ്ങൾ സ്ഥാപി യ്ക്കുകയും ചെയ്തു. ഇസ്ലാമികനിയമങ്ങൾക്കു പകരം പാശ്ചാത്യരാജ്യങ്ങളിലുണ്ടായിരുന്ന നിയമങ്ങൾ ഏർപ്പെ ടുത്തി. ബഹുഭാര്യാത്വം നിയമംമൂലം തടഞ്ഞു. ചിത്ര രചന, കൊത്തുപണി മുതലായവയിൽ മനുഷ്യരൂപങ്ങൾ ഉൾപ്പെടുത്തുന്നതിനെ പ്രോത്സാഹിപ്പിക്കുകയും, പുതിയ കലാകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഇതു ഇസ്ലാം മതതത്വങ്ങൾക്ക് വിരുദ്ധമായിരുന്നു. ഘോഷാ സമ്പ്രദായം നിറുത്തൽചെയ്ത് സ്ത്രീകളെ ഉദ്യോഗത്തിൽ നിയമിച്ചു. പാശ്ചാത്യരീതിയിൽ സ്ത്രീപുരുഷന്മാർ ഒന്നി ച്ചുള്ള നൃത്തവും അദ്ദേഹം ഏർപ്പെടുത്തി. അറബി

അക്ഷരമാലയ്ക്കു പകരം ലാററിൻ ലിപി ഉപയോഗിക്കണമെന്നു് നിഷ്കർഷിച്ചു. വഷ്ത്തിൽ ഒരാഴ്ച ഉദ്യോഗസ്ഥന്മാരുടെ സ്ഥാനത്തു് കുട്ടികൾ ഭരിക്കുന്ന സമ്പ്രദായം നടപ്പിലാക്കി ശിശുവാരം ആഘോഷിച്ചു. സലാം ചെയ്യുന്നതിനുപകരം കൈകൊടുത്തു് അഭിവാദനം ചെയ്യണമെന്നു് അദ്ദേഹം നിശ്ചയിച്ചു. കെമാൽ പാഷയുടെ പരിഷ്കാരങ്ങൾ സാമ്പത്തിക മണ്ഡലത്തിൽ പ്രവേശിച്ചില്ല. കൃഷിയുടെ അഭിവൃദ്ധിക്കായി അദ്ദേഹം മാതൃകാതോട്ടങ്ങൾ ഉണ്ടാക്കുകയും, സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

ആക്ഷേപസൂചകമായി 'യൂറോപ്പിലെ രോഗി' എന്നു പറഞ്ഞിരുന്ന തുർക്കിയെ 1923 മുതൽ 1938 വരെയുള്ള ഒരു ചുരുങ്ങിയ കാലയളവിൽ ഒരു പരിഷ്കൃതരാഷ്ട്രമായി പരിവർത്തനം ചെയ്ത കെമാൽപാഷ 'അത്തതുർക്ക്', അഥവാ തുർക്കിയുടെ പിതാവു്', എന്ന സ്ഥാനപ്പേരിനു് സർവ്വഥാ അർഹനാണു്.

ചോദ്യങ്ങൾ

അദ്ധ്യായം 6

1. ചുവടെ ചേർത്ത സംഗതികൾ വ്യക്തമാക്കത്തക്കവിധം ചെറുകുറിപ്പുകൾ എഴുതുക:—

   (1) Opium War.

   (2) ബോക്സർ യുദ്ധം.

   (3) കുമിന്താങ്ങ് കക്ഷി.

2. 1911-ൽ ചൈനയിലുണ്ടായ വിപ്ലവത്തെക്കുറിച്ചു് ചുരുക്കി വിവരിക്കുക.

3. ചൈനയ്ക്കുവേണ്ടി സൻയാത്സൻ അനുഷ്ഠിച്ച സേവനങ്ങൾ എന്തെല്ലാമായിരുന്നു?

4. മുസ്സിഹിതോ ചക്രവത്തിയുടെ ഭരണകാലത്തെ ജപ്പാനിലെ സുവർണ്ണകാലമെന്നു പറയുവാൻ 5 കാരണങ്ങൾ പ്രസ്താവിക്കുക.

5. കാരണങ്ങൾ പറയുക:—

(1) ജപ്പാന്റെ സാമ്രാജ്യമോഹം.

(2) 1891-ലെ ചൈനാ ജപ്പാൻ യുദ്ധം.

(3) 1905-ലെ റഷ്യയും ജപ്പാനും തമ്മിലുണ്ടായ യുദ്ധം.

6. കെമാൽപാഷ, ആധുനിക തുർക്കിയുടെ വളർച്ചക്കു വേണ്ടിചെയ്ത പ്രധാന കാര്യങ്ങൾ എഴുതുക.

7. നിങ്ങൾക്കറിയാമോ ?

(1) ചൈനയിലെ ഇപ്പോഴത്തെ പ്രധാനമന്ത്രി.

(2) ആധുനിക തുർക്കിയുടെ പിതാവ്.

(3) ചിയാങ്കൈഷേക്കു് ഇപ്പോൾ വസിക്കുന്ന സ്ഥലം:

(4) ജപ്പാനിലെ രാജകുമാരൻ.

അദ്ധ്യായം 7

ഒന്നാം ലോകമഹായുദ്ധം
(1914—1918)

ഒന്നാം ലോകമഹായുദ്ധം ഒരു ആഗോളയുദ്ധമായിരുന്നു. ഇതു് 1914-ൽ ആണു് പൊട്ടിപ്പുറപ്പെട്ടതു്.

കാരണങ്ങൾ

ഈ യുദ്ധത്തിനു് അടിസ്ഥാനപരമായി പല കാരണങ്ങളുമുണ്ടു്. 1871-ലെ ഫ്രഞ്ചു്-പ്രഷ്യൻ സന്ധി മുതൽ 1914 വരെയുള്ള കൊല്ലങ്ങളിൽ യൂറോപ്പിൽ ഒരു

ശീതസമരത്തിന്റെ അന്തരീക്ഷം വളർന്നു. ഒന്നാമതായി മിക്ക യൂറോപ്യൻ രാജ്യങ്ങളിലും ഇക്കാലത്തു് ശക്തിയായ ദേശീയബോധം ഉണ്ടായി. ഈ ദേശീയബോധം അതിരു കവിഞ്ഞു വരികയും, തെറ്റായ വഴിയിൽ കൂടിയായാലും തങ്ങളുടെ രാജ്യംമാത്രം വളരണമെന്നുള്ള ഒരു ചിന്തയിലേയ്ക്കു് ഈ രാജ്യങ്ങളെ എത്തിക്കുകയും ചെയ്തു. രണ്ടാമതായി, ഇക്കാലത്തു്, യൂറോപ്പിലെ വൻശക്തികൾ വലിയ സാമ്രാജ്യങ്ങൾ സ്ഥാപിക്കുന്നതിനും കോളണികൾ സമ്പാദിക്കുന്നതിനും മത്സരമാരംഭിച്ചു. മൂന്നാമതായി, ഈ ശക്തികൾ യുദ്ധോപകരണങ്ങളും ആയുധങ്ങളും ശേഖരിച്ചു് തങ്ങളുടെ ശക്തി വർദ്ധിപ്പിച്ചുതുടങ്ങി. ഒരു രാജ്യം ആയുധങ്ങൾ ശേഖരിച്ചുതുടങ്ങിയപ്പോൾ മറ്റു രാജ്യങ്ങളും ആയുധങ്ങൾ ശേഖരിച്ചു് ശക്തി വർദ്ധിപ്പിച്ചു. ഈ ആയുധശേഖരണത്തിന്റെ ഫലമായി യൂറോപ്യൻ ശക്തികൾക്കിടയിൽ അന്യോന്യം സംശയവും സ്പർദ്ധയും വളർന്നുവന്നു. നാലാമതായി ഈ രാഷ്ട്രങ്ങൾ ചേരിതിരിഞ്ഞു് സഖ്യംചെയ്തു് തങ്ങളുടെ ശക്തി വർദ്ധിപ്പിച്ചു. ഈ സഖ്യങ്ങൾ അന്യോന്യമത്സരത്തിന്റെയും സംശയത്തിന്റെയും ഫലമായി ഉണ്ടായതാണു്. എന്നാൽ ഫലത്തിൽ ഈ സഖ്യങ്ങൾ രാജ്യങ്ങൾ തമ്മിലുള്ള അന്യോന്യഭയത്തെ വർദ്ധിപ്പിക്കുകയാണുണ്ടായതു്. ജർമ്മനി, ഓസ്ട്രിയ, ഇറ്റലി എന്നീ രാജ്യങ്ങൾ ചേർന്നു് ത്രിശക്തിസഖ്യവും (Tripple Alliance) ബ്രിട്ടൻ, ഫ്രാൻസു്, റഷ്യ എന്നിവ ചേർന്നു് ഇതിനെതിരായി ഒരു ത്രിശക്തി സൗഹാർദ്ദവും (Tripple Entente) രൂപീകരിച്ചു. ഇങ്ങനെ യൂറോപ്പിൽ മുഴുവനും ഒരു "സായുധ സമാധാനം" ഇക്കാലത്തു് നിലനിന്നു. ഏതു നിമിഷത്തിലും യുദ്ധത്തിനു് തയ്യാറായിരുന്ന യൂറോപ്യൻ രാഷ്ട്രങ്ങൾ.

എന്നാൽ യുദ്ധത്തിനുള്ള യഥാർത്ഥകാരണം ജർമ്മനിയുടെ അതിരുകവിഞ്ഞ സാമ്രാജ്യദുർമ്മോഹമായിരുന്നു. ലോകാധിപത്യം നേടണമെന്നു് ജർമ്മനി ആഗ്രഹിച്ചു. ഇതിന്റെ ഫലമായി ജർമ്മൻകാരിൽ ഒരു സമരമനോഭാവം കണ്ടുതുടങ്ങി. ജർമ്മനി സമരസന്നാഹംചെയ്തു.

നാവികശക്തി ഇരട്ടിപ്പിച്ചു. ഇതു കണ്ടു് മറ്റു ശക്തികൾ പരിഭ്രമിച്ചു. അങ്ങനെ യുദ്ധംപൊട്ടിപ്പുറപ്പെടാൻ ഒരു ചെറിയ സംഭവംമാത്രം മതിയായിരുന്നു. അങ്ങനെ ഒന്നു് 1914-ൽ ഉണ്ടാവുകയും ചെയ്തു.

1914 ജൂൺ മാസത്തിൽ ഒരു ദിവസം ഓസ്ട്രിയായിലെ കിരീടാവകാശിയായ ഫെർഡിനാൻഡ് രാജകുമാരൻ തന്റെ പത്നിയുമൊത്തു് ബോസ്നിയായുടെ തലസ്ഥാനമായ സെറാജെവൊ (Serajevo) നഗരത്തിലെ തെരുവീഥിയിൽക്കൂടി കാറിൽ പോകുമ്പോൾ, ഒരു സെർബിയൻ യുവാവു് അദ്ദേഹത്തെ വെടിവെച്ചുകൊന്നു. സെർബീയായുടെ പ്രേരണകൊണ്ടാണു് ഈ സംഭവം ഉണ്ടായതെന്നു് ഓസ്ട്രിയൻ ഗവൺമെൻറു് വാദിച്ചു. ഓസ്ട്രിയയ്ക്കെതിരായ ഗൂഢാലോചന തടയുവാൻ സെർബിയയ്ക്കു് കഴിഞ്ഞില്ലെന്നും മറ്റും പറഞ്ഞുകൊണ്ടുള്ള ഒരു അന്ത്യശാസനം ഓസ്ട്രിയ സെർബിയയ്ക്കയച്ചു, ഈ അന്ത്യശാസനത്തിലെ വ്യവസ്ഥകൾ സെർബിയയ്ക്കു് സ്വീകരിയ്ക്കുവാൻ അസാദ്ധ്യമായിരുന്നു. അതിനെ തുടന്നു് ഓസ്ട്രിയ സെർബിയയോടു് യുദ്ധം പ്രഖ്യാപിച്ചു.

ബാൾക്കൻ രാജ്യങ്ങളുടെ നിലനില്പിൽ താല്പര്യമുണ്ടായിരുന്ന റഷ്യ, സെർബിയായെ ആക്രമിക്കുന്നതിൽനിന്നും പിന്തിരിയുവാൻ ഓസ്ട്രിയായോടു് ആവശ്യപ്പെട്ടു. വേണ്ടിവന്നാൽ സെർബിയായെ സഹായിക്കുവാൻ റഷ്യ സൈന്യങ്ങളെ തയ്യാറാക്കി നിർത്തുകയും ചെയ്തു.

ഈ അവസരത്തിൽ ഓസ്ട്രിയായുടെ പക്ഷം പിടിച്ചുകൊണ്ടു്, സൈന്യശേഖരണം നിർത്തിവെയ്ക്കുവാൻ ജർമ്മനി റഷ്യയോടു് ആവശ്യപ്പെട്ടു. റഷ്യ ഇതു് നിരസിച്ചതിനെ തുടന്നു് ജർമ്മനി റഷ്യയോടു് യുദ്ധം പ്രഖ്യാപിച്ചു. ഫ്രാൻസു് റഷ്യയോടു് സഖ്യത്തിലായിരുന്നതിനാൽ ജർമ്മനി ഫ്രാൻസിനോടും ഉടനെ യുദ്ധം പ്രഖ്യാപിച്ചു. ജർമ്മൻ സേനകൾ നിഷ്പക്ഷരാജ്യമായിരുന്ന ബെൽജിയത്തിൽക്കൂടി ഫ്രാൻസിലേയ്ക്കു പ്രവേശിച്ചു. അക്കാരണത്താൽ ഇംഗ്ലണ്ടു് ജർമ്മനിയോടു് യുദ്ധം പ്രഖ്യാപിച്ചു. ഈ അവസരത്തിൽ തുർക്കി ജർമ്മനിയുടേയും

ജപ്പാൻ ഇംഗ്ലണ്ടിന്റെയും പക്ഷത്തുചേർന്നു. ഇറ്റലി സഖ്യകക്ഷികളുടെ കൂടെയാണു് ചേർന്നതു്. 1916-ൽ അമേരിക്കൻ കപ്പലുകളെ ജർമ്മൻകാർ ആക്രമിച്ചു എന്ന കാരണത്താൽ അമേരിക്കയും സഖ്യകക്ഷികളുടെ ഭാഗത്തു ചേർന്നു. ഇങ്ങനെ ഒന്നാം ലോകമഹായുദ്ധം ഒരു ആഗോളയുദ്ധമായി പരിണമിച്ചു.

യുദ്ധഗതി

യുദ്ധത്തിൽ പങ്കെടുത്ത രാജ്യങ്ങളെ രണ്ടുപേരുകളാൽ അറിയപ്പെടുന്നു. ജർമ്മൻ പക്ഷത്തെ മദ്ധ്യയൂറോപ്യൻ ശക്തികൾ എന്നും ഇംഗ്ലീഷ് പക്ഷത്തെ സഖ്യകക്ഷികൾ എന്നുമാണു് അറിയപ്പെടുന്നതു്.

ജർമ്മനി ആദ്യം ഫ്രാൻസിലേയ്ക്കു് കുതിച്ചുകയറി. റഷ്യൻ സൈന്യത്തേയും ജർമ്മൻകാർ നിഷ്പ്രയാസം തോല്പിച്ചു, റഷ്യയുടെ പടിഞ്ഞാറുഭാഗത്തുള്ള പ്രദേശം ജർമ്മനി പിടിച്ചെടുത്തു. റഷ്യ ജർമ്മനിയുമായി സന്ധി ചെയ്തു യുദ്ധം നിർത്തി. ബാൾക്കൻ രാജ്യങ്ങളെയെല്ലാം ജർമ്മനി തോല്പിച്ചു. ജർമ്മൻ അന്തർവാഹിനികൾ മറ്റു രാജ്യങ്ങൾക്കു് വലിയ ഭയമുണ്ടാക്കി. അതിനെ തുടർന്നു് ചൈന, സയാം തുടങ്ങിയ രാജ്യങ്ങൾ ജർമ്മനിയോടു് യുദ്ധം പ്രഖ്യാപിച്ചു. ഏകദേശം ഇരുപത്തി അഞ്ചു് രാജ്യങ്ങൾ ജർമ്മനിക്കെതിരായി ഈ യുദ്ധത്തിൽ പങ്കെടുത്തു. അമേരിക്ക സഖ്യകക്ഷികളോടു് ചേർന്നതിനുശേഷം ജർമ്മനിയ്ക്കു് പരാജയം നേരിട്ടുതുടങ്ങി. 1918-ൽ ജർമ്മനി തോൽവി സമ്മതിച്ചു് ഐക്യകക്ഷികളോടു് സന്ധിക്കു് അപേക്ഷിച്ചു. യൂറോപ്പിലും ബാൾക്കൻ പ്രദേശങ്ങളിലും ജർമ്മൻ കക്ഷികൾ തോല്ക്കുകയും അവർ നിരുപാധികം കീഴടങ്ങുകയും ചെയ്തതോടുകൂടി ഒന്നാം ലോകമഹായുദ്ധം 1918-ൽ അവസാനിച്ചു.

യുദ്ധത്തിന്റെ സ്വഭാവം

മറ്റു യുദ്ധങ്ങളെ അപേക്ഷിച്ചു് ഒന്നാം ലോകമഹായുദ്ധത്തിനു് പല പ്രത്യേകതകളും കാണാം. ഇതിൽ

പങ്കെടുത്ത രാജ്യങ്ങൾ വളരെ അധികമാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും ആയിരുന്നു യുദ്ധം നടന്നത്. കടലിലും, കരയിലും, ആകാശത്തും ഈ യുദ്ധം നടന്നു. അനവധി പുതിയ നശീകരണായുധങ്ങൾ ഈ യുദ്ധത്തിൽ പ്രയോഗിച്ചു. യന്ത്രത്തോക്കുകൾ, മൈനുകൾ, ബോമ്പുകൾ, അന്തർവാഹിനികൾ, ടാങ്കുകൾ എന്നിവ അവയിൽ പെടുന്നു. വിഷവായു പ്രയോഗവും ഈ യുദ്ധത്തിൽ നടത്തി. അങ്ങനെ ഈ യുദ്ധം ഭയാനകം ആയിരുന്നു.

യുദ്ധത്തിന്റെ ഫലങ്ങൾ

ഇത്രയും വ്യാപകവും നാശകരവുമായ ഒരു യുദ്ധം ലോകം അതുവരേയും കണ്ടിരുന്നില്ല. ഈ യുദ്ധത്തിന്റെ പെട്ടെന്നുണ്ടായ ഫലം വിനാശകരമായിരുന്നു. യുദ്ധം കൊണ്ട് 90 ലക്ഷത്തോളംപേർ മരിച്ചു. അതിലും ഇരട്ടി ജനങ്ങൾ മുറിവേല്ക്കുകയോ അംഗഹീനരാവുകയോ ഉണ്ടായി. യുദ്ധത്തിന്റെ ഫലമായി മിക്ക രാജ്യങ്ങളിലും ഭയങ്കരമായ പട്ടിണിയും, ദാരിദ്ര്യവും, രോഗവും അനുഭവപ്പെട്ടു. അനവധി ധനം ഈ യുദ്ധംമൂലം അതിലെ കക്ഷിരാഷ്ട്രങ്ങൾക്ക് നഷ്ടപ്പെട്ടു. യുദ്ധത്തിൽ പങ്കെടുത്ത അമേരിക്കയൊഴികെ ബാക്കിയുള്ള രാജ്യങ്ങൾ എല്ലാം കടത്തിൽ മുങ്ങി. അവയെല്ലാം സാമ്പത്തികമായി തകച്ച് അനുഭവിച്ചു. ജനങ്ങളുടെ ജീവിതച്ചെലവും വർദ്ധിച്ചു.

യുദ്ധത്തിൽ തോല്പിക്കപ്പെട്ട രാജ്യങ്ങൾക്കാണ് കൂടുതൽ കഷ്ടതകൾ അനുഭവിക്കേണ്ടതായിവന്നത്. 1919-ലെ വെഴ്സായ് ഉടമ്പടി അനുസരിച്ചാണ് ഒന്നാം ലോകമഹായുദ്ധം അവസാനിച്ചത്.

വെഴ്സായ് ഉടമ്പടി, 1919

യുദ്ധത്തിൽ ജയിച്ച കക്ഷികൾമാത്രം വെഴ്സായിൽ ചേന്ന് സമാധാന ഉടമ്പടി ഉണ്ടാക്കി. ജർമ്മനി, ഓസ്ട്രിയ, ഹംഗറി, ബൾഗേറിയ, തുർക്കി എന്നീ അഞ്ച് രാജ്യങ്ങളുമായി സഖ്യകക്ഷികൾ പ്രത്യേകം, പ്രത്യേകം

ഉടമ്പടികൾ ഉണ്ടാക്കി. ഈ ഉടമ്പടികൾ എല്ലാംകൂടി പാരീസ് സന്ധി എന്നു് അറിയപ്പെട്ടുന്നു. അമേരിക്ക, ഇംഗ്ലണ്ടു്, ഫ്രാൻസു് എന്നീ രാജ്യങ്ങളാണു് വെഴ്സായി ഉടമ്പടിയിലെ വ്യവസ്ഥകൾ നിശ്ചയിച്ചതു്. ജർമ്മനിയെ നിശ്ശേഷം ദുർബ്ബലമാക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു വെഴ്സായി ഉടമ്പടിയിലെ വ്യവസ്ഥകൾ. സന്ധിയുടെ ഫലമായി ജർമ്മനി നിരായുധീകരിക്കപ്പെട്ടു. ആ രാജ്യത്തിന്റെ എല്ലാ കോളനികളും കപ്പലുകളും സഖ്യകക്ഷികൾ പിടിച്ചെടുത്തു. യുദ്ധത്തിൽ സഖ്യകക്ഷികൾക്കു് നേരിട്ട നഷ്ടം പരിഹരിക്കുന്നതിലേക്കായി ജർമ്മനി ഒരു വലിയ തുക അവർക്കു് നൽകണമെന്നും തീരുമാനിച്ചു. അങ്ങനെ ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലമായി ജർമ്മനി നിശ്ശേഷം ദുർബ്ബലമായി.

ബ്രിട്ടനാണു് ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലമായി കൂടുതൽ നേട്ടങ്ങൾ ഉണ്ടായതു്. യുദ്ധത്തിൽ തോറ്റ കക്ഷികളുടെ വക കോളനികളിലധികവും ബ്രിട്ടനും ഫ്രാൻസിനുമാണു് ലഭിച്ചതു്. ഇറ്റലിക്കും, ഓസ്ട്രിയാഹങ്കും, ജപ്പാനും അവരാഗ്രഹിച്ചത്ര സ്ഥലങ്ങൾ കിട്ടിയില്ല: അതിനാൽ വെഴ്സായി ഉടമ്പടിയിൽ അവർക്കു് തൃപ്തി തോന്നിയില്ല.

ഈ യുദ്ധത്തിന്റെ ഫലങ്ങളിൽ ഒന്നു് ; അതു് യൂറോപ്പിലേയും ബാൾക്കൻ പ്രദേശങ്ങളിലേയും ജനങ്ങളിൽ ഒരു ദേശീയബോധം വളർത്തി എന്നുള്ളതാണു്. യൂറോപ്പിൽ പോളണ്ടു്, ചെക്കോസ്ലോവാക്കിയ, യൂഗോസ്ലേവിയ എന്നീ രാജ്യങ്ങൾ നിലവിൽവന്നു. തുർക്കിസാമ്രാജ്യം ഒന്നാംലോകമഹായുദ്ധത്തിന്റെ ഫലമായി നശിച്ചു: ആ സ്ഥാനത്തു് ദേശീയാടിസ്ഥാനത്തിൽ പുതിയ സംസ്ഥാനങ്ങൾ രൂപീകൃതമായി. ഒന്നാം ലോകമഹായുദ്ധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഫലം സർവ്വരാഷ്ട്രസമിതിയുടെ രൂപീകരണമാണെന്നു പറയാം.

സർവ്വരാഷ്ട്രസമിതി (League of Nations)

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലമായി ലോകത്തിനു് നേരിട്ട കഷ്ടതകൾ മനസ്സിലാക്കി, മേലാൽ യുദ്ധം

തടയേണ്ടതു് ആവശ്യമാണെന്നു് എല്ലാ രാജ്യങ്ങൾക്കും ബോദ്ധ്യമായി. അങ്ങനെ ലോകത്തു് സമാധാനം നില നിറുത്തുന്നതിനു് രൂപീകരിച്ച ഒന്നാമത്തെ അന്തർദ്ദേശീയ സംഘടനയാണു് സ്വരാഷ്ട്ര സമിതി.

സഖ്യകക്ഷികളുടെ യുദ്ധലക്ഷ്യങ്ങളായി, അന്നത്തെ അമേരിക്കൻ പ്രസിഡൻറായിരുന്ന വിൽസൻ 1918-ൽ പതിനാലു് കാര്യങ്ങൾ പ്രസ്താവിച്ചിരുന്നു. അവയിൽ ഒന്നു് ഒരു സ്വരാഷ്ട്രസമിതി ഏർപ്പെടുത്തുക എന്നുള്ളതായിരുന്നു. യുദ്ധം കഴിഞ്ഞപ്പോൾ വിൽസൻറെ ഈ അഭിപ്രായം എല്ലാവർക്കും സ്വീകാര്യമായിത്തോന്നി. അങ്ങനെയാണു് ഈ സമിതി രൂപീകരിക്കുവാൻ ഇടയായതു്: 1919-ലെ വേഴ്സായി ഉടമ്പടിയിൽവെച്ചു് സ്വരാഷ്ട്ര സമിതി രൂപീകരിക്കുകയും അതിൻറെ സമ്മതപത്രം അംഗീകരിക്കുകയും ചെയ്തു.

സമ്മതപത്രം (Covenant)

ലോകത്തിലെ രാജ്യങ്ങൾ സമാധാനപരമായി കഴിയുക, അന്തർദ്ദേശീയ സഹകരണത്തെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, എന്നിവയായിരുന്നു ഈ സമിതിയുടെ ആദർശങ്ങളായി പറഞ്ഞിരുന്നതു്.

ഈ ലക്ഷ്യങ്ങൾ നടപ്പിൽവരുത്തുന്നതിനു് സമിതിക്കു് ഒരു ഭരണകൂടം ഏർപ്പെടുത്തി. ഈ സമിതിയിലെ അംഗങ്ങൾ എല്ലാം അടങ്ങിയ ഒരു "അസംബ്ലിയും", കാര്യനിർവ്വഹണത്തിനു് ഒരു "കൌൺസിലും", "സെക്രട്ടറിയറേറു്" എന്ന പേരിൽ ഒരു ഉദ്യോഗമണ്ഡലവും സ്വരാഷ്ട്രസമിതിക്കുണ്ടായി.

സ്വരാഷ്ട്രസമിതിയുടെ നിയമങ്ങളെ ലംഘിക്കുന്ന അംഗരാജ്യങ്ങളെ അതിൽനിന്നും പുറംതള്ളുവാൻ സമ്മതപത്രത്തിൽ നിയമമുണ്ടായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ തോറ്റ രാജ്യങ്ങളിൽനിന്നും സഖ്യകക്ഷികൾ പിടിച്ചെടുത്ത പ്രദേശങ്ങളും, കോളനികളും സമിതിയുടെ സംരക്ഷണയിലാക്കണമെന്നും നിയമമുണ്ടാക്കി. ഈ

പ്രദേശങ്ങളെ മാൻഡേററഡ് ടെറിട്ടറീസ് (Mandated Territories) എന്നു് വിളിച്ചുവന്നു. ഇവയെ ഭരിക്കുന്നതിനുള്ള ചുമതല യുദ്ധത്തിൽ ജയിച്ച കക്ഷികൾ ഏറെറടുത്തു. അവയുടെ ഭരണത്തെ സംബന്ധിച്ചു് അതാതു രാജ്യങ്ങൾ കൊല്ലംതോറും കൌൺസിലിലേയ്ക്കു് റിപ്പോർട്ട് സമർപ്പിക്കണമെന്നും സമ്മതപത്രത്തിൽ തീരുമാനിച്ചു. ഇതിനു പുറമെ ഡാൻസീഗ്, ഡാർഡനെൽസ് പ്രദേശം, സാർ താഴ്വര എന്നിവ കൌൺസിൽ നേരിട്ടു ഭരിക്കണമെന്നും വ്യവസ്ഥചെയ്തു.

അന്തർദ്ദേശീയാടിസ്ഥാനത്തിൽ രോഗനിവാരണം വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ തേടുക, പൊതുജനാരോഗ്യം വർദ്ധിപ്പിക്കുക, തൊഴിലാളികളുടെ ജീവിതത്തോതു യർത്തുക മുതലായവയായിരുന്നു സമിതിയുടെ മററു് പ്രധാന ജോലികൾ.

സ്വിററ്സർലണ്ടിലെ ജനീവാ പട്ടണത്തിലായിരുന്നു സാർവ്വരാഷ്ട്രസമിതിയുടെ ആസ്ഥാനം. 1920-ൽ പ്രവർത്തനമാരംഭിച്ച ഈ സമിതിയിൽ തുടക്കത്തിൽ 24 അംഗങ്ങളാണു് ഉണ്ടായിരുന്നതു്. കുറച്ചുകഴിഞ്ഞപ്പോൾ ഈ സംഖ്യ 42 ആയി വർദ്ധിച്ചു. 1922-ൽ ഹേഗ് നഗരത്തിൽ ഒരു അന്തർദ്ദേശീയ കോടതി സ്ഥാപിച്ചു പ്രവർത്തനമാരംഭിച്ചു. അന്തർദ്ദേശീയ ബാങ്കു്, അന്തർദ്ദേശീയ തൊഴിൽകാര്യാലയം തുടങ്ങിയവയെല്ലാം ഐക്യരാഷ്ട്ര സംഘടനയോടനുബന്ധിച്ചു് രൂപീകരിച്ച സ്ഥാപനങ്ങളാണു്.

ഐക്യരാഷ്ട്രസമിതിയുടെ നേട്ടങ്ങൾ

ലോകസമാധാനം നിലനിർത്തുന്നതിനും സാമൂഹ്യലൗകിക പ്രശ്നങ്ങളെക്കുറിച്ചു് ആലോചിക്കുന്നതിനും രൂപീകരിക്കപ്പെട്ട ആദ്യത്തെ അന്തർദ്ദേശീയ സംഘടന എന്ന നിലയിൽ ഈ സ്ഥാപനം പ്രാധാന്യമർഹിക്കുന്ന ഒന്നാണു്. ഐക്യരാഷ്ട്രസംഘടനയുടെ ഘടകങ്ങളായി പ്രവർത്തിച്ച അന്താരാഷ്ട്ര കോടതി, അന്തർദ്ദേശീയ ബാങ്കു്, തൊഴിൽകാര്യാലയം, എന്നീ സ്ഥാപനങ്ങൾ ലോകത്തിനു് പ്രയോജനപ്രദമായിത്തീർന്നിട്ടുണ്ടു്. അന്തർദ്ദേശീയ സമ്മേ

ളനങ്ങൾ പലതും കൂട്ടുവാൻ ഈ സമിതിയുടെ പ്രവത്തനം കാരണമാകുകയും അതുവഴി ലോകത്തിലെ ജനങ്ങൾ തമ്മിൽ ഐക്യം വളരുവാൻ സഹായിക്കുകയും ചെയ്തിട്ടുണ്ട്.

ന്യൂനതകൾ :—സവ്വരാഷ്ട്രസമിതിക്കു് അതിനേറതായ പല ന്യൂനതകളും ഉണ്ടായിരുന്നു. ബ്രിട്ടൻ, ഫ്രാൻസു്, ഇററലി, ജപ്പാൻ എന്നീ രാജ്യങ്ങളാണു് സമിതിയെ നിയന്ത്രിച്ചിരുന്നതു്. ജർമ്മനി, റഷ്യ എന്നീ രാജ്യങ്ങൾ ഈ സമിതിയിൽനിന്നും വിട്ടുനിന്നതു് ഇതിനെ ബലഹീനമാക്കി. സമിതിയുടെ രൂപീകരണത്തിനു് നിർദ്ദേശം ഉന്നയിച്ച അമേരിക്ക ഇതിൽ അംഗമായിച്ചേന്നില്ല. ഈ സമിതിയുടെ തീരുമാനങ്ങൾ അതിലെ അംഗരാജ്യങ്ങളെക്കൊണ്ടു് സ്വീകരിപ്പിക്കുന്നതിനുള്ള അധികാരമോ സൈന്യശക്തിയോ സവ്വരാഷ്ട്രസമിതിക്കുണ്ടായിരുന്നില്ല എന്നതാണു് അതിന്റെ ഏററവും വലിയ ന്യൂനത. അതിന്റെ ഫലമായി ഈ സ്ഥാപനം ഒരു ചച്ചാസമിതിയായിമാത്രം നിലകൊള്ളേണ്ടതായി വന്നുകൂടി. ഈ സമിതി നിരായുധീകരണത്തിനു ശ്രമിക്കുകയുണ്ടായി. എന്നാൽ ആ ശ്രമം പരാജയപ്പെട്ടുകയാണുണ്ടായതു്. അംഗരാജ്യങ്ങളുടെ അതിക്രമം തടയുവാൻ ഇതിനു കഴിയാതെ വന്നു. 1933-ൽ ജപ്പാൻ മഞ്ചൂറിയ ആക്രമിച്ചപ്പോഴും, 1935-ൽ ഇററലി അബ്സീനിയയെ ആക്രമിച്ചപ്പോഴും അവ തടയുവാൻ ഈ സമിതിക്കു് കഴിവില്ലാതെ വന്നു. ഇത്രയെല്ലാം ന്യൂനതകൾ ഉണ്ടായിരുന്നാലും, ലോകരാഷ്ട്രങ്ങളുടെ പരസ്പരസഹകരണത്തിനായി ആദ്യം ജന്മമെടുത്ത ഒരു സ്ഥാപനമാണു് സവ്വരാഷ്ട്രസമിതി എന്നുള്ള കാര്യം വിസ്മരിക്കാവുന്നതല്ല.

ചോദ്യങ്ങൾ

അദ്ധ്യായം 7

1. ഒന്നാം ലോകമഹായുദ്ധത്തിനുള്ള 3 കാരണങ്ങൾ പ്രസ്താവിക്കുക.

2. ഒന്നാം ലോകമഹായുദ്ധത്തിലെ പ്രധാന കക്ഷികൾ ആരെല്ലാമായിരുന്നു ?

3. ചുവടെ ചേർത്ത സംഭവങ്ങൾ നടന്ന കൊല്ലങ്ങൾ എഴുതുക :—

(1) ഓസ്ട്രിയയിലെ ആർച്ച് ഡ്യൂക്കിന്റെ വധം.

(2) അമേരിക്ക ഒന്നാം ലോകമഹായുദ്ധത്തിൽ പ്രവേശിച്ചതു്.

(3) ഒന്നാം ലോകമഹായുദ്ധത്തിൽ ജർമ്മനി തോല്പിക്കപ്പെട്ടതു്.

(4) വെഴ്സായി സന്ധി.

4. League of Nations രൂപീകരിച്ചതു് ഏതു ഉദ്ദേശത്തോടുകൂടിയാണു് ? അതിലെ പ്രധാന വിഭാഗങ്ങൾ (ഘടകങ്ങൾ) എന്തെല്ലാമായിരുന്നു ?

5. ചെറുകുറിപ്പുകൾ തയ്യാറാക്കുക :—

(1) Mandated Territories.

(2) പ്രസിഡണ്ടു് വിൽസൻ.

6. സഖ്യരാജ്യസമിതിയുടെ പരാജയകാരണങ്ങളിൽ നാലു് എണ്ണം പ്രസ്താവിക്കുക.

അദ്ധ്യായം 8

രാഷ്ട്രീയവും സാമ്പത്തികവുമായ നൂതന പരീക്ഷണങ്ങൾ

1. റഷ്യ

ആരംഭത്തിൽ മോസ്കോയും സമീപപ്രദേശങ്ങളും മാത്രം ഉൾക്കൊണ്ടിരുന്ന റഷ്യ കാലാന്തരത്തിൽ ഒരു വലിയ രാജ്യമായി വികസിക്കുകയുണ്ടായി. മഹാനായ 'ഇവാൻ' എന്ന ചക്രവർത്തിയുടെ കാലത്തു് റഷ്യയുടെ ശക്തിയും വിസ്തൃതിയും വർദ്ധിച്ചു. പതിനെട്ടാം ശതാബ്ദത്തിൽ കാസ്പിയൻ കടലിനു സമീപമുള്ള പ്രദേശങ്ങളിലേക്കും അതിനുശേഷം സൈബീരിയയിലേക്കും റഷ്യ വ്യാപിച്ചുകഴിഞ്ഞിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ ടർക്കിയുടെ പ്രദേശങ്ങൾ കീഴടക്കി സാമ്രാജ്യവിസ്തൃതി വർദ്ധിപ്പിക്കുവാൻ റഷ്യ ഒരുമ്പെട്ടു. 1856-ൽ ക്രിമിയയിൽ ഉണ്ടായ യുദ്ധത്തിൽ ഇംഗ്ലണ്ടു്, ഫ്രാൻസു് എന്നീ രാജ്യങ്ങളുടെ സഹായത്തോടുകൂടി ടർക്കി റഷ്യയുടെ ഉദ്യമം വിഫലമാക്കി. എങ്കിലും റഷ്യ ഇതരഭാഗങ്ങളിലേക്കുള്ള തള്ളിക്കയറ്റം തുടർന്നുപോന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തുതന്നെ തുർക്കിസ്ഥാൻ ഉൾപ്പെടെയുള്ള സ്റ്റെപ്പി പ്രദേശങ്ങളും സൈബീരിയയും, ചൈനയുടെ ചില ഭാഗങ്ങളും റഷ്യയ്ക്കു് അധീനമായിത്തീർന്നു. ഇതിനു ശേഷം ഏഷ്യയുടെ ഉത്തരഭാഗങ്ങൾ മുഴുവൽ കീഴടക്കി പസിഫിക്കു് സമുദ്രംവരെ സാമ്രാജ്യം വികസിപ്പിക്കണമെന്നു റഷ്യ ആഗ്രഹിച്ചു. അതിനാൽ മഞ്ചൂറിയയും കൊറിയയും ആക്രമിച്ചു. തൽഫലമായി ജപ്പാനുമായി ഒരു യുദ്ധം ചെയ്യേണ്ടിവന്നു. അതുവരെ എണ്ണപ്പെട്ട ശക്തിയായി അറിയപ്പെടാതിരുന്ന ജപ്പാൻ മഹാശക്തിയായിരുന്ന റഷ്യയെ നിഷ്പ്രയാസം തോല്പിച്ചു. 1905-ലെ ഈ പരാജയം അപ്രതീക്ഷിതമായിരുന്നു. റഷ്യയുടെ സ്വാധീനശക്തിക്കു് ഇതുമൂലം വലിയ ഉലച്ചിലുണ്ടായി. ചക്രവർത്തിയെപ്പറ്റി സാധാരണ ജനങ്ങൾക്കു

ണ്ടായിരുന്ന മതിപ്പു കുറയുവാനും സ്വേച്ഛാധിപത്യത്തോടുള്ള പ്രതിഷേധം വർദ്ധിക്കുവാനും ഇതു കാരണമായിത്തീർന്നു.

സ്സാർ ചക്രവർത്തിമാരുടെ സ്വേച്ഛാഭരണം

പതിനാലാം നൂറ്റാണ്ടുമുതൽതന്നെ അവിടെ സ്സാർ (Tsar) രാജവംശം ഭരണമാരംഭിച്ചിരുന്നു. റോമൻ ചക്രവർത്തിമാരുടെ സ്ഥാനപ്പേരായ 'സീസർ' രൂപാന്തരപ്പെട്ടതാണ് 'സ്സാർ'. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലും തികഞ്ഞ സ്വേച്ഛാധിപത്യഭരണമാണ് റഷ്യയിൽ നടപ്പിലിരുന്നതു്. ഭരണാധികാരം മുഴുവനും ചക്രവർത്തിയിൽമാത്രം നിക്ഷിപ്തമായിരുന്നു. പൗരന്മാക്ക് ഭരണകാര്യത്തിൽ യാതൊരു പങ്കും വഹിക്കേണ്ടതില്ലായിരുന്നു. ഫ്രഞ്ചുവിപ്ലവത്തിനുശേഷം യൂറോപ്പിലെ പല രാജ്യങ്ങളിലും സംഭവിച്ച പരിവർത്തനങ്ങൾ റഷ്യയെ സ്പർശിച്ചതേയില്ല. ദുഷിച്ച ഫ്യൂഡൽ വ്യവസ്ഥിതിയുടെ ഫലമായി നിലനിന്നുപോന്ന ചക്രവർത്തിയുടേയും പ്രഭുക്കന്മാരുടേയും പൗരാവകാശധ്വംസന പരിപാടികൾ നിർബ്ബാധം തുടർന്നുപോരികയാണുണ്ടായതു്.

റഷ്യയിലെ വലിയൊരു വിഭാഗം ജനങ്ങൾ അടിമകളായിത്തന്നെ കഴിഞ്ഞുപോന്നു. കൃഷിക്കാക്ക് സ്വന്തമായ ഭൂമിയോ കിടപ്പിടമോ ഉണ്ടായിരുന്നില്ല. ഫ്യൂഡൽ വ്യവസ്ഥിതിയുടെ ദുഷിച്ച ദുരിതഫലങ്ങളെല്ലാം അവർ അനുഭവിച്ചുപോന്നു. അധികാരിവർഗ്ഗത്തിനെതിരായുള്ള എത്ര ചെറിയ എതിർപ്പുകളേയും ചക്രവർത്തിയും ഉദ്യോഗസ്ഥന്മാരും നിഷ്ഠുരണം അടിച്ചമർത്തിയിരുന്നു.

പത്തൊൻപതാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധംമുതൽ ദുർഭരണത്തിനും ചൂഷണത്തിനുമെതിരായ കോളിളക്കങ്ങൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലും പ്രകടമായിത്തുടങ്ങിയിരുന്നു. ചക്രവർത്തിയായിരുന്ന സ്സാർ അലക്സാണ്ടർ രണ്ടാമൻ അടിമത്തം അവസാനിപ്പിക്കുന്നതിനും സ്ഥിതിഗതികൾ ശാന്തമാക്കുന്നതിനും ശ്രമിച്ചു. അനേകായിരം

അടിമകളെ ജന്മിമാർക്ക് നഷ്ടപരിഹാരം കൊടുത്തു അദ്ദേഹം മോചിപ്പിച്ചു. എങ്കിലും അശരണരായ ഇവർക്ക് സ്വന്തം ഭൂമിയോ ജീവിതമാർഗ്ഗങ്ങളോ ഉണ്ടാക്കിക്കൊടുക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അതിനാൽ അസംതൃപ്തരായ ഇവർ കലാപങ്ങൾക്കൊരുങ്ങി. അവരുടെ വിപ്ലവസംരംഭങ്ങൾ നിർദ്ദയം അടിച്ചമർത്തപ്പെടുകയും ചെയ്തു.

കാറൽ മാർക്സും സ്ഥിതിസമത്വസിദ്ധാന്തവും

നാട്ടിൻപുറങ്ങളിൽ കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്ന കൂടിയാനവർഗ്ഗത്തിനു പുറമെ ഏറ്റവും അസംതൃപ്തരായി കഴിഞ്ഞുപോന്ന മറ്റൊരു വലിയ വിഭാഗം ജനങ്ങൾ റഷ്യയിലെ വൻനഗരങ്ങളിലെ വ്യവസായശാലകളിലും ഖനികളിലും ജോലിചെയ്തിരുന്നവരാണ്. ഇവർ വ്യവസായപ്രമുഖരുടേയും ഖനിയുടമകളുടേയും നിരന്തരമായ ചൂഷണത്തിനു വിധേയമായിക്കഴിഞ്ഞിരുന്നു. തൊഴിലാളികൾക്കനുകൂലമായ നിയമങ്ങൾ അക്കാലത്തുണ്ടായിരുന്നില്ല. വളരെ തുച്ഛമായ ശമ്പളമേ തൊഴിലാളികൾക്കു കിട്ടിയിരുന്നുള്ളൂ. തൊഴിലാളികളെക്കൊണ്ട് പരമാവധി ജോലിചെയ്യിച്ച് കൊള്ളലാഭമടിക്കുന്നതിൽ മുതലാളികൾ ജാഗരൂകരായിരുന്നു. വെറും ന്യൂനപക്ഷമായിരുന്ന മുതലാളികൾക്കെതിരായി ഒറ്റക്കെട്ടായി നിന്ന് പ്രവർത്തിക്കയെല്ലാതെ രക്ഷയില്ലെന്ന ബോധം റഷ്യയിലെ തൊഴിലാളിവർഗ്ഗത്തിനിടയിൽ പ്രബലപ്പെട്ടുവന്നു.

പുതിയ ചില സാമ്പത്തികസിദ്ധാന്തങ്ങൾ അക്കാലത്ത് യൂറോപ്പിലെ തൊഴിലാളികളെ പ്രബുദ്ധരാക്കിയിരുന്നു. അവയിൽ പ്രധാനമായിരുന്നത് ഒരു ജർമ്മൻകാരനായ കാറൽ മാർക്സിന്റെ ആദർശവാദമായിരുന്നു. 1818-ൽ ജനിച്ച അദ്ദേഹം ക്രമേണ ഒരു കടുത്ത വിപ്ലവകാരിയായിത്തീർന്നു. സാമ്പത്തികമായ അസമത്വങ്ങൾ നീക്കി സമത്വസുന്ദരമായ ഒരു സമ്പത്ത്വ്യവസ്ഥിതി സംജാതമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി അദ്ദേഹം ചിന്തിക്കുക

യും നവീനമായ ചില ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആശയങ്ങൾ തൊഴിലാളി വിപ്ലവങ്ങൾക്ക് പ്രചോദനം നൽകുന്നവയായിരുന്നു. അതുകാരണം അധികാരികൾ അദ്ദേഹത്തെ രാജ്യഭ്രഷ്ടനാക്കി. കുറേക്കാലം ഫ്രാൻസിലും പിന്നീട് ഇംഗ്ലണ്ടിലുമായി അദ്ദേഹം ജീവിതശിഷ്ടം കഴിച്ചുകൂട്ടി. അക്കാലമത്രയും തന്റെ നൂതനസിദ്ധാന്തങ്ങൾക്കു രൂപംകൊടുക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ പതിഞ്ഞിരുന്നതു്.

പാരീസിൽ താമസിച്ചിരുന്ന കാലത്തു് "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ" എന്ന ഒരു ചെറുഗ്രന്ഥമുഖേനയാണു് അദ്ദേഹം തന്റെ വിപ്ലവസിദ്ധാന്തങ്ങൾ വെളിപ്പെടുത്തിയതു്. "രാഷ്ട്രീയമോ സാമൂഹ്യമോ ആയ സ്വാതന്ത്ര്യങ്ങൾ സാമ്പത്തികസമത്വമില്ലാത്ത ഒരു ലോകവ്യവസ്ഥിതിയിൽ നിഷ്പ്രയോജനങ്ങളാണെന്നും, അതിനാൽ മുതലാളിമാരുടെ ചൂഷണത്തിനറുതിവരുത്തുവാൻ അവകാശങ്ങൾ പിടിച്ചുപറേറണ്ടതാവശ്യമാണെന്നും" മാർക്സ് പ്രഖ്യാപനംചെയ്തു. അധികം താമസിയാതെ അദ്ദേഹം ഫ്രാൻസിൽനിന്നും നിഷ്കാസിതനായി. ബാക്കി ജീവിതം ഇംഗ്ലണ്ടിൽ കഴിച്ചുകൂട്ടി. ഇംഗ്ലണ്ടിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ മാർക്സ് തന്റെ ഏറ്റവും പ്രസിദ്ധമായ 'ദാസ് കാപ്പിറൽ' (Das Capital) അഥവാ, മുടക്കുമുതൽ എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. മുതലാളികളുടേയും തൊഴിലാളികളുടേയും നിലപാടു രണ്ടു വർഗ്ഗങ്ങളും തമ്മിലുള്ള ഒരു കടുത്ത വർഗ്ഗസമരത്തിനിടയാക്കുമെന്നായിരുന്നു മാർക്സിന്റെ നിഗമനം. അങ്ങനെയുണ്ടാകുന്ന സായുധസമരത്തിൽ തൊഴിലാളികൾ വിജയിക്കുകയും മുതലാളികളുടെ സമ്പത്തു മുഴുവൻ അവർ പിടിച്ചെടുക്കുകയുംചെയ്യും. ഇങ്ങനെ കിട്ടുന്നവയെല്ലാം—വ്യവസായശാലകൾ, കൃഷിസ്ഥലങ്ങൾ, ഉപകരണങ്ങൾ, പണം ആദിയായവ—ഗവണ്മെൻറു് ഏറ്റെടുത്തു നടത്തുകയും ന്യായമായ ആദായവീതം തൊഴിലാളിക്കു നൽകുകയും ചെയ്യും. ഇതിന്റെയെല്ലാം പരിണതഫലമായി

എല്ലാവർക്കും തൊഴിലും ജീവിതസൌകര്യവും ലഭിക്കുമെന്നും, ഏറെക്കുറെ തുല്യമായ ഒരു സാമ്പത്തികനില കൈവരുമെന്നും മാർക്സ് പ്രഖ്യാപിച്ചു.

കാറൽമാർക്സിന്റെ ഭാവനയിൽ രൂപംകൊണ്ടതും തൊഴിലാളിവർഗ്ഗത്തിന്റെയിടയിൽ അതിവേഗം പ്രചരിച്ചതുമായ ഈ സാമ്പത്തികസിദ്ധാന്തത്തിനു് 'സോഷ്യലിസം' (Socialism) എന്നാണു് പറഞ്ഞുവരുന്നതു്. അതായതു്, സൊസൈറ്റി (Society) അഥവാ ആ രാജ്യത്തെ ജനസമുദായം ഒന്നടക്കം മുടക്കുമുതലിന്റെ ഉടമകളായിത്തീരുകയെന്ന സ്ഥിതിസമതത്വത്തിന്റെ ലക്ഷ്യം. മുടക്കുമുതലിന്റെ ഉടമസ്ഥാവകാശം പൊതുജനങ്ങൾക്കെന്ന അർത്ഥത്തിൽ 'കമ്മ്യൂണിസം' എന്നും ഈ തത്വസംഹിതയെ പറയാറുണ്ടു്. എന്നാൽ സോഷ്യലിസവും കമ്മ്യൂണിസവും തമ്മിൽ വ്യത്യാസമുണ്ടു്. അതു കാതലായ വ്യത്യാസവുമാണു്. ലക്ഷ്യത്തിൽ ഇവതമ്മിൽ പൊരുത്തപ്പെട്ടേക്കാമെങ്കിലും, ലക്ഷ്യം കൈവരുത്തുന്ന മാർഗ്ഗങ്ങൾ തികച്ചും വിഭിന്നങ്ങളാണു്. മുതലാളിമേധാവിത്വം അവസാനിപ്പിച്ചു് മുതലുടമ മുഴുവൻ രാഷ്ട്രത്തിനധീനമാക്കി സാമ്പത്തികസ്ഥിതിസമതത്വം കൈവരുത്തുകയെന്നതു് സമാധാനപരമായി നിയമനിർമ്മാണംമൂലം ക്രമേണ സാധിക്കണമെന്നാണു് സോഷ്യലിസ്റ്റുകൾ വിശ്വസിച്ചതു്. നേരേമറിച്ചു് പൊട്ടന്നനവെയുള്ള അക്രമപ്രസക്തമായ ഒരു തൊഴിലാളി വിപ്ലവംകൊണ്ടു് മുതലാളിവർഗ്ഗത്തെ മുഴുവൻ കൊന്നൊടുക്കി മുതൽ മുഴുവൻ രാഷ്ട്രത്തിന്നധീനമാക്കുകയായിരുന്നു കമ്മ്യൂണിസ്റ്റുകൾ സ്വീകരിച്ച മാർഗ്ഗം. ഇംഗ്ലണ്ടു്, ഫ്രാൻസു് മുതലായ രാജ്യങ്ങളിൽ സോഷ്യലിസ്റ്റു് വ്യവസ്ഥിതി നടപ്പാക്കുവാൻ തൊഴിലാളികൾ ആദ്യത്തെ മാർഗ്ഗം സ്വീകരിച്ചു. റഷ്യയിലെ തൊഴിലാളികൾ മാർക്സിന്റെ സിദ്ധാന്തം സ്വീകരിച്ചുകൊണ്ടു് രണ്ടാമത്തെ മാർഗ്ഗവും അവലംബിച്ചു: ഭൂരിപക്ഷകക്ഷി എന്നർത്ഥം വരുന്ന 'ബോൾഷെവിക്ക്' കക്ഷി അവർ രൂപീകരിക്കുകയും തൊഴിലാളികൾ ഒന്നടങ്കം അതിൽ അംഗങ്ങളാകുകയും ചെയ്തു. ലെനിൻ ആയി

രുന്ന ഈ കക്ഷിയുടെ നേതാവ്: അദ്ദേഹത്തിന്റെ കീഴിൽ ബോൾഷേവിക്കുകൾ അണിനിരന്നു, സ്സാർ ചക്രവത്തിയുടെ ഭരണത്തെ തകിടം മറിക്കുകയും ഒരു കമ്മ്യൂണിസ്റ്റ് ഗവണ്മെൻറ് സ്ഥാപിക്കുന്നതിൽ വിജയിക്കുകയുംചെയ്തു.

റഷ്യൻ വിപ്ലവം

1905-ലെ തൊഴിലാളി വിപ്ലവവും അതിന്റെ പരാജയവും

1905-ൽ ജപ്പാനുമായുണ്ടായ യുദ്ധത്തിൽ സ്സാർ ചക്രവത്തി പരാജയപ്പെട്ടതോടുകൂടി സംഘടിതമായ തൊഴിലാളിവർഗ്ഗം തങ്ങളുടെ അവകാശങ്ങൾ പിടിച്ചുപറ്റുവാൻ ആ സന്ദർഭം വിനിയോഗിക്കണമെന്നു കരുതി ഒരു പൊതു പണിമുടക്കിനു വട്ടംകൂട്ടി. അന്നത്തെ ചക്രവത്തിയായിരുന്ന നിക്കോളാസ്സ് രണ്ടാമൻ പൊതുജനഹിതത്തിനു വഴങ്ങുകയാണ് ബുദ്ധിപൂർവ്വമെന്നു കരുതി ഒരു വിളംബരംമൂലം പൗരാവകാശങ്ങൾ പലതും അനുവദിച്ചുകൊടുത്തു. അഭിപ്രായസ്വാതന്ത്ര്യം, പത്രപ്രവർത്തനസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം ആദിയായവ പൂർണ്ണമായും അനുവദിച്ചുകൊടുത്തതായി പ്രഖ്യാപിച്ചു. 'ഡൂമാ' എന്നറിഞ്ഞിരുന്ന സ്റ്റേറ്റ് നിയമസഭയിലേക്ക് പൊതുജന പ്രതിനിധികളെ ഉൾപ്പെടുത്തത്തക്കവിധം വോട്ടവകാശത്തിന്റെ പരിധി വിസ്തൃതമാക്കാമെന്നും വ്യവസ്ഥചെയ്തു. തങ്ങളുടെ ഉദ്യമം ഫലപ്രദമായെന്നു തൊഴിലാളികൾ കരുതുകയും പൊതു പണിമുടക്ക് തുടങ്ങിയ പരിപാടികൾ പിൻവലിക്കുകയുംചെയ്തു. എന്നാൽ 1907-ൽ സ്ഥിതിഗതികൾ ശാന്തമായതോടുകൂടി ചക്രവത്തിയുടെ മനോഭാവം മാറുകയും വാഗ്ദത്തങ്ങൾ പാലിക്കാതിരിക്കാനുള്ള അടവുകൾ അദ്ദേഹം സ്വീകരിക്കുകയും ചെയ്തു. പഴയ സ്വേച്ഛാഭരണം തുടർന്നു. തൊഴിലാളികളുടെ പണിമുടക്കു കമ്മിറ്റികളായ 'സോവിയറ്റുകൾ' നിയമവിരുദ്ധമാക്കപ്പെട്ടു. നേതാക്കന്മാരുടെയും

അസംതൃപ്തി വിപ്ലവകാരികളെ തടവിലാക്കി. റഷ്യൻ വിപ്ലവത്തിന്റെ പ്രാരംഭഘട്ടത്തിൽ തൊഴിലാളികൾ പരാജയപ്പെട്ടു.

1917-ലെ ബോൾഷെവിക് വിപ്ലവം

1914-ൽ ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ റഷ്യയിലെ സാമാന്യജനങ്ങളുടെ സ്ഥിതി പണ്ടത്തേക്കാൾ വളരെ അധഃപതിച്ചുകഴിഞ്ഞിരുന്നു. സേച്ഛാഭരണവും അഴിമതിയുംകൊണ്ട് സാധാരണ ജനങ്ങൾ അവശരായി. ജനങ്ങളെ ആവുന്നത്ര ചൂഷണംചെയ്യുകയെന്നുള്ളതായിരുന്നു മന്ത്രിമാരുടേയും ഉദ്യോഗസ്ഥവൃന്ദത്തിന്റേയും ജീവിതലക്ഷ്യമെന്നു തോന്നിപ്പോകുമായിരുന്നു. ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും ചക്രവർത്തിയുടേയും അദ്ദേഹത്തെ സേവപിടിച്ചു മുതലെടുത്തിരുന്ന പിണിയാളുകളുടേയും പാദസേവകരും കേവലം ഹിതാനുവർത്തികളുമായിരുന്നു.

റഷ്യ യുദ്ധത്തിൽ ചേർന്നതു് ജനങ്ങളിൽ ഭൂരിപക്ഷവും ഇഷ്ടപ്പെട്ടില്ല. സേച്ഛാഭരണവും മുതലാളിത്തവും സുശക്തമാക്കുന്നതിനു കൈക്കൊണ്ട ഒരു മാർഗ്ഗമായിട്ടത്രെ അവർ അതിനെ കരുതിയതു്. തൻമൂലം ഗവണ്മെൻറിന്റെ ലക്ഷ്യങ്ങളെ പരാജയപ്പെടുത്തുന്നതിനായി യുദ്ധയത്നങ്ങളിൽ നിസ്സഹകരിക്കുവാൻ തുടങ്ങി. നാടുകടത്തപ്പെട്ടു് വിദേശങ്ങളിൽ താമസിച്ചിരുന്ന നേതാക്കന്മാർ അവിടെ നിന്നുകൊണ്ടു് റഷ്യൻ തൊഴിലാളികളുടെ സംരംഭങ്ങൾക്കു് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തുപോന്നു. യുദ്ധത്തിന്റെ ഗതിയും റഷ്യയ്ക്കു ദോഷകരമായിരുന്നു. സൈന്യങ്ങൾക്കുവേണ്ട യുദ്ധോപകരണങ്ങളും പോലും എത്തിച്ചുകൊടുക്കുവാൻ സ്സാർ ഗവണ്മെൻറിനു കഴിഞ്ഞില്ല. തുടരെയുണ്ടായ തോൽവി സൈന്യത്തിന്റെ മനോവീര്യം ഇടിച്ചു. സ്വാർത്ഥമതികളായ ഉപദേഷ്ടാക്കളുടെ ഹിതാനുവർത്തിയായിത്തീർന്നിരുന്ന ചക്രവർത്തി കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കുവാൻ കഴിവില്ലാത്തവനായിത്തീർന്നു.

1917 മാച്ച് മാസത്തിൽ പെട്രോഗ്രാഡ്, മോസ്കോ തുടങ്ങിയ വൻനഗരങ്ങളിൽ തൊഴിലാളികൾ സംഘടിതമായ വിപ്ലവമാരംഭിച്ചു. അനേകം പട്ടാളവിഭാഗങ്ങളും അവരുടെ പക്ഷത്തുചേർന്നു. ഏതാനും ദിവസങ്ങൾക്കകം ലഹള സാവ്രതികമായി വ്യാപിച്ചു. ഗവണ്മെൻറു പ്രവർത്തനം പൊട്ടന്നനവെ സ്തംഭിച്ചു. മന്ത്രിമാരും പ്രധാന ഉദ്യോഗസ്ഥന്മാരും ജയിലിലടയ്ക്കപ്പെട്ടു. വിവരമറിഞ്ഞു് യുദ്ധരംഗത്തുനിന്നും സ്റ്റാർ ചക്രവർത്തി പെട്രോഗ്രാഡിലെത്താൻ പുറപ്പെട്ടു. വഴിമദ്ധ്യേ റയിൽവേതൊഴിലാളികൾ അദ്ദേഹത്തെ പിടികൂടി സ്ഥാനത്യാഗം ചെയ്യിച്ചു. ശതാബ്ദങ്ങളായി നിലനിന്ന സ്റ്റാർ ചക്രവർത്തിമാരുടെ സേച്ഛാഭരണം ഇങ്ങനെ അവസാനിച്ചു.

തൊഴിലാളികളുടേയും പട്ടാളക്കാരുടേയും പ്രതിനിധികൾ കൂടിച്ചേർന്നുള്ള 'സോവിയറുകൾ' (കൌൺസിലുകൾ) ആയിരുന്നു വിപ്ലവത്തിൻെറ നേതൃത്വം വഹിച്ചിരുന്നതു്. ഭരണസാരഥ്യം വഹിക്കുവാനുള്ള കഴിവു് അവർക്കുണ്ടായിരുന്നില്ല. അതിനാൽ സ്റ്റേറു് നിയമസഭയായ ഡൂമാ വിളിച്ചുകൂട്ടി. 'കെറൻസ്കി' എന്ന ഭരണമേധാവിയുടെ നേതൃത്വത്തിൽ ഒരു റിപ്പബ്ലിക്കൻ ഗവണ്മെൻറു് രൂപവല്ക്കരിച്ചു. നാനാതരത്തിലുള്ള മന്ത്രിമാരുടേയും ചരടുവലികളുടേയും ഫലമായി 'കെറൻസ്കി' യുടെ കൈയിൽനിന്നും തൊഴിലാളികൾ ഭരണമേറ്റെടുത്തു നടത്തേണ്ടതാണെന്നുള്ള അഭിപ്രായം ശക്തിപ്പെട്ടു.

ഒക്ടോബർ വിപ്ലവം

1917 മാച്ച് മുതൽ ഒക്ടോബർവരെ കെറൻസ്കിയുടെ റിപ്പബ്ലിക്കൻ ഗവണ്മെൻറു് പ്രവർത്തിച്ചുപോന്നു. ഇതിനിടയ്ക്കു് നിക്കോളാസ് ലെനിൻ വിദേശത്തുനിന്നും റഷ്യയിലെത്തി. അദ്ദേഹത്തിൻെറ നേതൃത്വം തൊഴിലാളികൾക്കു് ആവേശം നല്കി. കെറൻസ്കിയുടെ ഗവണ്മെൻറു് സ്ഥാപിച്ചിരുന്ന സോവിയറുകളിൽ പലതും ലെനിൻെറ കക്ഷിയുടെ നിയന്ത്രണത്തിൽ വന്നുചേർന്നു.

സമ്പൂർണ്ണമായ ഒരു തൊഴിലാളി ഭരണം ഏർപ്പെടുത്തണമെന്നുള്ള ലക്ഷ്യത്തോടുകൂടി ലെനിനും അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ട്രോട്സ്കിയുംകൂടി ശ്രമങ്ങളാരംഭിച്ചു. കെറൻസ്കി അവരെ തടങ്കലിൽവെക്കുവാനുള്ള വട്ടംകൂട്ടി. ബോൾഷെവിക്കുകൾ ഇതറിഞ്ഞു് ആയുധധാരികളായി വിപ്ലവമാരംഭിച്ചു. അതിവേഗത്തിൽ ഗവണ്മെൻറു് സ്ഥാപനങ്ങളെല്ലാം അവർ കരസ്ഥമാക്കി. ലെനിന്റെയും ട്രോട്സ്കിയുടേയും നേതൃത്വത്തിൽ താമസംവിനാ അവർ ഭരണാധികാരം ഏറ്റെടുക്കുകയും തികച്ചും സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു ഭരണസമ്പ്രദായം നടപ്പിലാക്കുകയും ചെയ്തു. റഷ്യൻ തൊഴിലാളികളുടെ പരിപൂർണ്ണവിജയത്തിൽ കലാശിച്ച ഈ പരിവർത്തനത്തിനു് ബോൾഷെവിക്കു് വിപ്ലവം എന്നു പറഞ്ഞുവരുന്നു.

ആധുനിക റഷ്യയുടെ നിർമ്മാതാക്കൾ

1. ലെനിൻ

റഷ്യയിലെ പുതിയ തൊഴിലാളിഗവണ്മെൻറിന്റെ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടതു് ലെനിൻ ആയിരുന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ട്രോട്സ്കി വിദേശകാര്യമന്ത്രിയായും നിയമിതനായി. പെട്ടെന്നുണ്ടായ അന്നത്തെ പരിവർത്തനഘട്ടത്തിൽ ദുർഘടം പിടിച്ച അനവധി പ്രശ്നങ്ങളെ അവർക്കു നേരിടേണ്ടിവന്നു. ജർമ്മനിയുമായി തുടർന്നുപോന്ന വിനാശകരമായ യുദ്ധം അവസാനിപ്പിക്കുകയായിരുന്നു ലെനിന്റെ ആദ്യത്തെ രാജ്യതന്ത്രമായ പ്രവൃത്തി. 1918-ൽ ബ്രെസ്റ്റ്-ലിറോവിസ്ക് (Brest Litovsk) എന്ന സ്ഥലത്തുവച്ചു നടന്ന സന്ധിമൂലം ജർമ്മനിയും റഷ്യയുമായുള്ള യുദ്ധം അവസാനിച്ചു. തൽഫലമായി റഷ്യയ്ക്കു ചില പ്രദേശങ്ങൾ നഷ്ടപ്പെട്ടെങ്കിലും രാജ്യത്തിലെ സങ്കീർണ്ണങ്ങളായ ആഭ്യന്തരകാര്യങ്ങളിൽ സത്വരമായ ശ്രദ്ധ പതിപ്പിക്കുവാൻ ഗവണ്മെൻറിനു് അവസരം ലഭിച്ചു.

റഷ്യയിലെ ചൂഷിതജനവർഗ്ഗം വളരെക്കാലമായി വിഭാവനം ചെയ്തിരുന്ന സ്ഥിതിസമത്വവ്യവസ്ഥിതി നടപ്പിലാക്കുകയായിരുന്നു ആഭ്യന്തരകായ്ത്തിലുള്ള ലെനിന്റെ ആദ്യത്തെ സംരംഭം. ഭ്രമ്പത്തും ധനോല്പാദന സാമഗ്രികളും സാവ്ത്രികമായി ദേശസാല്ക്കരിക്കപ്പെട്ടു. ഇവയുടെയെല്ലാം ഉടമസ്ഥാവകാശം ഗവണ്മെൻറിനു വന്നുചേർന്നു. പ്രഭുക്കന്മാരുടേയും പുരോഹിതന്മാരുടേയും അവകാശാധികാരങ്ങൾ നിരുത്തലാക്കുകയായിരുന്നു ലെനിന്റെ അടുത്തപടി. വ്യവസായശാലകൾ, ഖനികൾ, തീവണ്ടിപ്പാതകൾ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം സ്റ്റേറ്റിന്റെ പൊതുമുതലായി.

ലക്ഷ്യപ്രാപ്തിക്കായി ഏറ്റവും നിഷ്ഠുരണമായ നടപടികൾ കൈക്കൊള്ളുവാൻ ലെനിൻ മടിച്ചില്ല. അദ്ദേഹം സ്വീകരിച്ച നടപടികൾക്കെതിരായുള്ള സംരംഭങ്ങളെല്ലാം ക്രൂരതയോടെ അടിച്ചമർത്തി. നാടുവാഴിത്തവും മുതലാളിത്തവും പുനഃസ്ഥാപിക്കുവാനിടയാക്കുന്ന എല്ലാ വഴികളും എന്നേയ്ക്കുമായി അടയ്ക്കുവാൻതന്നെ ലെനിൻ നിശ്ചയിച്ചു; തടങ്കലിൽ പാർപ്പിക്കപ്പെട്ടിരുന്ന ചക്രവർത്തിയും കുടുംബവും നിഷ്ഠുരണം വധിക്കപ്പെട്ടു. തന്റെ ഭരണത്തിനു് എതിരായിവന്നേക്കാം എന്നു സംശയിക്കപ്പെട്ട സകലരേയും കൊന്നൊടുക്കി. തികച്ചും 'ഭീകരമായ ഒരു ഭരണം' തന്നെ ലെനിൻ നടപ്പിലാക്കി. ഈ കർക്കശനടപടികൾ അയൽരാജ്യങ്ങളിലെ ചില ഗവണ്മെൻറുകൾക്കും ഭീതിയുണ്ടാക്കി. റഷ്യയിലെ സംഭവവികാസങ്ങളുടെ അലകൾ തങ്ങളുടെ രാജ്യങ്ങളിലേയ്ക്കു് പ്രവേശിച്ചേക്കുമോ എന്നായിരുന്നു അവരുടെ ഭയം. 1918-ൽ സഖ്യകക്ഷികൾ ഒരു സേനാവിഭാഗത്തെ മോസ്കോയിലേക്കയച്ചു. തുടർന്നു് ജർമ്മനിയും റഷ്യയിൽ പ്രവേശിച്ചു. ട്രോട്സ്കിയുടെ നേതൃത്വത്തിൽ വിപുലമായ ഒരു ചെങ്കുപ്പായസൈന്യം (Red Army) ദ്രുതഗതിയിൽ സജ്ജീകരിക്കപ്പെട്ടു. ഒരു വർഷത്തിനുള്ളിൽ വിദേശസൈന്യങ്ങളെ റഷ്യയിൽനിന്നും തുരത്തി. ഇതോടുകൂടി റഷ്യയിൽ ബോൾഷെവിക്കു് ഭരണകൂടത്തിന്റെ നില ഭദ്രമായിത്തീർന്നു എന്നു പറയാം.

ലെനിന്റെ സാമ്പത്തികനയം.—ലെനിൻ മുഖ്യമായി നാല് പരിപാടികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചത് :—

1. ജർമ്മനിയുമായുള്ള യുദ്ധം അവസാനിപ്പിച്ച് മഹായുദ്ധത്തിന്റെ കെടുതികളിൽനിന്നും രാഷ്ട്രത്തെ മോചിപ്പിക്കുക.

2. ആഭ്യന്തരകലാപങ്ങൾ അമർച്ചചെയ്യുകയും വെളിയിൽനിന്നുള്ള ആക്രമണങ്ങളെ പിൻതിരിപ്പിക്കുകയും ചെയ്യുക.

ഈ രണ്ടിനങ്ങളും ലെനിൻ നടപ്പിലാക്കിയതായി പ്രസ്താവിച്ചുവല്ലൊ.

3. നിലവിലുള്ള അസമത്വങ്ങൾ ഇല്ലായ്മചെയ്ത് നൂതനമായ സാമ്പത്തികസ്ഥിതിസമത്വം സ്ഥാപിക്കുക.

4. കമ്മ്യൂണിസ്റ്റാദർശങ്ങളും പരിപാടികളും സാവ്വദേശീയമാക്കുക.

വിപ്ലവത്തിന്റെ പരീക്ഷണഘട്ടത്തിൽ കർശനമായി നടപ്പിലാക്കിയിരുന്ന സ്ഥിതിസമത്വാദർശങ്ങളിൽനിന്നും സമാധാനകാലത്ത് ഒരു വ്യതിയാനം ആവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. അതനുസരിച്ച് ഒരു പുതിയ സാമ്പത്തികനയം നടപ്പിലാക്കുകയായിരുന്നു അടുത്ത പരിപാടി. കൃഷിവലന്മാർക്കും മറ്റു തൊഴിലാളികൾക്കും കൂടുതൽ ക്രയവിക്രയ സ്വാതന്ത്ര്യം അനുവദിച്ചു. വിദേശികളുമായുള്ള വാണിജ്യവ്യവസ്ഥകളിലും ചില അയവുകൾ അനുവദിക്കുകയുണ്ടായി. പരിഷ്കരിച്ച ഈ സാമ്പത്തികനയം മൂലം വിദേശക്കമ്പോളങ്ങൾ റഷ്യൻ വ്യാപാരികൾക്കു തുറന്നു കിട്ടുകയും, യന്ത്രോപകരണങ്ങൾ മുതലായവ ധാരാളമായി റഷ്യയിലേക്കു വന്നു ചേരുകയും ചെയ്തു. റഷ്യയുടെ സാമ്പത്തികവികസനത്തിന് ശീഘ്രമായ വ്യവസായീകരണം ആവശ്യമാണെന്നു ലെനിൻ മനസ്സിലാക്കിയതിന്റെ ഫലമായി

അതിനത്യന്താപേക്ഷിതമായ വിദ്യുച്ഛക്തിയുടെ വികസനത്തിനുള്ള വിപുലമായ ഒരു പരിപാടി അദ്ദേഹം ആവിഷ്കരിക്കുകയുണ്ടായി.

ലെനിന്റെ വിദേശനയം.—വേണ്ടിവന്നാൽ ബലം പ്രയോഗിച്ചും കമ്മ്യൂണിസ്റ്റാദർശങ്ങൾ പ്രചരിപ്പിക്കണമെന്ന ലക്ഷ്യത്തോടുകൂടി 'മൂന്നാം അന്തർദ്ദേശീയ തൊഴിലാളിസംഘം' (The Third International Labour Party) എന്നൊരു സംഘടന മോസ്കോയിൽ സ്ഥാപിക്കപ്പെട്ടു. 'കമ്മ്യൂണിസ്റ്റ് ഇൻറർനാഷനൽ' (Communist International) എന്ന പേരിലെ ആദ്യത്തെ ഭാഗങ്ങൾ ചേർന്നുള്ള Comintern എന്ന ചുരുക്കപ്പേരിലാണ് ഈ സംഘടന അറിയപ്പെടുന്നതു്. ഈ സംഘടനയുടെ ഫലമായി വിദേശ ഗവൺമെൻറുകൾക്ക് റഷ്യയിലെ കമ്മ്യൂണിസ്റ്റ് ഭരണത്തോടു് കാലുഷ്യം വർദ്ധിച്ചു. അതിന്റെ പ്രവർത്തനങ്ങൾ അന്യരാജ്യങ്ങളുടെ ആഭ്യന്തരകാര്യത്തിൽ കൈ കടത്തുന്നതായി വിചാരിക്കപ്പെട്ടതിൽ അത്ഭുതമില്ല.

യു. എസ്സ്. എസ്സ്. ആർ.—ഇരുന്നൂറോളം മതവർഗ്ഗങ്ങൾ ആധുനിക റഷ്യയിൽ ഉൾപ്പെട്ടിരിക്കുന്നു. ഭാഷ, സംസ്കാരം എന്നിവയിൽ ഇവയ്ക്കു് ഐകരൂപ്യമില്ല. ഈ വർഗ്ഗങ്ങൾക്കു് സ്വയം നിർണ്ണയാവകാശം നൽകി ഫെഡറൽ മാതൃകയിൽ സംഘടിപ്പിച്ചു് സോവിയറു് ഭരണത്തിൽ ഉൾപ്പെടുത്തുകയായിരുന്നു ലെനിന്റെ മറെറാരു മഹത്തായ നേട്ടം. ഓരോ പ്രദേശത്തും സോവിയറു് റിപ്പബ്ലിക്കുകൾ സ്ഥാപിക്കുകയും, അതിനുശേഷം സംയുക്തമായി സ്ഥാനത്തിൽ ഒരു ഫെഡറൽ യൂണിയനിൽ അവയെ ഉൾക്കൊള്ളിക്കുകയും ചെയ്തു. ഇങ്ങനെ സോവിയറു് യൂണിയൻ അഥവാ 'Union of Soviet Socialist Republics' സ്ഥാപിക്കപ്പെട്ടു.

1924-ൽ ലെനിൻ നിര്യാതനായി. ആധുനിക റഷ്യയുടെ നിർമ്മാതാവു് എന്ന ബഹുമതിയ്ക്കു് അർഹനായ

ഇദ്ദേഹത്തിന്റെ ബഹുമാന്യമായ സ്മരണയെ നിലനിർത്തുവാൻവേണ്ടി പെട്രോഗ്രാഡ് എന്ന മഹാനഗരത്തിനു് അന്നുമുതൽ ലെനിൻഗ്രാഡ് എന്നു പേരുകൊടുത്തു.

2. സ്റ്റാലിൻ

ലെനിൻ മരിക്കുമ്പോൾ ട്രോട്സ്കി വിദേശകാര്യ മന്ത്രിയും സ്റ്റാലിൻ കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയുമായിരുന്നു. വിപ്ലവകാലത്തു് ട്രോട്സ്കി വഹിച്ച പങ്കു് എന്തായിരുന്നു എന്നു് മുമ്പു് പറഞ്ഞിട്ടുണ്ടല്ലോ. എന്നാൽ അദ്ദേഹവും സ്റ്റാലിനുമായുള്ള അധികാര വടംവലിയിൽ ട്രോട്സ്കി പരാജിതനായി. അദ്ദേഹം നാടുകടത്തപ്പെടുകയും മെക്സിക്കോയിൽവെച്ചു് വധിക്കപ്പെടുകയും ചെയ്തു. സ്റ്റാലിൻ ഭരണാധിപത്യം ഏറ്റെടുത്തു.

സ്റ്റാലിന്റെ പഞ്ചവത്സരപദ്ധതികൾ.—റഷ്യയിൽ രൂപം പ്രാപിച്ച നൂതനരാഷ്ട്രത്തെ കാർഷികമായും വ്യാവസായികമായും ദൃഢപ്പെടുത്തുവാനും, ജനങ്ങളുടെ ജീവിതത്തോതുയർത്തുവാനും സ്റ്റാലിൻ നിശ്ചയിച്ചു. ഒരു നിശ്ചിത കാലഘട്ടത്തിനുള്ളിൽ വിപുലമായ അനേകം രാഷ്ട്രനിർമ്മാണ പരിപാടികൾ ഉൾക്കൊള്ളുന്ന പഞ്ചവത്സര പദ്ധതികൾ ആസൂത്രണംചെയ്തു് നടപ്പിലാക്കി.

ഈ പദ്ധതികളുടെ അവസാനമായപ്പോൾ ലക്ഷക്കണക്കിനു് തൊഴിലാളിഭവനങ്ങൾ, ആതുരാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കലാകേന്ദ്രങ്ങൾ എന്നിവയെല്ലാം റഷ്യയിലാകമാനം നിർമ്മിക്കപ്പെട്ടു. ശാസ്ത്രീയവും സാംസ്കാരികവുമായ രംഗങ്ങളിൽ കൈവരുത്തിയ അഭിവൃദ്ധിയും വളരെ വലുതാണു്. റഷ്യയിലുണ്ടായ രീതിയിലുള്ള ഒരു ഭയങ്കര വിപ്ലവത്തിന്റെ അനന്തര ഫലമായി സംജാതമാകുന്ന പുതിയ സാഹചര്യത്തോടു് ജനലക്ഷങ്ങൾക്കു് ഇണങ്ങിച്ചേരുന്നതിനു സാധാരണമായി കുറെക്കാലം വേണ്ടിവരുമെന്നിരിക്കെ, ഇത്ര ഭീകരമായ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനാവശ്യമായ മനുഷ്യമഹായത്നം സ്റ്റാലിൻ എങ്ങനെ ഇത്രവേഗം നേടിയെടുത്തു എന്നുള്ളതു് ചിന്താർഹംതന്നെയാണു്.

സ്റ്റാലിന്റെ വിദേശനയം.—സ്റ്റാലിൻ അയൽ രാജ്യങ്ങളുമായി സൌഹൃദബന്ധം പുലർത്തുന്ന ഒരു നയമാണ് സ്വീകരിച്ചുപോന്നതു്. ഫ്രാൻസു്, ടർക്കി, അഫ്ഗാനിസ്റ്റാൻ, പേഷ്യ, പോളൻഡു് എന്നീ രാജ്യങ്ങളുമായി അനാക്രമണ ഉടമ്പടികൾ ഉണ്ടാക്കി. പല വിദേശ രാജ്യങ്ങളുമായി വാണിജ്യബന്ധം പുലർത്തുകയും ചെയ്തു. കമ്മ്യൂണിസ്റ്റാദർശങ്ങളും പരിപാടികളും മറ്റു രാജ്യങ്ങളിലേയ്ക്കും വ്യാപിപ്പിക്കുക എന്ന ആശയം ഉപേക്ഷിച്ചതായിരുന്നു സ്റ്റാലിന്റെ വിദേശനയം വിജയിച്ചതിനു കാരണം.

യു. എസ്സ്. എസ്സ്. ആർ. ഭരണഘടന

1936-ലാണു് യു. എസ്സ്. എസ്സ്. ആർ-ന്റെ ഇന്നു നിലവിലിരിക്കുന്ന ഭരണഘടന നടപ്പിലായതു്. അതിന്റെ രൂപവല്ക്കരണത്തിൽ മുൻകൈ എടുത്തതു് സ്റ്റാലിനായിരുന്നതുകൊണ്ടു് അതിനെ സ്റ്റാലിന്റെ ഭരണഘടന എന്നു സാധാരണമായി പറയാറുണ്ടു്. അതു് ലിഖിതവും ദൃഢവുമായ ഒരു ഭരണഘടനയാണു്. ഫെഡറൽ പാർലമെന്റിലെ മൂന്നിൽ രണ്ടു ഭാഗം അംഗങ്ങളുടെ സമ്മതത്തോടുകൂടെ മാത്രമെ അതിലെ ഏതൊരു വ്യവസ്ഥയും ഭേദഗതിവരുത്തുവാൻ സാധിക്കുകയുള്ളു.

ഈ ഭരണഘടന ഫെഡറൽ മാതൃകയിൽ അധിഷ്ഠിതമാണു്. പതിനാറു സോവിയറ്റു റിപ്പബ്ലിക്കുകൾ ഉൾപ്പെട്ട ഒരു സംയുക്ത രാഷ്ട്രമാണു് സോവിയറ്റു യൂണിയൻ. ഭരണാധികാരങ്ങൾ ഘടക റിപ്പബ്ലിക്കുകൾക്കും കേന്ദ്രത്തിനും നിഷ്കൃഷ്ടമായി വീതിച്ചു കൊടുത്തിരിക്കുന്നു.

'സുപ്രീം സോവിയറ്റു' (Supreme Soviet) എന്നറിയുന്ന യൂണിയൻ പാർലമെൻറിനു് രണ്ടു് മണ്ഡലങ്ങളുണ്ടു്. 'യൂണിയൻ സോവിയറ്റു' (Soviet of the Union) എന്ന അധോമണ്ഡലവും, 'ജനതകളുടെ സോവിയറ്റ്' (Soviet of Nationalities) എന്ന ഉപരിമണ്ഡലവും. ഇരു സഭകളുംകൂടിയുള്ള സമ്മേളനമാണു് മന്ത്രിസഭയെ നിയമിക്കുന്നതു്. സുപ്രീം സോവിയറ്റിലെ

ആകെ അംഗസംഖ്യ 1347 ആകുന്നു. 18 വയസ്സു പൂർത്തിയായ എല്ലാ സ്ത്രീപുരുഷന്മാർക്കും വോട്ടവകാശമുണ്ട്. 23 വയസ്സായ ആർക്കുംതന്നെ സ്ഥാനാർത്ഥിയായി നില്ക്കാമെങ്കിലും അവരെ സഹകരണസ്ഥാപനങ്ങൾ, തൊഴിലാളി സംഘങ്ങൾ മുതലായ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും നാമനിർദ്ദേശം ചെയ്തിരിക്കണമെന്നു നിർബ്ബന്ധമുണ്ട്.

'പ്രസീഡിയം' എന്നറിയുന്ന അദ്ധ്യക്ഷസമിതിയിലാണ് കേന്ദ്രഭരണത്തിന്റെ അധീശാധികാരം നിക്ഷിപ്തമായിരിക്കുന്നതു്. 32 അംഗങ്ങളുൾപ്പെടുന്ന ഈ സമിതിയെ സുപ്രീം സോവിയറാണ് തെരഞ്ഞെടുക്കുന്നു. ഈ കേന്ദ്രഭരണസമിതിക്കു് മറെറാരു സംയുക്തഭരണഘടനയിലും ഇല്ലാത്ത ബൃഹത്തായ അധികാരങ്ങൾ നല്കിയിരിക്കുന്നു. അതിപ്രധാനങ്ങളായ എല്ലാ വിഷയങ്ങളും തന്നെ കൈകാര്യംചെയ്യുന്നതു് ഈ സമിതിയാണു്. അംഗഘടകമായ ഒരു റിപ്പബ്ലിക്കിന്റെ നിയമവും കേന്ദ്രനിയമവും തമ്മിൽ സംഘർഷമുണ്ടായാൽ കേന്ദ്രനിയമത്തിനു പ്രാബല്യം നൽകണമെന്നാണു് നിശ്ചയിച്ചിരിക്കുന്നതു്.

സുപ്രീംകോടതി സോവിയറു യൂണിയനിലെ നീതിന്യായവകുപ്പിന്റെ പരമാധികാരസ്ഥാപനമാണെങ്കിലും ഭരണഘടനയിലെ ഒരു വ്യവസ്ഥയേയും വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം ആ കോടതിക്കില്ല. എന്നുമാത്രമല്ല, കേന്ദ്രഗവണ്മെൻറിന്റെ നിയമങ്ങളുടെ സാധുത്വം ചർച്ചചെയ്യുന്നതിനുള്ള അധികാരവും സുപ്രീംകോടതിക്കില്ല.

അംഗസംസ്ഥാനങ്ങൾക്കു്, ആവശ്യമെന്നു തോന്നുന്ന പക്ഷം സംയുക്തരാഷ്ട്രത്തിൽനിന്നും സ്വയം പിരിഞ്ഞുപോകുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നുള്ളതു് ഒരു പ്രത്യേകതതന്നെയാണു്. പക്ഷേ, ഈ സ്വാതന്ത്ര്യം സംയുക്തരാഷ്ട്രത്തിന്റെ ക്ഷേമത്തെ ലാക്കാക്കിമാത്രം വിനിയോഗിക്കേണ്ടതാണെന്നുള്ള നിർദ്ദേശം ആ സ്വാതന്ത്ര്യത്തെ തികച്ചും പരിമിതപ്പെടുത്തുന്നുണ്ടു്.

പൗരന്മാക്ക് ഉറപ്പുകൊടുത്തിട്ടുള്ള മൌലികാവകാശങ്ങളുടെ നീണ്ട പട്ടികയാണ് ഈ ഭരണഘടനയുടെ മറെറാരു പ്രത്യേകത. ഈ കായ്യത്തിൽ ലോകത്തിലുള്ള മറേറതൊരു ഗവണ്മെൻറിനേയും സോവിയറു യൂണിയൻ അതിശയിക്കുന്നു. അഭിപ്രായ പ്രകടനസ്വാതന്ത്ര്യം, പത്രപ്രവത്തന സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം, വേലചെയ്യുന്നതിനുള്ള അവകാശം, സാമൂഹ്യ ഭദ്രത, പൊതുസമ്മേളനങ്ങൾ, ഘോഷയാത്രകൾ, പ്രകടനങ്ങൾ എന്നിവ നടത്തുന്നതിനുള്ള സ്വാതന്ത്ര്യം എന്നിങ്ങനെ പോകുന്നു ആ നീണ്ട പട്ടിക. ഇതു് നിശ്ചയമായും ആരെയും അത്യധികം ആകഷിക്കുന്ന ഒരു പട്ടികതന്നെയാണു്. എന്നാൽ അഭിപ്രായപ്രകടനസ്വാതന്ത്ര്യം കമ്മ്യൂണിസത്തിനെതിരായുള്ള പ്രകടനം ഉൾക്കൊള്ളുന്നില്ല. അതുപോലെതന്നെ സംഘടനാസ്വാതന്ത്ര്യം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും വ്യത്യസ്തമായ ഒരു പാർട്ടി രൂപീകരണത്തെയും അനുവദിക്കുന്നില്ല.

2. ഇറലി

ഒന്നാം ലോകമഹായുദ്ധത്തിലെ ജേതാക്കളുടെ കൂട്ടത്തിൽ ഇറലിയും ഉണ്ടായിരുന്നെങ്കിലും ആഗ്രഹിച്ചെടത്തോളം നേട്ടങ്ങൾ അതിൽനിന്നും ലഭിച്ചില്ല. ടെൻറ്, ട്രീയസ്റ്റ് എന്നീ സ്ഥലങ്ങൾ ഇറലിക്കു കിട്ടി. എന്നാൽ വേഴ്സായ് ഉടമ്പടിയിലെ മറു വ്യവസ്ഥകൾ ഇറലിക്കാരെ തൃപ്തിപ്പെടുത്തുന്നതിനു പര്യാപ്തമായില്ല. ഭാരിച്ച യുദ്ധക്കടം അവശേഷിച്ചു. ജീവിതച്ചെലവു് അപാരമായി വർദ്ധിച്ചു. തൊഴിലില്ലായ്മ രാജ്യമെങ്ങും വ്യാപിച്ചു. കർഷകരുടേയും തൊഴിലാളികളുടേയും ഇടയിൽ അസംതൃപ്തി പരന്നു. ഇറലിയുടെ നിരവധി പ്രശ്നങ്ങളെ സമർത്ഥമായി അഭിമുഖീകരിക്കുന്നതിനുള്ള കഴിവു് അന്നത്തെ ജനകീയഗവണ്മെൻറിനില്ലായിരുന്നു. ഇങ്ങനെ ഇറലിയിലെ സ്ഥിതി വലിയ കുഴപ്പത്തിലായിരുന്നു.

മേൽപ്പറഞ്ഞ പരിതഃസ്ഥിതിയിൽ കമ്മ്യൂണിസ്റ്റാദർശങ്ങൾ ഇറ്റലിയിലെ ജനങ്ങളുടെ ഇടയിൽ പ്രചരിക്കുന്നതിനെളുപ്പമായിരുന്നു. തൊഴിലാളികളുടെ വിപ്ലവങ്ങൾ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്നു, പല സ്ഥലങ്ങളിലും വ്യവസായശാലകൾ തൊഴിലാളികൾ കൈവശപ്പെടുത്തി നടത്തുവാൻ തുടങ്ങി. വ്യവസായസ്ഥാപനങ്ങളുടെ ഉടമസ്ഥന്മാരും ഭൂവുടമകളും ഈ സംഭവങ്ങൾ കണ്ടു അമ്പരന്നു. അവർ ഒരു സായുധസമരത്തിനൊരുമ്പെട്ടു. 'ബെനിറ്റൊ മുസ്സോലീനി' എന്നൊരു നേതാവിന്റെ കീഴിൽ അവർ അണിനിരക്കുകയും വിപ്ലവകാരികളെ അടിച്ചമർത്തുന്നതിനായി സുശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

മുസ്സോലീനിയുടെ അധികാരപ്രാപ്തി

ദക്ഷിണ ഇറ്റലിയിൽ ഒരു കൊല്ലന്റെ പുത്രനായി ബെനിറ്റൊ മുസ്സോലീനി ജനിച്ചു. രാഷ്ട്രീയജീവിതം ആരംഭിച്ചതു് ഒരു വിപ്ലവകാരിയും സ്ഥിതിസമത്വവാദിയുമായിട്ടാണു്. ഒന്നാം മഹായുദ്ധകാലത്തു് ജറ്റലി സഖ്യകക്ഷികളോടു് ചേരണമെന്നു വാദിച്ചതിനാൽ സോഷ്യലിസ്റ്റ് കക്ഷിയിൽനിന്നും പുറംതള്ളപ്പെട്ടു. ഒരു സാധാരണ ഭടനെന്നനിലയിൽ യുദ്ധത്തിൽ പങ്കെടുത്തു. അതിധീരനായ പടയാളി എന്ന പേരോടുകൂടി യുദ്ധം അവസാനിച്ചപ്പോൾ മടങ്ങിയെത്തി. ഒരു പത്രാധിപരായി കുറേക്കാലം കഴിച്ചു. ഇതിനിടയ്ക്കു് അദ്ദേഹം ഒരു അരാജകതവാദിയായി മാറിയിരുന്നു. സോഷ്യലിസത്തെ അതിശക്തിയായി എതിർക്കുകയും സായുധസന്നദ്ധസംഘങ്ങളെ സംഘടിപ്പിക്കുകയും ചെയ്തു, പ്രകൃത്യാ നേതൃത്വത്തിനുള്ള വളരെ കഴിവുകളുണ്ടായിരുന്ന മുസ്സോലീനിയുടെ കീഴിൽ പല കാരണങ്ങളാലും അസംതൃപ്തരായിരുന്ന അനേകം യുവാക്കൾ അണിനിരന്നു. തൊഴിലാളികളെ ഭയന്നുകഴിഞ്ഞിരുന്ന മുതലാളികളും ഗവണ്മെന്റുദ്യോഗസ്ഥന്മാരും അദ്ദേഹത്തിന്റെ ബലപ്രയോഗങ്ങൾക്കു് കൂട്ടുനിന്നു കയും ചെയ്തു. 1922–ൽ മുസ്സോലീനി സന്ന

ഭസംഘങ്ങളുടേയും സൈനികോദ്യോഗസ്ഥന്മാരുടേയും അകമ്പടിയോടുകൂടി റോമിലേയ്ക്ക് മാർച്ചുചെയ്തു. ഈ സംഭവവികാസം കണ്ടു ഭയന്ന രാജാവ് (വിക്ടർ ഇമ്മാനുവൽ III) മുസ്സോലീനിയെ പ്രധാനമന്ത്രിയാക്കി നിയമിച്ചു. ഇങ്ങനെ അദ്ദേഹം ഇറാലിയിലെ ഭരണമേധാവിയായിത്തീർന്നു.

മുസ്സോലീനിയും ഫാസിസവും

പ്രധാനമന്ത്രിയായതോടുകൂടി രാജ്യത്തിലെ സകല അധികാരങ്ങളും കൈയ്യടക്കുന്നതിനുള്ള സംരംഭങ്ങൾ തുടങ്ങി. ജനപ്രതിനിധിസഭ സർവ്വാധികാരവും അദ്ദേഹത്തിനു് അടിയറവെച്ചു. അതുമുതൽ അദ്ദേഹം ഇറാലിയിലെ 'ഇൽഡ്യൂച്ചേ' (Ilduce) അഥവാ അനിഷേധ്യനേതാവു് ആയിത്തീർന്നു. പ്രധാനമായ ഭരണവകുപ്പുകളുടെയെല്ലാം ചുമതല സ്വയം ഏറ്റെടുത്തുകൊണ്ടു് സർവ്വാധിപതിയായി ഭരണം തുടങ്ങി. എതിർപ്പുകളെല്ലാം അദ്ദേഹം തട്ടിയുടച്ചു. വ്യക്തിസ്വാതന്ത്ര്യത്തിനു് യാതൊരു വിലയും മുസ്സോലീനി കൽപ്പിച്ചിരുന്നില്ല. പത്രപ്രവർത്തന സ്വാതന്ത്ര്യം കർശനമായി നിയന്ത്രിച്ചു. വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ എതിരാളികളെയെല്ലാം നിർദ്ദാക്ഷിണ്യം നശിപ്പിച്ചു് ഏകാധിപത്യം ഉറപ്പിക്കുന്നതിൽ അദ്ദേഹവും അനുയായികളും വിജയിച്ചു.

മുസ്സോലീനിയുടെ അനുയായികളെ 'ഫാസിസ്റ്റുകൾ' എന്നാണു് പറഞ്ഞുവരുന്നതു്. അങ്ങനെ അറിയപ്പെടുവാൻ കാരണം അവർ സ്വീകരിച്ച ഔദ്യോഗിക ചിഹ്നമായിരുന്നു. പുരാതന റോമിലെ ഔദ്യോഗികചിഹ്നമായിരുന്ന ഒരുകെട്ടഗദകളും അതിന്റെ നടുവിൽ ഒരു കോടാലിയുംകൂടി ചേർന്തായിരുന്നു അതു്. അഭിവാദനരീതിപോലും പഴയ റോമിലേതായിരുന്നു. ഭീകരപ്രവർത്തനങ്ങൾക്കായി അദ്ദേഹം ഉപയോഗിച്ചിരുന്നതു്, ഫാസിസ്റ്റു് സംഘടനയുടെ കരിങ്കുപ്പായസേനയെ (Black Shirts) ആയിരുന്നു. 1919-ൽ സ്ഥാപിക്കപ്പെട്ട ഫാസിസ്റ്റു് സംഘടനയുടെ ലക്ഷ്യം ഇറാലിയെ സോഷ്യലിസത്തിൽ

നിന്നും മോചിപ്പിച്ച് പ്രാചീനകാലത്തു് റോമാ സാമ്രാജ്യത്തിനുണ്ടായിരുന്ന പ്രൗഢിയും അന്തസ്സും പുനഃസ്ഥാപിക്കുകയെന്നുള്ളതായിരുന്നു. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഏതു് അക്രമപ്രവൃത്തിയും ചെയ്യുന്നതിനു് അവക്കു് മടിയുണ്ടായിരുന്നില്ല.

കമ്മ്യൂണിസത്തേയും സോഷ്യലിസത്തേയും ഇറവലിയിൽനിന്നും തുടച്ചുകളയുന്നതിനുള്ള പരിശ്രമങ്ങൾ ദ്രുതഗതിയിൽ നടന്നിരുന്നു. തൊഴിലാളിസംഘടനകളെ നശിപ്പിച്ചു് ആ സ്ഥാനത്തു് ഔദ്യോഗിക തൊഴിൽ സംഘങ്ങൾ സ്ഥാപിച്ചു. അതോടൊന്നിച്ചുതന്നെ മുതലാളിസംഘടനകളും രൂപീകരിച്ചു. പ്രക്ഷോഭകാരികൾക്കു് ഇവയിലൊന്നിലും ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. എന്നാൽ മുതലാളികളും തൊഴിലാളികളും തമ്മിലുള്ള തർക്കം തീർക്കുന്നതിനായി കൂലിനിരക്കു്, തൊഴിൽസമയം എന്നിവ ക്ലിപ്തപ്പെടുത്തുകയും തൊഴിൽനിയമങ്ങൾ നടപ്പിലാക്കുകയും ചെയ്തു. പണിമുടക്കുക, തൊഴിൽശാല അടച്ചിടുക എന്നിങ്ങനെയുള്ള നടപടികളെല്ലാം നിയമവിരുദ്ധമാക്കിത്തീർത്തു. രാഷ്ട്രത്തിന്റെ സാമ്പത്തികശക്തി വർദ്ധിപ്പിക്കുന്നതിനുള്ള പല പരിപാടികളും നടപ്പിലാക്കി. ജലസേചന-വൈദ്യുതപദ്ധതികൾ, കൃഷിവികസനം, ചെലവുനിയന്ത്രണം, വ്യവസായീകരണം തുടങ്ങിയ പരിപാടികളെല്ലാം ഈ ലക്ഷ്യത്തെ മുൻനിറുത്തിയുള്ളതായിരുന്നു. ഈ പദ്ധതികളുടെ വിജയം അദ്ദേഹത്തിനു് ഗണ്യമായ ജനസമ്മതി നേടിക്കൊടുത്തു. വത്തിക്കാൻ പട്ടണത്തിൽ മാപ്പാപ്പായ്ക്കു് പരമാധികാരം നൽകിക്കൊണ്ടു് 1922-ൽ മുസ്സോലീനി ഒരുടമ്പടിചെയ്തു. തൽഫലമായി കത്തോലിക്കരുടെ പിൻതുണയും അദ്ദേഹത്തിനു ലഭിച്ചു:

മുസ്സോലീനിയുടെ വിദേശനയം

പുരാതന റോമൻസാമ്രാജ്യം പോലെയുള്ള ഒന്നു് ഇറവലിക്കുണ്ടായിരിക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ വിദേശനയത്തിന്റെ ലക്ഷ്യം. അക്രമപര

മായ മാറ്റങ്ങൾ ഇതിനുവേണ്ടി സ്വീകരിക്കുന്നതിനു മെല്ലും ശങ്കയില്ലായിരുന്നു. സൈന്യസജ്ജീകരണവും അതോടൊപ്പംതന്നെ യുദ്ധോപകരണങ്ങളുടെ നിർമ്മാണവും പുരോഗമിച്ചു. സഖ്യരാഷ്ട്രസമിതിയുടെ താക്കീതുകളെ പുച്ഛിച്ചു തള്ളിക്കൊണ്ട് യുഗോസ്ലാവിയായിൽ നിന്നു് 'ഫ്യൂമാ' (Fiume) തുറമുഖം കൈയ്യടക്കി. പിന്നീടു് ആൽബേനിയാ കരസ്ഥമാക്കി. ആഫ്രിക്കയിൽ സ്വതന്ത്രമായി അവശേഷിച്ചിരുന്ന അബിസ്സീനിയയാണു് അടുത്തതായി അദ്ദേഹത്തിന്റെ ആക്രമണത്തിനിരയായിത്തീർന്നതു്. അബിസ്സീനിയൻ ചക്രവർത്തിയെ രക്ഷിക്കുവാൻ സഖ്യരാഷ്ട്രസമിതിക്കുപോലും കഴിഞ്ഞില്ല. അല്പകാലത്തെ യുദ്ധത്തിനുശേഷം ആ രാജ്യവും മുസ്സോലീനിക്കധീനമായി. ഇതോടുകൂടി ഇറ്റലി ഒരു പ്രബലരാഷ്ട്രമായി കരുതപ്പെട്ടുപോന്നു.

ഫാസിസ്റ്റ് ഭരണഘടന

മുസ്സോലീനിയുടെ മറ്റൊരു പ്രധാനകൃത്യം ഇറ്റലിയിൽ ഒരു പുതിയ ഭരണഘടന നടപ്പിലാക്കിയതായിരുന്നു. തൽഫലമായി രാജ്യത്തെ ഒരു ഏകീകൃതസംസ്ഥാനമായി രൂപാന്തരപ്പെടുത്തി. ഇതു് 1929-ൽ ആയിരുന്നു. രാഷ്ട്രീയാടിസ്ഥാനത്തിലുള്ള കക്ഷികൾക്കു് ഇറ്റലിയിൽ സ്ഥാനമില്ലായിരുന്നു. അതിനുപകരം സാമ്പത്തികാടിസ്ഥാനത്തിലുള്ള സംഘടനകളെ പ്രതിനിധീകരിച്ചുകൊണ്ടുള്ള ഒരു ഭരണഘടനയാണു് അവിടെ രൂപീകൃതമായതു്. സാമ്പത്തികസംഘടനകൾ തെരഞ്ഞെടുത്ത 800 പ്രതിനിധികളിൽനിന്നും ഫാസിസ്റ്റ് കക്ഷിയുടെ കേന്ദ്രസമിതി (Fascist Supreme Council) തെരഞ്ഞെടുത്ത 400 പേരാണു് നിയമസഭയിലെ അംഗങ്ങളായിത്തീർന്നതു്. കേന്ദ്രസമിതിയുടെ അംഗങ്ങളെല്ലാവരുംതന്നെ മുസ്സോലീനിയുടെ പാർശ്വവർത്തികളായിരുന്നതിനാൽ നിയമസഭതന്നെ അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തിയായിരുന്നു. വോട്ടർമാർക്കു് ഈ നാനൂറുപേരെ ഒന്നായി സ്വീകരിക്കുവാനോ തള്ളിക്കളയുവാനോ മാത്രമേ സ്വാതന്ത്ര്യമുണ്ടാ

യിരുന്നുള്ളു. ഏതാനും പേരെ മാറുന്നതിനു നിവൃത്തി യില്ലാതിരുന്നതിനാൽ ഈ പ്രതിനിധിസംഘത്തെ അതേപടി സ്വീകരിക്കുകമാത്രമാണു് വോട്ടർമാർ സാധാരണ ചെയ്യുവന്നതു്.

മേൽ വിവരിച്ച ഭരണഘടനയുടെ ലക്ഷ്യം മുസ്സോലീനിയുടെ സർവ്വാധിപത്യം നിർവിഘ്നം തുടർന്നുകൊണ്ടു പോകണമെന്നുള്ളതായിരുന്നു എന്നുള്ളതു് സ്പഷ്ടമാണല്ലൊ. ഫാസിസ്റ്റ് കക്ഷി ഈ സർവ്വാധിപത്യം സമ്മതിച്ചുകൊടുത്തതു് സമുദായത്തിന്റെ പൊതുനന്മയ്ക്കു വേണ്ടിയാണു്. എന്നാൽ അദ്ദേഹത്തിന്റെ അധികാരങ്ങൾ സമൂഹത്തിനു വിധേയമായിരുന്നില്ല. ഫാസിസ്റ്റ് കക്ഷിയല്ലാതെ മറെറാരു രാഷ്ട്രീയകക്ഷിയും അവിടെ വളരുവാൻ അനുവദിച്ചിരുന്നില്ല. 'ഏകകക്ഷിരാഷ്ട്ര' മായ ഇറലിയിൽ പ്രതിപക്ഷത്തിനു സാദ്ധ്യതയുമില്ലല്ലോ. അഭിപ്രായസ്വാതന്ത്ര്യം, പത്രപ്രവർത്തനസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം മുതലായവ തികച്ചും നിയന്ത്രിക്കപ്പെട്ടിരുന്നുവെന്നു മുൻപു് പറഞ്ഞിട്ടുണ്ടു്. നിയമസഭ ശരിയായ ജനപ്രാതിനിധ്യമില്ലാത്തതും സർവ്വാധിപതിക്കു വിധേയവുമായിരുന്നു. ഇക്കാരണങ്ങളാൽ തികച്ചും ജനാധിപത്യവിരുദ്ധമായ ഒരു ഭരണരീതിയായിരുന്നു ഫാസിസ്റ്റ് ഇറലിയിൽ മുസ്സോലീനി നടപ്പാക്കിയിരുന്നതു്. 1943-ൽ മുസ്സോലീനിയുടെ അധഃപതനംവരെ ഇറലി ഒരു ഫാസിസ്റ്റ് രാഷ്ട്രമായിരുന്നു.

3. ജർമ്മനി—'നാസിസം'

യുദ്ധാനന്തര ജർമ്മനി

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ജർമ്മനിയിൽ നടപ്പിലിരുന്നതു് 1919-ൽ വീമർ എന്ന സ്ഥലത്തുവെച്ചു് രൂപീകരിക്കപ്പെട്ട ഒരു റിപ്പബ്ലിക്കൻ ഭരണഘടനയായിരുന്നു. ഇതു് രണ്ടാം ലോകമഹായുദ്ധം അവസാനിക്കുന്നതുവരെ നിലനിന്നു. ഹിറ്റ്ലറും നാസിക്കക്ഷിയും 1933-ൽ അധികാരത്തിൽ വന്നതിനുശേഷവും ഇതിന്റെ

ബാഹ്യരൂപം നിലനിറുത്തിയിരുന്നു. വീമർ ഭരണഘടനപ്രകാരം പാർലമെൻറിനു രണ്ടു മണ്ഡലങ്ങളുണ്ടായിരുന്നു. ജനപ്രതിനിധികളടങ്ങിയ 'റൈഷ്സ്ടാഗ്' (Reichstag) എന്ന ജനസഭയും, അംഗസംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന 'റൈഷ്സ്രാത്' (Reichsrat) എന്ന രാജ്യസഭയും ആയിരുന്നു രണ്ടു വിഭാഗങ്ങൾ. ഇതുകൂടാതെ, ഇതിനോടുത്തരവാദിത്വമുള്ള ഒരു മന്ത്രിസഭയും ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു പ്രസിഡൻറും ഈ ഭരണഘടനയിൽ ഉൾപ്പെട്ടിരുന്നു. ഇതു 18 സംസ്ഥാനങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഫെഡറൽ ഭരണഘടനയായിരുന്നു. അന്നു ജർമ്മനിയിൽ ഉണ്ടായിരുന്ന മൂന്നു രാഷ്ട്രീയകക്ഷികളിൽ ഭൂരിപക്ഷകക്ഷിയായ 'സോഷ്യൽ ഡെമോക്രാററിക്ക്' കക്ഷിയായിരുന്നു അധികാരം നടത്തിയിരുന്നതു്. ഫെഡറലും, പാർലമെൻററിയും തത്ത്വങ്ങളുടെ ഒരു സമ്മിശ്രമായിരുന്നു ഈ ഭരണരീതി. ജർമ്മനിയെ സംബന്ധിച്ചേടത്തോളം ഈ ഭരണരീതി പ്രയോജനകരമായിരിക്കുമെന്നു് അന്നു് ആശിച്ചിരുന്നെങ്കിലും 1932 വരെയുള്ള അതിൻെറ പ്രവർത്തനം ഒരു തികഞ്ഞ പരാജയമായിരുന്നു. ഹിററ്ലറും നാസിക്കക്ഷിയും 1933-ൽ അധികാരത്തിൽ വന്നതോടുകൂടി അതിൻെറ നാമമാത്രമായ ബാഹ്യരൂപം ഒഴിച്ചുള്ള പ്രവർത്തനം അവസാനിക്കുകയുണ്ടായി.

യുദ്ധാനന്തരം ജർമ്മനിക്കു് പല വിഷമമേറിയ പ്രശ്നങ്ങളേയും നേരിടേണ്ടിവന്നു. ഈ പ്രശ്നങ്ങളുടെ കാഠിന്യമാണു് വീമർ ഭരണഘടനയുടെ പരാജയത്തിനു പ്രധാനമായ കാരണം. അവയെ സംഗ്രഹിച്ചു താഴെച്ചേർക്കുന്നു:—

1. വെഴ്സായ് ഉടമ്പടിയിലെ കർക്കശവ്യവസ്ഥകളിൽ ജർമ്മൻകാർക്കുണ്ടായ അത്യധികമായ കാലുഷ്യം.

2. ജർമ്മനിയുടെ വലിയ യുദ്ധബാധ്യതകളും തൽഫലമായ സാമ്പത്തികാധഃപതനവും.

3. പരസ്പരവിരുദ്ധാശയക്കാരായ പല രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തനങ്ങൾ.

റിപ്പബ്ലിക്കൻ ഭരണകാലത്തെ ആദ്യത്തെ 11 മന്ത്രിസഭകളുടെ ശരാശരി കാലദൈർഘ്യം ഏഴര മാസം മാത്രമായിരുന്നു. ഈ വസ്തുത ഓരോ ഗവണ്മെൻറിന്റേയും ദൗർബ്ബല്യത്തെ വിളിച്ചറിയിക്കുന്നു. ഈ സാഹചര്യത്തിൽ ഒരു ഉറച്ച ഭരണത്തിനും ദൃഢമായ നേതൃത്വത്തിനും വേണ്ടി ജർമ്മൻജനത ആഗ്രഹിച്ചു. ഇക്കാലത്താണ് "നാഷനൽ സോഷ്യലിസ്റ്റ് കക്ഷി" രൂപീകരിച്ചുകൊണ്ട് അഡോൾഫ് ഹിറ്റ്ലർ രംഗപ്രവേശം ചെയ്തത്.

ഹിറ്റ്ലറും നാസിസവും

'നാഷനൽ' എന്നും 'സോഷ്യലിസ്റ്റ്' എന്നുമുള്ള പദങ്ങളുടെ ആദ്യഭാഗങ്ങൾ ചേർന്നുണ്ടായതാണ് 'നാസി' എന്ന പേർ. നാഷനൽ സോഷ്യലിസ്റ്റ് കക്ഷിയെ 'നാസി' കക്ഷി എന്നും പറഞ്ഞുവന്നു. ഹിറ്റ്ലർ ഇതിന്റെ നേതാവായിരുന്നു. ഇദ്ദേഹം ഒന്നാം ലോകമഹായുദ്ധത്തിൽ ഒരു സാധാരണ ഭടനായി സേവനം ചെയ്തു. ഗവണ്മെൻറിനെതിരായി റിപ്പബ്ലിക്കൻ ഭരണകാലത്തു് പ്രവർത്തിക്കുകമൂലം ജയിൽശിക്ഷയനുഭവിച്ചു. ജയിലിൽവെച്ചാണ് "മൈൻ കാംഫ്" എന്ന പുസ്തകമെഴുതിയതു്. ഇതു് നാസി കക്ഷിയുടെ പ്രമാണഗ്രന്ഥമായിത്തീർന്നു. ഹിറ്റ്ലറുടെ രാഷ്ട്രീയപരിപാടികളുടെ സാമാന്യരൂപമാണ് ഇതിലെ പ്രതിപാദ്യവിഷയം. താമസിയാതെ ജയിലിൽനിന്നു് മോചിക്കപ്പെട്ടതോടുകൂടി ഇദ്ദേഹം നാസിക്കക്ഷിയുടെ നേതാവായിത്തീർന്നു.

നാഷനൽ സോഷ്യലിസ്റ്റ് കക്ഷിയുടെ പേരും അതിന്റെ ആദർശങ്ങളുമായി യാതൊരു ബന്ധവുമില്ലായിരുന്നു. നാസിസം, സോഷ്യലിസത്തിനും കമ്മ്യൂണിസത്തിനും എതിരായ ഒരു നിലപാടാണ് സ്വീകരിച്ചിരുന്നതു്. സ്ഥിതിസമത്വവാദങ്ങളെ കഠിനമായി ഇവർ വിമർശിച്ചുപോന്നു. തൊഴിൽരഹിതരായ പടയാളികളും ഇടത്തരക്കാരായ മുതലാളിമാരും ഈ കക്ഷിയിൽ

ധാരാളമായി ചേർന്ന പ്രവർത്തിച്ചുപോന്നു. വ്യവസായങ്ങളിൽ കൂട്ടുടമസമ്പ്രദായം ഏർപ്പെടുത്തുന്നതിനെ നാസികൾ അനുകൂലിച്ചിരുന്നു. അതുകാരണം മുതലാളിത്തത്തിനെതിരാണ് നാസികൾ എന്നും പലർ കരുതിപ്പോന്നു. രാഷ്ട്രത്തിന്റെ പൂർവ്വമഹത്വത്തെ വീണ്ടെടുക്കുന്നതിനായി സമരപാരമ്പര്യമുള്ള ജർമ്മൻ ജനതയുടെ വർഗ്ഗബോധത്തെ തട്ടിയുണർത്തുകയെന്നതായിരുന്നു നാസികളുടെ ലക്ഷ്യം. നാസിസത്തെ എതിർത്തിരുന്ന യഹൂദന്മാരെ ഉൻമൂലനാശം ചെയ്യണമെന്നായിരുന്നു ഹിറ്റ്ലറുടെ ആഗ്രഹം. മാതൃരാജ്യത്തെ വിദേശികളുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കണമെന്നും നാസികൾ ദൃഢനിശ്ചയം ചെയ്തു. വേണ്ടിവന്നാൽ ഏതു ബലപ്രയോഗത്തിനും അവർ തയ്യാറായിരുന്നു. 'ആക്രമണസേന' (Storm Troops) എന്നറിഞ്ഞിരുന്ന ഒരു സൈന്യത്തെ സജ്ജമാക്കി നിർത്തുകയായിരുന്നു ഹിറ്റ്ലറുടെ അടുത്ത പരിപാടി. ഇവർക്ക് തവിട്ടുനിറമുള്ള ഒരു യൂനിഫാറമാണ് കൊടുത്തിരുന്നത്. അതിനാൽ അവരെ "ബ്രൌൺ ഷേർട്ട്സ്" (Brown Shirts) എന്നും പറഞ്ഞിരുന്നു. നാസികളുടെ ഔദ്യോഗികചിഹ്നം സ്വസ്തികയായിരുന്നു.

ഹിറ്റ്ലറുടെ ഭരണം

വെഴ്സായ് ഉടമ്പടിക്കുശേഷം ജർമ്മൻജനത കൊടുംയാതനകൾ അനുഭവിച്ചുപോന്നു. ഇവസ്ഥയ്ക്കു മാറ്റം വരുത്തുവാൻ ജർമ്മനിയെ പുനരുദ്ധരിക്കുകയെന്ന ലക്ഷ്യമാണ് ഹിറ്റ്ലർ പ്രഖ്യാപനം ചെയ്തത്. ഇതിനെ സംബന്ധിച്ചുള്ള ഹിറ്റ്ലറുടെ ആവേശഭരിതമായ പ്രസംഗപരമ്പരകൾ നാസിക്കക്ഷിയുടെ ശക്തി വർദ്ധിപ്പിച്ചു. 1932-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഗണ്യമായ വിജയം ലഭിച്ചു. 1933-ൽ ജർമ്മൻ പ്രസിഡണ്ടായിരുന്ന ഹിൻഡൻബർഗ്ഗ് ഹിറ്റ്ലറെ ചാൻസലറായി (പ്രധാനമന്ത്രി) നിയമിച്ചു. അതോടെ നാസിക്കക്ഷിയുടെ ഭരണം ആരംഭിക്കുകയും ചെയ്തു. ഹിൻഡൻബർഗ്ഗിന്റെ മരണത്തോടുകൂടി പ്രസിഡണ്ട് സ്ഥാനവും ഹിറ്റ്ലർ തന്നെ കയ്യേറ്റു.

ഇങ്ങനെ അദ്ദേഹം ജർമ്മനിയിലെ സർവ്വാധിപതിയായിത്തീർന്നു.

ഹിറ്റ്ലറുടെ അടുത്ത പരിപാടി നാസികളോടുള്ള സകല എതിർപ്പുകളും അവസാനിപ്പിക്കുകയെന്നുള്ളതായിരുന്നു. ആ സന്ദർഭത്തിൽ റൈഷ്സ്റ്റാഗ് മന്ദിരത്തിൽ ഒരു അഗ്നിബാധയുണ്ടായി. ഇതു് ഗവണ്മെൻറിനെ അട്ടിമറിക്കുവാനുള്ള ഒരു ഗൂഢാലോചനയുടെ ഫലമാണെന്നുള്ള ആരോപണത്തോടുകൂടി ഭീകരനടപടികൾ ആരംഭിച്ചു. കമ്മ്യൂണിസ്റ്റുകളടക്കമുള്ള ഇതരകക്ഷികളെയെല്ലാം നിയമവിരുദ്ധമാക്കി. എതിരാളികളിലനേകം പേരെ ജയിലിലടച്ചു. മറനേകം പേരെ വധിച്ചു. നിയമസഭകൾ പിരിച്ചുവിട്ടുകൊണ്ടു് സകല അധികാരങ്ങളും ഹിറ്റ്ലർ കരസ്ഥമാക്കി. നാസി പാർട്ടിയിൽപെട്ട അനുയായികളെ സംസ്ഥാനങ്ങളിലും സർവ്വാധിപതികളായി നിയമിച്ചു. ജർമ്മനിയിലെ റിപ്പബ്ലിക്കൻ ഭരണം യഥാർത്ഥത്തിൽ ഇതോടെ അവസാനിച്ചെങ്കിലും വീമർ ഭരണഘടനയുടെ ബാഹ്യരൂപം നിലനിറുത്തുന്നതിനുവേണ്ടി റൈഷ്സ്റ്റാഗ് ചിലപ്പോഴെല്ലാം വിളിച്ചുകൂട്ടിയിരുന്നു. എന്നാൽ അതു് നാസിക്കക്ഷിയിലെ അംഗങ്ങൾ മാത്രമുള്ള ഒരു സഭയായി രൂപാന്തരപ്പെട്ടിരുന്നു.

മർദ്ദനപരിപാടികളുടെ ഫലമായി സകല എതിർപ്പുകളും അവസാനിച്ചു. ജർമ്മനിയിലെ ഏക രാഷ്ട്രീയകക്ഷി നാസികൾ മാത്രമായിത്തീർന്നു. യഹൂദന്മാരായിരുന്ന ഹിറ്റ്ലറുടെ മർദ്ദനത്തിനു് ഏറ്റവും കൂടുതൽ പാത്രമായിരുന്നതെന്നു് മുൻപു് പറഞ്ഞുവല്ലോ. ശുദ്ധമായ ആര്യവംശജരായ ജർമ്മൻ ജനതയിൽ ഉൾപ്പെട്ടവരല്ലായിരുന്ന യഹൂദർ എന്നുള്ളതാണു് അവരുടെ അപരാധം. പത്രപ്രവർത്തനസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നിവയെല്ലാം ജർമ്മനിയിലെങ്ങും നിരോധിക്കപ്പെട്ടു. ശുദ്ധപ്രവർത്തനങ്ങൾ കണ്ടുപിടിക്കുവാനും, ശത്രുക്കളെന്നു സംശയിക്കപ്പെട്ടിരുന്നവരെ കൊന്നൊടുക്കുവാനും 'ഗസ്റ്റപ്പോ' എന്നൊരു രഹസ്യപ്പോലീസ്സേനയെ ഹിറ്റ്ലർ നിയോഗിച്ചിരുന്നു. വിദ്യാല

യ്ങ്ങളിലേയും സവ്വകലാശാലകളിലേയും പാഠപുസ്തകങ്ങളിൽപോലും നാസിപരിപാടികൾക്കും ലക്ഷ്യങ്ങൾക്കുമനുകൂലമായ മാറ്റങ്ങൾ വരുത്തി. ഒരു തരത്തിലുള്ള ഹിറ്റ്ലർ ആരാധനതന്നെ വിദ്യാലയങ്ങളിൽ പരിശീലിപ്പിച്ചുപോന്നു.

നാസി ഭരണത്തിന്റെ പ്രത്യാഘാതങ്ങൾ

ഹിറ്റ്ലരുടെ ആക്രമണാത്മകമായ പരിപാടികൾ യൂറോപ്പിലെങ്ങും വലിയ കോളിളക്കമുണ്ടാക്കി. സവ്വരാഷ്ട്ര സമിതിയെ തുടർച്ചയായി അയാൾ ധിക്കരിച്ചതും, ജർമ്മനിയെ ആയുധസജ്ജമാക്കിയതും, വലിയ തോതിൽ ആയുധനിർമ്മാണം തുടങ്ങിയതും ഗൗരവമായ സംഭവവികാസങ്ങളായിരുന്നു. സ്വയരക്ഷയ്ക്കുവേണ്ടി ഫ്രാൻസ്, റഷ്യ, പോളൻഡ് തുടങ്ങിയ രാജ്യങ്ങൾ സൗഹാർദ്ദസഖ്യങ്ങളും അനാക്രമണകരാറുകളും ഉണ്ടാക്കി. 1935 മുതൽ 1939 വരെയുള്ള കാലയളവിൽ വെഴ്സായ് ഉടമ്പടിയിലെ വ്യവസ്ഥകളെ കാറ്റിൽ പറത്തിക്കൊണ്ട് ആക്രമണപരിപാടികൾ ഒന്നൊന്നായി ഹിറ്റ്ലർ അഴിച്ചുവിട്ടു. ഇതിന്റെ പരിണതഫലമായിരുന്നു 1939-ൽ ആരംഭിച്ച രണ്ടാം ലോകമഹായുദ്ധം. യുദ്ധാവസാനത്തിൽ തോറ്റൊടുങ്ങിയ ജർമ്മനിയെക്കണ്ട് ഗത്യന്തരമില്ലാതെ ഹിറ്റ്ലർ ആത്മഹത്യചെയ്തു.

ചോദ്യങ്ങൾ

അദ്ധ്യായം 8

1. സ്റ്റാർ ചക്രവത്തിമാരുടെ സേച്ഛാഭരണം നിമിത്തം റഷ്യയിലെ സാധാരണക്കാർക്ക് അനുഭവിക്കേണ്ടിവന്ന ചില കഷ്ടതകൾ എഴുതുക.

2. സോഷ്യലിസവും കമ്മ്യൂണിസവും തമ്മിൽ വ്യത്യാസമെന്തു?

3. കാലക്രമപ്രകാരം റഷ്യൻ വിപ്ലവത്തിലെ സംഭവങ്ങൾ കാണിക്കുന്ന ഒരു കാലാനുക്രമരേഖ (Time chart) നിർമ്മിക്കുക.

4. റഷ്യൻ വിപ്ലവത്തിനു മുമ്പുണ്ടായിരുന്നവർ വഹിച്ച പങ്കിനെപ്പറ്റി നിങ്ങൾക്കെന്തറിയാം?

(1) കാറൽ മാർക്സ്.

(2) ലെനിൻ.

5. സ്റ്റാലിന്റെ വിദേശനയത്തെപ്പറ്റി ഒരു ഖണ്ഡിക എഴുതുക.

6. സോവിയറ്റ് ഭരണഘടനയുടെ പ്രത്യേകതകൾ ഏവ?

7. ഇറ്റലിയുടെ വളർച്ചയ്ക്ക് മുസ്സോലിനി വഹിച്ച പങ്കിനെപ്പറ്റി മുരുക്കി വിവരിക്കുക.

8. യുദ്ധാനന്തരം ജർമ്മനിക്ക് അഭിമുഖീകരിക്കേണ്ടിവന്ന വിഷമംപിടിച്ച 3 പ്രശ്നങ്ങൾ പ്രസ്താവിക്കുക.

9. ഹിറ്റ്ലർ ജർമ്മനിയെ ഏതു തരത്തിൽ ഉയർത്തിക്കൊണ്ടുവന്നു?

10. നാസിഭരണത്തിന്റെ 4 പ്രത്യേകതകൾ എഴുതുക.

11. ചെറുകുറിപ്പുകൾ എഴുതുക :—

1. Black Shirts.
2. Storm Troops.
3. നാസിസം.

അദ്ധ്യായം 9

രണ്ടാം ലോകമഹായുദ്ധം

കാരണങ്ങൾ

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം 1919–ൽ ഉണ്ടായ വെഴ്സായ് ഉടമ്പടിയുടെ പ്രത്യക്ഷഫലമാണ് രണ്ടാം ലോകമഹായുദ്ധം എന്നു കരുതാവുന്നതാണ്. ജേതാക്കൾക്കു് ജർമ്മനിയുടെ നേരെയുണ്ടായ പ്രതികാര ബുദ്ധിയെ പ്രതിബിംബിപ്പിക്കുന്ന അതിലെ വ്യവസ്ഥകൾ ജർമ്മനിയുടെ പ്രതികാരേച്ഛ വളർത്തി. യുദ്ധത്തിന്റെ ഉത്തരവാദിത്വം മുഴുവനും ജർമ്മനിക്കാണെന്നു വിധിച്ചുകൊണ്ടു് അപമാനകരവും ക്ഷമിക്കുവാൻ വഹിയാത്തതുമായ വ്യവസ്ഥകൾ ജർമ്മനിയുടെ തലയിൽ കെട്ടിവെച്ചു. യുദ്ധത്തിന്റെ ഭാരമേറിയ നഷ്ടപരിഹാരം മുഴുവനും കൊടുക്കേണ്ടിയിരുന്ന ജർമ്മനി സാമ്പത്തികമായി അടിക്കടി തകരത്തക്ക സാഹചര്യങ്ങളാണ് ജേതാക്കൾ ഒരുക്കിവെച്ചതു്. ജർമ്മനിയുടെ വ്യാപാരാഭിവൃദ്ധിയെ സാരമായി തടയത്തക്ക ഇറക്കുമതിച്ചുങ്കങ്ങൾ ജേതാക്കൾ ഏർപ്പെടുത്തി. നഷ്ടപരിഹാരമായി ജർമ്മനിയിൽനിന്നും ഫ്രഞ്ചു ഗവണ്മെൻറിനു് കിട്ടേണ്ട സംഖ്യക്കായി റൂർ പ്രദേശം ഫ്രാൻസ് കൈവശപ്പെടുത്തി. ഈ പ്രവൃത്തി ജർമ്മൻകാരെ ക്ഷുഭിതരാക്കി. ജർമ്മനി യുദ്ധച്ചെലവിലേക്കായി കൊടുക്കേണ്ടിയിരുന്ന തുക ഒടുവിൽ വേണ്ടെന്നുവെച്ചെങ്കിലും യുദ്ധാവസാനം മുതൽ ജർമ്മൻ ജനത അനുഭവിക്കേണ്ടിവന്ന സാമ്പത്തികമായ ദുരിതങ്ങൾ അവർ മറക്കത്തക്കതല്ലായിരുന്നു. ഇങ്ങനെ ദുരിതത്തിലും, അപമാനത്തിലും, നിരാശയിലും ആണ്ടുകിടന്ന ജർമ്മൻ ജനതയെ ഉദ്ധരിക്കാമെന്നുള്ള വാഗ്ദാനവുമായി മുന്നോട്ടുവന്ന ഹിറ്റ്ലറെ അവർ നേതാവും (ഫ്യൂറർ) രക്ഷിതാവുമായി സ്വീകരിച്ചു.

ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങളിൽ ചിലതു തന്നെയാണ് ഈ യുദ്ധത്തിനും കാരണമായിത്തീ

ന്നതു്. രണ്ടു യുദ്ധത്തിന്റെയും പ്രധാന കാരണങ്ങൾ സാമ്രാജ്യസമ്പാദനത്തിലും വാണിജ്യത്തിലും രാഷ്ട്രങ്ങൾ തമ്മിലുണ്ടായ മത്സരവും അസൂയയും ആണു്. ജർമ്മനിയും, ജപ്പാനും, ഇറ്റലിയും ഒന്നാം ലോകമഹായുദ്ധത്തിനുശേഷം വലിയ നിരാശയിലായി. ജർമ്മനിക്കു് കോളനികൾ നഷ്ടപ്പെട്ടതായിരുന്നു നിരാശയ്ക്കു കാരണം. യുദ്ധത്തിൽ കിട്ടിയ ലാഭം പങ്കുവെച്ചതിൽ ന്യായമായ ഒരു ഭാഗം ജപ്പാനും ഇറ്റലിക്കും കിട്ടിയില്ലെന്നുള്ളതായിരുന്നു അവരുടെ ഖേദം. ഭൂമിയില്ലുള്ള സ്ഥലത്തിന്റെ വലിയൊരു പങ്കു് ബ്രിട്ടൻ, ഫ്രാൻസു്, അമേരിക്കൻ ഐക്യനാട്ടുകൾ, ബെൽജിയം, ഹോളണ്ടു്, പോർത്തുഗൽ എന്നീ രാജ്യങ്ങൾ കൈയടക്കിവെച്ചിരുന്നതിൽ അസൂയയുമുണ്ടായിരുന്നു. 1929-1932 വരെയുണ്ടായ സാമ്പത്തികാധഃപതനകാലത്തു ഈ രാജ്യങ്ങളുടെ കീഴിലുണ്ടായിരുന്ന കോളനികളുമായി വാണിജ്യബന്ധം ഇവക്കു നിഷേധിക്കപ്പെട്ടു. അവരുടെ വ്യവസായശാലകൾക്കു് ആവശ്യമുള്ള അസംസ്കൃതസാധനങ്ങൾ കിട്ടുന്നതിനു് സാദ്ധ്യമല്ലായിരുന്നു. ഈ അവശതകൾ പരിഹരിക്കുന്നതിനു് ബലഹീനമായ രാജ്യങ്ങളെ ആക്രമിക്കുവാൻ തുടങ്ങി. 1931-ൽ ജപ്പാൻ മഞ്ചൂറിയയും, 1935-ൽ ഇറ്റലി അബിസീനിയയും ആക്രമിച്ചു. 1936-ൽ ജർമ്മനി അയൽരാജ്യങ്ങളെ ആക്രമിക്കുകയെന്നുള്ള ഒരു പ്രസ്ഥാനം ആരംഭിച്ചു. സർവ്വരാഷ്ട്രസമിതിയുടെ അധഃപതനം മറ്റൊരു യുദ്ധത്തിനു വഴിതെളിയിച്ചു. സർവ്വരാഷ്ട്രസമിതിയുടെ കരാറിൽ ഒപ്പുവെച്ച രാഷ്ട്രങ്ങൾ തന്നെ അതിന്റെ വ്യവസ്ഥകൾ ലംഘിച്ചു. നിരായുധീകരണത്തിനുള്ള എല്ലാ ശ്രമങ്ങളും പരിതാപകരമാം വണ്ണം പരാജയപ്പെട്ടു.

ഹിറ്റ്ലർ അധികാരത്തിൽ വന്നതുമുതൽ ജർമ്മനിയുടെ ആയുധീകരണം ആരംഭിച്ചു. സമാധാനസന്നാഹങ്ങൾതന്നെ യാതൊരു സങ്കോചവുംകൂടാതെ ഹിറ്റ്ലർ സംഘടിപ്പിച്ചുകൊണ്ടിരുന്നു. ഇതു് വേഴ്സായ് സന്ധിയിലെ വ്യവസ്ഥകൾക്കു വിരുദ്ധമായിരുന്നു. നിർബ്ബന്ധിത സൈനിക പരിശീലനം ജർമ്മനിയിൽ ആകമാനം നടപ്പി

ലാക്കി. 1933-ൽ സഖ്യരാഷ്ട്രസമിതിയിലെ അംഗത്വം ജർമ്മനി വേണ്ടെന്നുവെച്ചു. അതോടുകൂടി ജർമ്മനി കൊട്ടക്കേണ്ടതായ യുദ്ധക്കടവും സ്വയം റദ്ദാക്കി. കലർപ്പില്ലാത്ത, ശുദ്ധ "ആര്യ"വംശജരായ ജർമ്മൻ വർഗ്ഗമാണ് ലോകം ഭരിക്കേണ്ടതെന്നും, മറെറല്ലാവരും ഭരിക്കപ്പെടേണ്ടവരാണെന്നുമുള്ള ഔദ്ധത്യം തുടരെ ഹിറ്റ്ലർ പ്രഖ്യാപിച്ചുതുടങ്ങി. പ്രജാധിപത്യരാജ്യങ്ങൾക്കെതിരായുള്ള ആക്രോശങ്ങളും സമരസന്നാഹങ്ങളും യൂറോപ്പിൽ പരക്കെ സംഭ്രാന്തിയുണ്ടാക്കി. അതിനാൽ അവർ സ്വരക്ഷയെ മുൻനിറുത്തി പല സഖ്യങ്ങളുണ്ടാക്കുകയും സൈന്യസജ്ജീകരണമാരംഭിക്കുകയും ചെയ്തു.

1936-ൽ ഹിറ്റ്ലർ റൈൻലൻഡും, 1938-ൽ ഓസ്ട്രിയയും ജർമ്മനിയേട്ട ചേത്തു. ജർമ്മൻ സാമ്രാജ്യവികസനത്തിൻെറ നാന്ദിയായിരുന്നു ഇതു്. അതേ വർഷത്തിൽതന്നെ ചെക്കോസ്ലോവോക്കിയായുടെ ഒരു ഭാഗമായിരുന്ന സുഡെറൻലാൻഡ് കൈവശപ്പെട്ടത്തി. അവിടെ താമസിച്ചിരുന്ന ന്യൂനപക്ഷമായ ജർമ്മൻകാരെ ആ രാജ്യത്തെ ഗവണ്മെൻറ് മർദ്ദിച്ചതിനാൽ അവരെ വിമോചിപ്പിക്കുകയെന്നുള്ളതു് ജർമ്മനിയുടെ കടമയാണെന്നു് ഹിറ്റ്ലർ വാദിച്ചു.

ഇതിനെ തുടർന്നു് ഹിറ്റ്ലർ ചെക്കോസ്ലോവോക്കിയ ആക്രമിക്കുമെന്നും തൽഫലമായി യുദ്ധം പൊട്ടിപ്പുറപ്പെട്ടുമെന്നും എല്ലാവരും ഭയപ്പെട്ടു. 1938-ൽ ബ്രിട്ടനിലെ പ്രധാനമന്ത്രിയായിരുന്ന നെവിൽ ചേംബർലെയിൻ മ്യൂണിച്ചിൽവെച്ചു് ഹിറ്റ്ലറുമായി ഒരു കൂടിക്കാഴ്ച നടത്തുകയും, അവിടെവെച്ചുണ്ടായ ഉടമ്പടിയനുസരിച്ചു് 50 ശതമാനത്തിൽ കൂടുതൽ ജർമ്മൻകാർ അധിവസിച്ചിരുന്ന സുഡറൻലാൻഡ് ജർമ്മനിക്കു വിട്ടുകൊടുക്കാമെന്നു ചെക്കോസ്ലോവോക്കിയ സമ്മതിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ ചെക്കോസ്ലോവോക്കിയ പിടിച്ചടക്കുന്നതല്ലെന്നു ജർമ്മനിയും സമ്മതിച്ചു. എന്നാൽ ഹിറ്റ്ലർ ചെക്കോസ്ലോവോക്കിയ പിടിച്ചടക്കി. 1939-ൽ മുസ്സോലിനി ബാൾക്കൻ ഉപദ്വീപിലുള്ള അൽബേനിയ

പിടിച്ചടക്കി. അതേകൊല്ലത്തിൽതന്നെ ഹിറ്റ്ലർ മുസ്സോളിനിയുമായി ഒരു സൈനികസഖ്യത്തിലേർപ്പെട്ടകയും റഷ്യയുമായി അനാക്രമണസന്ധിയുണ്ടാക്കുകയും ചെയ്തു. റഷ്യയും ജർമ്മനിയും പരസ്പരം ആക്രമിക്കുന്നതല്ലെന്നും, ആരെങ്കിലും ഇതിൽ ഒരു രാജ്യത്തെ ആക്രമിക്കുന്നതായാൽ രണ്ടു രാജ്യങ്ങളും ഒരുമിച്ചുനിന്നു യുദ്ധം ചെയ്യുമെന്നുമായിരുന്നു ഈ സന്ധിയിലെ വ്യവസ്ഥ. ഇതിനു ശേഷമാണു് ഹിറ്റ്ലർ പോളണ്ടിനെ ആക്രമിച്ചു കീഴ്പെടുത്തിയതു്. 1939 സെപ്തംബറിൽ ബ്രിട്ടനും ഫ്രാൻസും ജർമ്മനിയോടു യുദ്ധം പ്രഖ്യാപിച്ചു. ഫ്രാൻസും ബ്രിട്ടനും യുദ്ധത്തിനുവേണ്ട ഒരുക്കങ്ങളൊന്നും ചെയ്തിരുന്നില്ല. പോളണ്ടു് നിഷ്പ്രയാസം കീഴടങ്ങുമെന്ന സ്ഥിതി കണ്ടപ്പോൾ റഷ്യ കിഴക്കൻ പോളണ്ടിൽ പ്രവേശിച്ചു് ആ ഭാഗം കീഴടക്കി. ഉടനെ ഹിറ്റ്ലർ ഫ്രാൻസിൽ പ്രവേശിച്ചു. പാരീസിലേക്കു് ഒരു ജൈത്രയാത്രയാരംഭിച്ചു. ജർമ്മൻ വിമാനസേന ബ്രിട്ടനിൽ ബോംബു വഷ്ംതന്നെ നടത്തി. ഈ ഘട്ടത്തിൽ വിൻസ്റ്റൻ ചർച്ചിൽ ബ്രിട്ടനിലെ പ്രധാനമന്ത്രിയായി. അതോടുകൂടി യുദ്ധത്തിന്റെ ഗതി സഖ്യകക്ഷികൾക്കനുകൂലമായി മാറുമെന്ന സൂചനകൾ കണ്ടുതുടങ്ങി. 1940-ൽ ഇറ്റലി ജർമ്മനിയുടെ ഭാഗത്തു ചേർന്നു. 1941-ൽ ജർമ്മനി അപ്രതീക്ഷിതമായി റഷ്യയെ ആക്രമിച്ചു. അമേരിക്കൻ പ്രസിഡൻറു് റൂസ്വെൽറ്റ് ബ്രിട്ടനെ പലവിധത്തിലും സഹായിച്ചുകൊണ്ടിരുന്നു. 1941-ൽ അമേരിക്ക ജപ്പാനോടു് യുദ്ധം പ്രഖ്യാപിക്കേണ്ടിവന്നു. അനവധി യുദ്ധങ്ങളും വമ്പിച്ച നാശങ്ങളും ഉണ്ടായതിനുശേഷം 1945-ൽ ജപ്പാനിലുള്ള ഹിരോഷിമ, നാഗസകി എന്നീ നഗരങ്ങളിൽ അമേരിക്ക ആറ്റംബോംബു വഷിച്ചു. അതോടുകൂടി ജപ്പാൻ കീഴടങ്ങി. ജർമ്മനിയും ഇറ്റലിയും ഇതിനുമുമ്പുതന്നെ നിശ്ശേഷം പരാജിതരായി.

യുദ്ധഗതിയെ സംബന്ധിച്ചെടത്തോളം രണ്ടാം ലോകമഹായുദ്ധം ഒന്നാമത്തേതിൽനിന്നും വളരെ വ്യത്യസ്തമല്ലായിരുന്നു. രണ്ടിലും ജർമ്മനി ആദ്യം അതിവേഗം

വിജയം കരസ്ഥമാക്കി മുന്നോട്ട പഞ്ഞു. ഒടുവിൽ അതു പോലെതന്നെ തകരുകയും ചെയ്തു. രണ്ടു യുദ്ധങ്ങളിലും കരയിലും, കടലിലും, ആകാശത്തിലും യുദ്ധങ്ങൾ നടന്നെങ്കിലും വ്യോമസേനയുടെ പ്രാധാന്യം വളരെ വർദ്ധിച്ചതു് രണ്ടാം ലോകമഹായുദ്ധത്തിലാണു്. ആറ്റംബോംബു് മുതലായ മാരകായുധങ്ങൾ രണ്ടാം ലോകമഹായുദ്ധത്തിലാണു് ആദ്യമായി ഉപയോഗിച്ചതു്. തികച്ചും ആഗോളയുദ്ധമെന്നു പറയത്തക്കവണ്ണം അതിന്റെ പ്രത്യാഘാതങ്ങൾ എല്ലായിടത്തും ഉണ്ടായി. യുദ്ധരംഗങ്ങളിലുള്ള നാശനഷ്ടങ്ങൾ കൂടാതെ ബോംബുചെയ്യപ്പെട്ട പ്രദേശങ്ങളിൽ ജീവിച്ചിരുന്ന ജനങ്ങൾക്കെല്ലാം വളരെ ദുരിതങ്ങൾ സഹിക്കേണ്ടിവന്നു. ആഹാരം, വസ്ത്രം, യാത്രാസൗകര്യങ്ങൾ മുതലായവയ്ക്കെല്ലാം ക്ഷാമമുണ്ടായി. ഇന്നത്തെ സാഹചര്യത്തിൽ ഒരു യുദ്ധമുണ്ടായാൽ അതൊരു ആഗോളയുദ്ധമായിരിക്കാനേ നിവൃത്തിയുള്ളൂ എന്നു് രണ്ടാം ലോകമഹായുദ്ധം സ്പഷ്ടമായി തെളിയിച്ചു.

യുദ്ധഫലങ്ങൾ

ജർമ്മനി, ഇറ്റലി, ജപ്പാൻ മുതലായ രാജ്യങ്ങളുടെ പരാജയത്തോടുകൂടി 1945-ൽ യുദ്ധം അവസാനിച്ചു. സമാധാനസന്ധികൾ ചെയ്യുന്ന കാര്യത്തിൽ ഒന്നാം ലോകമഹായുദ്ധാവസാനത്തിൽ കൈക്കൊണ്ട രീതിയിൽനിന്നും വ്യത്യസ്തമായ സമ്പ്രദായമാണു് സ്വീകരിച്ചതു്. ഒരു ഒറ്റ സമ്മേളനത്തിൽവെച്ചു് സമാധാനസന്ധികൾ നിർമ്മിക്കുകയുണ്ടായില്ല. യുദ്ധം അവസാനിക്കുന്നതിനുമുമ്പുതന്നെ പഞ്ചമഹാശക്തികൾ (The Big Five) എന്നറിയപ്പെട്ടവന്ന അമേരിക്ക, ഇംഗ്ലണ്ടു്, റഷ്യ, ഫ്രാൻസു്, ചൈന എന്നീ രാജ്യങ്ങൾ പല പ്രാവശ്യം സമ്മേളിച്ചു. യുദ്ധം കഴിഞ്ഞതിനുശേഷം ഇറ്റലി, റൂമേനിയ, ബൾഗേറിയ, ഹംഗറി, ഫിൻലൻഡു് മുതലായ രാജ്യങ്ങളുമായി പ്രത്യേക സന്ധികളുണ്ടാക്കി. ഇറ്റലി ആഫ്രിക്കയിലുള്ള സാമ്രാജ്യം വിട്ടുകൊടുക്കണമെന്നും, റഷ്യ, യൂഗോസ്ലേവിയ, ഗ്രീസു് മുതലായ രാജ്യങ്ങൾക്കു് നഷ്ടപരിഹാരം നൽകണമെന്നും നിശ്ചയിച്ചു.

റുമേനിയ, ബൾഗേറിയ, ഹംഗറി, ഫിൻലൻഡ് മുത ലായ രാജ്യങ്ങളും നഷ്ടപരിഹാരം കൊടുക്കേണ്ടിവന്നു. റഷ്യയും പാശ്ചാത്യശക്തികളുമായി ഒരു ഒത്തുതീർപ്പി ലെത്താൻ പ്രയാസമായി വന്നതിനാൽ ജർമ്മനിയുമായി ഉടമ്പടി ഒന്നും ഉണ്ടായില്ല. ഭരണകാര്യങ്ങൾക്കായി ജർമ്മ നിയെ രണ്ടായി വിഭജിച്ചു, പശ്ചിമജർമ്മനി അമേരിക്ക യുടേയും ബ്രിട്ടന്റേയും കീഴിലും, പൂർവ്വജർമ്മനി റഷ്യയുടെ കീഴിലുമാക്കി. അമേരിക്കൻ ജനറലായ മക്ആർതർ സഖ്യകക്ഷികളുടെ സൈന്യത്തിന്റെ ചുമതല വഹിച്ചു കൊണ്ടു ജപ്പാനിലെ ഭരണമേറ്റെടുത്തു. ജപ്പാനിൽ അദ്ദേഹം ഒരു പ്രജായത്ത ഭരണഘടന നടപ്പിലാക്കി. ഇതനുസരിച്ചു തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുള്ള ഒരു പാർലമെൻറും ക്യാബിനറും കൂടി ജപ്പാനിലെ ഭരണം നിർവ്വഹിക്കേണ്ടിയിരുന്നു. 1952-ൽ ജപ്പാനുമായുണ്ടായ സമാധാന ഉടമ്പടിയനുസരിച്ചു ജപ്പാനു പരമാധികാരം തിരിച്ചുകിട്ടി.

ഈ യുദ്ധത്തിന്റെ ഏറ്റവും ദുരന്തഫലം അതു വമ്പിച്ച ആൾനാശത്തിനും അപരിഹാര്യമായ കഷ്ടനഷ്ട ങ്ങൾക്കും ഇടയാക്കിയെന്നുള്ളതാണു്. ഈ യുദ്ധത്തിനും ചില സൽഫലങ്ങൾ ഇല്ലാതില്ല. ജർമ്മനിയിലും ഇറ ലിയിലും ഏകാധിപത്യം നാമാവശേഷമായി. പാശ്ചാ ത്യദുർമ്മോഹികളുടെ പിടിയിൽനിന്നും രക്ഷപ്പെടുന്നതിനും അതിനുള്ള ആഗ്രഹം ഉണ്ടാകുന്നതിനും അസ്വതന്ത്രരാജ്യ ങ്ങൾക്കു് ഈ യുദ്ധം അവസരം നല്കി. ഇൻഡ്യ, പാകി സ്ഥാൻ, ബർമ്മ, സിലോൺ, ഇൻഡോനേഷ്യ മുതലായ രാജ്യങ്ങൾ സ്വതന്ത്രങ്ങളായി. ചൈനയിൽ ജനകീയ റിപ്പബ്ലിക്കു് (Peoples Republic) സ്ഥാപിതമായി. പാല സ്തീനിൽ ഇസ്രയേൽ സംസ്ഥാനം രൂപവല്ക്കരിക്കപ്പെട്ടു. ഈജിപ്തും മദ്ധ്യപൂർവ്വദേശത്തു വിദേശാധിപത്യത്തി ലിരുന്ന മറ്റു രാജ്യങ്ങളും സ്വതന്ത്രങ്ങളായി. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഏറ്റവും വലിയ നേട്ടം ഐക്യരാഷ്ട്ര സംഘടനയുടെ ഉദയം ആയിരുന്നു.

ഐക്യരാഷ്ട്രസംഘടന (U.N.O.)

ശാസ്ത്രത്തിന്റെ പുരോഗതി ലോകത്തെ ചെറുതാക്കിക്കഴിഞ്ഞു. എത്ര വിദൂരമായ കോണിലും മൂലയിലും നടക്കുന്ന സംഭവങ്ങളും ലോകത്തിന്റെ മറേറതു ഭാഗത്തും പ്രത്യാഘാതങ്ങൾ ഉണ്ടാക്കത്തക്കവിധത്തിൽ ലോകം ഒന്നായിക്കഴിഞ്ഞു. രണ്ടാം ലോകമഹായുദ്ധകാലത്തും അതിനെ തുടർന്നു് പണ്ടെങ്ങും തോന്നിയിട്ടില്ലാത്തവിധം ലോകസമാധാനം സംരക്ഷിക്കുന്നതിനുപകരിക്കുന്ന ഒരു സാർവ്വരാഷ്ട്രസംഘടനയുടെ അത്യാവശ്യം പരിഷ്കൃതലോകത്തിനു് പരമബോദ്ധ്യമായി. ഇങ്ങനെ ലോകസമാധാനം സ്ഥാപിക്കണമെന്നുള്ള അത്യാശയുടെ ഫലമായിട്ടാണു് ഐക്യരാഷ്ട്രസംഘടന (United Nations Organisation—U.N.O.) ഉടലെടുത്തതു്. അമേരിക്കയിലെ പ്രസിഡണ്ടു് റൂസ് വെൽറ്റ്, ബ്രിട്ടനിലെ പ്രധാനമന്ത്രി ചർച്ചിൽ, റഷ്യയിലെ ഏകാധിപതി സ്റ്റാലിൻ എന്നിവരാണു് ഈ സംഘടനയ്ക്കു് രൂപം കൊടുത്തതു്. ഇവരുടെ അഭിമുഖ്യത്തിൽ അൻപതു് രാഷ്ട്രങ്ങളുടെ പ്രതിനിധികൾ 1945-ൽ സാൻഫ്രാൻസിസ്കോ നഗരത്തിൽ സമ്മേളിക്കുകയും ശാശ്വതസമാധാനത്തിനുള്ള പദ്ധതി വിഭാവനം ചെയ്യുകയും ചെയ്തു. ആ പദ്ധതി ഉൾക്കൊള്ളുന്ന രേഖ ഐക്യരാഷ്ട്രസംഘടനയുടെ അവകാശപ്രമാണം എന്നറിയപ്പെടുന്നു. 50 രാഷ്ട്രങ്ങൾ അംഗങ്ങളായി ആരംഭിച്ച ഐക്യരാഷ്ട്രസംഘടനയിൽ ഇന്നു് 99 അംഗങ്ങളുണ്ടു്.

ഐക്യരാഷ്ട്രസംഘടനയ്ക്കു് ആറു പ്രധാന ഘടകങ്ങളുണ്ടു് :—

1. ജനറൽ അസംബ്ളി (General Assembly)

സംഘടനയുടെ അംഗങ്ങളായ രാഷ്ട്രങ്ങളുടെ പ്രതിനിധികൾക്കു് ഇതിൽ സ്ഥാനമുണ്ടു്. ഓരോ രാഷ്ട്രത്തിനും അഞ്ചു് പ്രതിനിധികളെ അയക്കാമെങ്കിലും ഒരു വോട്ടിനുമാത്രമേ അവകാശമുള്ളു. അവകാശപ്രമാണത്തിൽ പറഞ്ഞിട്ടുള്ള ഏതു കാര്യത്തെപ്പറ്റി ചർച്ചചെയ്യുന്നതിനും അന്തർദ്ദേശീയസഹകരണം ലഭിക്കുന്നതിനുള്ള

ശുപാർശകൾ ചെയ്യുന്നതിനും ഈ പൊതുസഭയ്ക്ക് അധികാരമുണ്ട്.

2. സെക്യൂരിറ്റി കൗൺസിൽ (Security Council)

ഐക്യരാഷ്ട്രസംഘടനയുടെ ഏറ്റവും പ്രധാനമായ ഘടകം രക്ഷാസമിതിയാണ്. ഇതിൽ പതിനൊന്നംഗങ്ങളുണ്ട്. അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, ചൈന എന്നീ പഞ്ചശക്തികൾ സ്ഥിരാംഗങ്ങളാണ്. ബാക്കിയുള്ള ആറംഗങ്ങളെ അസംബ്ലിയിൽനിന്നും തെരഞ്ഞെടുക്കുന്നു. രക്ഷാസമിതിയാണ് ഐക്യരാഷ്ട്രസംഘടനയുടെ പ്രവർത്തനം വാസ്തവത്തിൽ നിയന്ത്രിക്കുന്നത്. ഏതു പ്രമേയവും ഈ സമിതിയിൽ പാസ്സാകണമെങ്കിൽ പഞ്ചമഹാശക്തികളിൽ ഓരോരുത്തരും വേറെ ഏതെങ്കിലും രണ്ടംഗങ്ങളും അനുകൂലിക്കണം. പഞ്ചമഹാശക്തികൾക്കു "വീറ്റോ" അധികാരമുണ്ടെന്നാണ് ഇതിന്റെ അർത്ഥം. അഞ്ചു രാഷ്ട്രങ്ങളിൽ ആരെങ്കിലും അനുകൂലിക്കാതിരുന്നാൽ ഏതു പ്രമേയവും തള്ളപ്പെട്ടു പോകും. ലോകസമാധാനത്തെ അപകടത്തിലാക്കുന്ന ഏതു പ്രവൃത്തിയെപ്പറ്റിയും അന്വേഷണം നടത്തുന്നതിനു രക്ഷാസമിതിക്കു അധികാരമുണ്ട്. സംഘടനയിലെ അംഗങ്ങൾ നൽകുന്ന സൈന്യത്തെ ഉപയോഗിച്ചു ആവശ്യമെന്നു തോന്നുന്ന ബലപ്രയോഗനടപടികൾ എടുക്കുന്നതിനും സമിതിക്കു അധികാരമുണ്ട്.

3. സാമ്പത്തിക സാമൂഹ്യ സമിതി (Economic and Social Council)

ഇതിൽ അസംബ്ലിയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 18 അംഗങ്ങളാണുള്ളത്. ഈ സമിതിയുടെ പ്രധാന ചുമതല സാമ്പത്തികം, സാമുദായികം, സാംസ്കാരികം, വിദ്യാഭ്യാസപരം, ആരോഗ്യപരം മുതലായ കാര്യങ്ങൾ പഠിച്ചു ശുപാർശകളോടുകൂടി അസംബ്ലിക്കു റിപ്പോർട്ട് സമർപ്പിക്കുകയാണ്. സെക്യൂരിറ്റി കൗൺസിലിനു വിവരങ്ങൾ നൽകുന്നതിനും ആവശ്യപ്പെട്ടാൽ കൗൺസി

ലിനെ സഹായിക്കുന്നതിനും ഉള്ള ചുമതലയും ഈ സമിതിക്കുണ്ട്.

4. പരിരക്ഷകസമിതി (Trusteeship Council)

ഈ സമിതിയിൽ അഞ്ചു് സ്ഥിരാംഗങ്ങളും ഭരണം ഏറെറടുത്തിരിക്കുന്ന പ്രദേശങ്ങൾ ഭരിക്കുന്ന രാജ്യങ്ങളും അസംബ്ലിയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട മറു അംഗങ്ങളും ഉണ്ടു്. ഇതിന്റെ പ്രധാന ചുമതല യുദ്ധാനന്തരം ഏറെറടുക്കപ്പെട്ടിരുന്ന പ്രദേശങ്ങളിലെ ഭരണകാര്യങ്ങളിൽ ശ്രദ്ധിക്കുകയാണു്.

5. അന്തർദ്ദേശീയ കോടതി (International Court of Justice)

ഐക്യരാഷ്ട്രസഭയുടെ പ്രധാന നീതിന്യായഘടകമാണു് അന്തർദ്ദേശീയ കോടതി. ഇതു് ഹോളണ്ടിൽ ഹേഗ് എന്ന സ്ഥലത്താണു് സ്ഥാപിച്ചിരിക്കുന്നതു്. ഇതിലെ ജഡ്ജിമാരെ അസംബ്ലിയും കൗൺസിലുംകൂടി തെരഞ്ഞെടുക്കുന്നു. ഐക്യരാഷ്ട്രപ്രമാണത്തിലെ വ്യവസ്ഥയനുസരിച്ചു് അംഗരാഷ്ട്രങ്ങൾ സമർപ്പിക്കുന്ന അന്തർദ്ദേശീയ വഴക്കുകൾകേട്ടു് തീരുമാനിക്കുന്നതിനു് ഈ കോടതിക്കധികാരമുണ്ടു്.

6. കായ്മനിർവ്വഹണകേന്ദ്രം (Permanent Secretariat)

കൗൺസിലിന്റെ ശുപാർശ അനുസരിച്ചു് അസംബ്ലി തെരഞ്ഞെടുക്കുന്ന ഒരു സെക്രട്ടറി ജനറലും മറുദ്യോഗസ്ഥന്മാരുൾപ്പെട്ട ഒരു സ്ഥിരം കായ്മനിർവ്വഹണകേന്ദ്രമാണു് ഐക്യരാഷ്ട്രസഭയുടെ ഭരണം നടത്തുന്നതു്.

ഈ പ്രധാന ഘടകങ്ങൾക്കു പുറമെ ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ പല വകുപ്പുകൾ പ്രയോജനകരമായ വിവിധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിട്ടുണ്ടു്. ഇതിൽ പ്രധാനമായ ഒന്നാണു് അന്തർദ്ദേശീയ തൊഴിലാളിവകുപ്പു് (International Labour Organisation—I.L.O.) വേതനം, ജോലിസമയം, ജോലിചെയ്യുന്നതി

നുള്ള സൗകര്യങ്ങൾ ആദിയായവയിൽ വേണ്ട പരിഷ്കാരങ്ങൾ വരുത്തുന്നതിനായിട്ടാണ് ഈ വകുപ്പ് സംഘടിപ്പിച്ചിട്ടുള്ളതു്.

അന്തർദ്ദേശീയ പുനരുദ്ധാരണ ബാങ്ക് (International Bank of Reconstruction and Development—I.B.R.D.) ആണ് മറെറാരു പ്രധാന വകുപ്പ്. ഐക്യരാഷ്ട്രസഭയിൽ അംഗങ്ങളായിരിക്കുന്ന രാഷ്ട്രങ്ങൾക്കു് വികസന പദ്ധതികൾക്കായി വായ്പകൊടുക്കുകയാണു് ഈ വകുപ്പിന്റെ പ്രധാന ഉദ്ദേശം.

കൃഷിയും ആഹാരവും സംബന്ധിച്ച വകുപ്പ് (Food and Agricultural Organisation—F.A.O.)—ആഹാരം, കൃഷി മുതലായവയെപ്പററി വേണ്ട വിജ്ഞാനം ശേഖരിച്ചു് പ്രചരിപ്പിക്കുന്നതാണു് ഈ വകുപ്പിന്റെ ചുമതല.

അന്തർദ്ദേശീയ ആരോഗ്യവകുപ്പ് (World Health Organisation—W.H.O.)—ലോകാരോഗ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പകച്ചുവ്യാധി മുതലായവ തടയുക, പോഷകാഹാരം, താമസസൗകര്യം, ശുചീകരണം, വിശ്രമം മുതലായവയിൽ ആവശ്യമായ പുരോഗതി പ്രാപിക്കുക എന്നിവയിലാണു് ഈ വകുപ്പിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു്.

ഐക്യരാഷ്ട്ര വിദ്യാഭ്യാസ സാങ്കേതിക സാംസ്കാരിക സംഘടന (United Nations Educational Scientific and Cultural Organisation—U.N.E.S.C.O.)—വിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം മുതലായവയ്ക്കു പുരോഗതിയുണ്ടാക്കി ലോകസമാധാനം സംരക്ഷിക്കുകയെന്നുള്ളതാണു് ഈ സംഘടനയുടെ ഏറവും പ്രധാനമായ ചുമതല.

നാണയപരിഷ്കരണത്തിലും അതിന്റെ വിനിമയത്തിലും ശ്രദ്ധിച്ചു് വാണിജ്യപുരോഗതി കൈവരുത്തുന്നതിനായി ഒരു അന്തർദ്ദേശീയ നാണയഫണ്ടും ഉണ്ടു്.

ഇതിനെ International Monetary Fund—I.M.F. എന്നു പറയുന്നു.

ഐക്യരാഷ്ട്രസമിതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

ഐക്യരാഷ്ട്രസമിതി (League of Nations)-യുടെ ഒരു പരിഷ്കരിച്ച പതിപ്പായി ഐക്യരാഷ്ട്രസംഘടന (U.N.O.)-യെ പരിഗണിക്കാവുന്നതാണു്. പ്രാതിനിധ്യത്തിലും അധികാരത്തിലും (U.N.O.) League of Nations-നെ അതിശയിക്കുന്നു. ഐക്യരാഷ്ട്രസമിതിക്കു് രാഷ്ട്രീയരംഗത്തു പല പ്രധാന നേട്ടങ്ങളും ഇതിനകം ഉണ്ടായിട്ടുണ്ടു്. യഹൂദന്മാരും അറബികളും തമ്മിൽ പലസ്തീനിലും, ഇൻഡ്യയും പാകിസ്ഥാനും തമ്മിൽ കാഷ്മീറിലും യുദ്ധം ഉണ്ടാകാതെ കഴിച്ചുകൂട്ടുവാൻ സാധിച്ചതു് ഐക്യരാഷ്ട്ര സംഘടനയുടെ സമർത്ഥമായ മദ്ധ്യസ്ഥതയും ഒത്തുതീർപ്പും മൂലമാണു്. സമിതിയുടെ ശക്തമായ ധാർമ്മികസഹായത്തോടുകൂടിയാണു് ഇൻഡൊണേഷ്യ സ്വാതന്ത്ര്യം നേടിയതും. കൊറിയയിൽ ആക്രമങ്ങൾ അമർത്തിയതും ഐക്യരാഷ്ട്രസഭയുടെ സൈന്യമായിരുന്നു. 1956-ൽ ബ്രിട്ടൻ, ഫ്രാൻസ്, ഇസ്രേൽ എന്നീ രാജ്യങ്ങൾ ചേർന്നു് ഈജിപ്തിന്റെ നേരെ സ്വീകരിച്ച ആക്രമണപരിപാടികൾക്കു് വിരാമമിട്ടതും ഐക്യരാഷ്ട്രസഭയുടെ ഒരു നേട്ടംതന്നെയാണു്.

സാമ്പത്തികവും സാമൂഹ്യവുമായ പല നേട്ടങ്ങളും ഐക്യരാഷ്ട്രസംഘടനയുണ്ടായിട്ടുണ്ടു്. ഉല്പാദനം, വിതരണം മുതലായവയിൽ അഭിവൃദ്ധിയുണ്ടാക്കുകയും, പുനരുദ്ധാരണം, വികസനം മുതലായവയ്ക്കു് വായ്പനല്കുകയും, തൊഴിലാളികളുടെ നിലയ്ക്കു് ലോകത്തിൽ പൊതുവെ ഒരുയർന്ന മാനദണ്ഡം കല്പിക്കുകയും ചെയ്തു് നാനാതരത്തിലുള്ള സാമ്പത്തികാഭിവൃദ്ധി നേടിയിട്ടുണ്ടു്. നിർമ്മാണാത്മകമായ പ്രവർത്തനങ്ങൾ വഴിയായി സാമൂഹ്യക്ഷേമം വളർത്തുന്നതിനു ചെയ്തിട്ടുള്ള സേവനങ്ങൾ അത്യന്തം പ്രശംസാർഹങ്ങളാണു്. കോടാനുകോടി കുട്ടികൾക്കു് പാലും മറ്റു ഭക്ഷണസാധനങ്ങളും എത്തിച്ചുകൊടുക്കുന്ന

തിലും, വിഷൂചിക, മലമ്പനി മുതലായ സാംക്രമികരോഗങ്ങളെ ഫലപ്രദമായി തടയുന്നതിലും അഭയാർത്ഥികളെ പുനരധിവാസം ചെയ്യിക്കുന്നതിലും അഭിമാനാർഹമായ നേട്ടങ്ങളുണ്ടായിട്ടുണ്ട്.

ഗൗരവമായ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഇന്ന് ഐക്യരാഷ്ട്രസംഘടന പ്രവർത്തിക്കുന്നത്. ലോകസമാധാനം കൈവരുത്തുന്നതിനുതകുന്ന സമർത്ഥമായ ഒരു സംഘടനയായി ഇന്നും അതു് ഉയർന്നിട്ടില്ല. ഈ സംഘടനയുടെ പുരോഗമനത്തിനു തടസ്സമായി നിൽക്കുന്നതു് പഞ്ചമഹാശക്തികളുടെയിടയിലുള്ള മത്സരവും അസൂയയും അവർക്കു് ഈ സംഘടനയിലുള്ള ഉന്നതാധികാരവുമാണു്. വൻ ശക്തികളിൽ ഒന്നുമാത്രം വിചാരിച്ചാൽ സമിതിയുടെ ഏതു തീരുമാനത്തേയും തള്ളിക്കളയുന്നതിനു സാധിക്കുന്ന എന്നുള്ളതാണു് അതിന്റെ ഏറ്റവും വലിയ പരിമിതി. ഫൊർമോസയിലെ നാഷണലിസ്റ്റ് ചൈനയാണു് ഇന്നും ചൈനയെ പ്രതിനിധീകരിക്കുന്നതു്. വിരുദ്ധാദർശത്തോടുകൂടിയ പല രാഷ്ട്രങ്ങളുടെ ഒരു സംഘടനയാണെന്നുള്ളതുതന്നെ അതിന്റെ മറെറാരു പരിമിതിയാണു്. നിരായുധീകരണത്തിൽ ഗണനീയമായ പുരോഗതിപ്രാപിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നുള്ളതു് ഐക്യരാഷ്ട്രസംഘടനയുടെ ഏറ്റവും വലിയ പരാജയമായി കരുതാവുന്നതാണു്. എന്തെല്ലാം പരിമിതികളും കുറവുകളും ഈ സംഘടനയ്ക്കുണ്ടായിരുന്നാലും ലോകത്തിനു് സമാധാനവും സുരക്ഷിതത്വവും കൈവരുത്തുന്ന ആശാദീപം ഇതൊന്നുമാത്രമാണു്.

ചോദ്യങ്ങൾ

അദ്ധ്യായം 9

1: രണ്ടാം ലോകമഹായുദ്ധത്തിനു് പ്രധാനമായ നാലു് കാരണങ്ങൾ പറയുക:

2. രണ്ടാം ലോകമഹായുദ്ധത്തിലെ രണ്ടു ചേരികൾ ഏതെല്ലാമായിരുന്നു? അതിൽ അംഗങ്ങളായിരുന്ന പ്രധാന രാജ്യങ്ങൾ ഏതെല്ലാം?

3. ചുവടേ ചേർത്ത കൊല്ലങ്ങളേയും സംഭവങ്ങളേയും യോജിപ്പിച്ചെഴുതുക :—

കൊല്ലങ്ങൾ	സംഭവങ്ങൾ
1935	അമേരിക്ക ജപ്പാനോട്ട് യുദ്ധം പ്രഖ്യാപിച്ചു.
1933	രണ്ടാം ലോകമഹായുദ്ധം തുടങ്ങി.
1939	ജർമ്മനി സർവ്വരാഷ്ട്രസമിതിയിൽ നിന്നു് പിന്മാറി.
1930	ഹിറ്റ്ലർ റൈൻതടം ആക്രമിച്ചു.
1945	രണ്ടാം ലോകമഹായുദ്ധം അവസാനിച്ചു.
1941	
1943	

4. ഐക്യരാഷ്ട്രസംഘടന (U.N.O.) എപ്പോഴാണു് രൂപീകരിച്ചതു്? അതിന്റെ ഉദ്ദേശങ്ങൾ ഏവ?

5. U.N.O. യിലെ ഘടകങ്ങളുടെ പേരെഴുതി, ഓരോന്നിനേറയും പ്രവൃത്തി എന്താണെന്നു് എഴുതുക.

6. ചുവടേ ചേർത്തവ എന്തെന്നു് വ്യക്തമാക്കുക :—

(1) I.L.O. (2) I.B.R.D. (3) F.A.O. (4) W.H.O. (5) U.N.E.S.C.O. (6) I.M.F.

അദ്ധ്യായം 10

ആധുനികലോകം

വിരുദ്ധാദർശങ്ങളുടെ സംഘട്ടനം

ഭയങ്കരങ്ങളായ രണ്ടു് ലോകമഹായുദ്ധങ്ങളെപ്പറ്റി പഠിച്ചു കഴിഞ്ഞു. ഒന്നാം യുദ്ധത്തിന്റെ അവസാനം നടത്തിയ ഉടമ്പടിയിൽതന്നെ രണ്ടാം യുദ്ധത്തിന്റെ വിത്തുകൾ അടങ്ങിയിരുന്നുവെന്നുവേണം കരുതാൻ. ഒന്നാം യുദ്ധത്തിൽ വിജയംവരിച്ച ഫ്രാൻസും ഇംഗ്ലണ്ടും കൂടി പൊതുശത്രുവായ ജർമ്മനിയെ നിശ്ശേഷമാക്കുന്നതിനുള്ള സകല വ്യവസ്ഥകളും ഏർപ്പെടുത്തി. അതുപോലെ ഏതെങ്കിലും ഒരു രാജ്യത്തുനിന്നും അമിതമായ ശക്തിവർദ്ധനവുമൂലം മറ്റു രാജ്യക്കാർക്കു് (പ്രധാനമായി ഇംഗ്ലണ്ടിനും ഫ്രാൻസിനും) ആപത്തു വരാതെയിരിക്കാനായിരുന്ന ആ വ്യവസ്ഥകൾകൊണ്ടു് ഉദ്ദേശിച്ചിരുന്നതു്. തങ്ങളും സഹായികളും വിജയംകൊണ്ടു നേടിയ പ്രയോജനങ്ങൾ നഷ്ടപ്പെടരുതു്. ശത്രുവായ ജർമ്മനി തലപൊക്കരുതു്. പ്രധാനമായും ഇത്രയൊക്കെ മാത്രമെ അന്നത്തെ രാജ്യതന്ത്രജ്ഞന്മാർ കരുതിയുള്ള. ആ വ്യവസ്ഥകൾതന്നെ അടുത്തൊരു വലിയ യുദ്ധത്തിനു വഴിതെളിക്കുമെന്നോ അന്നവരെ കാര്യമായി കണക്കാക്കത്തക്കതായ വേറൊരു ശക്തിയും, ആദർശവും ഉയർന്നുവന്നു് അന്നവരെ നിലവിലിരുന്ന വ്യവസ്ഥിതിയെ ഉലയ്ക്കുമെന്നോ കരുതിയില്ല. രണ്ടാം ലോകമഹായുദ്ധത്തിൽ വിജയം സിദ്ധിച്ച കക്ഷികളിലെ രണ്ടു പ്രധാന അംഗങ്ങളായ അമേരിക്കയും റഷ്യയും പരസ്പരവിരുദ്ധങ്ങളായ രണ്ടു് ആദർശങ്ങളിൽ വിശ്വസിച്ചിരുന്ന. അവ തമ്മിലുള്ള സംഘട്ടനമാണു് രണ്ടാം ലോകമഹായുദ്ധത്തിനുശേഷം നാം കാണുന്നതു്—ജനാധിപത്യവും, കമ്മ്യൂണിസവും തമ്മിലുള്ള സംഘട്ടനം. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള സംഭവഗതികളും വ്യവസ്ഥകളും പരിശോധിക്കാം.

യുദ്ധത്തിന്റെ കഷ്ടനഷ്ടങ്ങളിൽ നിന്നും ഭാവിയിലെ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ലോകമഹാശക്തികൾ ചേർന്നു സ്ഥാപിച്ച ഐക്യരാഷ്ട്രസംഘടനയെപ്പറ്റി നിങ്ങൾ പഠിച്ചല്ലോ. മനുഷ്യവർഗ്ഗത്തിന്റെ മൌലികാവകാശങ്ങളിലും മഹത്വത്തിലും സ്ത്രീപുരുഷസമത്വത്തിലും വലുപ്പചെറുപ്പം കണക്കാക്കാതെ എല്ലാ രാഷ്ട്രങ്ങളുടേയും തുല്യാവകാശങ്ങളിലും അചഞ്ചലമായ വിശ്വാസം അവർ രേഖപ്പെടുത്തി. ലോകസമാധാനം നിലനിർത്തുന്നതിന് എല്ലാ രാജ്യങ്ങളും പരസ്പരം സ്നേഹിച്ചും, ബഹുമാനിച്ചും കഴിയണമെന്നും, തർക്കവിഷയങ്ങൾ യുദ്ധംകൂടാതെ സമാധാനപരമായ രീതിയിൽ തീരുമാനിക്കണമെന്നും സാമ്പത്തികവും സാമുദായികവുമായ അഭിവൃദ്ധിക്കുവേണ്ടി അന്തർദ്ദേശീയ സംഘടനകളെ ഉപയോഗിക്കണമെന്നുമെല്ലാം തീരുമാനം ചെയ്തിരുന്നു. പക്ഷെ, ഈ ഉദ്ദേശങ്ങളിൽനിന്നും വൻകിട ശക്തികൾ വളരെ വ്യതിചലിച്ചിരുന്നുവെന്നു പിന്നീടുള്ള സംഭവങ്ങൾ തെളിയിക്കുന്നതാണു്.

ഒന്നാം ലോകയുദ്ധത്തിനുശേഷം സ്ഥാപിച്ച സ്വപ്നരാജ്യസംഘടന വരുത്തിയ തെറ്റുകൾ രണ്ടാം യുദ്ധത്തിനുശേഷം സ്ഥാപിച്ച ഐക്യരാഷ്ട്രസംഘടനയും (യു. എൻ. ഒ.) ആവർത്തിച്ചു എന്നതു് ദയനീയമായ ഒരു പരമാർത്ഥമാണു്. സംഘടനയുടെ സമ്മേളനങ്ങളിൽ കൊണ്ടുവരുന്ന പ്രമേയങ്ങൾ വൻകിട ശക്തികൾക്കു് വീറ്റോ (Veto) എന്ന അധികാരം ഉപയോഗിച്ചു് തടയാൻ കഴിയും എന്നതാണു് സംഘടനയുടെ ഒരു വലിയ ന്യൂനത. അമേരിക്കയും കൂട്ടരും ഒരുവശത്തും റഷ്യയും അനുചരരും എതിർവശത്തും നിന്നു പൊരുതുന്നതാണു് യു. എൻ. ഒ. സമ്മേളനങ്ങളിൽ സാധാരണ കണ്ടുവരുന്നതു്. കിഴക്കേ യൂറോപ്യൻ രാജ്യങ്ങളിൽ റഷ്യൻ ആദർശങ്ങളും പടിഞ്ഞാറൻ രാജ്യങ്ങളിൽ അമേരിക്കൻ ആദർശങ്ങളും നടപ്പാക്കി. കൂടെക്കൂടെയുണ്ടായ അന്താരാഷ്ട്രസമ്മേളനങ്ങളിൽ രണ്ടു കക്ഷികളുടേയും പ്രതിനിധികൾ വിപരീതാഭിപ്രായങ്ങൾ പുറപ്പെടുവിച്ചു് യോജിപ്പിലെത്താതെ പിരി

യുക പതിവായി. "മാഷൽ പദ്ധതി" മൂലം അമേരിക്ക മദ്ധ്യയൂറോപ്യൻ രാജ്യങ്ങൾക്കു് സാമ്പത്തികസഹായം നൽകി. അതു് മുതലാളിത്തവും സാമ്രാജ്യദുഷ്പ്രഭുത്വവും തുടരുന്നതിനുള്ള മാർഗ്ഗമാണെന്നു് റഷ്യ അഭിപ്രായപ്പെട്ടു് അതിനെതിരായ പ്രവർത്തനങ്ങൾ തുടങ്ങി. കോമിൻഫാം (Cominform) എന്ന അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റു് സംഘടന പുതുതായി ഏർപ്പെടുത്തി കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളെ യോജിപ്പിച്ചു് അമേരിക്കൻ നയത്തിനെതിരായി പ്രവർത്തനം തുടങ്ങി.

അമേരിക്കയും റഷ്യയും തമ്മിലുള്ള ഈ വടംവലി ഒരു ശീതസമരമായിത്തീർന്നു. വാസ്തവത്തിൽ യുദ്ധം പരസ്യമായി തുടങ്ങാതെ മത്സരം മൂത്തുവന്നു. കമ്മ്യൂണിസത്തിന്റെ വളർച്ച തടയുവാൻ ധനസഹായവും വേണ്ടിവന്നാൽ സൈന്യസഹായവും ഏതു രാജ്യത്തിനും കൊടുക്കാൻ തയ്യാറാണെന്നു് അമേരിക്ക പ്രസ്താവിച്ചു. അങ്ങനെ റഷ്യയുമായി കൂട്ടുതൽ ഭിന്നിച്ചു. 1949-ൽ അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസു് തുടങ്ങി ഒൻപതു രാജ്യങ്ങൾ ചേർന്നു് റഷ്യക്കെതിരായി ഉത്തര അറ്റ്ലാന്റിക്കു് ഉടമ്പടി (N.A.T.O.) എന്നൊരു സംഘടയുണ്ടാക്കി. യൂറോപ്പിന്റെ രക്ഷയ്ക്കായി അമേരിക്കൻ നേതൃത്വത്തിൽ ഒരു സംയുക്ത സൈന്യം ശേഖരിക്കാൻ വ്യവസ്ഥചെയ്തു. കൂടാതെ റഷ്യയ്ക്കെതിരായി മദ്ധ്യപൂർവ്വദേശത്തു് ബാഗ്ദാദ് ഉടമ്പടി (Baghdad Pact) എന്ന ഒരു പ്രതിരോധനസഖ്യവും ഏർപ്പെടുത്തി. തുർക്കി, പാകിസ്ഥാൻ, ആദ്യമൊക്കെ ഇറാക്കു് ഇവ ഇതിലെ അംഗങ്ങളാണു്. ഈജിപ്തു്, സിറിയ തുടങ്ങിയ അറബിരാജ്യങ്ങൾ ഇതിൽ ചേർന്നില്ല. ഇക്കാലത്തു് മദ്ധ്യപൂർവ്വദേശത്തു് ഗൗരവമേറിയ ഒരു സംഭവമുണ്ടായി. സൂയസ് തോട്ടു് ഈജിപ്തുകാർ അവരുടെ സ്വന്തമാണെന്നു പ്രഖ്യാപിച്ചു (ദേശസാൽക്കരിച്ചു); അതുവരെ മുതൽ മുടക്കിയതിന്റെ അവകാശത്തിന്മേൽ തോടിന്റെ മിക്കവാറും ആധിപത്യം വഹിച്ചിരുന്ന ഇംഗ്ലണ്ടും ഫ്രാൻസും ഈ നടപടിയെ എതിർത്തു. പുതിയ യഹൂദരാജ്യമായ ഇസ്രേലുമായി യോജിച്ചുകൊണ്ടു് ഈജി

പ്പിനെ ആക്രമിച്ചു. റഷ്യ ഇതു് അനീതിയാണെന്നു വാദിച്ചു. ലോകസമാധാനത്തിനു് ഹാനികരമായ ഇംഗ്ലണ്ടിന്റെയും ഫ്രാൻസിന്റെയും ആക്രമണനടപടി ഉടനെ നിറുത്തണമെന്നും അല്ലാത്തപക്ഷം റഷ്യ ഈജിപ്തിനെ സഹായിക്കാൻ യുദ്ധത്തിൽചേരുമെന്നും അന്ത്യശാസനം നല്കി. അങ്ങനെ മൂന്നാം ലോകയുദ്ധം പൊട്ടിപ്പുറപ്പെട്ടും എന്ന നിലവരെ എത്തി. സൂയസ് തോടിൽ പ്രത്യേകമായി വലിയ താല്പര്യമൊന്നും ഇല്ലാതിരുന്ന അമേരിക്ക ഇടപ്പെട്ടതുകൊണ്ടും ഐക്യരാഷ്ട്രസംഘടനയുടെ പ്രവർത്തനംകൊണ്ടും ബ്രിട്ടനും ഫ്രാൻസും വിവേകപൂർവ്വം യുദ്ധം നിറുത്തി. 1958–ൽ ലെബനൻ, ഇറാക്കു് എന്നീ രാജ്യങ്ങളിൽ വിപ്ലവം ഉണ്ടായി. ഭരണകക്ഷികളിൽ മാറ്റം സംഭവിച്ചു. ബാഗ്ദാദ് നഗരം ഇറാക്കു് രാജ്യത്തിന്റെ തലസ്ഥാനമാണു്. വിപ്ലവത്തിന്റെ ഫലമായി അവിടെ കമ്മ്യൂണിസ്റ്റാദർശത്തോട്ടു് അനുഭാവമുള്ള കക്ഷി അധികാരത്തിൽ വന്നു. റഷ്യയും അമേരിക്കയും പിന്നിൽനിന്നു പ്രവർത്തിച്ചതുകൊണ്ടു് വിപ്ലവങ്ങൾക്കു് ശക്തികൂടി. മദ്ധ്യപൗരസ്ത്യരാജ്യങ്ങളിൽ പിന്നണിപ്രവർത്തനങ്ങളും ഉപജാപങ്ങളും നടത്തുക പാശ്ചാത്യശക്തികളുടെ ഏറിയകാലത്തെ പരിപാടിയാണെന്നു് മുൻപുസ്തകത്തിൽ പറഞ്ഞിട്ടുള്ളതു് ഓർമ്മയുണ്ടല്ലോ. ലബണനിൽ അമേരിക്കൻ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു് എന്ന ന്യായത്തിൽ ഒരു അമേരിക്കൻ സൈന്യം വന്നു് താവളമടിച്ചു. ഉടനെ റഷ്യയും സൈന്യം അയയ്ക്കാൻ തയ്യാറായി. എങ്കിലും യു. എൻ. ഓ.യുടെ പ്രവർത്തനം കൊണ്ടു് അമേരിക്കൻ സൈന്യം പിൻവാങ്ങി. ഇതെല്ലാം അമേരിക്കനും റഷ്യനും കക്ഷികൾ തമ്മിലുള്ള മത്സരത്തിന്റെ ഫലമാണു്. അഥവാ ജനാധിപത്യവും കമ്മ്യൂണിസവും തമ്മിലുള്ള സംഘട്ടനം.

ഈ ശീതസമരത്തിന്റെ അലകൾ വിദൂരപൗരസ്ത്യദേശത്തും ആഞ്ഞടിച്ചു. ജപ്പാന്റെ കീഴടക്കം തുടർന്നുണ്ടായ സന്ധിസംഭാഷണങ്ങളിൽവെച്ചു് അമേരിക്കയും റഷ്യയും തമ്മിൽ തെറ്റിപ്പിരിഞ്ഞു. ജപ്പാന്റെ വട

ക്കൻ പ്രദേശങ്ങളിൽ റഷ്യയും തെക്കൻ ഭാഗങ്ങളിൽ അമേരിക്കയും അധികാരം ഉറപ്പിച്ചുകഴിഞ്ഞിരുന്നു. അതുപോലെതന്നെ ഉത്തരകൊറിയായും ദക്ഷിണകൊറിയായും യഥാക്രമം റഷ്യനും അമേരിക്കനും അധീനതയിലായിരുന്നു. 1950-ൽ ഉത്തരകൊറിയൻ സൈന്യം ദക്ഷിണകൊറിയ ആക്രമിച്ചു. അമേരിക്കൻ നേതൃത്വത്തിൽ യു.എൻ.ഓ. നടപടികൾ നടത്തി. ഒരു യു.എൻ. സേന ദക്ഷിണകൊറിയയിൽ എത്തി. ആക്രമണം അങ്ങനെ തടഞ്ഞു.

1950 മുതൽ ചൈന പൂർണ്ണമായും ഒരു കമ്മ്യൂണിസ്റ്റ് രാജ്യമായി, റഷ്യൻ ചേരിയിൽ നിലയുറപ്പിച്ചു. ചിയാങ്ങ് കൈഷക്കിന്റെ നേതൃത്വത്തിലുള്ള ദേശീയ ചൈനകക്ഷിക്കാർ ഫർമോസാ ദ്വീപിൽ അഭയം തേടി. അവിടെ കമ്മ്യൂണിസ്റ്റുകാക്കെതിരായി ഒരു സമാന്തര ഗവൺമെന്റ് സ്ഥാപിച്ച വിവരം മുൻ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. ചിയാങ്ങിന്റെ ഗവൺമെന്റിനെയാണ് അമേരിക്കയും മറ്റും ചൈനാഗവൺമെന്റായി കരുതി യു. എൻ. ഓ. യിൽ അംഗമാക്കിയതു്. യഥാർത്ഥ ചൈനയിലെ ഗവൺമെന്റിനു് അംഗത്വം കൊടുക്കുന്നതിനു് ചൈനയും കക്ഷികളും, രണ്ടു ചേരിയിലും പെടാത്ത ഇൻഡ്യയുംകൂടി ആവശ്യപ്പെട്ടിട്ടും അമേരിക്കയുടെ സ്വാധീനംകൊണ്ടു് അംഗത്വം നിഷേധിച്ചിരിക്കയാണു്. വിദൂരപൂർവ്വദേശത്തെ ശീതസമരത്തിന്റെ പ്രധാന കാരണം ഈ ചൈനീസ് അംഗത്വപ്രശ്നമാണു്.

അമേരിക്കയും റഷ്യയും തമ്മിലുള്ള മത്സരം ഇന്നും തുടരുന്നു. ലോകത്തിലെ മിക്ക രാജ്യങ്ങളും ഏതെങ്കിലും ഒരു കക്ഷിയിൽ ചേർന്നിട്ടുണ്ടു്. രണ്ടു കക്ഷിയിലും പെടാതെ നിഷ്പക്ഷമായിനിന്നു് ഒരു ലോകസമരത്തിനുള്ള സാദ്ധ്യതകൾ ഒഴിവാക്കുന്നതിനു് സമാധാനമാർഗ്ഗങ്ങളിൽകൂടി പ്രവർത്തിച്ചുപോരികയാണു് ഇൻഡ്യ. ഈ നിഷ്പക്ഷത തന്നെയാണു് ഇൻഡ്യയുടെ ശക്തിക്കും മാന്യതയ്ക്കും കാരണവും. ഇൻഡ്യയ്ക്കു് രാഷ്ട്രീയമായ മോഹങ്ങളോ മറ്റു് രാജ്യങ്ങളുടെ മേൽ സ്വാധീനം ചെലുത്തണമെന്ന

ആഗ്രഹമോ ഇല്ല. അടുത്തകാലത്ത് യാതൊരു പ്രകോപനവുമില്ലാതെ റഷ്യൻ കക്ഷിയിൽപ്പെട്ട ചൈന ഇൻഡ്യൻ അതിർത്തിയിൽ ആക്രമണം നടത്തിയിട്ടും കഴിവുള്ളത്ര സമാധാന മാർഗ്ഗങ്ങളിൽകൂടി ആ പ്രശ്നത്തിനു് പരിഹാരം കാണാൻ ഇൻഡ്യ ശ്രമിക്കയാണു്.

ആഫ്രിക്കയിലേയും ഏഷ്യയിലേയും നവോത്ഥാനം

1. ആഫ്രിക്കയിലെ ഉണവ്വും രാഷ്ട്രീയപ്രവർത്തനങ്ങളും

19–ാം നൂറ്റാണ്ടു മുതൽ വെള്ളക്കാർ ആഫ്രിക്കയിലേയ്ക്കു് തള്ളിക്കയറി അവിടെ വിവിധമേഖലകളിൽ കോളനികൾ ഉറപ്പിക്കുകയും അവകാശങ്ങൾ സ്ഥാപിക്കുകയും ചെയ്തതായി മുൻപൊരദ്ധ്യായത്തിൽ നിങ്ങൾ പഠിച്ചുവല്ലോ. അവിടത്തെ അസംസ്കൃതസാധനങ്ങളും പ്രകൃതിനിക്ഷേപങ്ങളും ചൂഷണംചെയ്തു് സ്വന്തം വ്യവസായങ്ങളെ പോഷിപ്പിക്കുകയായിരുന്നു യൂറോപ്യൻ രാജ്യക്കാരുടെ ലക്ഷ്യം. ഈ സാമ്പത്തികചൂഷണത്തിനു് തദ്ദേശവാസികളായ നീഗ്രോകളെ പരമാവധി ഉപയോഗപ്പെടുത്തുവാനും അവർ മടിച്ചില്ല. സാമ്പത്തികമായി ഒരിക്കലും അഭിവൃദ്ധിപ്പെട്ടിട്ടില്ലാത്തകാപ്പിരികളുടെ സമ്പത്തു് മൺകൂടിലുകളും ശരീരവും മാത്രമായിരുന്നു. ജോലിചെയ്യാൻ പ്രകൃത്യാ വിമുഖരായിരുന്ന നീഗ്രോകളെ ദണ്ഡിപ്പിച്ചു വേലചെയ്യിച്ചും അവരുടെ പൊളിഞ്ഞ മൺകൂടിലുകൾക്കുപോലും നികുതി ചുമത്തിയും മുതലെടുക്കുവാൻ കൈയ്യുക്കുള്ള വെള്ളക്കാർ മുതിർന്നു. ബൽജിയൻ കോംഗോയിലെ ഖനനവസ്തുക്കൾ ശേഖരിക്കാൻ വഴിത്തലവരെ കൂട്ടുപിടിച്ചുകൊണ്ടു് ബൽജിയംകാർ നടത്തിയിട്ടുള്ള മർദ്ദനവിധങ്ങൾ കുപ്രസിദ്ധങ്ങളാണു്. തെക്കെ ആഫ്രിക്ക, ഉഗാണ്ടാ, കെനിയ മുതലായ ദേശങ്ങളിലെ അധിവാസയോഗ്യമായ ഉന്നത തടങ്ങളിൽനിന്നും നാട്ടുകാരായ നീഗ്രോകളെ ഓടിച്ചശേഷം യൂറോപ്യന്മാർ അവിടെ കുടിയേറി. വിസ്തൃതങ്ങളായ അനേകം തോട്ടങ്ങൾ അവർ സ്ഥാപിച്ചു. ധനികരായ യൂറോപ്യന്മാരെ

നികൃതികളിൽനിന്നും ഒഴിവാക്കി. നിഷ്ഠനരായ കാപ്പിരികളുടെ മേൽ തലവരി മുതലായ നികൃതികൾപോലും വെള്ളക്കാരുടെ ഗവൺമെൻറ് ഏർപ്പെടുത്തി. തോട്ടങ്ങളിൽ നിർബ്ബന്ധിച്ചു വേലചെയ്യിച്ചും ആഹാരസാധനങ്ങൾക്കു പോലും ചുങ്കം വർദ്ധിപ്പിച്ചും കാപ്പിരികളെ ആവുന്നത്ര ചൂഷണം ചെയ്തുയായിരുന്നു യൂറോപ്യന്മാരുടെ പൊതുവെയുള്ള നയം. ആഫ്രിക്കൻ ജനതകളുടെ സംഘടനാശ്രമങ്ങളും പ്രതിഷേധങ്ങളും വിദ്ധ്വംസക പ്രവർത്തനങ്ങളായി ചിത്രീകരിച്ചു് അടിച്ചമർത്തി. ദാസ്യമനോഭാവവും നിരാശ്രയത്വവും നീഗ്രോകളിൽ നിലനിർത്തുവാൻ കരുതിക്കൂട്ടിയുള്ള അടവുകളും വെള്ളക്കാർ പ്രയോഗിച്ചിരുന്നു. സ്വന്തമായി തേയില, കാപ്പി മുതലായവ കൃഷിചെയ്യാൻപോലും കാപ്പിരികൾക്കു് അനുവാദമുണ്ടായിരുന്നില്ല. ചില വർഗ്ഗക്കാരുടെ വിനോദസ്വാതന്ത്ര്യങ്ങൾപോലും നിയമംമൂലം പാശ്ചാത്യഗവൺമെണ്ടുകൾ നിരോധിച്ചിരുന്നു. വിശാലവും പ്രകൃതിസമ്പന്നവുമായ ഒരു ഭൂഖണ്ഡത്തെ ഇങ്ങനെ കൈയടക്കിവെച്ചു് നിരന്തരമായി ചൂഷണം ചെയ്യുകയായിരുന്ന വെള്ളക്കാർ.

രണ്ടാം ലോകമഹായുദ്ധം ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള വിദേശമേധാവിത്വത്തിനും ചൂഷണസമ്പ്രദായത്തിനും കടുത്ത ഒരടിയായിട്ടാണു് കലാശിച്ചതു്. ബ്രിട്ടൺ, ഫ്രാൻസ്, ഹോളണ്ടു് തുടങ്ങിയ സാമ്രാജ്യവാദികളുടെ പിടിയിൽനിന്നും രക്ഷനേടുവാനും വിലങ്ങുചങ്ങലകൾ പൊട്ടിച്ചെറിയുവാനും ഏഷ്യയിലേയും ആഫ്രിക്കയിലേയും ചൂഷിതരായ ജനവർഗ്ഗം തയ്യാറായി. "ഏഷ്യ ഏഷ്യക്കാർക്കു്" എന്നും "വെള്ളക്കാർ ഇൻഡ്യ വിടുക" എന്നും മറ്റുമുള്ള മുദ്രാവാക്യങ്ങൾ പൗരസ്ത്യജനതകളുടെ ദേശീയബോധത്തേയും മനോവീര്യത്തേയും തട്ടിയുണർത്തുന്നതിനു് പര്യാപ്തമായിരുന്നു.

ആഫ്രിക്കൻ നവോത്ഥാനത്തിൽ ഈജിപ്തു് അതിപ്രധാനമായ ഒരു പങ്കുവഹിച്ചു. ബ്രിട്ടന്റെ പൗരസ്ത്യസാമ്രാജ്യം നിലനിർത്തുവാൻവേണ്ടി സൂയസ്തോട്ട മേഖലയിൽ ഇംഗ്ലീഷുകാർ ആധിപത്യം സ്ഥാപിച്ചതുമുതൽ

ഈജിപ്തിന്റെ മേൽ പിടിമുറുക്കുന്ന ഒരു നയമായിരുന്നു അവർ സ്വീകരിച്ചുപോന്നതു്. 1936-ലെ ഉടമ്പടിപ്രകാരം ബ്രിട്ടൻ ഈജിപ്തിനു് ഏറെക്കുറെ സ്വയംഭരണം അനുവദിച്ചു. 1952-ൽ ജനറൽ നഗീബ് ഈജിപ്തിൽ രാജവാഴ്ച അവസാനിപ്പിച്ചു് ഒരു റിപ്പബ്ലിക്കൻ ഭരണം ഏർപ്പെടുത്തി. 1954-ൽ സൂയസ് കനാൽ മേഖലയിൽനിന്നും ഒഴിഞ്ഞു പൊയ്ക്കൊള്ളാമെന്നു് ബ്രിട്ടൻ സമ്മതിച്ചു. 1957-ൽ നാസ്സർ സൂയസ് കനാൽ ദേശസാൽക്കരിച്ചു. തുടർന്നു് ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ഈജിപ്തിനോടു് യുദ്ധം തുടങ്ങിയതും റഷ്യ ഈജിപ്തിനെ സഹായിക്കാൻ ഒരുമ്പെട്ടതും അങ്ങനെ യുദ്ധം മുടങ്ങിയതും മുൻപു് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. 1958-ൽ ഈജിപ്തും സിറിയായും ചേർന്നു് ഒരു ഐക്യഅറബി റിപ്പബ്ലിക്കു് നാസ്സർ സ്ഥാപിച്ചതോടുകൂടി അന്താരാഷ്ട്രീയ കാര്യങ്ങളിൽ ഈജിപ്തിന്റെ പ്രാധാന്യം വർദ്ധിച്ചു. ആ രാജ്യം ഇന്നു് മദ്ധ്യപൂർവ്വദേശത്തു് സുപ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നു.

വടക്കെ ആഫ്രിക്കയിലെ ലിബിയാ രാജ്യം രണ്ടാം ലോകയുദ്ധത്തിൽ ഇറ്റലിയുടെ ആധിപത്യത്തിൽനിന്നും മോചനം ലഭിച്ചു് 1951-ൽ സതന്ത്രമായിത്തീർന്നു. 1956-ൽ ബ്രിട്ടീഷുകാർ പിൻവാങ്ങിയതോടുകൂടി സുഡാൻ ഒരു സ്വതന്ത്രരാഷ്ട്രമായിത്തീർന്നു. 1956-ൽ വടക്കെ ആഫ്രിക്കയിലെ മൊറോക്കൊ, ടൂനീസ് എന്നീ രാജ്യങ്ങളുടെ സ്വാതന്ത്ര്യം അംഗീകരിക്കാൻ ഫ്രഞ്ചുകാർ നിർബ്ബന്ധിതരായി. എങ്കിലും ഇവയ്ക്കു നടുവിലുള്ള ആൾജീറിയയുടെ സ്വാതന്ത്ര്യം അംഗീകരിക്കാൻ ഫ്രഞ്ചുകാർ ഇന്നുവരെ തയ്യാറായിട്ടില്ല. സമരപ്രിയരായ അവിടത്തെ അറബി വർഗ്ഗം ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി നിശിതമായ സായുധസമരംതന്നെ ഇന്നും തുടർന്നുപോരികയാണു്. ഏറെത്താമസിയാതെ അവരുടെ ലക്ഷ്യം സാധിക്കുമെന്നു പ്രതീക്ഷിക്കാം. കമ്മ്യൂണിസവും ജനായത്തഭരണവും (Democracy) തമ്മിലുള്ള സംഘട്ടനംപോലെതന്നെ സാമ്രാജ്യവാദവും ദേശീയസ്വാതന്ത്ര്യവും തമ്മിലും സംഘട്ടനം നടക്കുന്ന കാലമാണു് ഇപ്പോൾ. അതിൽ സാമ്രാജ്യ

വാദത്തിനു് അനുദിനം ശക്തിയും പിൻബലവും കുറഞ്ഞു വരികയാണതാനും.

ആഫ്രിക്കയിൽ അനുസൃതമായി വളർന്നുവരുന്ന ദേശീയബോധത്തിന്റെ തീവ്രത മനസ്സിലാക്കി അതിനനുസരണമായി പ്രവത്തിക്കുന്ന ഒരു നയമാണു് സമീപ കാലത്തു് ബ്രിട്ടൻ അവിടെ സ്വീകരിച്ചു കാണുന്നതു്. റൊഡേഷ്യ, നയാസാലാൻഡ് ഇവ ഉൾപ്പെട്ടത്തി ഒരു ഫെഡറേഷൻ രൂപീകരിച്ചു് അതിനു് അവർ സ്വയം ഭരണം കൊടുത്തു. പക്ഷെ അതു് അവിടത്തെ വെള്ളക്കാക്കു മാത്രമെ പ്രയോജനപ്പെടുന്നുള്ളു. നാട്ടുകാരായ കാപ്പിരികൾക്കു് ഭരണകാര്യങ്ങളിൽ പറയത്തക്ക യാതൊരു സ്വാധീനവുമില്ല. അടുത്ത പടിയായി അവർ അതു് പിടിച്ചുവാങ്ങിക്കൊള്ളുമെന്നു കരുതാം, 1958–ൽ പശ്ചിമാഫ്രിക്കയിലെ ഘാനാരാജ്യത്തിന്റെ സ്വാതന്ത്ര്യം ബ്രിട്ടൻ അംഗീകരിച്ച വിവരം മുൻ ക്ലാസ്സിൽ നിങ്ങൾ പഠിച്ചുവല്ലൊ. പണ്ഡിതനായ അവിടത്തെ പ്രധാന മന്ത്രി കവാമി എൻക്രുമാ നീഗ്രോ ജനതയുടെ സമുന്നത നേതാവാണു്. ബ്രിട്ടന്റെ അധീനതയിൽതന്നെ പശ്ചിമാഫ്രിക്കയിലുള്ള മറെറാരു പ്രദേശമാണു് നൈജീരിയ. 1959–ൽ അതിനു സ്വാതന്ത്ര്യം കൊടുക്കാമെന്നു് വാഗ്ദാനം ചെയ്തിരുന്നെങ്കിലും ഇപ്പോൾ 1960-ൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കാമെന്നാണു് പ്രസ്താവിക്കുന്നതു്. അതു സംഭവിക്കുമെന്നതന്നെ പ്രതീക്ഷിക്കാം. ബ്രിട്ടീഷുകാരുടെ കൈവശമുള്ള കിഴക്കെ ആഫ്രിക്കയിലെ ഒരു പ്രദേശമാണു് ടാങ്കനിക്ക. അവിടെയും 1960-ൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കുമെന്നു് ബ്രിട്ടൻ ഏറെറിട്ടുണ്ടു്. കിഴക്കെ ആഫ്രിക്കയിലെ മറെറാരു ബ്രിട്ടീഷ് അധിനിവേശരാജ്യമാണു് കെനിയാ, സ്വാതന്ത്ര്യത്തിനുവേണ്ടി അവിടത്തെ കാപ്പിരികൾ രണ്ടുമൂന്നു വഷ്മമായി സമരം തുടരുകയാണു്. ഇൻഡ്യക്കാർ ധാരാളമായി കുടിയേറിപ്പാക്കുന്ന ഒരു പ്രദേശംകൂടിയാണു് ഇതു്.

ആഫ്രിക്കയുടെ ദേശീയ പുനരുദ്ധാരണത്തിനു് വിലങ്ങുതടിയായി നിൽക്കുന്ന ഒരു കോമൺവെൽത്തു രാഷ്ട്ര

മാണ് തെക്കെ ആഫ്രിക്കൻ യൂണിയൻ. ഇംഗ്ലീഷുകാരും ഡച്ചുകാരുമാണ് ഇവിടെ ഭരണകാര്യം നടത്തുന്ന വെള്ളക്കാർ. വർണ്ണവിവേചനവും വർഗ്ഗവിവേചനവും വച്ചുപുലത്തി വെള്ളക്കാരല്ലാത്തവർക്ക് പ്രാഥമികമായ മൗലികാവകാശങ്ങൾപോലും നിഷേധിച്ചുകൊണ്ടാണ് ഇവിടത്തെ ഭരണം. യു. എൻ. ഒ. യിലും മറ്റും ഈ അനീതിയെപ്പറ്റി പരാതിയുണ്ടെങ്കിലും തെക്കെ ആഫ്രിക്കയിലെ വെള്ളക്കാരുടെ സർക്കാർ കൂസൽകൂടാതെ അവരുടെ വർഗ്ഗവിവേചനനയം തുടരുകയാണ്. ഭൂരിപക്ഷം വരുന്ന നാട്ടുകാർ വിപുലമായ തോതിൽ പ്രക്ഷോഭണം തുടങ്ങാൻ ഇടയുള്ളതാണ് ഈ പ്രദേശം.

2. ഏഷ്യയിലെ നവോത്ഥാനം

1. ഇൻഡ്യാ.—ബ്രിട്ടീഷ് മേധാവിത്വത്തിനെതിരായി ഇൻഡ്യയിൽ പ്രബലപ്പെട്ടുവന്ന ദേശീയപ്രസ്ഥാനമായിരുന്നു ഏഷ്യയിലെ നവോത്ഥാനത്തിനു പ്രചോദനം നല്കിയതു്. "ഏഷ്യ ഏഷ്യാക്കാർക്ക്" എന്ന മുദ്രാവാക്യം അതിനു പിൻബലം കൊടുത്തു. 1942-ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയ "ക്വിറ്റ് ഇൻഡ്യ" (ഇൻഡ്യ വിടുക) പ്രസ്ഥാനം ഇൻഡ്യയിലെ ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കാൻ കാലംവൈകി എന്നു തെളിയിച്ചു. വാസ്തവത്തിൽ ഇൻഡ്യയിലെ സ്വാതന്ത്ര്യപ്രക്ഷോഭണം ഇരുപതാംനൂറാണ്ടിന്റെ ആരംഭത്തിൽതന്നെ പ്രബലമായി തീർന്നിരുന്നു. 1920-ൽ മഹാത്മാഗാന്ധി അതിന്റെ നേതൃത്വം ഏറ്റെടുത്തതോടുകൂടി അതിനു ശക്തിവർദ്ധിക്കുകയും അതു് ഒരു ബഹുജനപ്രക്ഷോഭണമായിത്തീരുകയും ചെയ്തു. 1947 ആഗസ്റ്റ് 15-ാംനു- ബ്രിട്ടീഷുകാർ ഇൻഡ്യ വിട്ടൊഴിയുകയും ഇൻഡ്യയും പാക്കിസ്ഥാനും സ്വതന്ത്രരാജ്യങ്ങളായിത്തീരുകയുംചെയ്തു.

2. ചൈന.—രണ്ടാംലോകയുദ്ധം അവസാനിക്കുന്നതുവരെ ബ്രിട്ടൻ, അമേരിക്ക തുടങ്ങിയ പാശ്ചാത്യരാജ്യ

ക്കാക്ക് ചൈനയിൽ അവരുടെ താല്പര്യങ്ങൾ പുലർത്തുവാൻ സാധിച്ചിരുന്നു. ഒടുവിൽ ചൈനയിലെ നേതാവായ ചിയാങ് കൈഷക്കും റഷ്യൻ പിൻബലത്തോടുകൂടിയ ചൈനയിലെ കമ്മ്യൂണിസ്റ്റ് കക്ഷിയും തമ്മിൽ നടന്ന മത്സരത്തിൽ ചിയാങ് തോറ്റു. അദ്ദേഹം കിഴക്കെ തീരത്തിനടുത്തുള്ള ഫോർമോസാ ദ്വീപിൽ അഭയം പ്രാപിച്ചു. 1949-ൽ കമ്മ്യൂണിസ്റ്റ് കക്ഷി അധികാരത്തിൽവന്നു. അതോടുകൂടി ബ്രിട്ടൻ, അമേരിക്ക മുതലായ പാശ്ചാത്യസാമ്രാജ്യശക്തികൾക്ക് ചൈനയിൽ സ്ഥാനമില്ലാതെയായി. അവിടെ റഷ്യയുടെ സ്വാധീനംമാത്രം ശേഷിച്ചു.

3. ബർമ്മാ, സിലോൺ.—രണ്ടാം ലോകയുദ്ധംവരെ ബർമ്മാ, ബ്രിട്ടീഷ് ഭരണത്തിലായിരുന്നു. യുദ്ധകാലത്ത് ബർമ്മ ജപ്പാൻകാക്ക് അധീനമായി. ജപ്പാന്റെ പരാജയത്തിനുശേഷം ബ്രിട്ടീഷുകാർ വീണ്ടും അവിടെ ആധിപത്യം ഉറപ്പിക്കാൻ ശ്രമിച്ചു. പക്ഷേ ബർമ്മാക്കാർ പ്രതിഷേധിച്ചു. 1947-ൽ ബ്രിട്ടനും ബർമ്മയുമായി ഒത്തുതീർപ്പിലെത്തി. അടുത്തവർഷം ബർമ്മ ഒരു സ്വതന്ത്രറിപ്പബ്ലിക്കായി. ഒരു ബ്രിട്ടീഷ് അധിനിവേശപ്രദേശമായിക്കഴിഞ്ഞിരുന്ന സിലോൺ 1947-ൽ ഒരു സ്വതന്ത്രജനകീയ രാഷ്ട്രമായിത്തീർന്നു.

4. ഇൻഡൊനേഷ്യാ, ഇൻഡൊചൈന, മലയാ.—ദീർഘകാലം ഡച്ചുകാരുടെ കൈവശമായിരുന്ന ഇൻഡൊനേഷ്യൻ ദ്വീപുകൾ 1942-ൽ ജപ്പാൻ കീഴടക്കി. 1945-ൽ ജപ്പാന്റെ തോൽവിയെത്തുടർന്ന് ഡച്ചുകാർ വീണ്ടും അവിടെ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചു. പക്ഷേ അപ്പോഴേക്കും ജനങ്ങൾ സ്വാതന്ത്ര്യം നേടുന്നതിനു നിശ്ചയിച്ചുകഴിഞ്ഞിരുന്നു. സുക്കാർണ്ണോ എന്ന നേതാവിന്റെ കീഴിൽ അവർ ഡച്ചുകാരെ എതിർത്ത് സ്വാതന്ത്ര്യം പ്രഖ്യാപിച്ചു.

ഫ്രഞ്ചുകാരുടെ ആധിപത്യത്തിലും ചൂഷണത്തിലും കഴിഞ്ഞിരുന്ന ഇൻഡോചൈനയിലും രണ്ടാം ലോകയുദ്ധ

ത്തിനുശേഷം സ്വാതന്ത്ര്യപ്രക്ഷോഭണം പ്രബലപ്പെട്ട വന്നു. ഫ്രഞ്ചുകാർ പിടിച്ചുനില്ക്കാൻ ശ്രമിച്ചുവെങ്കിലും 1954-ൽ ഇൻഡൊചൈന വിട്ടൊഴിയാൻ നിർബ്ബന്ധിത രായി. വിയറ്റ്നാം ജനകീയറിപ്പബ്ലിക്ക്, വിയറ്റ് നാം റിപ്പബ്ലിക്ക്, ലാവോസ്, കംബോഡിയാ എന്ന നാലു സ്വതന്ത്രരാജ്യങ്ങളാണ് ഇപ്പോൾ അവിടെയുള്ളതു്. കമ്മ്യൂണിസ്റ്റുകാർ ചിലയിടങ്ങളിൽ സ്വാധീനം ചെലുത്തുന്നതുമൂലം അസ്വസ്ഥതയും അവിടങ്ങളിലുണ്ടു്.

രണ്ടാം ലോകയുദ്ധത്തിനുമുൻപു് മലയാ ഉപദ്വീപു് ബ്രിട്ടീഷ്മേൽക്കോയ്മയുടേ കീഴിലുള്ള പല സുൽത്താനാരുടേയും ചെറിയ രാജ്യങ്ങളുടെ ഒരു സമാഹാരമായിരുന്നു. യുദ്ധകാലത്തു് ജപ്പാൻ ഈ പ്രദേശം ആക്രമിച്ചു കൈവശപ്പെടുത്തി. ഒടുവിൽ ജപ്പാൻ കീഴടങ്ങിയപ്പോൾ ബ്രിട്ടീഷ് ആധിപത്യം വീണ്ടും സ്ഥാപിച്ചു. എങ്കിലും സ്വാതന്ത്ര്യപ്രക്ഷോഭണം അവിടെയും തുടങ്ങി. ഇൻഡോചൈനയിൽ സംഭവിച്ചതുപോലെ കമ്മ്യൂണിസ്റ്റുകളുടെ പ്രവർത്തനം അവിടെയും ഗൗരവതരമായിത്തീർന്നു. മലയൻ കമ്മ്യൂണിസ്റ്റുകളെ അടിച്ചമർത്തുവാൻ ബ്രിട്ടീഷുകാർ കൂട്ടാക്കിയില്ല, എങ്കിലും മലയാക്കാർക്കു് സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കാതെ തരമില്ലെന്നുവന്നു. 1957 ആഗസ്റ്റ് 31-ാംനു മലയാ സ്വതന്ത്രമായിത്തീർന്നു. എങ്കിലും സിംഗപ്പൂർ ഒരു പ്രത്യേക ഘടകമായി തുടരുകയാണു്.

3. ആധുനിക ചൈന

റഷ്യയുടെ സഹായത്തോടുകൂടി കമ്മ്യൂണിസ്റ്റു് കക്ഷി ചൈനയിൽ പ്രബലപ്പെട്ടു് ക്രമേണ അധികാരത്തിലെത്തിയവിവരം മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ, 19-ാം നൂറ്റാണ്ടിലെ പാശ്ചാത്യശക്തികളുടെ ഇടപെടലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ജപ്പാൻകാർ നടത്തിയ കൈയേറ്റവുംകൊണ്ടു് മനോവീര്യം നശിച്ചുകിടന്നിരുന്ന ചൈനീസ് ജനതയ്ക്കു് അല്പമെങ്കിലും ആത്മവിശ്വാസം നൽകിയതു് സൺയത്സെൻ എന്ന നേതാവായിരുന്നു. അദ്ദേഹം ജനങ്ങളെ സംഘടിപ്പിച്ചു് 1911-ൽ

രാജവാഴ്ച അവസാനിപ്പിച്ചു് ജനകീയഭരണം ഏർപ്പെടുത്തി. 1935 മുതൽ തുടങ്ങിയ ജപ്പാന്റെ തുടർന്നുള്ള ആക്രമണവും മറ്റുംകൊണ്ടു് നാട്ടിൽ സമാധാനമില്ലാതെയായി. ചൈനയുടെ വടക്കൻ ഭാഗങ്ങളിൽ സൈനിക നേതാക്കന്മാർ ഇഷ്ടാനുസരണം ഭരണം നടത്തി, നാട്ടിലെ അസമാധാനം വർദ്ധിപ്പിച്ച വിവരം മുൻക്ലാസിൽ പഠിച്ചിട്ടുണ്ടല്ലോ. രണ്ടാം ലോകയുദ്ധത്തിൽ ജനങ്ങളെ കൂടുതലൊക്കെ കൂട്ടിച്ചേർത്തു് ജപ്പാനോടു് എതിരിടാൻ ചിയാങ് കൈഷക്കു് എന്ന യുദ്ധവീരൻ ശ്രമിച്ചു. ഒരു വിധം ആക്രമണത്തെ തടഞ്ഞുനിർത്തുകയും ചെയ്തു. ജപ്പാൻ കീഴടങ്ങി. അപ്പോഴേക്കും അസംതൃപ്തരായ ജനങ്ങളുടെ ഇടയിൽ കമ്മ്യൂണിസ്റ്റാദർശങ്ങൾ റഷ്യയുടെ സഹായത്തോടുകൂടി വ്യാപിച്ചിരുന്നു. ജപ്പാന്റെ പതനത്തിനുശേഷം അമേരിക്കക്കാർ ചിയാങ്ങിനെ സഹായിച്ചില്ല. അദ്ദേഹവും കമ്മ്യൂണിസ്റ്റ് കക്ഷിയും തമ്മിൽ ആഭ്യന്തരകലഹമുണ്ടായി. ചിയാങ് തോറ്റു് ഫോർമോസാ ദ്വീപിലേയ്ക്കു് പിൻവാങ്ങി. കമ്മ്യൂണിസ്റ്റുകാർ നിനച്ചിരിക്കാതെ ചൈനയിൽ ഭരണം കൈയേറ്റപ്പോൾ അമേരിക്കർ തെറ്റു മനസ്സിലാക്കി, അനവസരത്തിലെങ്കിലും ചിയാങ്ങിന്റെ ഗവൺമെണ്ടിനെ ഇപ്പോഴും സഹായിച്ചുകൊണ്ടിരിക്കയാണു്.

കമ്മ്യൂണിസ്റ്റാധിപത്യത്തിലുള്ള ജനകീയ ചൈന സാമ്പത്തികമായി വളരെ പുരോഗമിച്ചിട്ടുണ്ടു്. റഷ്യയിൽനിന്നും സാമ്പത്തിക സഹായവും വിദഗ്ധോപദേശവും നിർല്ലോഭം കിട്ടി പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കി. വ്യവസായം, കൃഷി, ജലസേചനം, ഗതാഗതം ഇവയെല്ലാം റഷ്യൻ മാതൃകയിൽ വളരെയേറെ അഭിവൃദ്ധിപ്പെടുത്തി. ദരിദ്രമായിരുന്ന ചൈന സാമ്പത്തികമായി സുഭിക്ഷമായിത്തീർന്നു.

പക്ഷെ അതോടുകൂടി ചൈനയുടേതായ വ്യക്തിത്വം നശിച്ചു. വ്യക്തിസ്വാതന്ത്ര്യം ആ രാജ്യത്തു് ഇല്ലാതെയായി സഹിഷ്ണുത മുതലായി ചൈനയിലെ പുരാതനസംസ്കാരത്തിനു് അനുയോജ്യവും പ്രസിദ്ധവുമായ ഗുണങ്ങൾ ജന

ങ്ങൾക്കു് നഷ്ടപ്പെട്ട. ഭൌതികമായ ഐശ്വര്യവും സ്വാത്മലാഭവും മാത്രം ലക്ഷ്യമായിത്തീർന്ന. ആക്രമണാസക്തി മുൻപില്ലാത്തവിധം ആ രാജ്യക്കാരിൽ വളർന്ന അതിന്റെ ഫലമായി ടിബറ്റുരാജ്യം ആക്രമിച്ചു കീഴടക്കി.

ഏകദേശം മൂവ്വായിരം · കൊല്ലമായി ഇൻഡ്യയും ചൈനയും തമ്മിൽ സാഹോദര്യവും മൈത്രീബന്ധവും നിലനിന്നിരുന്ന. ബുദ്ധമതത്തിന്റെ ജന്മഭൂമിയായ ഇന്ത്യയിൽ ബുദ്ധമതത്തിനു് ഇന്നു് പറയത്തക്ക പ്രചാരമില്ല. ചൈനയിലെ ജനങ്ങളിൽ ഒരു വലിയ ഭാഗം ബുദ്ധമതക്കാരാണു്. മുൻകാലങ്ങളിൽ ഇന്ത്യയിൽനിന്നും ബുദ്ധമതസന്യാസികൾ ആ മതം ചൈനയിൽ പ്രചരിപ്പിച്ചതാണു്. മതപരമായും, സാഹിത്യപരമായും, പൊതുവെ സാംസ്കാരികമായും ഇന്ത്യയും ചൈനയും തമ്മിൽ അഭേദ്യമായ ബന്ധം നിലനിന്നിരുന്ന. അതെല്ലാം പാടെ ധിക്കരിച്ചു് അടുത്ത കാലത്തു് ചൈനാക്കാർ ഇന്ത്യൻ അതിർത്തിയിൽ ആക്രമണം നടത്തി. ഏതാനും വർഷം മുൻപുമാത്രമാണു് ഇന്ത്യാ, ചൈനാ മുതലായ പൌരസ്ത്യരാജ്യങ്ങളെ ചേർത്തു് സത്വാഗ്രഹപ്രധാനമായ പഞ്ചശീലത്തിന്റെ അടിസ്ഥാനത്തിൽ ഒരു സഖ്യം സ്ഥാപിച്ചതു്. അതിന്റെ ശൈഥില്യമാണു് ചൈനയുടെ ഇപ്പോഴത്തെ ഗതി സൂചിപ്പിക്കുന്നതു്.

4. ഇൻഡ്യൻ റിപ്പബ്ലിക്കും, ലോകസമാധാനവും

ഇൻഡ്യ സ്വതന്ത്രമായതു് 1947 ആഗസ്റ്റ് 15-ാംന- ആയിരുന്നുവെങ്കിലും ഒരു ഭരണഘടന എഴുതി ഉണ്ടാക്കുന്നതിനു് കുറച്ചുകാലംകൂടി വേണ്ടിവന്ന. 1950 ജനുവരി 26-ാംന- പുതിയ ഭരണഘടന നടപ്പിലായി. അതോടുകൂടി ഇൻഡ്യ ഒരു പരമാധികാര റിപ്പബ്ലിക്കായിത്തീർന്ന. ഭരണത്തിന്റെ അധികാരവും ചുമതലയും ഭാരതീയരായ ജനങ്ങളിൽതന്നെയാണു് സ്ഥിതിചെയ്യുന്നതു്. പൌരസ്വാതന്ത്ര്യത്തിന്റെ വിശദാംശങ്ങൾ എടുത്തു പറകയും

അവ പരിരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ഓരോ പൗരനും ലഭിക്കുന്നതിനും അഭിപ്രായസ്വാതന്ത്ര്യം, ആരാധനാസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം ആദിയായ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനും നമ്മുടെ ഭരണഘടനയിൽ വ്യവസ്ഥകളുണ്ട്. പൗരന്മാരുടെ നാനാമുഖമായ അഭിവൃദ്ധിയാണ് രാഷ്ട്രത്തിന്റെ പരമമായ ലക്ഷ്യം എന്നും ഇതിൽ പ്രത്യേകം പ്രസ്താവിച്ചിരിക്കുന്നു.

നമ്മുടെ ഭരണഘടനയുടേയും രാഷ്ട്രത്തിന്റേയും പ്രഖ്യാപിതലക്ഷ്യങ്ങൾക്ക് അനുസരണമായിട്ടിരിക്കണം അന്താരാഷ്ട്രീയ കാര്യങ്ങളിൽ നാം സ്വീകരിക്കുന്ന നയപരിപാടികളും. അക്രമരഹിതമായ മാർഗ്ഗങ്ങളിൽകൂടി വിദേശഭരണത്തിൽനിന്നും മോചനം നേടിയ മഹത്തായ ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. മഹാത്മാഗാന്ധിയുടെ കാലടികളെ പിൻതുടർന്ന് അദ്ദേഹത്തിന്റെ മഹനീയ ആദർശങ്ങളിൽനിന്നും വ്യതിചലിക്കാതെ സമാധാനമാർഗ്ഗത്തിൽകൂടി ക്ഷേമരാഷ്ട്രം സ്ഥാപിക്കുന്നതിനുവേണ്ടി എല്ലായ്പോഴും പ്രയത്നിക്കുകയാണ് ഇൻഡ്യയിലെ പൗരന്മാരായ നമ്മുടെ കർത്തവ്യം,

ലോകസമാധാനത്തിനു് ഇൻഡ്യയുടെ സംഭാവനകൾ എന്തെല്ലാമാണെന്നു പരിശോധിക്കാം. രണ്ടു മഹായുദ്ധങ്ങൾക്കുശേഷവും ലോകസമാധാനം എന്ന ആശയം ഇന്നും അപ്രാപ്യമായിത്തന്നെ നിലകൊള്ളുന്നു. മഹാശക്തികൾ തമ്മിലുള്ള ആദർശവൈരുദ്ധ്യവും മത്സരവും തൻമൂലം ഉണ്ടാകുന്ന ശീതസമരവും മൂന്നാം ലോകയുദ്ധത്തിലേക്ക് മനുഷ്യരാശിയെ തള്ളിവിട്ടുന്ന മട്ടാണ് മദ്ധ്യപൂർവ്വദേശത്തും വിദൂരപൂർവ്വദേശത്തും കാണുന്നതു്. ഇതിൽനിന്നെല്ലാം വിട്ടൊഴിഞ്ഞു് മനുഷ്യരാശിയുടെ സഹകരണവും സഹവർത്തിത്വവുംകൊണ്ടു് ഏകലോകരാഷ്ട്രം എന്ന ആദർശത്തെ ലാക്കാക്കി പ്രവർത്തിക്കുകയാണ് നമ്മുടെ രാഷ്ട്രത്തിന്റേയും മഹാനായ നമ്മുടെ പ്രധാനമന്ത്രിയുടേയും ലക്ഷ്യം. സ്വാതന്ത്ര്യലബ്ധിക്കുശേഷം അന്താരാഷ്ട്രീയ

കായ്ങ്ങളിൽ ഇൻഡ്യ അനുവത്തിച്ചുവന്ന നയവും ഈ വസ്തുത വെളിപ്പെടുത്തുന്നുണ്ട്. 1954-ൽ നമ്മുടെ പ്രധാനമന്ത്രിയും ചൈനയിലെ പ്രധാനമന്ത്രി ചൌഎൻലായിയും തമ്മിൽ നടന്ന ഒരു സഖ്യസംഭാഷണത്തിൽ ഇഡ്യയുടെ വിദേശനയം ഉൾക്കൊള്ളുന്ന അഞ്ചു തത്ത്വങ്ങൾ പ്രഖ്യാപിച്ചു. ഇവയാണു് നെഹ്റുവിന്റെ പ്രസിദ്ധമായ പഞ്ചശീലതത്ത്വങ്ങൾ. ഓരോ ജനതയുടേയും പരമാധികാരത്തേയും അവർ അധിവസിക്കുന്ന പ്രദേശത്തിന്റെ ദൃഢത (അഭിന്നത)യേയും ബഹുമാനിക്കുക, ഒരു രാജ്യത്തിന്റേയും ആഭ്യന്തരകായ്ങ്ങളിൽ ഇടപെടാതിരിക്കുക, അനാക്രമണം ഒരു തത്ത്വമായി സ്വീകരിക്കുക, സമത്വവും പരസ്പരസഹായവും അംഗീകരിക്കുക, സമാധാനപരമായ സഹവത്തിത്വം പാലിക്കുക ഇവയാണു് അഞ്ചു തത്ത്വങ്ങൾ. ഇവയ്ക്കു് അന്നുമുതൽ പ്രചാരം ലഭിക്കയും റഷ്യ മുതലായ പല രാജ്യങ്ങളും ഇവ അംഗീകരിക്കയും ചെയ്തിട്ടുണ്ടു്. ഈ തത്ത്വങ്ങളെ ആദരിച്ചുകൊണ്ടു് എല്ലാ രാജ്യങ്ങളും പെരുമാറുന്നപക്ഷം അതു് ലോകസമാധാനത്തിനു് വഴി തെളിക്കുമെന്നതിനു് സംശയമില്ല. എന്നാൽ, ഈ തത്ത്വങ്ങൾ പ്രഖ്യാപിച്ച ഉടമ്പടിയിലെ കക്ഷിയായ ചൈനീസ് പ്രധാനമന്ത്രി ചൌഎൻലായി തന്നെ അടുത്തകാലത്തു് ഇവയെ ധിക്കരിച്ചു് നിസ്സഹായരായ ടിബററൻ ജനതയെ ആക്രമിച്ചു കീഴടക്കാൻ മുതിന്നു. അതും പോരാഞ്ഞു് ഈയിടെ ഏതു രാജ്യവുമായിട്ടാണോ മുൻപറഞ്ഞ സഖ്യം സ്ഥാപിച്ചതു്, ആ ഇൻഡ്യയെത്തന്നെ ഭീഷിണിപ്പെടുത്താനും അതിർത്തിപ്രദേശങ്ങൾ ആക്രമിച്ചു് കൈവശപ്പെടുത്താനും തുടങ്ങിയിട്ടുണ്ടു്. ആത്മരക്ഷയ്ക്കുവേണ്ടി ആയുധമെടുക്കുന്നതിനു് ഈ സംഭവങ്ങൾകൊണ്ടു് ഇൻഡ്യയിൽ ആവശ്യം നേരിട്ടിട്ടുണ്ടു്. ഇൻഡ്യൻ രാഷ്ട്രത്തിന്റെ ദാർഢ്യത്തെ ചോദ്യം ചെയ്യുന്ന ഏതൊരു ശക്തിയോടും എതിർത്തു് സ്വാതന്ത്ര്യം സംരക്ഷിക്കുകയെന്നതു് നമ്മുടെ ആവശ്യം മാത്രമല്ല കർത്തവ്യംകൂടിയാണു്.

ഐക്യരാഷ്ട്രസംഘടനയിൽകൂടിയും മറു രാജ്യങ്ങളുമായി നേരിട്ടുള്ള സംഭാഷണങ്ങൾ വഴിയും കഴിഞ്ഞ

ഏതാനും വർഷങ്ങളായി ലോകസമാധാനത്തിനുവേണ്ടി ഇൻഡ്യ പരിശ്രമിക്കയും അതിൽ സ്തുത്യർഹമായ വിജയം നേടുകയും ചെയ്തിട്ടുണ്ട്. അങ്ങനെയിരിക്കെ സാഹോദര്യം ആവത്തിച്ചാവർത്തിച്ചു് ഉറപ്പിച്ചു പ്രഖ്യാപിച്ചിട്ടുള്ള ചൈനയിൽനിന്നും നേരിട്ടിരിക്കുന്ന ഭീഷണി രസാവഹമായിരിക്കുന്നു. ചൈന അതിനേറെയായ ആത്മസത്ത ഉപേക്ഷിച്ചു് വിദേശാദർശം കൈക്കൊണ്ടതായിരിക്കണം അതിനു കാരണം. ഇങ്ങനെ വിദേശാദർശം സ്വീകരിച്ചു് പെട്ടെന്നുവളർന്നു് അതുപോലെതന്നെ നശിച്ച ജപ്പാന്റെ സ്മരണ ഇന്നും മാഞ്ഞുപോയിട്ടില്ല.

കാശ്മീർ തർക്കം യു. എൻ. ഒ. യുടെ തീരുമാനത്തിനു സമർപ്പിച്ചതും ഗോവായുടെ കാര്യത്തിൽ പ്രകോപനപരമായ പെരുമാറ്റം എതിർവശത്തുനിന്നും ഉണ്ടായിട്ടും ഇടപെടാതിരുന്നതും ഇൻഡ്യയുടെ സമാധാനകാംക്ഷയ്ക്കു തെളിവുകളാണു്. കൊറിയായിലും ഇൻഡോചൈനയിലും സമരങ്ങൾ അവസാനിപ്പിച്ചു് ശാന്തമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനു് ഇൻഡ്യ വേണ്ടവിധം സഹകരിച്ചു് ഗണ്യമായ സഹായം നൽകി. യു. എൻ. ഒ. യിൽ പുതുതായി 18 അംഗരാജ്യങ്ങളെക്കൂടി ഉൾപ്പെടുത്തുന്ന വിഷയത്തിൽ റഷ്യനും അമേരിക്കനും ചേരികൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. ആ സന്ദർഭത്തിൽ രണ്ടുകൂട്ടർക്കും സ്വീകാര്യമായ ഒരു പുതിയ നിർദ്ദേശം ഇൻഡ്യ കൊണ്ടുവരികയും ഇരുകക്ഷികളും അതു സ്വീകരിച്ചു് 16 അംഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തു. നമ്മുടെ പ്രധാനമന്ത്രി നെഹ്റു അമേരിക്കയും റഷ്യയും സന്ദർശിച്ചു് അന്താരാഷ്ട്രകാര്യങ്ങളെപ്പറ്റി സംഭാഷണം നടത്തി ലോകത്തു പലയിടത്തും ഉണ്ടായിരുന്ന സംഘർഷാവസ്ഥ ഒഴിവാക്കിയിട്ടുണ്ട്. അതുപോലെതന്നെ, റഷ്യയിലേയും അമേരിക്കയിലേയും പരമാധികാരികൾ ഇൻഡ്യ സന്ദർശിച്ചു് സൗഹാർദ്ദം പുതുക്കുകയും ചെയ്തിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് ചൈനയ്ക്കു് യു. എൻ. ഒ—യിൽ അംഗത്വം കൊടുക്കേണ്ടതിന്റെ ന്യായം ഇൻഡ്യ മറ്റു രാഷ്ട്രങ്ങളെ മനസ്സിലാക്കിയിട്ടുണ്ട്. അൾജീരിയൻ പ്രശ്നം, സൂയസ് കനാൽ പ്രശ്നം മുതലായ

കായ്ങ്ങളിൽ ന്യായമായ സമാധാനത്തിനുള്ള നിർദ്ദേശങ്ങളും സഹകരണവും ഇൻഡ്യ നല്ലിയിട്ടുള്ളതും പ്രസ്താവ്യമാണു്. തക്കവിഷയങ്ങൾ യു. എൻ. ഓ: യുടെ തീരുമാനത്തിനു് വിടുകയും സമാധാനപരമായ ഒത്തുതീർപ്പിനു് കഴിവതെല്ലാം പ്രവത്തിക്കയും വേണമെന്നാണു് ഇൻഡ്യയുടെ അഭിപ്രായം.

5. ഇൻഡൊനേഷ്യാ, ഫിലിപ്പൈൻസ്, മലയാ

1. ഇൻഡൊനേഷ്യാ.—ഏഷ്യയ്ക്കു് തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന മൂവായിരത്തിൽപ്പരം ദ്വീപുകളുടെ സമൂഹത്തെയാണു് ഇൻഡോനേഷ്യാ അഥവാ ഈസ്റ്റ് ഇൻഡ്യൻ ദ്വീപുകൾ എന്നു പറയുന്നതു്. ഇവയിൽ സുമാത്രാ, ജാവാ, ബോർണിയോ, സിലബീസു് എന്നിവ വലിയ ദ്വീപുകളാണു്. കിഴക്കുപടിഞ്ഞാറു് ഏകദേശം 3000 മൈൽ നീളത്തിലും തെക്കുവടക്കു് 1000 മൈൽ വീതിയിലും വ്യാപിച്ചുകിടക്കുന്ന ഈ ദ്വീപസമൂഹം ലോകത്തിലെ ഏറ്റവും ഫലപുഷ്ടിയുള്ള പ്രദേശങ്ങളിൽ ഒന്നാണു്. വെളുത്തീയം, മണ്ണെണ്ണ, കൽക്കരി, മാംഗനീസ്, ചെമ്പു്, സ്വർണ്ണം, വെള്ളി മുതലായ ധാതുനിക്ഷേപങ്ങളും റബ്ബർ, പഞ്ചസാര, കുരുമുളകു് തുടങ്ങിയ കാഷികോല്പന്നങ്ങളുമാണു് അവിടത്തെ പ്രധാന വിഭവങ്ങൾ. എട്ടു കോടിയിൽപരം ജനങ്ങൾ ഇവിടെ അധിവസിക്കുന്നു. ഇവരിൽ 90 ശതമാനവും മുസ്ലീങ്ങളാണു്. ജാവയ്ക്കു തൊട്ടു കിഴക്കുള്ള ബാലി എന്ന ദ്വീപിൽ ഹിന്ദുക്കൾ വളരെയുണ്ടു്. മുൻകാലങ്ങളിൽ ഇൻഡ്യയിൽ നിന്നും കച്ചവടത്തിനും കുടിയേറിപാർക്കുന്നതിനും ധാരാളം ആളുകൾ ഇവിടെ വന്നിരുന്നു. ഹിന്ദുമതവും ബുദ്ധമതവും ഇവിടെ പ്രചാരത്തിലായി ദ്വീപുകൾ മുഴുവനും ഉൾക്കൊള്ളുന്ന മഹാസാമ്രാജ്യങ്ങളും ക്രിസ്താബ്ദത്തിന്റെ മദ്ധ്യകാലംവരെ ഇവിടെ അഭിവൃദ്ധിയിൽ കഴിഞ്ഞിരുന്നു. തെക്കെ ഇൻഡ്യ, ചൈന മുതലായ രാജ്യങ്ങളുമായി ഉറ്റ ബന്ധവും പുലത്തിപ്പോന്നിരുന്നു. ചൈനയുമായുണ്ടായ സമരമാണു് ഒടുവിലത്തെ ഇൻഡോനേഷ്യൻ സാമ്രാജ്യത്തിന്റെ നാശകാരണം എന്നു് അനുമാ

നിക്കപ്പെട്ടന്നു. ക്രിസ്ത്വാബ്ദം 14-ാം ശതകത്തിൽ അറ ബികൾ കച്ചവടത്തിനായി ഇവിടങ്ങളിൽ വന്നു. അതോടുകൂടി ഇസ്ലാംമതവും പ്രചരിച്ചുതുടങ്ങി. 16-ാം നൂറ്റാണ്ടിൽ യൂറോപ്യൻ രാജ്യക്കാർ അറബികളെ തോ ല്പിച്ചു് ഇവിടത്തെ കച്ചവടം കൈക്കലാക്കി. തുടന്നു് ഡച്ചുകാർ രാജാധികാരവും പിടിച്ചെടുത്തു. രണ്ടാം ലോകയുദ്ധകാലംവരെ ഇൻഡൊനേഷ്യ മിക്കവാറും ഡച്ചുകാരുടെ കൈവശംതന്നെ കഴിഞ്ഞു. ഹോളണ്ടി ലെ ബാങ്കറന്മാരെയും വാണിജ്യപ്രഭുക്കളേയും സമ്പന്നരാ ക്കുന്നതിനുമാത്രം ഉതകുന്ന ഒരു ഭരണരീതിയായിരുന്നു ഡച്ചുകാർ സ്വീകരിച്ചിരുന്നതു്. നാട്ടുകാരുടെ വിദ്യാ ഭ്യാസത്തിനോ മറ്റു ക്ഷേമപ്രവർത്തനങ്ങൾക്കോ അവർ ഒട്ടുംതന്നെ ശ്രദ്ധിച്ചില്ല.

രണ്ടാം ലോകയുദ്ധകാലത്തു് ഡച്ചുകാരിൽനിന്നും ജപ്പാൻകാർ ഈ ദ്വീപുകൾ ആക്രമിച്ചു കൈവശപ്പെ ടുത്തി. ഡച്ചുകാർ ഓടി രക്ഷപ്പെട്ടു. മൂന്നുവർഷം ജപ്പാൻകാർ ഇവിടം ഭരിച്ചു. 1945-ൽ ജപ്പാനു് ഇവി ടെനിന്നും പിൻമാറേണ്ടിവന്നു. അപ്പോൾ വളരെ അധികം യുദ്ധസാമഗ്രികൾ അവർ ഇവിടെ ഉപേക്ഷിച്ചു പോയി. തോക്കു മുതലായി വളരെ യുദ്ധോപകരണങ്ങൾ നാട്ടുകാർ കൈവശപ്പെടുത്തി സൂക്ഷിച്ചു. യുദ്ധം കഴി ഞ്ഞപ്പോൾ ഡച്ചുകാർ വീണ്ടും അധികാരം സ്ഥാപിക്കാൻ എത്തി. പക്ഷെ നാട്ടുകാർ പ്രതിഷേധിച്ചു് സമരത്തിനു തയ്യാറായി. ഡച്ചുകാരും ഇൻഡോനേഷ്യയും തമ്മിൽ യുദ്ധം തുടങ്ങി. വിപ്ലവകാരികൾ എന്നു പേരു പിടിച്ച ദേശീയവാദികൾ ഇൻഡോനേഷ്യയെ ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി പ്രഖ്യാപനം ചെയ്തു. ഇതിൽ ജാവാ, സുമാട്ര മുതലായ ദ്വീപുകളുടെ ഏറിയ ഭാഗവും ഉൾപ്പെ ട്ടിരുന്നു. ഇൻഡോനേഷ്യൻ ദ്വീപുകളിൽവെച്ചു് എല്ലാം കൊണ്ടും പ്രധാനം അത്രതന്നെ വലുതല്ലാത്ത ജാവാ ദ്വീപാണു്. ഇൻഡോനേഷ്യയുടെ തലസ്ഥാനവും ഡച്ചു കാരുടെ ഭരണകാലത്തും ഇപ്പോഴും ഇവിടെത്തന്നെയാണു്. ഇൻഡോനേഷ്യൻ സ്വാതന്ത്ര്യസമരം ഏതാനും വർഷം

നീണ്ടുനിന്നു. ഒടുവിൽ യു. എൻ. ഓ. ഇടപെട്ട് ഒത്തു തീർപ്പിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. 1949-ൽ ഇൻഡോനേഷ്യൻ ഐക്യസംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. എങ്കിലും ഹോളണ്ടിനു് അവയുടെ മേൽ ഒരു നിയന്ത്രണം നിലനിത്തിയിരുന്നു. 1950-ൽ ഈ വ്യവസ്ഥയ്ക്കു മാറ്റം വരുത്തുകയും സ്വതന്ത്രമായ ഒരു ഇൻഡോനേഷ്യൻ റിപ്പബ്ലിക്കു് സ്ഥാപിക്കുകയും ചെയ്തു. സ്വാതന്ത്ര്യസമരത്തിനു് നേതൃത്വം നല്കിയിരുന്ന പ്രസിദ്ധനായ അഹമ്മദു് സുക്കാർണോ ആദ്യത്തെ പ്രസിഡൻറായി. ജോക്കാത്ത തലസ്ഥാനമായി. 16 ഉപരാഷ്ട്രങ്ങൾ ഉൾപ്പെട്ട ഒരു ഐക്യറിപ്പബ്ലിക്കാണു് പുതിയ ഇൻഡോനേഷ്യൻ രാഷ്ട്രം:

2. ഫിലിപ്പൈൻ ദ്വീപുകൾ.—ഇൻഡോനേഷ്യൻ ദ്വീപുകൾക്കു വടക്കുമാറി ഏഷ്യയുടെ വൻകരയിൽ നിന്നും ഏകദേശം 500 മൈൽ അകലെയായി സ്ഥിതി ചെയ്യുന്ന മറെറാരു ദ്വീപസമൂഹമാണു് ഫിലിപ്പൈൻസ്. ആദ്യം സ്പെയിൻകാർ ഇതു് കൈവശപ്പെടുത്തി. 1899-ൽ അമേരിക്കയുമായുണ്ടായ യുദ്ധത്തിൽ സ്പെയിൻകാർ തോറുപോയി. അതിൻെറ ഫലമായി ഫിലിപ്പൈൻ ദ്വീപുകൾ അമേരിക്കയ്ക്കു വിട്ടുകൊടുക്കേണ്ടിവന്നു. അന്നു് സ്വാതന്ത്ര്യത്തിനുവേണ്ടി നാട്ടുകാർ ശക്തിയായ പ്രവർത്തനം ആരംഭിച്ചുവെങ്കിലും അമേരിക്കർ അവരുടെ ആധിപത്യം പൂർണ്ണമായും അവിടെ സ്ഥാപിച്ചു. നാട്ടുകാരുടെ സ്വാതന്ത്ര്യപ്രക്ഷോഭണം വീണ്ടും ഉണ്ടായി. 1934-ൽ അമേരിക്കൻ കോൺഗ്രസ്സു് ഫിലിപ്പൈൻ ദ്വീപുകൾക്കു് ചില സ്വയംഭരണാവകാശങ്ങൾ അനുവദിച്ചുകൊടുത്തു. പൂർണ്ണസ്വാതന്ത്ര്യത്തിനു് ഒരു കാലഘട്ടവും നിശ്ചയിച്ചു. രണ്ടാം ലോകയുദ്ധത്തിൽ ഈ ദ്വീപസമൂഹവും ജപ്പാൻകാർ ആക്രമിച്ചു കൈവശപ്പെടുത്തി. യുദ്ധാവസാനത്തിൽ ജപ്പാൻ തോറപ്പോൾ അമേരിക്കർ വീണ്ടും ഇവിടത്തെ അധിപന്മാരായി. 1946-ൽ ഫിലിപ്പൈൻസ് അമേരിക്കൻ മാതൃകയിലുള്ള ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി പ്രഖ്യാപനംചെയ്തു.

പുതിയ റിപ്പബ്ലിക്കൻ രാഷ്ട്രത്തിന്റെ ഭരണം നടത്തുന്നതു് നാലു വർഷത്തേയ്ക്കു് തെരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രസിഡൻറും അദ്ദേഹം നിയമിക്കുന്ന മന്ത്രിസഭയും കൂടിയാണു്. കോൺഗ്രസ്സു് എന്ന പേരിലുള്ള അവിടത്തെ നിയമസമിതിക്കു് രണ്ടു മണ്ഡലങ്ങളുണ്ടു്. ഇരുപത്തിനാലു് അംഗങ്ങളുള്ള സെനറും നൂറിയിരുപതിൽ കവിയാതെ അംഗങ്ങളുള്ള പ്രതിനിധിസഭയും.

ഒരു ലക്ഷത്തിൽപ്പരം ചതുരശ്രമൈൽ വിസ്തീർണ്ണവും രണ്ടേകാൽ കോടിയോളം ജനസംഖ്യയുമുള്ള ഫിലിപ്പൈൻ ദ്വീപസമൂഹത്തിലെ പ്രധാന വിഭവങ്ങൾ നെല്ലു്, നാളികേരം, ചെറുചണം (hemp), പഞ്ചസാര, പുകയില മുതലായവയാണു്.

3. മലയാ.—രണ്ടാം ലോകയുദ്ധകാലത്തു് ജപ്പാൻ മലയാ ആക്രമിച്ചു കൈവശപ്പെടുത്തി. അതിനുമുൻപു് ആ പ്രദേശം പൂർണ്ണമായും ബ്രിട്ടീഷ് ആധിപത്യത്തിലായിരുന്നു. ജപ്പാന്റെ പരാജയത്തിനുശേഷം ബ്രിട്ടീഷുകാർ മലയായിൽ വീണ്ടും ആധിപത്യം ഉറപ്പിക്കാൻ ശ്രമിച്ചു. അപ്പോഴേക്കും മലയായിലും ദേശീയവാദികളുടെ സ്വാതന്ത്ര്യപ്രക്ഷോഭണം ശക്തമായിത്തീർന്നിരുന്നു. ചില സ്വയംഭരണാവകാശങ്ങൾ നല്കി മലയായിലെ ദേശീയവാദികളെ തൃപ്തിപ്പെടുത്തുവാൻ ബ്രിട്ടീഷുകാർ തീരുമാനിച്ചു. 1948-ൽ ബ്രിട്ടീഷുകാരുടെ അധികാരത്തിൻകീഴിൽ ഒരു പുതിയ മലയൻ സംയുക്തരാഷ്ട്രം രൂപീകരിച്ചു. ബ്രിട്ടീഷുകാർ നേരിട്ടുഭരിച്ചിരുന്ന പെനാംഗ്, മലാക്കാ ഇവയും മലയായിലെ ഒൻപതു നാട്ടുരാജ്യങ്ങളും ഈ ഫെഡറേഷനിൽ ഉൾപ്പെട്ടിരുന്നു. പ്രതിരോധം, വിദേശകാര്യം മുതലായവ ബ്രിട്ടീഷ് നിയന്ത്രണത്തിൽതന്നെ തുടർന്നുപോന്നു. 99 അംഗങ്ങളുള്ള ഒരു നിയമസഭയും അതിനോടു് ഉത്തരവാദിത്വമുള്ള ഒരു മന്ത്രിസഭയും ഏർപ്പെടുത്തി. ഈ ഭരണപരിഷ്കാരം മലയൻ ദേശീയവാദികളെ തൃപ്തിപ്പെടുത്തിയില്ല. കമ്മ്യൂണിസ്റ്റുകാരുടെ വിദ്ധ്വംസക പ്രവർത്തനങ്ങളും വിപ്ലവ

സംഘങ്ങളുടെ എതിർപ്പുകളും ഗവണ്മെൻറിനു് നേരിടേണ്ടിവന്നു.

1957 ആഗസ്റ്റ് 31-ാംനു് ബ്രിട്ടൻ മലയാ ഫെഡറേഷനു് പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചു. അതോടുകൂടി മലയാ ഒരു സ്വതന്ത്രരാജ്യമായി കോമൺവെൽത്തിൽ തുടർന്നുപോരികയാണു്. ഐക്യരാഷ്ട്രസമിതിയിൽ അതിനു് അംഗത്വവും ലഭിച്ചു. സിംഗപ്പൂർ പുതിയ ഫെഡറേഷനിൽ ഉൾപ്പെടാതെ പ്രത്യേകമായി നില്ക്കുകയാണു്.

പുതിയ ഭരണഘടനപ്രകാരം മലയാ ഫെഡറേഷനിലെ ഓരോ സംസ്ഥാനഘടകത്തിലും പ്രത്യേകം ഭരണാധികാരിയും പ്രാദേശികസ്വയംഭരണവും ഉണ്ടു്. ഫെഡറൽ തലസ്ഥാനം കോലാലമ്പൂർ ആണു്. ഒരു സെനറും പ്രതിനിധിസഭയും ഭരണതലവനും ഉൾപ്പെട്ട പാർലമെൻറിനാണു് നിയമനിർമ്മാണാധികാരം. മലയാ ഐക്യസംസ്ഥാനത്തിൻെറ വിസ്തീർണ്ണം ഏകദേശം അമ്പതിനായിരം ചതുരശ്രമൈൽ ആണു്. ജനസംഖ്യ അറുപത്തിരണ്ടരലക്ഷവും.

ചോദ്യങ്ങൾ

അദ്ധ്യായം 10

1. താഴെ പറയുന്നവയെ വ്യക്തമാക്കുക:—

   1. കോമിൻേറൺ.

   2. ഉത്തര അറ്റ്ലാൻടിക് ഉടമ്പടി (N.A.T.O.)

2. ആഫ്രിക്കയിൽ ഇന്നു് ഏതെല്ലാം രാഷ്ട്രങ്ങളാണു് സ്വതന്ത്രമായിത്തീർന്നിട്ടുള്ളതു്?

3. തെക്കെ ആഫ്രിക്കയിലെ വർണ്ണവിവേചനനയത്തെപ്പറ്റി നിങ്ങൾക്കെന്തറിയാം?

4. ചുവടെ ചേർത്തരാജ്യങ്ങൾക്ക് സ്വാതന്ത്ര്യം ലഭിച്ച കൊല്ലങ്ങൾ എഴുതുക :—

1. ഇന്ത്യ.
2. ബർമ്മ.
3. സിലോൺ.
4. ഇൻഡോനേഷ്യ.
5. മലയാ.
6. ഇൻഡോചൈന.

5. ചുവടെ ചേർത്ത രാജ്യങ്ങളിലെ പ്രധാനമന്ത്രിമാരുടെ പേരുകൾ എഴുതുക :—

ഇന്ത്യ.

ചൈന.

സിലോൺ.

മലയാ.

ബർമ്മ

ഇൻഡോനേഷ്യ.

6. ലോകസമാധാനത്തിനു് വേണ്ടി ഇന്ത്യയുടെ സംഭാവനകൾ സംഗ്രഹിച്ചെഴുതുക.

അദ്ധ്യായം 11

ഇന്ത്യൻ ഭരണഘടന

സാമാന്യരൂപം—ഭരണഘടനാ നിർമ്മിതി

ഇൻഡ്യയുടെ ഭരണഘടന എന്തായിരിക്കണമെന്നു നിശ്ചയിക്കേണ്ടതു് ഇന്ത്യക്കാരായ ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു ഭരണനിർമ്മാണസമിതിയായിരിക്കണമെന്നു് മഹാത്മഗാന്ധി പ്രസ്താവിച്ചിരുന്നു. 1946-ൽ ബ്രിട്ടീഷു് ഗവണ്മെൻറു് ഒരു ഭരണഘടനാസമിതിക്കുള്ള തെരഞ്ഞെടുപ്പു് നടത്തി. ഈ സമിതി 1947 ആഗസ്റ്റു് 14-ാം തീയതി അർദ്ധരാത്രിയിൽ ഭാരതത്തിൻെറ പരമാധികാര സഭയായിത്തീർന്നു. ഈ സഭ മൂന്നു വർഷത്തോളം നീണ്ടു നിന്നു് ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കും ശേഷം ഭാരതത്തിൻെറ ഭരണഘടന പൂർത്തിയാക്കി. 1950 ജനുവരി 26-ാം തീയതി പുതിയ ഭരണഘടന നടപ്പിൽ വന്നു. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ എന്നറിയപ്പെട്ടന്ന ഈ പ്രമാണത്തെ ആസ്പദമാക്കിയാണു് നമ്മുടെ രാഷ്ട്രത്തിൻെറ ഭരണം നടത്തി വരുന്നതു്. ഈ ഭരണഘടനയിൽ ആവശ്യമെന്നു തോന്നിയിട്ടുള്ള ഭേദഗതികൾ പിന്നീടു വരുത്തിയിട്ടുണ്ടു്. അമേരിക്ക, ബ്രിട്ടൻ മുതലായ ജനകീയ ഭരണം നടപ്പിലുള്ള രാജ്യങ്ങളിലെ ഭരണഘടനകളുടെ ഗുണവശങ്ങളെല്ലാം നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

പ്രത്യേകതകൾ

നമ്മുടെ ഭരണഘടനയുടെ സാരാംശങ്ങളെക്കുറിച്ചു് നാം അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണു്. ഈ മഹത്തായ പ്രമാണത്തിൻെറ ലക്ഷ്യം രാഷ്ട്രത്തിൻെറ പരമാധികാരം പൊതുജനങ്ങളിലേക്കു പകർത്തുകയായിരുന്നു. ഭാരതത്തെ ഒരു പരമാധികാര ജനായത്ത രാഷ്ട്രമായി പ്രഖ്യാപിച്ചു. ഇതനുസരിച്ചു് ഭരണത്തിൻെറ അധികാരം പ്രായപൂർത്തിയായ പൗരന്മാരിൽ നിക്ഷിപ്ത

മായിരിക്കുന്നു. പരമാധികാരം ഭാരതത്തിലെ ജനങ്ങളിൽതന്നെ സ്ഥിതിചെയ്യുന്നു. പൗരന്മാരുടെ മൗലികാവകാശങ്ങൾ നിഷ്കർഷിക്കപ്പെട്ടകയും അവ സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ജാതിയുടെയോ മതത്തിന്റെയോ പേരിൽ ആരുടേയും അവകാശങ്ങൾ നിഷേധിച്ചുകൂടാ. പരിപൂർണ്ണമായ ആരാധനാസ്വാതന്ത്ര്യം അംഗീകരിച്ചിട്ടുണ്ട്. അതിനാൽ ഇന്ത്യ ഒരു മതേതരരാഷ്ട്രം (Secular State) ആണെന്നും പ്രസ്താവിച്ചിട്ടുണ്ട്. മുമ്പുണ്ടായിരുന്ന അനേകം സംസ്ഥാനങ്ങളെ സൗകര്യമായി സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സംയുക്തരാഷ്ട്രം എന്ന നിലയിൽ കേന്ദ്രഭരണം സംവിധാനം ചെയ്തിരിക്കുന്നതിനാൽ ഒരു ഫെഡറേഷൻ അഥവാ സംയുക്തഭരണത്തിന്റെ സ്വഭാവമാണ് നമ്മുടെ ഭരണത്തിനുള്ളത്. യൂണിയൻ ഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റുകളും തമ്മിൽ അധികാരങ്ങൾ വിഭജിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ളവ കഴിച്ചിട്ടുള്ള അവശിഷ്ടാധികാരങ്ങൾ (Residuary Powers) സംബന്ധിച്ച് സർവ്വ അധികാരങ്ങളും കേന്ദ്രത്തിനായിരിക്കുമെന്ന വ്യവസ്ഥചെയ്തിട്ടുണ്ട്. അതുകൊണ്ട് കേന്ദ്രത്തിന സംസ്ഥാനങ്ങളേക്കാൾ അധികാരമുണ്ടെന്നുള്ളതു വ്യക്തമാണല്ലോ. അമേരിക്കൻ ഐക്യനാടുകളിൽ ഇതിന വിപരീതമാണ്; അവിടെ അവശിഷ്ടാധികാരങ്ങൾ നിക്ഷിപ്തമായിരിക്കുന്നതു സംസ്ഥാനങ്ങളിലത്രേ. ബ്രിട്ടനെപ്പോലെ ഇന്ത്യൻ ഭരണഘടന അലിഖിതമല്ല. എങ്കിലും കാലാകാലങ്ങളിൽ ആവശ്യമെന്നതോന്നുന്ന ഭേദഗതികൾ വ്യവസ്ഥകളിൽ വരുത്തുന്നതിന് ലിഖിതമായ അമേരിക്കൻ ഭരണഘടനയിലെപ്പോലെ പ്രയാസങ്ങളൊന്നുമില്ല. ഇതിനു നാം സ്വീകരിച്ചിരിക്കുന്നതു ബ്രിട്ടനിലെ മാതൃകയാണ്. ഇങ്ങിനെ ലിഖിതമെങ്കിലും ഭേദപ്പെടുത്താവുന്ന (Written but flexible) ഒരു ഭരണഘടനയാണ് നമുക്കുള്ളതു്. പുരോഗമനപരമായ വകുപ്പുകൾ കാലാകാലങ്ങളിൽ കൂട്ടിച്ചേർക്കുന്നതിനോ നിലവിലുള്ളവയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനോ ഇതുമൂലം പ്രയാസമി

ല്ലെന്നുള്ളതു് രാഷ്ട്രത്തിന്റെ പ്രത്യേകതകൾ പരിഗണിക്കുമ്പോൾ ഒരു പ്രധാനപ്പെട്ട കാര്യമാകുന്നു.

കേന്ദ്രഭരണം

1. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും

തെരഞ്ഞെടുക്കപ്പെടുന്ന ഒരു രാഷ്ട്രപതിയാണു് നമ്മുടെ ഭരണകൂടത്തിന്റെ തലവൻ. യൂണിയനിലെ ഭരണനിർവ്വഹണാധികാരം രാഷ്ട്രപതിയിൽ നിക്ഷിപ്തമായിരിക്കുന്നു. അദ്ദേഹം അതു നേരിട്ടോ, ഉദ്യോഗസ്ഥന്മാർ മുഖേനയോ പ്രയോഗിക്കുന്നു. ഭാരതത്തിലെ സൈന്യത്തിന്റെ പരമസേനാപതിയും അദ്ദേഹംതന്നെ. യൂണിയൻ മന്ത്രിമാർ, സുപ്രീംകോടതി ജഡ്ജിമാർ, സംസ്ഥാനങ്ങളിലെ ഗവണ്ണർമാർ, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തെരഞ്ഞെടുപ്പുകമ്മീഷൻ മുതലായവരെ നിയമിക്കുന്നതു് അദ്ദേഹമാണു്. പാർലമെന്റു വിളിച്ചുകൂട്ടുക, കാലാവധി നീട്ടുക, പിരിച്ചുവിടുക എന്നിവയും അദ്ദേഹത്തിന്റെ അധികാരപരിധിയിൽപെടുന്നു. അദ്ദേഹത്തിന്റെ അനുമതി കിട്ടിക്കഴിഞ്ഞാൽ മാത്രമെ പാർലമെന്റു പാസ്സാക്കുന്ന ബില്ലുകൾ നിയമമായിത്തീരൂ. വേണ്ടി വന്നാൽ അടിയന്തരഘട്ടങ്ങളിൽ സംസ്ഥാനങ്ങളിലെ ഭരണം വിളംബരംമൂലം ഏറ്റെടുത്തു നടത്തുന്നതിനു് അദ്ദേഹത്തിനു് അധികാരമുണ്ടു്. കോടതി നൽകുന്ന ശിക്ഷ ഇളവുചെയ്യാനും ശിക്ഷിക്കപ്പെട്ടവർക്കു് മാപ്പുനൽകുവാനും അദ്ദേഹത്തിനധികാരമുണ്ടു്. ഇങ്ങനെ ഇൻഡ്യൻ പ്രസിഡൻറിനു് വിപുലമായ അധികാരങ്ങളും സ്ഥാനമാനങ്ങളും കല്പിച്ചിരിക്കുന്നു.

പ്രസിഡൻറിന്റെ ഔദ്യോഗിക കാലാവധി അഞ്ചു കൊല്ലമാണു്. 35 വയസ്സിനുമേൽ പ്രായവും ലോകസഭാംഗമായിരിക്കാൻ യോഗ്യതയുമുള്ള ഏതൊരുപൗരനും ഇന്ത്യയിലെ പ്രസിഡൻറാകാവുന്നതാണു്. എത്രതവണ വേണമെങ്കിലും പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്യാം. പാർലമെൻറിന്റെ ഇരുസഭകളിലേയും

സാമാജികന്മാരാണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. ജനപ്രതിനിധികളായ ഈ സാമാജികന്മാർ ജനങ്ങൾക്കു വേണ്ടി ഈ തെരഞ്ഞെടുപ്പിൽ പങ്കുകൊള്ളുന്നു. ഇതു് പരോക്ഷമായ തെരഞ്ഞെടുപ്പുരീതിയാണു്. പ്രസിഡൻറിനു് ഔദ്യോഗികവസതി കൂടാതെ പ്രതിമാസം 10,000 രൂപാ ശമ്പളവും പ്രത്യേക അലവൻസുകളും അനുവദിച്ചിട്ടുണ്ടു്. ഭരണഘടനാവ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ഔദ്യോഗിക കാലാവധി അവസാനിക്കുന്നതിനു മുമ്പുതന്നെ പ്രസിഡൻറിനെ നീക്കം ചെയ്യുവാനുള്ള അധികാരം പാർലമെൻറിനുണ്ടു്. മൂന്നിൽ രണ്ടുഭാഗം അംഗങ്ങളുടെ അനുമതി അതിനുണ്ടായിരിക്കണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നു.

രാഷ്ട്രപതിയുടെ അഭാവത്തിലോ അദ്ദേഹത്തിൻെറ കർത്തവ്യങ്ങൾ നിറവേറുന്നതിനു സാധിക്കാതെ വരുന്ന പരിതഃസ്ഥിതിയിലോ ഉപരാഷ്ട്രപതി അഥവാ വൈസു് പ്രസിഡൻറു് ആ സ്ഥാനം ഏറെറടുക്കുന്നു. പാർലമെൻറിലെ രണ്ടു മണ്ഡലങ്ങളും ചേർന്നു അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നു. 35 വയസ്സും രാജ്യസഭയിൽ അംഗമാകുവാനുള്ള യോഗ്യതയും അദ്ദേഹത്തിനുണ്ടായിരിക്കണം. പാർലമെൻറിൻെറ ഉപരിമണ്ഡലമായ രാജ്യസഭയുടെ അദ്ധ്യക്ഷൻ ഇദ്ദേഹമത്രെ.

അമേരിക്കൻ ഐക്യനാട്ടുകളിലെ പ്രസിഡൻറിൻെറ മാതൃക സ്വീകരിച്ചാണു് നമ്മുടെ രാഷ്ട്രപതിയുടെ സൃഷ്ടി എന്നു പറയാം. എന്നാൽ അധികാരവ്യാപ്തിയിലും, അവയുടെ പ്രയോഗത്തിലും ഇരുവരും തമ്മിൽ സാരമായ പല വ്യത്യാസങ്ങളുമുണ്ടു്. അമേരിക്കൻ പ്രസിഡൻറു് ഭരണനിർവ്വഹണവകുപ്പിൻെറ യഥാർത്ഥ മേധാവിയാണു്. ഭരണഭാരം മുഴുവൻ അദ്ദേഹത്തിൽ നിക്ഷിപ്തമാണു്. നമ്മുടെ പ്രസിഡൻറു് ഇംഗ്ലണ്ടിലെ രാജാവിനെപ്പോലെ വ്യവസ്ഥാപിത ഭരണമേധാവി മാത്രമാകുന്നു.

2. മന്ത്രിസഭ

പ്രസിഡൻറിനെ ഭരണ നിർവ്വഹണത്തിൽ മന്ത്രിസഭ യാണ് ഉപദേശിക്കുകയും സഹായിക്കുകയും ചെയ്യുന്നത്. നിയമസഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനെ പ്രധാനമന്ത്രിയായും അദ്ദേഹം നിർദ്ദേശിക്കുന്നവരെ സഹ മന്ത്രിമാരായും പ്രസിഡൻറ് നിയമിക്കും. പാർല മെൻറംഗങ്ങളിൽനിന്നുമാണ് മന്ത്രിമാർ നിയമിക്കപ്പെട്ട ന്നത്. എന്നാൽ ലോകസഭയുടെ ഭൂരിപക്ഷം നഷ്ടപ്പെട്ട മ്പോൾ മന്ത്രിസഭ രാജിവെച്ചു പിരിയേണ്ടതാകുന്നു.

3. കേന്ദ്രനിയമസഭ

ഭരണം നടത്തിക്കൊണ്ടുപോകുവാൻ ആവശ്യമായ നിയമങ്ങൾ നിർമ്മിക്കുന്നത് നിയമസഭയും പ്രസിഡൻറും കൂടിയാണ്. കേന്ദ്രനിയമസഭയ്ക്ക് രണ്ടു മണ്ഡലങ്ങളുണ്ട്: ഉപരിമണ്ഡലത്തിനു 'രാജ്യസഭ' എന്നും അധോമണ്ഡല ത്തിനു 'ലോകസഭ' എന്നും ആണ് പേർ. ഇവയിൽ പ്രാധാന്യം അധോമണ്ഡലമായ ലോകസഭയ്ക്കാകുന്നു.

ലോകസഭ (House of the People) യാണ് ധന കാര്യബില്ലുകൾ കൈകാര്യം ചെയ്യുന്നത്. ഉപരിസഭ ധന കാര്യബില്ലുകളെ ചർച്ചചെയ്ത് അതിൻെറ ശുപാർശകൾ ലോകസഭയുടെ പരിഗണനയ്ക്കയയ്ക്കും. അതിൽ കൂടുതൽ ഒന്നും ചെയ്യുന്നതിനു അവർക്ക് അധികാരമില്ല. എന്നാൽ മറ്റു ബില്ലുകളെല്ലാം രണ്ടു സഭകളും പാസ്സാക്കി പ്രസിഡൻറിൻെറ അനുമതിക്കയയ്ക്കുന്നു. തർക്കവിഷയ ങ്ങൾ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തിലെ ഭൂരി പക്ഷാഭിപ്രായപ്രകാരം തീരുമാനിക്കപ്പെടുന്നു. ആണ്ടിൽ രണ്ടുതവണയെങ്കിലും പാർലമെൻറ് കൂടണമെന്നാണ് വ്യവസ്ഥ; എന്നാൽ ആവശ്യമുള്ള ഏതു ഘട്ടത്തിലും പാർലമെൻറ് വിളിച്ചുകൂട്ടുവാൻ പ്രസിഡൻറിനു് അധികാരമുണ്ട്.

പാർലമെൻറംഗങ്ങൾക്ക് പ്രതിമാസ ശമ്പളവും സഞ്ചാരപ്പടി ആദിയായ ആനുകൂല്യങ്ങളും നല്കിവരുന്നു.

സഭയിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾക്ക് അവരെ കോടതിയിലാക്കി ശിക്ഷിക്കുവാനും പാടില്ല. ലോകസഭയിലെ അംഗസംഖ്യ 500 എന്നു ക്ലിപ്തപ്പെടുത്തിയിരുന്നെങ്കിലും ഇപ്പോൾ അതു് ഭേദഗതിചെയ്തു 520 ആയി വർദ്ധിപ്പിച്ചിരിക്കുന്നു. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചുലക്ഷം ജനങ്ങൾക്ക് ഒരു പ്രതിനിധി എന്ന കണക്കിലാണു് തെരഞ്ഞെടുപ്പു് നടത്തുന്നതു്. 21 വയസ്സു് തികഞ്ഞ എല്ലാ സ്ത്രീപുരുഷന്മാർക്കും വോട്ടവകാശമുണ്ടു്. എന്നാൽ തെരഞ്ഞെടുപ്പിനു നില്ക്കുന്നതിനു് 25 വയസ്സു് കഴിഞ്ഞിരിക്കണമെന്നാണു് വ്യവസ്ഥ. അഞ്ചുകൊല്ലത്തിൽ ഒരിക്കൽ തെരഞ്ഞെടുപ്പു നടത്തും. ലോകസഭയിലെ അംഗങ്ങൾ അവരുടെയിടയിൽനിന്നു് സ്പീക്കറേയും ഡെപ്യൂട്ടി സ്പീക്കറേയും തെരഞ്ഞെടുക്കുന്നു. സ്പീക്കറുടെ സ്വാതന്ത്ര്യത്തേയും നിഷ്പക്ഷതയേയും പാലിക്കുന്നതിനുവേണ്ടി ചില പ്രത്യേക വ്യവസ്ഥകൾ ചെയ്തിട്ടുണ്ടു്.

രാജ്യസഭയിൽ ആകെ 250 അംഗങ്ങൾ ഉണ്ടായിരിക്കും. ഇതിൽ 12 പേരെ പ്രശസ്തരായ കലാകാരന്മാർ, സാഹിത്യകാരന്മാർ, ശാസ്ത്രജ്ഞന്മാർ, സമുദായസേവകന്മാർ തുടങ്ങിയവരിൽനിന്നു പ്രസിഡൻറു നിർദ്ദേശിക്കുന്നു. ഈ ഏർപ്പാടുമൂലം പ്രശസ്ത വ്യക്തികളുടെ സേവനം രാഷ്ട്രത്തിനു ലഭിക്കുന്നതിനു സാധിക്കുന്നതാണു്. ബാക്കിയുള്ളവരെ സംസ്ഥാന നിയമസഭകൾ തെരഞ്ഞെടുത്തയയ്ക്കുന്നു. സ്ഥാനാർത്ഥിയായി നില്ക്കുന്നയാൾ 30 വയസ്സു തികഞ്ഞ ഒരു പൗരനായിരിക്കണം. ഇതു് ഒരു സ്ഥിരസഭയാണു്. സഭയെ ഒരുമിച്ചു് ഒരിക്കലും പിരിച്ചുവിടാറില്ല എന്നാണതിന്റെ അർത്ഥം. അതിന്റെ മൂന്നിലൊരു ഭാഗം അംഗങ്ങൾ ഈരണ്ടു കൊല്ലം കൂട്ടുമ്പോൾ പിരിഞ്ഞുമാറുന്നു. ഓരോ സംസ്ഥാനത്തിനും ജനസംഖ്യാനുപാതികമായി രാജ്യസഭയിൽ പ്രാതിനിധ്യം നിർണ്ണയിച്ചിരിക്കുന്നു. രാജ്യസഭയിലേക്കു് കേരളത്തിൽനിന്നും 9 സാമാജികന്മാർ തെരഞ്ഞെടുക്കപ്പെടുന്നു.

4. നീതിന്യായം

പ്രസിഡൻറും മന്ത്രിമാരുംകൂടി നിയമങ്ങളുടെ വെളിച്ചത്തിൽ ഭരണം നടത്തുന്നു. നിയമസഭ ഉണ്ടാക്കുന്ന നിയമങ്ങൾ പാലിക്കുന്നതിനുള്ള പരമാധികാരം ഇൻഡ്യയിലെ അത്യുന്നത നീതിപീഠമായ സുപ്രീം കോടതിക്കാകുന്നു. സുപ്രീം കോടതിയിൽ ഒരു ചീഫ് ജസ്റ്റീസും പത്തിൽ കുറയാതെ ജഡ്ജിമാരും ഉണ്ടായിരിക്കും. ഇവരെ പ്രസിഡൻറ് നിയമിക്കുന്നു. 65 വയസ്സുവരെ ഇവർക്ക് ഉദ്യോഗത്തിൽ തുടരാം. സ്വഭാവദൂഷ്യമോ, അപ്രാപ്തിയോ ആരോപിക്കപ്പെട്ട്, പാർലമെൻറ് വ്യക്തമായ ഭൂരിപക്ഷാഭിപ്രായപ്രകാരം ശുപാർശചെയ്യുന്നപക്ഷം, സുപ്രീം കോടതി ജഡ്ജിമാരെ പ്രസിഡൻറിനു് മാറ്റാവുന്നതാണു്. അതല്ലാതെ സാധാരണഗതിയിൽ അവരെ പിരിച്ചുവിടാവുന്നതല്ല. ഹൈക്കോടതികളുടെ തീരുമാനങ്ങളിന്മേൽ അപ്പീൽകേട്ട തീരുമാനിക്കുന്നതും മൗലികാവകാശങ്ങൾ ലംഘിക്കപ്പെടാതെ നോക്കുന്നതും കേന്ദ്രവും സംസ്ഥാനവും തമ്മിലും, സംസ്ഥാനവും സംസ്ഥാനവും തമ്മിലും ഉണ്ടാവുന്ന തർക്കങ്ങൾക്കു് പരിഹാരം കാണുന്നതും ഭരണഘടനയിലെ വകുപ്പുകളെ വ്യാഖ്യാനിക്കുന്നതും സുപ്രീംകോടതിയാണു്. പൊതുപ്രാധാന്യമർഹിക്കുന്ന വിഷയങ്ങൾ പരിഗണനയ്ക്കു് സമർപ്പിക്കപ്പെട്ടാൽ അതു സംബന്ധിച്ചു് പ്രസിഡൻറിനെ ഉപദേശിക്കുവാനും സുപ്രീംകോടതിക്കധികാരമുണ്ടു്. ഈ കോടതിയുടെ തീരുമാനം നിയമപരമായി അവസാന തീരുമാനമായിരിക്കും.

5. ഉദ്യോഗസ്ഥമണ്ഡലം

കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ദൈനംദിനഭരണത്തിൻെറ ചുമതല വഹിക്കുവാൻ മന്ത്രിമാരുടെ കീഴിൽ സെക്രട്ടറിമാരും വകുപ്പദ്ധ്യക്ഷന്മാരുമുൾപ്പെട്ട വിപുലമായ ഉദ്യോഗസ്ഥമണ്ഡലങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്. കേന്ദ്ര സെക്രട്ടേറിയറ്റു് ന്യൂഡൽഹിയിലാകുന്നു. പ്രധാന ഉദ്യോഗസ്ഥന്മാർ ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ (I.A.S.) പെട്ടവരാണു്.

സംസ്ഥാനങ്ങളിലെ ഭരണക്രമം

1956 നവംബർ ഒന്നാംതീയതി നടപ്പിലായ സംസ്ഥാന പുനർവിഭജനപ്രകാരം അന്നുവരെ നിലവിലിരുന്ന എ. ബി. സി. എന്ന മൂന്നുവിഭാഗം സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിച്ച് രണ്ടു പ്രധാന വിഭാഗങ്ങളാക്കിയിരിക്കുന്നു.

1. പതിനാലു സംസ്ഥാനങ്ങൾ

ആന്ധ്രപ്രദേശ്, ആസ്സാം, ബിഹാർ, ബോംബെ, ജർമ്മു–കാഷ്മീർ, കേരളം, മദ്ധ്യപ്രദേശ്, മദ്രാസ്, മൈസൂർ, ഒറീസ്സാ, പഞ്ചാബ്, രാജസ്ഥാൻ, ഉത്തരപ്രദേശ്, പശ്ചിമബംഗാൾ. ഇതിൽ ബോംബെ സ്റ്റേറ്റ് ഇപ്പോൾ ഗുജറാത്ത്, മഹാരാഷ്ട്രം എന്ന രണ്ടു സ്റ്റേറ്റായി തിരിച്ചിരിക്കുന്നു.

ആസ്സാമിലെ ചില ഭാഗങ്ങളും മറ്റും ചേർത്തു ഒരു നാഗാ സ്റ്റേറ്റ് രൂപീകരിക്കാനുള്ള കാര്യം അവസാനതീരുമാനത്തിൽ എത്തിയിട്ടില്ല.

2. കേന്ദ്രഗവണ്മെൻറ് നേരിട്ടു ഭരണം നടത്തുന്ന പ്രദേശങ്ങൾ

ഡൽഹി, ഹിമാചൽ പ്രദേശ്, മണിപ്പൂർ, ത്രിപുര, ആൻഡമാൻ, നിക്കൊബാർ, ലക്ഷദ്വീപുകൾ, മിനിക്കോയ, അമീൻദ്വീപ്:

സംസ്ഥാനങ്ങളിലെ ഭരണരീതിയും ഏറെക്കുറെ കേന്ദ്രത്തിലെ മാതൃകയിൽ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു. ഗവർണ്ണർ, മന്ത്രിസഭ, നിയമസഭ, നീതിന്യായക്കോടതികൾ എന്നിവയാണ് സംസ്ഥാനങ്ങളിലെ പ്രധാന ഘടകങ്ങൾ.

ഓരോ സംസ്ഥാനത്തിനും ഭരണത്തലവനായി ഓരോ ഗവർണ്ണരെ രാഷ്ട്രപതി നിയമിക്കുന്നു. 35 വയസ്സുതികഞ്ഞ, ഇൻഡ്യയിലെ ഏതൊരു പൗരനും ആ സ്ഥാനം ലഭിക്കാ

വുന്നതാണ്. സാധാരണ ഔദ്യോഗികകാലാവധി 5 വഷ മായിരിക്കും. ഔദ്യോഗികവസതിക്ക് പുറമെ പ്രതി മാസം 5,500 രൂപാ വേതനവും മറ്റു അലവൻസുകളും ഗവണ്മെന്റ് അനുവദിച്ചിട്ടുണ്ട്. നിയമപ്രകാരം സംസ്ഥാനത്തിലെ ഭരണത്തലവൻ ഗവണ്മെന്റർ ആണ്. ഗവണ്മെന്റരുടെ കീഴിൽ ഭരണകാര്യങ്ങൾ നേരിട്ടു നടത്തുന്നതു് മന്ത്രിസഭയാകുന്നു. മന്ത്രിമാരുടെ നിയമനം കേന്ദ്രത്തിലെപ്പോലെതന്നെ. നിയമസഭയോടു് മന്ത്രിസഭയ്ക്കു കൂട്ടുത്തരവാദിത്വമുണ്ട്.

എല്ലാ സംസ്ഥാനങ്ങളിലും നിയമസഭകൾ ഉണ്ടായിരിക്കുന്നതാണ്. ചില സംസ്ഥാനങ്ങളിൽ ഇവയ്ക്കു രണ്ടു മണ്ഡലങ്ങളും മറ്റുള്ളവയിൽ ഒരു മണ്ഡലവുമാണുള്ളതു്. ബോംബെ, ബീഹാർ, മദ്രാസ്, പഞ്ചാബ്, ഉത്തരപ്രദേശ്, പശ്ചിമബംഗാൾ, മദ്ധ്യപ്രദേശ്, ആന്ധ്രപ്രദേശ്, മൈസൂർ, ജമ്മു–കാഷ്മീർ എന്നിവിടങ്ങളിൽ ദ്വിമണ്ഡലനിയമസഭയാണുള്ളതു്. അധോമണ്ഡലത്തിനു ലെജിസ്ലേററീവ് അസംബ്ലി (വിധാൻസഭ) എന്നും ഉപരിമണ്ഡലത്തിനു് ലെജിസ്ലേററീവു് കൗൺസിൽ (വിധാൻപരിഷത്) എന്നുമാണു് പേരുകൾ. കൗൺസിലിലെ അദ്ധ്യക്ഷനു് ചെയർമാൻ എന്നും അസംബ്ലിയിലെ അദ്ധ്യക്ഷനു് സ്പീക്കർ എന്നുമാണു് പേർ. ഇവരെ തെരഞ്ഞെടുക്കുന്നതു് അതാതു സഭകൾ തന്നെ.

പ്രായപൂർത്തി വോട്ടിന്റെ അടിസ്ഥാനത്തിൽതന്നെ സംസ്ഥാനനിയമസഭകളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തുന്നു. ലെജിസ്ലേററീവ് അസംബ്ലിയിലെ അംഗസംഖ്യ 500-ൽ കൂടാതെയും 60-ൽ കുറയാതെയും ആയിരിക്കണമെന്നാണു് വ്യവസ്ഥ. കൗൺസിലുകളിലെ അംഗങ്ങളുടെ എണ്ണം അസംബ്ലിളിയിൽ ആകെയുള്ളവരുടെ എണ്ണത്തിൽ മൂന്നിൽ ഒരു ഭാഗത്തിൽ കവിയുകയില്ല. എന്നാൽ ഏററവും കുറഞ്ഞ അംഗസംഖ്യ നാല്പതും ആണു്. കൗൺസിൽ സ്ഥിരമായ ഒരു സ്ഥാപനമാണു്. കേന്ദ്രത്തിലെ ഉപരിസഭപോലെ മൂന്നിലൊരു ഭാഗം അംഗങ്ങൾ ഈരണ്ടു കൊല്ലത്തിന്റെ അവസാനത്തിൽ പിരിഞ്ഞു

പോകുന്നു. കൗൺസിലിലേക്ക് മുനിസിപ്പാലിറ്റികൾ, സർവ്വകലാശാലാ ബിരുദധാരികൾ, അദ്ധ്യാപകന്മാർ എന്നിങ്ങനെയുള്ളവരാണ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ഗവർണ്ണർക്ക് നാമനിർദ്ദേശം ചെയ്യുകയുമാണ് അംഗങ്ങളാക്കാൻ അധികാരമുണ്ട്. അങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെടുന്നവർ സാഹിത്യം, ശാസ്ത്രം, കല, സഹകരണപ്രസ്ഥാനം, സാമൂഹ്യസേവനം, തുടങ്ങിയ കാര്യങ്ങളിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവരായിരിക്കും. ധനകാര്യബില്ലുകൾ അസംബ്ലിയിൽ മാത്രമേ കൈകാര്യം ചെയ്യുവാൻ പാടുള്ളൂ. ഏതു ബില്ലും അസംബ്ലിയിൽ രണ്ടു തവണ പാസ്സാകുന്നപക്ഷം കൗൺസിലിൽ പാസ്സായില്ലെങ്കിലും അതു നിയമമായിത്തീരുന്നു. അസംബ്ലിക്കാണ് ഏതിലും അവസാന തീരുമാനം ചെയ്യുവാനുള്ള അധികാരം.

ഓരോ സംസ്ഥാനത്തിലെയും ഹൈക്കോടതിയാണ് അവിടത്തെ നീതിന്യായവകുപ്പിലെ ഏറ്റവും ഉന്നതമായ കോടതി. ഇതിലെ ജഡ്ജിമാരെ ഇൻഡ്യൻ പ്രസിഡണ്ട് സുപ്രീംകോടതിയുമായി ആലോചിച്ച് നിയമിക്കുന്നു. 60 വയസ്സുവരെ ഹൈക്കോടതി ജഡ്ജിമാർക്ക് ഉദ്യോഗത്തിൽ തുടരാവുന്നതാണ്. സംസ്ഥാനത്തിലെ മറ്റു കോടതികളെല്ലാം ഹൈക്കോടതിയുടെ നിയന്ത്രണത്തിലാകുന്നു.

യൂണിയനും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം

1. നിയമനിർമ്മാണകാര്യങ്ങൾ

നിയമനിർമ്മാണവിഷയത്തിൽ കേന്ദ്രത്തിനേറയും സ്റ്റേറ്റുകളുടേയും അധികാരസീമകൾ വ്യക്തമാക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഉണ്ട്. പാർലമെൻറിനു്, ഇൻഡ്യൻ യൂണിയനു് ആകമാനമോ ഏതെങ്കിലും ഭാഗത്തിനുവേണ്ടിയോ നിയമങ്ങൾ ഉണ്ടാക്കാവുന്നതാണ്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ നിയമനിർമ്മാണത്തിൻെറ പരിധി നിർണ്ണയിക്കുന്നതിനുവേണ്ടി ഭരണവിഷയങ്ങളെ മൂന്നു ലിസ്റ്റുകളായി തരംതിരിച്ചിരിക്കുന്നു. അവ

(1) കേന്ദ്രലിസ്റ്റ്. (2) കോൺകറൻറ് (Concurrent) അഥവാ കേന്ദ്രത്തിനും സ്റ്റേററുകൾക്കുമായുള്ള സംയുക്ത ലിസ്റ്റ്. (3) സ്റ്റേററ് ലിസ്റ്റ്. ഇവയിൽ ഒന്നാമത്തെ ലിസ്റ്റിൽപെടുന്ന വിഷയങ്ങളിൽ നിയമനിർമ്മാണാധികാരം പാർലമെൻറിനു മാത്രമാകുന്നു. രണ്ടാമത്തേതിൽ വ്യക്തമാക്കിയിട്ടുള്ള കാര്യങ്ങൾക്ക് നിയമമുണ്ടാക്കുവാൻ കേന്ദ്രത്തിനും സ്റ്റേററുകൾക്കും അധികാരമുണ്ട്. മൂന്നാമത്തെ ലിസ്റ്റിൽപെടുന്ന കാര്യങ്ങൾ സ്റ്റേററു നിയമസഭകൾക്കുമാത്രം കൈകാര്യം ചെയ്യുവാൻ വിട്ടിരിക്കയാണ്. കേന്ദ്രലിസ്റ്റിൽ തൊണ്ണൂററിഏഴും സംയുക്തലിസ്റ്റിൽ നാല്പത്തിഏഴും സ്റ്റേററുലിസ്റ്റിൽ അറുപത്തിആറും വിഷയങ്ങൾ കൊള്ളിച്ചിരിക്കുന്നു. സ്റ്റേററുലിസ്റ്റിൽ പോലീസ്, നീതിന്യായപരിപാലനം, പൊതുജനാരോഗ്യം, വനങ്ങൾ പ്രാദേശികസ്വയംഭരണം മുതലായവ ഉൾപ്പെടുന്നു. ഈ മൂന്നു ലിസ്റ്റുകളിലുംപെടാത്ത വിഷയങ്ങളെല്ലാം പാർലമെൻറ് കൈകാര്യം ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ അവശിഷ്ടാധികാരങ്ങൾ കേന്ദ്രത്തെ സ്റ്റേററുകളേക്കാൾ പ്രബലമാക്കിത്തീർക്കുന്നു എന്നു മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ.

2. ഭരണപരമായ കാര്യങ്ങൾ

കേന്ദ്രത്തിൻേറയും സംസ്ഥാനങ്ങളുടേയും നിർവ്വഹണവിഭാഗങ്ങൾ തമ്മിൽ സംഘട്ടനങ്ങൾ ഉണ്ടായിക്കൂടാ. അതിനു് സ്റ്റേററിലെ ഭരണനിർവ്വഹണം പാർലമെൻറ് അപ്പോഴപ്പോൾ പാസ്സാക്കുന്നതോ നിലവിലിരിക്കുന്നതോ ആയ നിയമങ്ങൾക്കു് വിരുദ്ധമാകരുതെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദനുസരണമായ നിർദ്ദേശങ്ങൾ സ്റ്റേററു ഗവണ്മെൻറുകൾക്കു് ആവശ്യമെന്നു തോന്നുന്നപക്ഷം കൊടുക്കുന്നതിനു് കേന്ദ്രത്തിനധികാരമുണ്ട്. ദേശീയമോ സൈനികമോ ആയ പ്രാധാന്യമുണ്ടെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഗതാഗതമാർഗ്ഗങ്ങൾ ഏതു സംസ്ഥാനത്തിൽകൂടി നിർമ്മിക്കുന്നതിനും കേന്ദ്രത്തിനു സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. തീവണ്ടി ഗതാഗതം കേന്ദ്രവിഷയമാണ്. സംസ്ഥാനങ്ങൾക്കു പൊതുവെ ബാധകമാകുന്ന പ്രത്യേക

പ്രശ്നങ്ങളെപ്പറ്റിയോ സംസ്ഥാനങ്ങൾ തമ്മിലുണ്ടാകാവുന്ന അഭിപ്രായഭിന്നതകളെ സംബന്ധിച്ചോ കൂടിയാലോചനകൾ നടത്തുന്നതിനും ഉഭയസമ്മതപ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുംവേണ്ടി കേന്ദ്രഗവർമ്മെൻറിനേറെയും സംസ്ഥാനങ്ങളുടേയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു അഖിലസംസ്ഥാനസമിതി സംഘടിപ്പിക്കാവുന്നതാണു്. അങ്ങനെ ഒരു സമിതി ഏർപ്പെടുത്തുന്നതുകൊണ്ടു് പൊതുതാല്പര്യങ്ങൾ നിറവേറുമെന്നു് രാഷ്ട്രപതിക്കു വിശ്വാസമുണ്ടെങ്കിൽമാത്രം ചെയ്യാൽ മതി. യുദ്ധംമൂലമോ ആഭ്യന്തര കലാപങ്ങൾ ഹേതുവായോ ഏതെങ്കിലും അടിയന്തിരാവസ്ഥ ആവിർഭവിച്ചാൽ അപ്രകാരമുള്ള പരിതഃസ്ഥിതിയിൽ സംസ്ഥാനഗവണ്മെൻറുകൾ അവരുടെ അധികാരം വിനിയോഗിക്കേണ്ടതെങ്ങനെയെന്നും പ്രസിഡൻറിനു് നിർദ്ദേശിക്കാവുന്നതാണു്. ആ വിധ സന്ദർഭങ്ങളിൽ ഭരണഘടനയിലെ ഏതെങ്കിലും വകുപ്പുകൾ ദുർബലമാക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുവാനും അദ്ദേഹത്തിനു് പ്രത്യേക അധികാരമുണ്ടു്. സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചു് അടിയന്തിരഘട്ടങ്ങളിൽ നിയമനിർമ്മാണം നടത്തുന്നതിനും പാർലമെൻറിനവകാശം നൽകിയിരിക്കുന്നു. അങ്ങനെ അടിയന്തിരകാലഘട്ടങ്ങളിൽ നമ്മുടെ കേന്ദ്രഭരണകൂടം സംസ്ഥാനങ്ങളുടെ എല്ലാ ഭരണാധികാരങ്ങളും ഏറെറടുത്തു പ്രവർത്തനം നടത്തുന്നു.

സംസ്ഥാനങ്ങൾക്കുള്ളതിനേക്കാൾ വിപുലമായ അധികാരങ്ങളും അവകാശങ്ങളും കേന്ദ്രഗവണ്മെൻറിൽ നിക്ഷിപ്തമായിട്ടുള്ള വ്യവസ്ഥകളാണു് നമ്മുടെ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഈ കാര്യത്തിൽ അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടനയും ഇൻഡ്യൻ ഭരണഘടനയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

ചോദ്യങ്ങൾ

അദ്ധ്യായം 11

1. ഇൻഡ്യൻ ഭരണഘടനയുടെ 4 പ്രത്യേകതകൾ എഴുതുക.
2. ഇന്ത്യൻ പ്രസിഡൻറിന്റെ അധികാരങ്ങളിൽ 6 എണ്ണം പ്രസ്താവിക്കുക.
3. എങ്ങനെയാണ് കേന്ദ്രമന്ത്രിസഭ രൂപീകരിക്കുന്നത് ?
4. ഇൻഡ്യൻ നിയമസഭയിൽ എത്ര മണ്ഡലം ഉണ്ട് ? അവയിൽ ഓരോന്നിലും അംഗങ്ങളുടെ എണ്ണം എത്ര ?
5. രാജ്യസഭയുടെ അദ്ധ്യക്ഷൻ ആരാകുന്നു ?
6. ഇൻഡ്യയിലെ സുപ്രീംകോടതിയുടെ അധികാരങ്ങൾ ഏവ ?
7. സംസ്ഥാനഭരണം എങ്ങനെയാണ് നടത്തിവരുന്നത് ?
8. കേന്ദ്രഗവണ്മെൻറും, സ്റ്റേറ്റ് ഗവണ്മെൻറും തമ്മിലുള്ള ബന്ധം വിശദമാക്കുക.

അദ്ധ്യായം 12

ഭൂമിയിലെ സ്വാഭാവിക വിഭാഗങ്ങൾ


സൂര്യോഷ്ണം നിമിത്തം വായുവിന്റെ മദ്ദ്യം കുറയുമ്പോൾ അതിനു ചലനം സംഭവിക്കുന്നു. ചലിക്കുന്ന വായുവിനാണ് കാറെന്നു പറയുന്നതു്. കാറുകൊണ്ടു് നീരാവി പർവ്വതങ്ങളിൽ ചെന്നടിക്കുമ്പോഴാണ് മഴയുണ്ടാകുന്നതു്. അങ്ങനെ സൂര്യൻ കാറിനെ നിയന്ത്രിക്കുന്നു; കാറു മഴയെ നിയന്ത്രിക്കുന്നു. സൂര്യോഷ്ണവും കാറും മഴയും കൂടിയതാണു് കാലാവസ്ഥ. ആ കാലാവസ്ഥ സസ്യോല്പന്നങ്ങളെ നിയന്ത്രിക്കുന്നു. സസ്യോല്പന്നങ്ങളനുസരിച്ചാണു് ഒരു രാജ്യത്തിലെ മൃഗങ്ങളും, മനുഷ്യരും, അവരുടെ ജീവിതരീതിയും തൊഴിലുകളും. അങ്ങനെ കാലാവസ്ഥ, സസ്യോല്പന്നങ്ങൾ, മൃഗങ്ങൾ, മനുഷ്യർ എന്നീ ഘടകങ്ങൾ തമ്മിൽ പരസ്പരം അഭേദ്യമായ ബന്ധം ഉള്ളതുകൊണ്ടു് ഭൂമിയിൽ നാനാഭാഗങ്ങളിലുമായി എത്രതരം കാലാവസ്ഥകളുണ്ടോ അത്രയും പ്രകാരഭേദങ്ങൾ മറ്റു ഘടകങ്ങളിലും കാണാവുന്നതാണു്. കാലാവസ്ഥയനുസരിച്ചു് ഭൂമിയെ പന്ത്രണ്ടു വിഭാഗങ്ങളായിട്ടാണു് തിരിച്ചിട്ടുള്ളതു്. ഇവ ഭൂമദ്ധ്യരേഖയുടെ തെക്കും വടക്കും ഒരുപോലെ കാണാം. അവയെപ്പറ്റി വിശദമായി താഴെചേർക്കുന്നു.

മദ്ധ്യരേഖാപ്രദേശങ്ങൾ

ഈ പ്രദേശങ്ങളിലെ കാലാവസ്ഥയെ 'മദ്ധ്യരേഖാകാലാവസ്ഥ' എന്നു പറയുന്നു. ഇതു ഭൂമദ്ധ്യത്തിൽനിന്നു് അഞ്ചുമുതൽ പത്തു ഡിഗ്രിവരെ തെക്കും വടക്കും മാത്രമേ കാണുകയുള്ളു. സൂര്യന്റെ രശ്മികൾ ലംബമായി പതിക്കുന്നതുകൊണ്ടു് ഇവിടെ അത്യുഷ്ണമാണു്. കൊല്ലത്തിൽ എല്ലാക്കാലത്തും ഇവിടെ ശക്തിയായ ചൂടുണ്ടായി

രിക്കും. അയനരേഖകൾ തുല്യദൂരത്തിൽ കിടക്കുന്നതുകൊണ്ട് ഇവിടെ ഉഷ്ണകാലം ശീതകാലം എന്ന വ്യത്യാസങ്ങൾ അനുഭവപ്പെട്ടുന്നില്ല. രണ്ട് അയനങ്ങളിലും സൂര്യൻ അകന്നുനില്ക്കുമ്പോൾ ചൂട് അല്പം കുറവായിരിക്കുമെന്നേയുള്ളൂ. ശരാശരി 80 ഡിഗ്രി ചൂട് ഇവിടെയുണ്ട്. ഈ ചൂടുകൊണ്ട് വായുവിനു ഘനംകുറഞ്ഞു് അതു് മേല്പോട്ടുയരുന്നു. ഇതൊരു നിവാതപ്രദേശമാണു്. കാറ്റുണ്ടെങ്കിൽതന്നെ അതിന്റെ ഗതിക്കു വ്യവസ്ഥയില്ല, പ്രായേണ മേല്പോട്ടാണു് ചലിക്കുന്നതു്. സൂര്യോഷ്ണംകൊണ്ട് അന്തരീക്ഷം നീരാവി നിറഞ്ഞതായിരിക്കും. അതുകൊണ്ട് വായു വളരെ ലഘുവായിത്തീരുന്നു. ഈ നീരാവി മേല്പോട്ടുയരുന്നു് അത്യുന്നതഭാഗങ്ങളിലെ സ്വാഭാവികമായ തണുപ്പുകൊണ്ട് മഴയായിപെയ്യുന്നു. മേല്പോട്ടു ചലിക്കപ്പെട്ട നീരാവികൊണ്ടുണ്ടാകുന്ന മഴയായതുകൊണ്ട് ഈ തരം മഴയെ ഉച്ചലിതവൃഷ്ടി (Convectional rains) എന്നു പറയുന്നു. അതായതു് ഈ പ്രദേശങ്ങളിൽ മഴയ്ക്കു് പർവ്വതങ്ങളുടെ ആവശ്യമില്ല. ഇങ്ങനെയുള്ള മഴ ആണ്ടിൽ മിക്കവാറും എല്ലാ ദിവസവും ഉണ്ടായിരിക്കും. പകലൊക്കെ നല്ല വെയിലുണ്ടാകും. വൈകുന്നേരമാകുമ്പോഴേക്കും ആകാശത്തിൽ കറുത്ത മേഘങ്ങൾ വന്നു നിറയും. ഇടിയും മിന്നലും നല്ല മഴയും തുടങ്ങും. അതു് രാത്രി കുറെനേരംവരെയുണ്ടാകും. പ്രായേണ എല്ലാ ദിവസവും ഇങ്ങനെ തന്നെയിരിക്കും. രാവും പകലും കാറ്റില്ലാത്തതുകൊണ്ടു് ഉഷ്ണത്തിനു് വലിയ വ്യത്യാസം കാണുകയില്ല. കാലാവസ്ഥ മനുഷ്യർക്കു് ഒട്ടുംതന്നെ സുഖകരമായി തോന്നുകയില്ല. പക്ഷെ, സസ്യങ്ങളുടെ വളർച്ചയ്ക്കു് വളരെ യോജിച്ചതാണു്.

സൂര്യോഷ്ണവും വർഷപാതവും സമൃദ്ധിയായുള്ളതുകൊണ്ട് സസ്യങ്ങൾ നല്ലവണ്ണം വളരുന്നു. എല്ലാക്കാലത്തും മഴ പെയ്യുന്നതുകൊണ്ടു് മരങ്ങളുടെ ഇലകൾ എന്നും പച്ചനിറമായിരിക്കും. അതുകൊണ്ടു് ഇവിടെയുള്ള വനങ്ങളെ പച്ചിലക്കാടുകൾ എന്നു പറയുന്നു. കാടുകൾ അതിഗഹനമായി വളരുന്നതുകൊണ്ടു് അവയെ വെട്ടിത്തെളി



മദ്ധ്യരേഖാവനങ്ങൾ

ച്ചു് ഉപയോഗപ്രദമാക്കുവാൻതന്നെ വളരെ പ്രയാസമാണു്. ഈ കാട്ടുകളെ സെൽവാസ് എന്നും പറയുന്നു. കൊല്ലത്തിൽ എൺപതിലധികം ഇഞ്ചു് മഴപെയ്യുന്ന ഇവിടെ അന്തരീക്ഷവും മണ്ണും വളരെ ഈർപ്പമുള്ളതായിരിക്കും. ഈ ഈർപ്പവും സൂര്യോഷ്ണവും ഒന്നിച്ചുള്ളതുകൊണ്ടാണു് സസ്യങ്ങൾ ധാരാളം വളരുന്നതു്. മരങ്ങൾ വള്ളിയില്ലാതെ നല്ലവണ്ണം പൊക്കത്തിൽ വളരുന്നു. ഈ മരങ്ങളെ ചുറ്റിപ്പിണഞ്ഞു് അനേകം വള്ളികളും വളരുന്നു. പച്ചിലകൾ ഇടതൂർന്നുനില്ക്കുന്നതുകൊണ്ടു് ഈ വനങ്ങളിൽ സൂര്യരശ്മികൾക്കുകൂടി പ്രവേശം ലഭിക്കുന്നില്ല. വനാന്തരം മുഴുവനും അന്ധകാരമായിരിക്കും. കോംഗൊ നദീതടത്തിലേയും ആമസോൺ തടത്തിലേയും വനങ്ങൾ ഇപ്രകാരമുള്ളതാണു്. വൃക്ഷങ്ങൾ പ്രായേണ നല്ല കാതലുള്ളവയായിരിയ്ക്കും. മഹാഗണി, എബണി എന്നീ വൃക്ഷങ്ങളാണു് ഇവിടെ വളരുന്നതു്.

തോട്ടക്കൃഷികളിൽ റബ്ബർ, കൊയ്ന, കൊക്കൊ എന്നിവയും സമുദ്രതീരങ്ങളിൽ തെങ്ങും കൃഷിചെയ്യപ്പെടുന്നു.


വൻമരങ്ങൾ ധാരാളമുള്ള വനപ്രദേശങ്ങളാകകൊണ്ട് ഇവിടെ മരഞ്ചാടി (കുരങ്ങു)കളാണ് പ്രധാനമായി കാണപ്പെടുന്നത്. വൃക്ഷാഗ്രങ്ങളിൽ പലതരത്തിലുള്ള പക്ഷികൾ ഉണ്ട്. അതുപോലെ പലതരത്തിലുള്ള ചെറുപ്രാണികളെയും ഇവിടങ്ങളിൽ കാണാം.

ഇവിടങ്ങളിൽ താമസിക്കുന്ന മനുഷ്യർ പ്രായേണ അപരിഷ്കൃതരായ കാടന്മാരാണ്. അത്യുഷ്ണം നിമിത്തം അവരുടെ ഉടുപ്പ് വളരെ പരിമിതമായിരിക്കും. കായും കിഴങ്ങും വനങ്ങളിലുള്ള ജന്തുക്കളെ കൊന്നുകിട്ടുന്ന മാംസവും തിന്നു ജീവിക്കുന്നവരാണിവർ. പലരുടേയും തൊഴിൽ നായാട്ടാണ്.

ഈ പ്രദേശങ്ങളിൽ അടങ്ങിയ രാജ്യങ്ങൾ തെക്കെ അമേരിക്കയിലെ ആമസോൺ തടവും, മദ്ധ്യാഫ്രിക്കയിലെ കോംഗൊ തടവും, പൂർവ്വേന്ത്യാദ്വീപുകളും, പശ്ചിമേന്ത്യാദ്വീപുകളും, മലയാ ഉപദ്വീപും, സിലോണിന്റെ ഏതാനും ഭാഗങ്ങളും ന്യൂഗിനിയും ആണ്.

ഉഷ്ണമേഖലാ പുൽപ്രദേശങ്ങൾ—സാവന്ന

മേൽ പ്രസ്താവിച്ച മദ്ധ്യരേഖാ പ്രദേശത്തോട് തൊട്ടടുത്തു് തെക്കും വടക്കുമായി കിടക്കുന്ന പ്രദേശങ്ങളാണിവ.



ഉഷ്ണമേഖലാ പുൽപ്രദേശങ്ങൾ

മദ്ധ്യരേഖാ പ്രദേശങ്ങളെപ്പോലെതന്നെ 80 ഡിഗ്രിക്കും 90 ഡിഗ്രിക്കും മദ്ധ്യേ ചൂട് ഇവിടെയും ഉണ്ട്. എന്നാൽ ഊഷ്മാന്തരം (Range of temperature) ഇവിടെ കൂടുതലുണ്ട്. സൂര്യന്റെ സാങ്കല്പികയാത്രയെതുടർന്ന് വേനൽക്കാലത്തുണ്ടാകുന്ന മഴയാണ് ഇവിടെ ഉണ്ടാകുന്നത്. വേനൽക്കാലം മഴയോടുകൂടിയും ശീതകാലം വരണ്ടും ഇരിക്കും. ഈ തരത്തിലുള്ള കാലാവസ്ഥ അതിന്റെ ശരിയായ രൂപത്തിൽ കാണുന്നത് ആഫ്രിക്കയിലെ സുഡാനിലാകകൊണ്ട് ഇതിനെ സുഡാൻ മാതൃകാകാലാവസ്ഥ എന്നു പറയാറുണ്ട്. തെക്കേ അമേരിക്കയിലെ ഓറിനോക്കൊ തടത്തിലും ബ്രസീലിയൻ പീഠഭൂമികളിലും വടക്കേ ആസ്ട്രേലിയയിലും ആഫ്രിക്കയിലെ സാംബസിതീരത്തും ഇത്തരം കാലാവസ്ഥയുണ്ട്.

ഇവിടെ വൻമരങ്ങൾ കാണാം. പക്ഷെ അങ്ങിങ്ങായി ചില കുറിക്കാട്ടുകളുടെ ഇടയിലേ അവ കാണപ്പെടുകയുള്ളു. മഴ പെയ്താൽ പുല്ലു മുളച്ചുതഴച്ചുപൊങ്ങും. മഴക്കാലം കഴിഞ്ഞാൽ സൂര്യോഷ്ണംകൊണ്ട് അവ ഉണങ്ങി നശിക്കുകയും ചെയ്യും. ഈ പ്രദേശങ്ങളിൽ കാറ്റു വളരെ ശക്തിയായി വീശുന്നു. അതും വൃക്ഷങ്ങളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്നുണ്ട്.

മദ്ധ്യരേഖാപ്രദേശങ്ങളിലെപ്പോലെ ഗഹനങ്ങളായ വനങ്ങൾ ഇല്ലാത്തതുകൊണ്ടും, പൊക്കമുള്ള വൃക്ഷങ്ങൾ വളരെ കുറവായതുകൊണ്ടും, ജന്തുക്കൾക്ക് ശത്രുക്കളിൽ നിന്ന് ഒളിച്ചുനില്ക്കുവാനുള്ള വഴി ഇവിടെ കുറവാണ്. ഓടി ഒളിച്ചു രക്ഷപ്പെടുക മാത്രമെ അവയ്ക്കു നിവൃത്തിയുള്ളു. അതുകൊണ്ട് കാൽ വേഗം ഉള്ളവയും പുല്ലുതിന്നു ജീവിക്കുന്നവയുമായ മൃഗങ്ങളെയാണ ഇവിടെ അധികം കാണുക. വരയൻകുതിര, ജിറാഫ് (ഒട്ടകപ്പുള്ളിമാൻ), മാനുകൾ, കന്നുകാലികൾ, ആട്, മുയൽ മുതലായ മൃഗങ്ങളാണ് ഇവിടെയുള്ളതു്. അവയെ തിന്നുന്ന ക്രൂരമൃഗങ്ങളായ സിംഹം, പുലി എന്നിവയും ഉണ്ട്. കന്നുകാലികളെ വളർത്തുകയും അവയെ രക്ഷിക്കുവാൻവേണ്ടി ദുഷ്ടമൃഗങ്ങളെ വേട്ടയാടുകയുമാണ് ഇവിടെയുള്ളവരുടെ

തൊഴിൽ. കന്നുകാലികളുടെ പാൽ, രോമം, തോൽ മുതലായവ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങളും ഇവിടെയുണ്ട്.

മൺസൂൺ പ്രദേശങ്ങൾ

മൺസൂൺ കാലാവസ്ഥയും മേൽവിവരിച്ച കാലാവസ്ഥയും തമ്മിൽ വലിയ അന്തരമില്ല. മഴയുടെ കാര്യത്തിലേ വ്യത്യാസമുള്ളൂ. ഇവിടെ ഏറ്റവും കുറഞ്ഞ ചൂട് 50 ഡിഗ്രിയും ഏറ്റവും കൂടിയ വേനൽകാലത്തെ ചൂട് 95 ഡിഗ്രിയുമാണ്. വളരെ ശക്തിയായ മഴ ഇവിടെ കിട്ടുന്നു. ഇന്ത്യൻ സമുദ്രത്തിനടുത്തു കിടക്കുന്ന ഇന്ത്യ, ബർമ്മ, വടക്കുപടിഞ്ഞാറൻ ആസ്ട്രേലിയ, അബിസീനിയ എന്നീ രാജ്യങ്ങളിലാണ് ഈ കാലാവസ്ഥയുള്ളത്. തെക്കേ അമേരിക്കയുടെ വടക്കുപടിഞ്ഞാറേ തീരപ്രദേശത്തും ഇത്തരം കാലാവസ്ഥയുണ്ട്. ഈ പ്രദേശങ്ങളിൽ പ്രായേണ മൂന്നു കാലഭേദങ്ങൾ ഉണ്ടായിരിക്കും. (1) നവംബർ മുതൽ ഫെബ്രുവരി വരെ ശീതകാലം. (2) മാർച്ചു മുതൽ ജൂൺ വരെയുള്ള ഉഷ്ണകാലം. (3) ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മഴക്കാലം. ഇങ്ങനെ മൂന്നു വിഭിന്നകാലങ്ങൾ ഉണ്ട്. ഉള്ള വർഷപാതം മുഴുവനും ആ മഴക്കാലത്തുതന്നെ കഴിയും. അന്നു തന്നെയാണ് വാസ്തവത്തിൽ ഈ പ്രദേശങ്ങളിൽ സൂര്യൻ തലയ്ക്കുമീതെ വരുന്ന വേനൽക്കാലം. പക്ഷെ കാറ്റ് സൂര്യനെ അനുഗമിക്കുന്നതുകൊണ്ട് തെക്കുകിഴക്കൻ കാറ്റുകൾ തെക്കുപടിഞ്ഞാറൻ കാറ്റുകളായി പരിണമിച്ചു മഴ പെയ്യിക്കുകയാണ്. മഴ ആ കാലത്തെ ചൂടിന്റെ ശക്തിയെ കുറയ്ക്കുന്നു. ആകാശം മേഘാവൃതമാകകൊണ്ട് പകൽസമയത്ത് സൂര്യരശ്മി ഭൂമിയിൽ തട്ടുന്നില്ല. അതുകൊണ്ട് അക്കാലത്ത് ചൂട് കുറവായിരിക്കും. മഴയില്ലെങ്കിൽ അക്കാലത്തെ ചൂട് അസഹ്യമായിരിക്കും.

മൺസൂൺ കാലാവസ്ഥയിലെ സ്വാഭാവികോല്പന്നങ്ങൾ ഇന്ത്യയിലാണ് അവയുടെ ശരിയായ രൂപത്തിൽ കാണപ്പെടുന്നത്. മഴക്കാലത്ത് ഭൂമി നിബിഡമായി


കാട്ടുപിടിച്ചുപോലെ വളന്ന സസ്യങ്ങളെക്കൊണ്ട് അദൃശ്യമായിരിക്കും. പക്ഷേ മഴ അവസാനിക്കുമ്പോൾ ചൂടുകൊണ്ട അവ ഉണങ്ങുകയും ചെയ്യും. മൺസൂൺ കാടുകളിലും വന്മരങ്ങൾ ധാരാളമുണ്ട്. തേക്ക്, സാലം എന്നിവയാണ് പ്രധാനമായവ. മഴ കുറയുന്തോറും വൃക്ഷങ്ങളുടെ വളർച്ചയും കുറയും. മുള്ളുള്ള വൃക്ഷങ്ങൾ പ്രായേണ ഈ കാടുകളിൽ ധാരാളം കാണാം. ഈ കാടുകൾ മദ്ധ്യരേഖാവനങ്ങളെപ്പോലെ നിബിഡങ്ങളല്ലാത്തതുകൊണ്ട് കൃഷിക്കുവേണ്ടി അവയെ വെട്ടിത്തെളിക്കുവാൻ വിഷമമില്ല. മനുഷ്യോപയോഗമുള്ള പല വൃക്ഷലതാദികളും ഇവിടെ വളരുന്നുണ്ട്. മരത്തടിക്കാവശ്യമായ വന്മരങ്ങൾ, ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ്, കശുമാവ്, തെങ്ങ്, വാഴ എന്നിവയെല്ലാം വളരുന്നു. ധാരാളം മഴയും വെയിലും ഉള്ളതുകൊണ്ട് സമതലങ്ങളിൽ ധാന്യങ്ങളും കൃഷിചെയ്യാം. നെല്ല്, ചോളം, തിന, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, കരുമുളക് എന്നിവ മഴയുടെ ഏറ്റക്കുറവനുസരിച്ച് കൃഷിചെയ്യപ്പെടുന്നു.

ഭക്ഷ്യവിഭവങ്ങളും വാണിജ്യവിഭവങ്ങളും സമൃദ്ധിയായി ലഭിക്കുന്നതുകൊണ്ട് ഈ പ്രദേശങ്ങൾ ജനസാന്ദ്രതയുള്ളവയാണ്. ഭൂമിയുടെ ആകെ വിസ്താരത്തിൽ പത്തിലൊരു ഭാഗം മാത്രമെ ഈ പ്രദേശങ്ങളുള്ളു, എങ്കിലും ഭൂമിയിലെ ആകെ ജനസംഖ്യയിൽ പകുതിയോളം ഇവിടെയാണ് താമസിക്കുന്നത്. ജനങ്ങൾ മിക്കവാറും കൃഷിക്കാരാണ്. അതിനുള്ള കാരണങ്ങൾ കൃഷിക്കനുകൂലമായ പരിതഃസ്ഥിതികൾതന്നെ. നല്ല ചൂട്, മഴയും, സമതലപ്രദേശങ്ങളും, നദീതടങ്ങളിലെ എക്കൽമണ്ണും (Alluvial Soil) ,ജലസേചനസൌകര്യങ്ങളും എല്ലാം ഇവിടെ ഉണ്ട്. മലഞ്ചെരിവുകളിൽ റബ്ബർ, തേയില, കാപ്പി എന്നീ തോട്ടക്കൃഷികൾക്ക് സൗകര്യമുണ്ട്. എണ്ണക്കുരുക്കൾ, പട്ട്, ചണം (Jute) എന്നിവ മൺസൂൺ പ്രദേശങ്ങളിലെ പ്രത്യേക വിളവുകളാണ്. ഇവയ്ക്കും വിദേശങ്ങളിൽ വലിയ പ്രിയമുണ്ട്.

അസംസ്കൃതസാധനങ്ങൾ സമൃദ്ധിയായി വളരുന്ന മൺസൂൺ രാജ്യങ്ങളിലെ ജനങ്ങൾ അവയെ മനുഷ്യോപയോഗത്തിനു യന്ത്രങ്ങൾവഴി രൂപാന്തരപ്പെടുത്തുന്ന കാര്യത്തിൽ അടുത്തകാലംവരെ അത്ര ശ്രദ്ധിച്ചിരുന്നില്ല. അവർ ഈ സാധനങ്ങളെ യന്ത്രസാമഗ്രികളുള്ള അന്യരാജ്യങ്ങളിലേയ്ക്ക് കയറ്റി അയച്ച് അവകൊണ്ടുണ്ടാക്കപ്പെടുന്ന ഉപഭോഗവസ്തുക്കളെ ഭീമമായ വിലകൊടുത്തു വാങ്ങിക്കുകയായിരുന്നു പതിവു്. അടുത്തകാലത്തു് ഇതു കൊണ്ടുണ്ടാകുന്ന നഷ്ടം മനസ്സിലാക്കി അവർ യന്ത്രസാമഗ്രികളും മറ്റും സ്വയം നിർമ്മിച്ചു വ്യവസായങ്ങൾ നടത്തുവാൻ തുടങ്ങിയിട്ടുണ്ടു്. അങ്ങനെ ദൈവദത്തമായ കഴിവുകളെ വേണ്ടവിധം ഉപയോഗിച്ചു് അടുത്തകാലത്തു് പല മൺസൂൺ രാജ്യങ്ങളും അഭിവൃദ്ധിപ്രാപിച്ചുവരുന്നുണ്ടു്. അതിൽ ഒന്നാണു് നമ്മുടെ ഇന്ത്യ.

മരുഭൂമികൾ

മരുഭൂമികൾ രണ്ടു വിധത്തിലുണ്ടു്. ഉഷ്ണമരുഭൂമികളും ശീതമരുഭൂമികളും. അയനരേഖകൾക്കടുത്തുള്ളവ ഉഷ്ണവും അവയ്ക്കപ്പുറമുള്ളവ ശീതവുമാണു്. ഉഷ്ണമേഖലയിലെ പ്രകൃതിവിഭാഗങ്ങളെപ്പറ്റിയാണല്ലൊ മുമ്പു



ഉഷ്ണമരുഭൂമികൾ

പ്രസ്താവിച്ചിട്ടുള്ളതു്. അവയെ കടന്നു് തെക്കോട്ടും വടക്കോട്ടും ധ്രുവാഭിമുഖമായി പോകുമ്പോൾ അടുത്തു കാണാവുന്നതാണു് മരുഭൂമികൾ. ഉഷ്ണമേഖലയിൽ അയന രേഖകൾക്കു് അടുത്തതായി കിടക്കുന്ന രാജ്യങ്ങളുടെ പടിഞ്ഞാറെ അതിർത്തികളിലാണു് ഈ മരുപ്രദേശങ്ങൾ. അവിടെ കിട്ടിക്കൊണ്ടിരിക്കുന്ന കാറ്റു് ഗ്രൂസമ്മിട്ട പ്രദേശത്തുനിന്നു മദ്ധ്യരേഖാഭിമുഖമായി വീശുന്ന കിഴക്കൻ കാറ്റുകളാണു്. അവ മിക്കവാറും കരയിൽക്കൂടി വീശുന്നതാകകൊണ്ടു് ശുഷ്കമായിരിക്കുന്നു. അവകൊണ്ടു് മഴ ലഭിക്കുന്നില്ല. സഹാറ, കൽഹാരി, ആസ്ട്രേലിയയിലെ മരുഭൂമികൾ, അറേക്കാമ, ഇന്ത്യയിലെ താർ എന്നിവയെല്ലാം ഉഷ്ണമരുഭൂമികളാണു്. അവയെല്ലാം മഴനിഴൽ പ്രദേശങ്ങളുമാണു്. ഇങ്ങനെ അത്യുഷ്ണവും മഴയില്ലായ്മയും നിമിത്തം പ്രായേണ ഈ പ്രദേശങ്ങളിൽ സസ്യങ്ങളൊന്നും വളരുന്നില്ല. പകൽ അത്യുഷ്ണവും രാത്രീ അതിശൈത്യവും അനുഭവപ്പെടുന്നു. നീണ്ട വേരുകളോടുകൂടിയ ചില ചെടികളല്ലാതെ മറെറാന്നും ഇവിടെ വളരുകയില്ല. എന്നാൽ ലഘുവൃഷ്ടിപാതമുള്ള മരുഭൂമികളുടെ അതിർത്തികളിലുള്ള മരുപ്പച്ചകളിൽ ഈന്തപ്പന, യൂക്കാലിപ്റസ് മുതലായവ വളരുന്നു.

ഈ മരുഭൂമികളിലെ പ്രധാനമായ മൃഗം ഒട്ടകമാണു്. അതിന്റെ സഹായംകൂടാതെ മനുഷ്യർക്കു് അവിടങ്ങളിൽ ഗതാഗതം സാദ്ധ്യമല്ല. ഗതാഗതത്തിനും, സാമാനങ്ങൾ കൊണ്ടുപോകുന്നതിനും ഈ മൃഗങ്ങളെയാണുപയോഗിക്കുന്നതു്. സമുദ്രത്തിൽ കപ്പലെന്നപോലെയാണു് ഇവ മരുഭൂമികളിൽ. അതുകൊണ്ടു് ഒട്ടകത്തെ മരുക്കപ്പലെന്നും പറയാറുണ്ടു്. ഈ മൃഗത്തെസംബന്ധിച്ചെടത്തോളം അതിന്റെ ദൈവസൃഷ്ടിതന്നെ ഈ പ്രദേശത്തേയ്ക്കു് യോജിച്ച വിധത്തിലാണു്. പൂഴിമണലിൽ ആണ്ടുപോകാത്ത വിധം പരന്ന കാലടികളാണു് അതിനുള്ളതു്. വളരെ ദിവസങ്ങൾ വെള്ളംകൂടാതെ കഴിച്ചുകൂട്ടുവാൻ അതിനു് സാധിക്കും. ഈ ഒട്ടകങ്ങളെ ഉപയോഗിച്ചു കച്ചവടം നടത്തുന്ന ചിലരും മരുപ്പച്ചകളിൽ താമസിക്കുന്നവരായ

അപൂർവ്വം ചില കൃഷിക്കാരും അല്ലാതെ ഇവിടെ ജനങ്ങളില്ല. വിശാലങ്ങളായ മണലാരണ്യങ്ങളല്ലാതെ മറ്റൊന്നും ഇവിടെ കാണുവാനൊ അനുഭവിക്കുവാനൊ ഇല്ല. രാത്രികാലങ്ങളിൽ മേഘങ്ങളുടെ ലാഞ്ഛനപോലും ഇല്ലാതെ തെളിഞ്ഞ ആകാശമുള്ളതുകൊണ്ട് നക്ഷത്ര നിരീക്ഷണത്തിനു് ഇവിടെ നല്ല സൌകര്യമുണ്ട്. അതുകൊണ്ടും ധാരാളം ഒഴിവുസമയം ഉള്ളതുകൊണ്ടും ആയിരിക്കാം ഈ പ്രദേശങ്ങളിൽ പണ്ടുകാലത്തു വലിയ ചിന്തകന്മാരും ജ്യോതിഷികളും ഉണ്ടായിട്ടുള്ളതു്.

ജലസേചനത്തിനു സൌകര്യമുള്ള പക്ഷം ഉഷ്ണമേഖലാ മരുഭൂമികളെ കൃഷിക്കുപയോഗിക്കാമെന്നുള്ളതിനു് ഈജിപ്തു് ഒരുത്തമദൃഷ്ടാന്തമാണു്. ഈജിപ്തിനെ "നൈൽദാനം" എന്നു പറയാറുണ്ടു്. അണക്കെട്ടുകൾ വഴി നൈൽ നദിയിലെ വെള്ളം കെട്ടി തോട്ടുകൾ മാഗ്ഗമായി ജലസേചനത്തിനു സൌകര്യപ്പെടുത്തുന്നതുകൊണ്ടാണു് ഈജിപ്തിൽ നെല്ലു്, പരുത്തി മുതലായ പലതും കൃഷിചെയ്യുവാൻ സാധിക്കുന്നതു്. നൈൽ നദി ഇല്ലായിരുന്നുവെങ്കിൽ സഹാറായോടു തുടർച്ചയായി കിടക്കുന്ന ഈജിപ്തും ഒരു മരുഭൂമിയായിരിക്കുകയേയുള്ളു. ഇന്ത്യയിൽ രാജസ്ഥാനിലും ഇതുപോലെ ജലസേചനം ചെയ്തു കൃഷിക്കുപയോഗപ്രദമാക്കിത്തീർക്കുവാൻ ആലോചനയുണ്ടു്:


രണ്ടാമത്തെ തരമായ ശീതമരുഭൂമികൾ മിതോഷ്ണമേഖലയിലെ മധ്യാക്ഷവലയങ്ങളി (Mid Latitudes) ലാണു് കാണുന്നതു്. ഗോബി, ഇറാൻ, പറഗോണിയ, വടക്കെ അമേരിക്കയിലെ കൊളറാഡൊ എന്നിവയാണു് ഇവ. അയനരേഖകൾക്കു് അപ്പുറം കിടക്കുന്ന പീഠഭൂമികളിലാണു് ഈ മരുഭൂമികൾ. ഇവിടെ ശീതകാലത്തും അതിശൈത്യം അനുഭവപ്പെടുന്നു. ഉല്പന്നങ്ങളൊന്നും ഉണ്ടാകാത്തതുകൊണ്ടു് ഇവിടെയുള്ളവർ സുഭിക്ഷ പ്രദേശങ്ങളിലേക്കു് എപ്പോഴും പൊയ്ക്കൊണ്ടിരിക്കും. ഒരിടത്തും സ്ഥിരമായി താമസിക്കാതെ എന്നും അലഞ്ഞുനടക്കുന്ന കൂട്ടരാണു് ഇവിടെയുള്ളതു്. ഒട്ടകം, കുതിര, ആടുകൾ

എന്നിവയെ അവർ വളർത്തുന്നു. തോൽ, കമ്പിളി മുതലായവ കൊടുത്തു ധാന്യങ്ങൾ മറ്റുള്ളവരിൽനിന്നു വാങ്ങിച്ചാണ് ഇവർ ജീവിക്കുന്നതു്.

മരുഭൂമികൾ ജനവാസയോഗ്യങ്ങളല്ലെങ്കിലും ലോഹസമ്പത്തിനും ധാതുസമ്പത്തിനും പ്രസിദ്ധപ്പെട്ടവയാണ്. അറേബ്യ, ഇറാൻ മുതലായ പ്രദേശങ്ങൾ എണ്ണഘനികൾക്കു പ്രസിദ്ധപ്പെട്ടവയാണ്. കൽഹാരി, അറക്കാമ, കൊളറാഡൊ എന്നിവ ചെമ്പ്, വെള്ളി, സ്വർണ്ണം എന്നീ ലോഹങ്ങൾക്കും മാംഗനീസ് മുതലായ ധാതുക്കൾക്കും ശ്രുതിപ്പെട്ടവയാണ്. ഈയിടെയായി ഖനനവ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളവരും ഈ പ്രദേശങ്ങളിൽ താമസിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

മദ്ധ്യധരണ്യാഴി പ്രദേശങ്ങൾ

ഭൂമദ്ധ്യത്തിൽനിന്നു തെക്കും വടക്കും 30-ം 45-ം ഡിഗ്രി കൾക്കുള്ളിൽ കിടക്കുന്ന പ്രദേശങ്ങളാണിവ. സൂര്യന്റെ സാങ്കല്പികയാത്രയിൽ ഉള്ള സ്ഥിതിഭേദം നിമിത്തം കാറ്റിന്റെ വലയങ്ങൾക്ക് വ്യത്യാസം വരുന്നതിന്റെ ഫലമായി ഇവിടെ ഒരു പ്രത്യേകതരം കാലാവസ്ഥ അനുഭവപ്പെടുന്നു. വടക്കെ അമേരിക്കയിൽ കാലിഫോർണി



മദ്ധ്യധരണ്യാഴി പ്രദേശങ്ങൾ

യയും, ഫ്ളോറിഡയും, തെക്കെ അമേരിക്കയിൽ മദ്ധ്യ ചിലിയും, യൂറോപ്പിൽ മദ്ധ്യധരണ്യാഴി തീരപ്രദേശങ്ങളും, സ്പെയിൻ, ഫ്രാൻസ് എന്നിവയുടെ പടിഞ്ഞാറെ തീരങ്ങളും ആഫ്രിക്കയിൽ തെക്കുപടിഞ്ഞാറും വടക്കു പടിഞ്ഞാറും അറേബ്യയും, ആസ്ട്രേലിയയിൽ തെക്കുപടിഞ്ഞാറു ഭാഗങ്ങളും ന്യൂസിലാൻറിൻെറ തെക്കെ അറ്റത്തുള്ള ദ്വീപും ഈ കാലാവസ്ഥയുള്ള പ്രദേശങ്ങളാണ്. സൂര്യൻ ദക്ഷിണായനരേഖയ്ക്കു നേർക്കുദിക്കുന്ന കാലത്ത് ഉത്തരാർദ്ധഗോളത്തിലെ ഈ രാജ്യങ്ങളിൽ ശീതകാലമാണ്. അന്ന് പടിഞ്ഞാറൻ കാറ്റുകൾ തെക്കോട്ട് നീങ്ങി വീശുന്നതുകൊണ്ട് അവിടെയെല്ലാംമഴ ലഭിക്കുന്നു. അതുപോലെ സൂര്യൻ ഉത്തരായനരേഖയ്ക്കു നേർക്കുദിയ്ക്കുമ്പോൾ കാറ്റുകളുടെ വലയങ്ങളെല്ലാം വടക്കോട്ട് മാറുന്നതിൻെറ ഫലമായി ദക്ഷിണാർദ്ധഗോളത്തിലെ പടിഞ്ഞാറൻ കാറ്റുകൾ വടക്കോട്ട് മാറി വീശുകയും മേൽപറഞ്ഞ തെക്കൻ രാജ്യങ്ങളിൽ ശീതകാലത്തു മഴ പെയ്യിക്കുകയും ചെയ്യുന്നു. ഈ മഴയുടെ ഫലമായി ആ പ്രദേശങ്ങൾ സസ്യസമൃദ്ധിയുള്ളവയായിത്തീരുന്നു. ഫലവർഗ്ഗങ്ങളാണ് ഇവിടെ പ്രധാനമായുണ്ടാകുന്നത്. മധുരനാരങ്ങ, മുന്തിരി, അപ്രിക്കോട്ട്, ആൽമണ്ട്, ഒലിവ് മുതലായവയാണ് പ്രധാനമായവ. മഴ കൂടുതലുള്ള ഇറ്റലി മുതലായ പ്രദേശങ്ങളിൽ നെല്ലും മറ്റുള്ള ദിക്കുകളിൽ ഗോതമ്പും കൃഷിചെയ്യപ്പെടുന്നു. ഫലവർഗ്ഗങ്ങളെ കേടുവരാതെ സൂക്ഷിച്ച് വിദേശങ്ങളിലേക്ക് കയറ്റി അയക്കുന്നു. വീഞ്ഞുണ്ടാക്കലാണ് ഇവിടത്തെ പ്രധാന വ്യവസായം. ആട്ടകളേയും പട്ടുനൂൽപുഴുവിനേയും വളർത്തുന്നതിനും ഇവിടെ സൌകര്യമുണ്ട്. തൻമൂലം പട്ട്, കമ്പിളി എന്നീ വ്യവസായങ്ങൾക്കും സാധ്യതകളുണ്ട്.

പ്രാചീന ഗ്രീക്ക-റോമൻ സംസ്കാരങ്ങളുടെ കേന്ദ്രമായിരുന്ന ഈ പ്രദേശങ്ങൾ. ജനവാസത്തിനു പറ്റിയ കാലാവസ്ഥയുള്ളതുകൊണ്ടും അനായാസേന ഭക്ഷ്യസാധനങ്ങൾ ലഭിക്കുന്നതുകൊണ്ടും ഈ പ്രദേശങ്ങളിലെ ജനങ്ങൾ സുഖജീവിതം നയിക്കുന്നവരാണ്. അതുകൊണ്ടാ


യിരിക്കാം അവ ഒരു കാലത്തു് പരിഷ്കാരത്തിന്റെ കേന്ദ്രമായിത്തീർന്നതു്. മദ്ധ്യധരണ്യാഴി തീരത്തെ ഒരു പ്രത്യേകതയാകകൊണ്ടാണു് ഈ കാലാവസ്ഥയെ എല്ലായിടത്തും ഇങ്ങനെ പറയുന്നതു്.

മിതോഷ്ണമേഖലയിലെ പൂർവ്വതീരകാലാവസ്ഥ

അഥവാ

ചൈനാ മാതൃക

മദ്ധ്യധരണ്യാഴി കാലാവസ്ഥയും അതുള്ള പ്രദേശങ്ങളും പ്രസ്താവിക്കപ്പെട്ടവല്ലൊ. അതു് ഭൂഖണ്ഡങ്ങളുടെ പടിഞ്ഞാറേ ഭാഗത്താണു്. എന്നാൽ ആ അക്ഷാംശവലയങ്ങളിൽത്തന്നെ കിടക്കുന്ന പ്രദേശങ്ങളിൽ കിഴക്കു ഭാഗത്തു് ഒരു ഭിന്നരീതിയിലുള്ള കാലാവസ്ഥയാണു് അനുഭവപ്പെട്ടുന്നതു്. അതു് ഏതാണ്ടു് മൺസൂൺ കാലാവസ്ഥപോലെ ചൂടും ഈർപ്പവുമുള്ള വേനൽക്കാലവും ശുഷ്കമായ ശീതകാലവും ഉള്ളതാണു്. സ്വഭാവത്തിൽ മൺസൂൺ കാലാവസ്ഥപോലെയാണെങ്കിലും അതു മിതോഷ്ണമേഖലയിലാകകൊണ്ടു് അതിനു് ആ പേരു പറയുന്നില്ല. അതു് അതിന്റെ ശരിയായ രൂപത്തിൽ കാണുന്നതു് ചൈനയിലാണു്. അതുകൊണ്ടു് അതിനു്



ചൈനാ മാതൃകാ പ്രദേശങ്ങൾ

ചൈനാതരത്തിലുള്ള കാലാവസ്ഥയെന്നാണ് പറയുന്നത്. ചൈന, കിഴക്കൻ ആസ്ത്രേലിയ, അമേരിക്കൻ ഐക്യനാട്ടുകളിലെ കിഴക്കുഭാഗം, ദക്ഷിണാഫ്രിക്കയുടെ കിഴക്കെ തീരവും ഈ തരത്തിലുള്ള കാലാവസ്ഥയോട്ടുകൂടിയവയാണ്.

ഇവിടെ മൺസൂൺ രാജ്യങ്ങളിലെപ്പോലെ കാട്ടുകൾ ധാരാളമുണ്ട്. പക്ഷെ ഓരോ പ്രത്യേക പരിതഃസ്ഥിതികൾ നിമിത്തം ഉല്പന്നങ്ങളുടെ കായ്ത്തിൽ ഇവയിൽ അഞ്ച് തരത്തിലുള്ള പ്രകാരഭേദങ്ങൾ കാണാം. (1) ചൈനയിൽ കാട്ടുകൾ ഉണ്ടായിരുന്നവ വെട്ടിത്തെളിച്ചു കൃഷിക്കുപയോഗിക്കുന്നു. നല്ല ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണിവ. വടക്കൻ ചൈനയിൽ തിന കൃഷി ചെയ്യപ്പെടുന്നു. (2) ഐക്യനാട്ടുകളിൽ പരുത്തിക്കൃഷിയാണ് പ്രധാനം. (3) ആസ്ത്രേലിയയിൽ യൂക്കാലിപ്റ്റസ് ആണ് വളരുന്നത്. (4) കിഴക്കെ ആഫ്രിക്കയിൽ പഞ്ചസാരയും ചോളവും ഉല്പാദിപ്പിക്കപ്പെടുന്നു. (5) ബ്രസീലിൽ വിലപിടിച്ച മരത്തടികൾ ലഭിക്കുന്നു.

ശീതകാലത്തു് കരയിൽകൂടി വീശുന്ന തണുത്ത കാറ്റാണ് ഇവിടെ കിട്ടുന്നതു്. അതു് ശുഷ്കവുമായിരിക്കും. അതു് ശൈത്യത്തെ വർദ്ധിപ്പിക്കുന്നു. ഉഷ്ണകാലത്തു് കടലിൽനിന്നു് വീശുന്ന കാറ്റിൽ നീരാവി നിറഞ്ഞിരിക്കും. അതു് മഴ പെയ്യിക്കുന്നു. ഈ കാലാവസ്ഥയോട്ടുകൂടിയ പ്രദേശങ്ങളെല്ലാം കൃഷിക്കു് പറ്റിയവയാണ്. നെല്ലു്, കരിമ്പു്, പുകയില, പരുത്തി, തേയില, മൽബറി മുതലായവ ഇവിടങ്ങളിൽ കൃഷിചെയ്യപ്പെടുന്നു. സസ്യവിഭവങ്ങളുള്ളതുകൊണ്ടു് ഈ പ്രദേശങ്ങൾ ജനസാന്ദ്രതയുള്ളവയാണ്.

മിതോഷ്ണമേഖലാ മരുഭൂമികൾ

തെക്കും വടക്കും രണ്ടക്ഷാംശങ്ങളിലും ധ്രുവാഭിമുഖമായി പോകുമ്പോൾ മേൽപറഞ്ഞ പ്രദേശങ്ങൾക്കു തൊട്ടുത്തായി കാണപ്പെടുന്ന പ്രദേശങ്ങൾ മിതോഷ്ണമേഖലാ മരുഭൂമികളാണ്. അവയെപ്പറ്റി ഉഷ്ണമരുഭൂമികളോടൊപ്പം പ്രസ്താവിച്ചുവല്ലോ.

മിതോഷ്ണമേഖലാ പുൽപ്രദേശങ്ങൾ

മിതോഷ്ണമേഖലയിൽ സമുദ്രസാമീപ്യമില്ലാതെ വൻകരകളുടെ അന്തർഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രദേശങ്ങളാണിവ. ഇവിടെ ഉഷ്ണവും ശൈത്യവും വളരെ ശക്തിയായിരിക്കും. സമുദ്രത്തിനു് ശീതോഷ്ണസ്ഥിതിയെ സമീകരിക്കുന്നതിനുള്ള ഒരു ശക്തിയുണ്ടു്. ഒരേ അക്ഷാംശത്തിൽ കിടക്കുന്ന കടൽത്തീരത്തുള്ള രാജ്യങ്ങളിൽ ശീതോഷ്ണസ്ഥിതി മിതമായും അമിതമായും ഇരിക്കും. അതു സമുദ്രങ്ങളുടെ സാന്നിദ്ധ്യംകൊണ്ടും അതിന്റെ അഭാവംകൊണ്ടുമാണു്. ഇവിടെ ഊഷ്ണാന്തരം കൂടുതലും മഴ കുറവുമാണു്. വൃക്ഷങ്ങളുടെ വളച്ചയ്ക്കാവശ്യമായത്ര മഴയില്ല. അതുകൊണ്ടു് പുല്ലാണു് ഇവിടെ സ്വാഭാവികമായി വളരുന്നതു്. ഈ പുൽപ്രദേശങ്ങൾ ഓരോ രാജ്യത്തും ഓരോ പേരിൽ അറിയപ്പെടുന്നു. വടക്കെ അമേരിക്കയിൽ പ്രയറികളെന്നും, യൂറേഷ്യയിൽ സ്റ്റെപ്പികളെന്നും, ആർജന്റീനയിൽ പമ്പാസെന്നും, ആഫ്രിക്കയിൽ വെൽഡ് എന്നും, ആസ്ത്രേലിയയിൽ ഡൌണുകളെന്നും ഇവയ്ക്കു് പേരുണ്ടു്. അമിതമായ അന്തർദ്ദേശിയ (Continental) കാലാവസ്ഥയാണുള്ളതു്. വേനൽക്കാലം ഹ്രസ്വവും ശീതകാലം ദീർഘവുമാണു്.



മിതോഷ്ണമേഖലാ പുൽപ്രദേശങ്ങൾ

ഇവിടെയുണ്ടാകുന്ന പുല്ല് ചെറുതും മൃദുവായതുമാണ്. വൃക്ഷങ്ങളില്ലെന്നതന്നെ പറയാം. പുൽപ്രദേശങ്ങളാകകൊണ്ട് കന്നുകാലികളെ വളർത്തുകയാണ് ഇവിടെയുള്ള ജനങ്ങളുടെ പ്രധാന തൊഴിൽ. മിതോഷ്ണമായ കാലാവസ്ഥയും മഴക്കുറവും നിമിത്തം ഈ പ്രദേശങ്ങളിൽ ഗോതമ്പു ധാരാളമായി കൃഷി ചെയ്യപ്പെടുന്നു. ഗോതമ്പ്, ചോളം, ബാർലി, റൈ, ഓട്സ്, മധുരക്കിഴങ്ങ് മുതലായവയാണ് ഇവിടത്തെ പ്രധാന കാഷ്ടി കോല്പന്നങ്ങൾ. ഉഷ്ണമേഖലാ പുൽപ്രദേശങ്ങളോട് താരതമ്മ്യപ്പെടുത്തി നോക്കുമ്പോൾ ഇവിടെ ജനസാന്ദ്രത കൂട്ടുതലാണ്. അതിനുള്ള കാരണം ഉല്പന്നങ്ങളുടെ സമൃദ്ധിയും കാലാവസ്ഥയുമാണ്. ലോകത്തിൽ ഈ കാലാവസ്ഥയുള്ള പ്രദേശങ്ങളെല്ലാം ശാസ്ത്രീയമായ രീതിയിൽ കൃഷികൾ നടത്തി ഭക്ഷ്യധാന്യങ്ങളുടെ കലവറയായി തീർന്നിട്ടുണ്ട്. ഭക്ഷ്യദൗർലഭ്യമുള്ള പ്രദേശങ്ങളിലേയ്ക്ക് അവിടങ്ങളിൽനിന്ന് ഗോതമ്പും മറ്റും കയറ്റി അയക്കപ്പെടുന്നു.

പത്രവിക്ഷേപിണി വനങ്ങൾ

ഭൂമദ്ധ്യത്തിൽനിന്നു തെക്കുവടക്ക് 45-ം 57-ം ഡിഗ്രികൾക്കു മധ്യേയായി, മദ്ധ്യധരണിക്കാലാവസ്ഥയുള്ള പ്രദേശങ്ങൾക്കു തൊട്ടടുത്തായി കിടക്കുന്ന പ്രദേശങ്ങളിലെ കാലാവസ്ഥയും സ്വാഭാവികോല്പന്നങ്ങളും ഒരു പ്രത്യേകതരത്തിലുള്ളതാണ്. അവിടെ കാണുന്നതു പത്രവിക്ഷേപിണി വനങ്ങളാണ്. അത്തരം കാലാവസ്ഥ വടക്കെ അമേരിക്കയിലെ ബ്രിട്ടീഷ് കൊളംബിയ, ഐക്യനാടുകളുടെ വടക്കുപടിഞ്ഞാറെ ഭാഗം, ദക്ഷിണ ചില്ലി, ടാസ്മേനിയ, ന്യൂസിലാൻഡിലെ ദക്ഷിണദ്വീപ് എന്നീ പ്രദേശങ്ങളിലാണുള്ളതു്. അതുകൊണ്ട് ഇതിനു് ബ്രിട്ടീഷുമാതൃക എന്നും ലോറൻഷ്യൻ മാതൃകാ കാലാവസ്ഥ എന്നും പറയുന്നു.

പശ്ചിമവാതങ്ങളാണ് ഈ പ്രദേശങ്ങളിൽ എപ്പോഴും വീശിക്കൊണ്ടിരിക്കുന്നതു്. പ്രായേണ ഈ പ്രദേശങ്ങളെല്ലാം വൻകരകളുടെ പശ്ചിമഭാഗത്തുള്ള

സമുദ്രതീരങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. മദ്ധ്യരേഖയിൽനിന്നു വളരെ അകന്നുകിടക്കുന്നതുകൊണ്ട് അവിടെ ശൈത്യം കൂടുതലുണ്ടാകുവാൻ ന്യായമുണ്ടെങ്കിലും സമുദ്രസാമീപ്യവും ആ സമുദ്രങ്ങളിലുള്ള ഉഷ്ണജലപ്രവാഹങ്ങളുടെ സാന്നിദ്ധ്യവും നിമിത്തം അതിശീതമല്ലാത്ത സുഖകരമായ ഒരു കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ബ്രിട്ടീഷുദ്വീപുകളിലും യൂറോപ്പിന്റെ പടിഞ്ഞാറെ ഭാഗത്തും ഗൾഫ് സ്ട്രീമും, ബ്രിട്ടീഷ് കൊളംബിയയിൽ കൊറോസിവോവും ശൈത്യത്തെ മയപ്പെടുത്തുന്നു. പടിഞ്ഞാറൻ കാറ്റുകൾ സമുദ്രങ്ങളിൽനിന്നു നീരാവിയെ വഹിച്ചു തീരപ്രദേശങ്ങളിൽ നല്ല മഴ പെയ്യിക്കുന്നു. സമുദ്രതീരങ്ങളിൽ 80 ഇഞ്ചും ഉൾനാടുകളിൽ 18 ഇഞ്ചും മഴ ലഭിക്കുന്നു. പശ്ചിമവാതങ്ങൾ ഇവിടെ ചിലപ്പോൾ ചക്രവാതങ്ങളായിട്ടാണ് വീശുന്നത്. ഭയങ്കരമായ കൊടുങ്കാറ്റു നിമിത്തം ചിലപ്പോൾ വളരെ നാശനഷ്ടങ്ങൾ ഉണ്ടാകാറുണ്ട്.


ഇവിടെയുള്ള മരങ്ങളിൽ വലിപ്പമുള്ള ഇലകൾ കാണാം. അതുകൊണ്ട് അവയെ വിശാലപത്രവനങ്ങൾ എന്നു പറയുന്നു. ശീതകാലത്ത് അവയുടെ ഇലകളെല്ലാം കൊഴിയുന്നതുകൊണ്ട് അവയെ പത്രവിക്ഷേപിണിവനങ്ങളെന്നും പറയുന്നു. ഓക്ക്, ബീച്ച്, എൽമ്, ബച്ച് മുതലായവയാണ് ഇവിടെയുള്ള വനങ്ങളിൽ കാണുക. വനങ്ങൾ വെട്ടിത്തെളിച്ച് ജനവാസയോഗ്യമാക്കിത്തീർക്കുന്നു. അനുകൂലമായ കാലാവസ്ഥമൂലം ജനങ്ങൾ ഉദ്യമശീലരും ഉത്സാഹമുള്ളവരുമാണ്. ഈ പ്രദേശങ്ങളിൽ ഇരുമ്പും കൽക്കരിയും ധാരാളമുള്ളതുകൊണ്ട് ഇവ വ്യവസായകേന്ദ്രങ്ങളാണ്. ഗോതമ്പ്, ബാർലി, ഓട്സ്, ഉരുളക്കിഴങ്ങ്, ബീറ്റ്റൂട്ട് എന്നിവ ധാരാളമായി കൃഷിചെയ്യപ്പെടുന്നു. ഫലവർഗ്ഗങ്ങളും ഇവിടെ ധാരാളമുണ്ടാകുന്നുണ്ട്. ആപ്പിൾ, പെയർ, പ്ലം, ചെറി എന്നിവയാണ് പ്രധാനമായവ. കന്നുകാലി വളർത്തലും ഖനനവും ജനങ്ങളുടെ പ്രധാനപ്പെട്ട തൊഴിലുകളാണ്. സമുദ്രതീരങ്ങളിൽ മത്സ്യബന്ധനവും ഉണ്ട്. വ്യവ

സ്വയങ്ങളുടെ അഭിവൃദ്ധികൊണ്ടാണ് ഈ പ്രദേശത്തുള്ള രാജ്യങ്ങളെല്ലാം പുരോഗമിച്ചിട്ടുള്ളത്. പശ്ചിമ യൂറോപ്പിലെ രാജ്യങ്ങളെല്ലാം അതിനുദാഹരണങ്ങളാണ്. ടാസ്മേനിയ, ന്യൂസിലാൻഡ്, ചില്ലി എന്നിവയാണ് ഇനിയും പുരോഗമിക്കേണ്ടത്.

ബ്രിട്ടീഷുമാതൃകാ കാലാവസ്ഥ ഭൂഖണ്ഡങ്ങളുടെ പടിഞ്ഞാറെ ഭാഗത്താണ് കാണുന്നത്. എന്നാൽ അതേ അക്ഷാംശങ്ങളിൽതന്നെ കിഴക്കുഭാഗത്തുള്ളത് ലാറൻഷ്യൻ മാതൃകാ കാലാവസ്ഥയാണ്. ഇവിടെ ഉഷ്ണകാലത്തെ ഉഷ്ണവും ശീതകാലത്തെ ശൈത്യവും കഠിനമാണ്. മഴ കുറവാണ്. വർഷവാഹിനികളായ കാറ്റൊന്നുംതന്നെ കിഴക്കു ഭാഗങ്ങളിൽ വീശുന്നില്ല. ശീതകാലത്ത് വെള്ളം കട്ടിയാകുന്നു. വടക്കെ അമേരിക്കയിലെ കോൺടിൽ തുറമുഖവും മറ്റും ശീതകാലത്ത് ഉപയോഗശൂന്യമായിത്തീരുന്നു. കൃാനഡയുടെ കിഴക്കെ തീരം, അമേരിക്കൻ ഐക്യനാട്ടുകളിലെ വടക്കുകിഴക്കുള്ള ന്യൂ ഇംഗ്ലണ്ട് സംസ്ഥാനം, മഞ്ചൂറിയയുടെ വടക്കുഭാഗം (ആമൂറിയ), ജപ്പാന്റെ വടക്കുഭാഗം എന്നിവ ഇത്തരം കാലാവസ്ഥയുള്ള പ്രദേശങ്ങളാണ്. ദക്ഷിണാർദ്ധഗോളത്തിൽ 45 ഡിഗ്രിക്ക് തെക്കായി അൻറാർട്ടിക്ക് ഒഴികെ വൻകരകൾ ഇല്ലാത്തതുകൊണ്ട് ഉത്തരാർദ്ധഗോളത്തിലെ ഭൂഖണ്ഡങ്ങളിൽ മാത്രമേ ഈ കാലാവസ്ഥ അനുഭവപ്പെടുന്നുള്ളൂ. കൃാനഡയുടെ കിഴക്കുഭാഗത്തുള്ള ലാബ്രഡോർ ശീതജലപ്രവാഹം അവിടത്തെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതുപോലെ ശാന്തസമുദ്രത്തിലെ ശീതജലപ്രവാഹം മഞ്ചൂറിയയിലെ കാലാവസ്ഥയേയും സാരമായി ബാധിക്കുന്നുണ്ട്. വിശാലപത്രവൃക്ഷങ്ങളോടൊപ്പം അതിശൈത്യം നിമിത്തം സ്തൂപികാഗ്രവൃക്ഷങ്ങളും ഇവിടെ കാണാം. ഇവിടെ വ്യവസായങ്ങൾക്ക് സാധ്യതയുണ്ടെങ്കിലും കൃഷി വളരെ മോശമാണ്. അതുകൊണ്ട് ജനങ്ങൾക്ക് ആഹാരത്തിന്റെ കാര്യത്തിൽ അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

സൂചിയിലക്കാട്ടുകൾ

ഏഷ്യ, യൂറോപ്പ്, വടക്കെ അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ ധ്രുവപ്രദേശങ്ങളോടടുത്തു കിടക്കുന്ന പ്രദേശങ്ങളാണിവ. ഇവ സമുദ്രത്തിൽനിന്നു് അകന്നു കിടക്കുന്നതുകൊണ്ടു് അമിതമായ കാലാവസ്ഥയാണു് അനുഭവപ്പെടുന്നതു്. ഊഷ്മാന്തരം വളരെ കൂടുതലും മഴ വളരെ കുറവുമാണു്. മഴയുടെ പകരം മഞ്ഞാണു് വീഴുന്നതു്. ശീതകാലം നീണ്ടതും ഉഷ്ണകാലം ചുരുങ്ങിയതുമാണു്. പന്തലിച്ച വൃക്ഷങ്ങൾ ഇവിടെ കാണുവാൻ പ്രയാസം. വൃക്ഷങ്ങൾ മേല്പോട്ടു പോകുന്തോറും കൊമ്പുകൾ ഉൾഭാഗത്തേക്കു് വലിച്ചുകൊണ്ടു് ത്രികോണാകൃതിയായി കാണപ്പെടുന്നു. ഇലകൾ ചുരുണ്ട സൂചിയുടെ ആകൃതിയിലാണു്. ഇലകൾ പൊഴിയുക ദുർല്ലഭമാണു്. പൈൻ, ഫെർ, സ്പ്രൂസ്, ലാർച്ചു് എന്നിവയാണു് പ്രധാന വൃക്ഷങ്ങൾ. ഏഷ്യ, യൂറോപ്പ്, വടക്കെ അമേരിക്ക എന്നീ വൻകരകളിലെ മിതോഷ്ണമേഖലയുടെ വടക്കേ അറ്റം ഉടനീളം ഈ തരത്തിലുള്ള വൃക്ഷങ്ങൾ വളരുന്ന പ്രദേശങ്ങളാണു്. ഈ വൃക്ഷങ്ങൾ മൃദുവായതുകൊണ്ടു് വെട്ടിനീക്കുവാൻ എളുപ്പത്തിൽ സാധിക്കും.



 സൂചിയിലക്കാട്ടുകൾ

കടലാസ്, തീപ്പെട്ടി, പെട്ടികൾ മുതലായവയുടെ നിർമ്മാണത്തിനു് ഈ മരങ്ങൾ ഉപകരിക്കുന്നു. വളവു കൂടാതെ നേരേയുള്ള തടികൾ കമ്പിത്തൂണുകൾക്കും മറ്റും ഉപയോഗമുള്ളതാണു്. ഇവിടത്തെ വൃക്ഷങ്ങളിൽനിന്നു ടർപ്പന്റൈനും കിട്ടുന്നുണ്ടു്. ഈ വനങ്ങൾ വെട്ടിത്തെളിച്ചു തെക്കുഭാഗങ്ങളിൽ അതായതു്, താരതമ്യേന ചൂടു കൂടുതലുള്ള പ്രദേശങ്ങളിൽ ചില കൃഷികളും നടത്തുന്നുണ്ടു്. റൈ, ബാർളി, ബീറ്റ്റൂട്ടു് എന്നിവയാണു് കൃഷി ചെയ്യുന്നതു്. ഈ ഭാഗങ്ങളിൽനിന്നും ആർട്ടിക്കു് സമുദ്രത്തിലേക്കൊഴുകുന്ന നദികൾ അധികകാലവും മഞ്ഞുകൊണ്ടു മൂടപ്പെട്ടുകിടക്കുന്നു. അതികഠിനമായ തണുപ്പിൽനിന്നും രക്ഷകിട്ടുന്നതിനുവേണ്ടി ഇവിടെയുള്ള ജീവജാലങ്ങൾക്കു സൃഷ്ടിയിൽതന്നെ ധാരാളം രോമം ദേഹമാസകലം ഉണ്ടു്. കടലാസുനിർമ്മാണം, തീപ്പെട്ടിനിർമ്മാണം, മൃഗങ്ങളെ വേട്ടയാടുക, രോമം ശേഖരിക്കുക എന്നിവയാണു് ഇവിടെയുള്ള ജനങ്ങളുടെ പ്രധാന തൊഴിൽ. നാവ്വെ മുതലായ കടലോരപ്രദേശങ്ങൾ മത്സ്യവ്യവസായത്തിനു പ്രസിദ്ധപ്പെട്ടവയാണു്.

ടൺഡ്രാ പ്രദേശങ്ങൾ

(ശീതമേഖലാ വിഭാഗങ്ങൾ)

ഇതു് ആർട്ടിക്കു് വലയത്തിനുള്ളിൽ സ്ഥിതിചെയ്യുന്നു. ദക്ഷിണാർദ്ധഗോളത്തിൽ ഈ സ്വാഭാവികവിഭാഗം അൻറാർട്ടിക്കയിൽ മാത്രം ഒരുപക്ഷേ കാണാം. പക്ഷേ അവിടെ അധികമാരും എത്തിക്കഴിഞ്ഞിട്ടില്ല. ശീതകാലം ദീർഘവും ദുസ്സഹവുമാണു്. അധികകാലവും ഭൂമി മഞ്ഞിൻകട്ടകൊണ്ടു് മൂടപ്പെട്ടുകിടക്കുന്നു. മഞ്ഞിൻകട്ടകൊണ്ടുണ്ടാക്കിയ ഭവനങ്ങളിലാണു് (Igloo) ഇവിടെയുള്ള എസ്കിമോ വർഗ്ഗക്കാർ താമസിക്കുന്നതു്. അവർ മൃഗങ്ങളുടെ തോലു ധരിക്കുന്നു. വടക്കെ അമേരിക്കയിൽ എസ്കിമോ, യൂറോപ്പിൽ ലാപ്സ്, ഏഷ്യയിൽ ഓസ്റ്റ്യക്സ് സമോയർഡ്സ് എന്നീ പേരുകളാണു് ഇവക്കുള്ളതു്. ചക്രമില്ലാത്ത സ്ലെഡ്ജ് എന്ന ഒരുതരം വണ്ടിയിലാണു് അവർ സഞ്ചരിക്കുന്നതു്. ഇവിടെ പായൽമാത്രമേ

സസ്യമായി കാണുകയുള്ളൂ. കൃഷി സാദ്ധ്യമല്ല. മീൻ പിടുത്തവും റെയിൻഡിയറിനെ വളർത്തുകയുമാണ് ഇവിടെയുള്ളവരുടെ തൊഴിൽ. അവർ വളരെ അപരിഷ്കൃതരാണ്.

ഈ പ്രദേശങ്ങൾക്കും വടക്കു ഭാഗത്തായിട്ടാണ് ശീതമരുഭൂമികൾ ഉള്ളതു്. അവിടെ മഞ്ഞിൻകട്ടയല്ലാതെ മറ്റൊന്നുമില്ല. സസ്യജാലങ്ങളും ജീവജാലങ്ങളും അവിടെ ഇല്ല. ധ്രുവങ്ങൾക്കു ചുറ്റുമുള്ള പ്രദേശങ്ങൾ ശീതമരുഭൂമികളാണ്.

പർവ്വതാഗ്ര കാലാവസ്ഥ

ശീതോഷ്ണസ്ഥിതിയുടെ തോതനുസരിച്ചുകൊണ്ട് ഭൂമിയുടെ ഉപരിതലത്തെ ഉഷ്ണമേഖല, ശീതോഷ്ണമേഖല, ശീതമേഖല എന്നിങ്ങനെ വിഭജിച്ചിട്ടുണ്ടല്ലൊ. അവ കാലാവസ്ഥയെ നിർണ്ണയിക്കുന്നവയാണ്. മദ്ധ്യരേഖയിൽ നിന്നുള്ള അകലംപോലെതന്നെ സമുദ്രനിരപ്പിൽനിന്നുള്ള ഉയരംകൊണ്ടും ശീതോഷ്ണസ്ഥിതിക്കു വ്യത്യാസം വരുന്നുണ്ട്. ഉയരം കൂടുംതോറും ചൂടു് കുറവായിരിക്കും. 300 അടിക്കു് ഒരു ഡിഗ്രി എന്ന കണക്കിൽ കുറവുവരുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, തെക്കെ അമേരിക്കയിൽ ഇക്വഡോറിൽ കിറ്റൊ എന്ന സ്ഥലം മദ്ധ്യരേഖയിൽനിന്നു അര ഡിഗ്രിയോളം മാറിക്കിടക്കുന്നതാണ്. അവിടെ ഏറ്റവും കൂടുതൽ ഏകദേശം 85 ഡിഗ്രിയോളം ചൂടുണ്ടാകേണ്ടതാകുന്നു. പക്ഷെ അതു് ആൻഡീസ് പർവ്വതത്തിൽ 9,350 അടി ഉയരത്തിലാണ് സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു് അവിടെ 55 ഡിഗ്രി ചൂടേ ഉള്ളൂ. ദൽഹി 718 അടി ഉയരത്തിലാണ്. അവിടെ 92·2 ഡിഗ്രി ചൂടുണ്ടു് സിംല 7,232 അടി ഉയരത്തിലാണ്. അവിടെ 66·9 ഡിഗ്രി ചൂടേ ഉള്ളൂ.

ചൂടു കുറയുന്നതുപോലെ വായുവിന്റെ ഈർപ്പവും ഉയരമനുസരിച്ചു കുറയുന്നുണ്ടു്. ഇതിന്റെ ഫലമായി പർവ്വതാഗ്രങ്ങളിൽ സസ്യജാലങ്ങളും ജീവജാലങ്ങളും ഒരു പ്രത്യേക തരത്തിലാണ് കാണപ്പെടുന്നതു്.

ഭൂമദ്ധ്യത്തിൽനിന്നു ധ്രുവാഭിമുഖമായി പോകുമ്പോൾ പലതരത്തിലുള്ള കാലാവസ്ഥയും സ്വാഭാവികോല്പന്നങ്ങളും കാണപ്പെടുന്നതുപോലെ സമുദ്രനിരപ്പിൽനിന്നു മേല്പോട്ടുപോകുമ്പോഴും കാലാവസ്ഥയിലും ഉല്പന്നങ്ങളിലും വ്യത്യാസങ്ങൾ കാണുന്നു. അത്യുന്നതങ്ങളായ പർവ്വതശിഖരങ്ങൾ ധ്രുവപ്രദേശംപോലെ എന്നും മഞ്ഞിൻകട്ടകൊണ്ടു മൂടപ്പെട്ടതായി കാണാം. എന്നാൽ ആ ഹിമരേഖയ്ക്കു (Snow Line) തൊട്ടടുത്തു കീഴോട്ടുള്ള ഭാഗങ്ങൾ ധ്രുവപ്രദേശങ്ങൾപോലെയല്ല എന്നൊരു വ്യത്യാസമുണ്ട്. അവിടെ വായു വളരെ നേർത്തിരിക്കും. ശൈത്യം അതികഠിനമാണ്. ഇതിനെ ആൽപൈൻ കാലാവസ്ഥ എന്നു പറയുന്നു.

കാലാവസ്ഥയുടെ വ്യത്യാസമനുസരിച്ചു് വൃക്ഷങ്ങളുടെ ആകൃതിയിലും വളർച്ചയിലും വ്യത്യാസങ്ങൾ ഉണ്ടു്. പർവ്വതങ്ങളുടെ താഴ്വാരങ്ങളിൽ മഴയുള്ള പ്രദേശങ്ങളിൽ വൻകാടുകൾ കാണാം. ഉഷ്ണമേഖലാപ്രദേശങ്ങളിൽ കാണുന്നതായ വൻമരങ്ങൾ ഇവിടെ വളരുന്നു. കാടുകൾ ഗഹനങ്ങളായിരിക്കും. എന്നാൽ ഉയരംകൂടിയ പ്രദേശങ്ങളിൽ സൂചിയിലക്കാടുകൾ ഉണ്ടു്. ആ പ്രദേശത്തെ തണുപ്പാണു് ഈ മാറ്റത്തിനു കാരണം. അവിടെനിന്നും ഉയരംകൂടിയ പ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ വളർച്ച ക്രമേണ കുറഞ്ഞുവരുന്നതായും പുല്ലുമാത്രം വളരുന്നതായും കാണാം. 20,000 അടിയിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങളിൽ മഞ്ഞിൻകട്ടയല്ലാതെ മറ്റൊന്നും കാണുകയില്ല. അവിടെ സസ്യങ്ങളൊന്നും വളരാത്തതുകൊണ്ടും ജനവാസമില്ലാത്തതുകൊണ്ടും മനുഷ്യരെ സംബന്ധിച്ചേടത്തോളം ഈ പ്രദേശങ്ങൾക്കു പ്രാധാന്യമില്ലെന്നുതന്നെ പറയാം.

———

PRINTED BY
THE S.G.P. AT THE GOVERNMENT PRESS,
ERNAKULAM
1962